ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ജനുവരി-മാർച്ച് 2024 പുസ്തകം 5 ലക്കം 1

എഡിറ്റോറിയൽ
വികസിത ഭാരതം ലക്ഷ്യമിടുമ്പോൾ
വരുമാനം പങ്ക് വയ്ക്കുന്നതിൽ പുനർവിചിന്തനം വേണം

കേരളത്തിന്റെ ധനകാര്യ മേഖലയിലെ സുസ്ഥിരത സമീപ ദശകങ്ങളിൽ

ധനപരമായ അസന്തുലിതാവസ്ഥ സംസ്ഥാനങ്ങളിൽ

കപ്പിനും ചുണ്ടുകൾക്കുമിടയിലെ ചോർച്ച: ഉപഭോക്താവ് നൽകുന്ന
ജി എസ് ടിയും സർക്കാരിന്റെ വരുമാനവും

തനത് വരുമാനം ഉയർത്തുന്നതിന് കിഫ്ബിയുടെ സാദ്ധ്യതകൾ

തിരഞ്ഞെടുപ്പ് പക്ഷപാതപരമായ പരിഗണനകൾ കേന്ദ്ര കൈമാറ്റങ്ങളെ
ബാധിക്കുന്നുണ്ടോ? കേരളത്തിന്റെ ഒരു വിശകലനം

കേരളത്തിന്റെ വികസന മാതൃകയും പ്രകടമാകുന്ന പോരായ്മകളും

പണപ്പെരുപ്പം, കാലാവസ്ഥാ വ്യതിയാനം വായ്പാനയത്തിൽ
ചെലുത്തുന്ന സ്വാധീനം

ഇടക്കാല ബജറ്റും ധനസ്ഥിതിയും

കേന്ദ്ര ബജറ്റിലെ പ്രധാന പ്രഖ്യാപനങ്ങൾ

കേരള ബജറ്റ് 2024-25

2023-24 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട്

ജി എസ് ടി : പ്രധാന നടപടികൾ

2023-24 ലെ സംസ്ഥാന ധനകാര്യത്തെക്കുറിച്ചുള്ള ആർ.ബി.ഐ പഠനം

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി


ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ

ഉപദേശക സമിതി

എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് മേനോൻ
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ
താരാ എസ് നായർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

അസിസ്റ്റന്റ് എഡിറ്റർ
യു പി അനിൽകുമാർ



വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in



Disclaimer: The views expressed in this work are those of the authors and
do not reflect the official policy or views of GIFT



Printed and published by K J Joseph on behalf of Gulati Institute of Finance and Taxation,
Thiruvananthapuram. Printed at Time Offset, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം

**പേജ് നമ്പർ**

**എഡിറ്റോറിയൽ** 3
വികസിത ഭാരതം ലക്ഷ്യമിടുമ്പോൾ വരുമാനം പങ്ക് വയ്ക്കുന്നതിൽ പുനർവിചിന്തനം വേണം

1. **കേരളത്തിന്റെ ധനകാര്യ മേഖലയിലെ സുസ്ഥിരത സമീപ ദശകങ്ങളിൽ** 7
വി മാത്യു കുര്യൻ, എസ് മുരളീധരൻ

2. **ധനപരമായ അസന്തുലിതാവസ്ഥ സംസ്ഥാനങ്ങളിൽ** 25
സൂര്യ കെ, അശ്വതി റേച്ചൽ വർഗീസ്

3. **കപ്പിനും ചുണ്ടുകൾക്കുമിടയിലെ ചോർച്ച; ഉപഭോക്താവ് നൽകുന്ന ജി എസ് ടിയും സർക്കാരിന്റെ വരുമാനവും** 37
തോമസ് ജോസഫ് തൂങ്കുഴി, യു പി അനിൽകുമാർ

4. **തനത് വരുമാനം ഉയർത്തുന്നതിന് കിഫ്ബിയുടെ സാദ്ധ്യതകൾ** 52
നിർമ്മൽ റോയ് വി പി, പ്രിയങ്ക വി

5. **തിരഞ്ഞെടുപ്പ് പക്ഷപാതപരമായ പരിഗണനകൾ കേന്ദ്ര കൈമാറ്റങ്ങളെ ബാധിക്കുന്നുണ്ടോ? കേരളത്തിന്റെ ഒരു വിശകലനം.** 65
ഷംന തച്ചപ്പറമ്പൻ

6. **കേരളത്തിന്റെ വികസന മാതൃകയും പ്രകടമാകുന്ന പോരായ്മകളും** 73
അശ്വതി റേച്ചൽ വർഗ്ഗീസ്, കിരൺകുമാർ കക്കർലാപുടി, സുമലത ബി എസ്

7. **പണപ്പെരുപ്പം, കാലാവസ്ഥാ വ്യതിയാനം വായ്പാനയത്തിൽ ചെലുത്തുന്ന സ്വാധീനം** 93
അശ്വതി റേച്ചൽ വർഗീസ്

8. **ബജറ്റിന് ശേഷമുള്ള സംഗ്രഹം**

**ഇടക്കാല ബജറ്റും ധനസ്ഥിതിയും** 100
അഞ്ജലികൃഷ്ണ സുധാകരൻ, ജോബിൻ ജോർജ്, റിത്വിക് എം എസ്

**കേന്ദ്ര ബജറ്റിലെ പ്രധാന പ്രഖ്യാപനങ്ങൾ** 103
ഗോപിക ജി, അനുരാജ് പി കെ

**കേരള ബജറ്റ് 2024–25** 106
സൂര്യ കെ, ഗ്രീഷ്മ കെ എസ്

**2023–24 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട്** 110
അമലു സെബി, ആനന്ദ് ബാബു എ

9. **GST updates** 113
Vidya V Devan

10. **RBI's study of state finances 2023-24: Key takeaways** 120

11. **New studies on Kerala** 128
Young scholars' forum, GIFT.

12. **What is new(s) from GIFT** 147

13. **Call for Papers: Kerala Economy Journal** 154

14. **KTR Advertisement** 156

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 1*
*ജനുവരി – മാർച്ച് 2024*

## എഡിറ്റോറിയൽ
## വികസിത ഭാരതം ലക്ഷ്യമിടുമ്പോൾ വരുമാനം പങ്ക് വയ്ക്കുന്നതിൽ പുനർവിചിന്തനം വേണം

വ്യവസ്ഥാപിതമായ ഭരണഘടനാ സ്ഥാപനങ്ങൾക്ക് വികസന രംഗത്ത് വളരെ നിർണ്ണായകമായ പങ്ക് നിർവഹിക്കാനുണ്ട്. അതുകൊണ്ട് തന്നെ വികസന സാഹചര്യങ്ങളിലെ മാറ്റങ്ങൾക്കനുസരിച്ച് അവയും മാറേണ്ടതായിട്ടുണ്ട്. [അത്തരത്തിലുള്ള ഒരു സുപ്രധാന സ്ഥാപനമാണ് ധനകാര്യ കമ്മീഷൻ (ഫിനാൻസ് കമ്മീഷൻ)]. കേന്ദ്രത്തിന്റെ മൊത്തം നികുതി വരുമാനത്തിന്റെ എത്ര ഭാഗം സംസ്ഥാനങ്ങൾക്ക് പങ്ക് വയ്ക്കണം എന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് ഭരണഘടനാദത്തമായ അധികാരങ്ങൾ നിഷിപ്തമായിട്ടുള്ള ഒന്നാണ് ഈ സ്ഥാപനം. ഇത്തരത്തിലുള്ള പങ്ക് വയ്ക്കൽ ഏത് രീതിയിൽ, എന്തിന്റെയെല്ലാം അടിസ്ഥാനത്തിലാകണം എന്നും കമ്മീഷനാണ് നിശ്ചയിക്കുന്നത്. വരുമാനം, ചെലവുകൾ എന്നിവയുടെ വിതരണത്തിന്റെ കാര്യത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പ്രകടമായ അന്തരം നിലനിൽക്കുന്ന സാഹചര്യത്തിൽ ധനകാര്യ കമ്മീഷന്റെ ഇത്തരം തീരുമാനങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ചൂണ്ടികാണിക്കുന്നത്, കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും മൊത്തം ചെലവുകളുടെ 62 ശതമാനം സംസ്ഥാനങ്ങൾ നിർവഹിക്കേണ്ടി വരുമ്പോൾ മൊത്തം വരുമാനത്തിന്റെ 37 ശതമാനം മാത്രമാണ് അവയ്ക്ക് ലഭിക്കുന്നത് എന്നാണ്. ഇതുവരെയുള്ള വിവിധ ധനകാര്യ കമ്മീഷനുകൾ തങ്ങളുടെ ഭരണഘടാപരമായ ഈ ഉത്തരവാദിത്വം സ്തുത്യർഹമായ വിധം നിറവേറ്റി എന്നതും ഓർക്കേണ്ടതുണ്ട്.

ഇത്തരത്തിൽ ധനപരമായ പങ്ക് വയ്ക്കലിന്റെ വിഷയം വരുമ്പോൾ സ്വാഭാവികമായും വ്യത്യസ്ത അഭിപ്രായപ്രകടനങ്ങൾക്ക് അത് വിഷയീഭവിക്കാറുണ്ട്. കാരണം, കുത്തനെയുള്ള തലത്തിലും (കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ) തിരശ്ചീന തലത്തിലുമുള്ള (സംസ്ഥാനങ്ങൾ തമ്മിൽ) പങ്ക് വയ്ക്കലിന്റെ കാര്യത്തിൽ ഇത് വളരെ നിർണ്ണായകവും ഇന്ത്യ എന്ന ആശയത്തെ ചേർത്ത് നിർത്തുന്നതുമായ ഒന്നാണ്. എന്നാൽ ഡിവിസിബിൾ പൂളിൽ നിന്നുള്ള ഇത്തരത്തിലുള്ള വിഹിതകൈമാറ്റത്തിന്റെ നിലവിലെ രീതികൾ ഇന്ത്യൻ സമ്പദ്ഘടനയുടെ ഘടനാപരമായ മാറ്റവുമായും 2047ഓടെ വികസിത ഭാരതം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യവുമായി ഒത്തു പോകുന്നതല്ല എന്ന ന്യൂനത പ്രകടമായി കാണാം.

ഡിവിസിബിൾ പൂളിൽ നിന്നുള്ള പങ്ക് വയ്ക്കലിന്റെ കാര്യത്തിൽ പ്രധാനമായും മൂന്ന് ഘടകങ്ങളാണ് ധനകാര്യ കമ്മീഷനുകളെ നയിക്കുന്നത്. ആവശ്യാധിഷ്ഠിതം, തുല്യത അധിഷ്ഠിതം, കാര്യക്ഷമത അധിഷ്ഠിതം എന്നിവയാണ് ഈ മൂന്ന് ഘടകങ്ങൾ. കാലത്തിന്റെ ഒഴുക്കിനനുസരിച്ച് ഇവയ്ക്ക് നൽകുന്ന മുൻതൂക്കത്തിന് മാറ്റങ്ങൾ വന്നിട്ടുണ്ട്. ഉദാഹരണമെടുത്താൽ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ നികുതി, ധനകാര്യ മേഖല (2.5%), വനം, പരിസ്ഥിതി (10%), ജനസംഖ്യ

അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ (12.5%), ഭൂവിസ്തൃതി (15%), ജനസംഖ്യ (15%), വരുമാന മേഖലയിലുള്ള അന്തരം (45%) എന്നിങ്ങനെയാണ് ഊന്നൽ നല്കിയിട്ടുള്ളതെന്ന് കാണാം. ഇതിൽ ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനവും കുറവ് വരുമാനമുള്ള സംസ്ഥാനവും തമ്മിലുള്ള അന്തരത്തിനാണ് മുന്തിയ പരിഗണന നൽകിയിരിക്കുന്നത്. അതായത്, ഏറ്റവും കുറഞ്ഞ പ്രതിശീർഷ വരുമാനം രേഖപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങൾക്ക് ഡിവിസിബിൾ പൂളിന്റെ ഏറ്റവും ഉയർന്ന വിഹിതം ലഭിക്കുന്നു. പ്രതിശീർഷ വരുമാനം ഉയരുന്നതിനനുസരിച്ച് ഡിവിസിബിൾ പൂളിൽ നിന്നുള്ള വിഹിതവും കുറയുന്നു എന്നർത്ഥം. നികുതി–ജി എസ് ഡി പി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങൾക്ക് കൂടുതൽ നികുതി സമാഹരിക്കാൻ കഴിയും എന്ന അനുമാനമാണ് കമ്മീഷൻ ഇവിടെ കണക്കിലെടുത്തിരിക്കുന്നത്. ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് ആവശ്യമായ പൊതുസേവനങ്ങൾ നൽകുന്നതിന് ആവശ്യമായ പണം അവിടെ നിന്ന് തന്നെ സമാഹരിക്കാൻ കഴിയും എന്ന അനുമാനമാണ് കമ്മീഷനെ നയിക്കുന്നത്.

എന്നാൽ ഗുലാത്തി ഇൻസിറ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്‌സേഷനും (ഗിഫ്റ്റ്) നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസിയും (എൻ ഐ പി എഫ് പി) നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നത്, ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ പ്രതിശീർഷ വരുമാനം ഉയരുന്നതിന് അനുസരിച്ച് നികുതി – ജി എസ് ഡി പി അനുപാതംകുറയുന്ന അവസ്ഥ നിലനിൽക്കുന്നു എന്നാണ്. തൊണ്ണൂറുകളുടെ ആദ്യപകുതി മുതൽ 2020ൽ അവസാനിക്കുന്ന അഞ്ചു വർഷം വരെയുള്ള ഘട്ടത്തിൽ ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാന–ജി എസ് ഡി പി അനുപാതം 8.8 ശതമാനത്തിൽ നിന്നും 6.1 ശതമാനത്തിലേക്ക് താഴ്ന്നതായി കാണാം. അതേസമയം, ഈ സംസ്ഥാനങ്ങളുടെ ഡിവിസിബിൾ പൂളിൽ നിന്നുള്ള വിഹിതം ഇതേ ഘട്ടത്തിൽ 21.14 ശതമാനത്തിൽ നിന്നും 15.4 ശതമാനമായും കുറഞ്ഞു എന്നതാണ് വസ്തുത. അതായത് ,ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങൾക്ക് ഇരട്ട പ്രഹരമാണ് ഉണ്ടാകുന്നത്. ഒരു ഭാഗത്ത് പ്രതിശീർഷ വരുമാനം ഉയരുമ്പോഴും തനത് നികുതി – ജി എസ് ഡി പി അനുപാതം ഇടിയുന്നു. അതുതന്നെ ഡിവിസിബിൾ പൂളിൽ നിന്നുള്ള വരുമാനം കുറയുന്നതിനും കാരണമായി മാറുന്നു. യാഥാർഥ്യം ഇതായിരിക്കെ, പ്രതിശീർഷ വരുമാനം ധനപരമായ ശേഷിയുടെ പ്രതീകമായി കണക്കാക്കുന്നതിന് പരിമിതികൾ ഏറെയുണ്ട്.

പ്രതിശീർഷ വരുമാനവും തനത് നികുതി – ജി എസ് ഡി പി അനുപാതവും തമ്മിലുള്ള നെഗറ്റീവായ ചലനത്തിന് കാരണം, സംസ്ഥാനങ്ങളുടെ സാമ്പത്തിക മേഖലയിൽ ഉണ്ടായ ഘടനാപരമായ മാറ്റങ്ങളാണ്. ഒപ്പം, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നികുതി സംബന്ധമായ അധികാരങ്ങളുടെ കാര്യത്തിൽ ഉണ്ടായ മാറ്റവും ഇതിന് പിന്നിലുണ്ട്. സാമ്പത്തിക ഉദാരവൽക്കരണത്തിന് ശേഷം ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ചക്ക് ചുക്കാൻ പിടിച്ചത് പ്രധാനമായും സേവന മേഖലയാണ്. സേവന മേഖല ജി എസ് ഡി പിയിൽ നൽകിയ സംഭാവന ഓരോ സംസ്ഥാനത്തിന്റെ കാര്യത്തിലും വ്യത്യസ്തമാണ്. 1990–94 മുതൽ 2016–20 വരെയുള്ള ഘട്ടത്തിൽ കർണാടകയുടെ കാര്യത്തിൽ ജി എസ് ഡി പിയിൽ സേവന മേഖല നൽകിയ സംഭാവന 25 ശതമാനം കണ്ട് ഉയർന്നു. കേരളത്തിന്റെ കാര്യത്തിൽ ഇത് 19 ശതമാനവും ഹരിയാനയുടെ കാര്യത്തിൽ 17.3 ശതമാനവുമാണ്. കൗതുകകരമെന്ന് പറയട്ടെ, കർണ്ണാടകമാണ് തനത് നികുതി–ജി എസ് ഡി പിയുടെ കാര്യത്തിൽ ഏറ്റവും വലിയ ഇടിവായ 2.9 ശതമാനം രേഖപ്പെടുത്തിയിരിക്കുന്നതും. 2.8 ശതമാനവുമായി കേരളം രണ്ടാം സ്ഥാനത്തും 1.7 ശതമാനവുമായി

ഹരിയാന മൂന്നാം സ്ഥാനത്തുമാണ്. സേവന മേഖലയുടെ സംഭാവനയുടെ കാര്യത്തിൽ ഏറ്റവും കുറവ് വളർച്ച രേഖപ്പെടുത്തിയത് മധ്യപ്രദേശാണ്, 1.1 ശതമാനം. 3 ശതമാനവുമായി ഒഡിഷ തൊട്ടടുത്ത് വരുന്നു. എന്നാൽ ഈ സംസ്ഥാനങ്ങളുടെ തനത് നികുതി – ജി എസ് ഡി പി അനുപാതം യഥാക്രമം 1 ശതമാനം, 1.7 ശതമാനം എന്ന ക്രമത്തിൽ ഉയരുകയായിരുന്നു.

ചില സംസ്ഥാനങ്ങളുടെ കാര്യത്തിൽ സേവന മേഖലയെ വളർച്ചയുടെ എൻജിൻ എന്ന നിലയിൽ വിശേഷിപ്പിക്കാറുണ്ടെങ്കിലും 1994 മുതൽ സേവന നികുതി പിരിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. അതായത് ത്വരിത വളർച്ച രേഖപ്പെടുത്തുന്ന മേഖലയിൽ നിന്നും നികുതി പിരിക്കുന്നതിനുള്ള അവസരം അതാത് സംസ്ഥാനങ്ങൾക്ക് ലഭ്യമായില്ല. ഈ രംഗത്തെ അസംഘടിത മേഖലയുടെ ആധിക്യവും നികുതി വരുമാനത്തെ ഏറെ പ്രതികൂലമായി ബാധിച്ചു. ജി എസ് ഡി പിയിലെ വളർച്ചയെ സേവന മേഖല സഹായിച്ചു എന്നത് വസ്തുതയാണെങ്കിലും നികുതി വരുമാനത്തിൽ അത് പ്രകടമായില്ല. ജി എസ് ടി സമ്പ്രദായം നിലവിൽ വന്നിട്ടും ഈ പ്രശ്നത്തിന് പരിഹാരമായില്ല. സുപ്രധാന സേവന മേഖലകളായ ആരോഗ്യം, വിദ്യാഭ്യാസം എന്നിവയെ നികുതിയിൽ നിന്നൊഴിവാക്കിയതായിരുന്നു ഇതിന് കാരണം. കേരളത്തിന്റെ കാര്യമെടുത്താൽ സേവന മേഖല ജി എസ് ഡി പിയുടെ 64 ശതമാനം സംഭാവന ചെയ്യുമ്പോൾ 17 ശതമാനം മാത്രമാണ് നികുതി വരുമാനത്തിലേക്ക് ആ മേഖല നൽകുന്നത്. വിദഗ്ദർ അഭിപ്രായപ്പെടുന്നത് കയറ്റുമതി നികുതി വിധേയമാകാത്തതിനാൽ, ഈ മേഖലയിൽ നിന്നും കൂടുതൽ ജി എസ് ഡി പി വിഹിതം ലഭിക്കുന്ന സംസ്ഥാനങ്ങൾക്ക് നികുതിയുടെ കാര്യത്തിൽ വൻ നഷ്ടമാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത് എന്നാണ്. അതിനാൽ സേവന മേഖലയിൽ നിന്നും കയറ്റുമതി രംഗത്ത് നിന്നും ഉയർന്ന പ്രതിശീർഷ വരുമാനം നേടുന്ന സംസ്ഥാനങ്ങൾക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടി വരുന്നത്. അവയുടെ നികുതി അടിത്തറ കുറയുന്നതിനൊപ്പം ഡിവിസിബിൾ പൂളിൽ നിന്നുള്ള വിഹിതവും താഴുന്നു.

സംസ്ഥാനങ്ങളുടെ സമ്പദ്ഘടനയിൽ ഉണ്ടായ ഘടനാപരമായ മാറ്റങ്ങൾക്ക് പുറമെ സാമ്പത്തിക പ്രവർത്തനങ്ങളുടെ ഫലത്തിന്റെ കാര്യത്തിലെ അവയുടെ വീക്ഷണവും നികുതി ഘടനയെ സ്വാധീനിക്കുന്നുണ്ട്. വിദഗ്ദർ വാദിക്കുന്ന ഒരു കാര്യം, കയറ്റുമതി നികുതി വിധേയമല്ലാത്തതിനാൽ അത് വഴിയുണ്ടാകുന്ന ഉയർന്ന പ്രതിശീർഷ വരുമാനം നികുതി വരുമാന ശോഷണത്തിലേക്ക് നയിക്കുന്നു. അതായത്, കയറ്റുമതി അധിഷ്ഠിതമായ മാനുഫാക്റ്ററിങ് മേഖലയും സോഫ്റ്റ് വെയർ പോലുള്ള സേവന കയറ്റുമതി രംഗവും പ്രതിശീർഷ വരുമാനം ഉയർത്തുന്ന കാര്യത്തിലെ മുഖ്യ ഘടകമാണെങ്കിലും സംസ്ഥാനങ്ങളുടെ നികുതി വരുമാനം അതുകൊണ്ട് ഉയരുന്നില്ല എന്ന് സാരം. കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെ നികുതി വരുമാന രംഗത്ത് ഇത് ഏറെ പ്രകടമാണ്.

പ്രതിശീർഷ വരുമാനത്തെ കേന്ദ്ര വിഹിതം നിർണ്ണയിക്കുന്നതിലെ മുഖ്യ അടിസ്ഥാനമായി എടുക്കുമ്പോൾ, ഇത്തരത്തിൽ ഘടനാപരമായ മാറ്റങ്ങൾക്ക് സേവന മേഖല ചുക്കാൻ പിടിക്കുന്നതും വളർച്ചയുടെ എഞ്ചിനായി കയറ്റുമതി രംഗം മാറിയതുമായ സംസ്ഥാനങ്ങൾക്ക് വലിയ തിരിച്ചടിയാണ് നേരിടേണ്ടി വരുന്നത്. ഉയർന്ന പ്രതിശീർഷ വരുമാനം ഡിവിസിബിൾ പൂളിൽ നിന്നുള്ള അവരുടെ വിഹിതത്തിൽ കത്തി വയ്ക്കുന്നു. നികുതി ഈടാക്കാൻ കഴിയാത്ത സേവന, കയറ്റുമതി മേഖലകൾ നയിക്കുന്ന സമ്പദ്ഘടനയാകയാൽ നികുതി പിരിവും പരാജയമായി മാറുന്നു. അതുകൊണ്ട് കേന്ദ്ര വിഹിതംനിർണ്ണയിക്കുന്നതിനുള്ള ഇത്തരം ഘടകങ്ങളുടെ കാര്യത്തിൽ ധനകാര്യ കമ്മീഷൻ ഒരു പുനർവിചിന്തനം നടത്തേണ്ട സാഹചര്യമുണ്ട്. മാറുന്ന ഇന്ത്യൻ

സമ്പദ്ഘടനയെയും അതിന്റെ പുത്തൻ പ്രതീക്ഷകളെയും കണക്കിലെടുക്കേണ്ടതുണ്ട് . ധനകാര്യ കമ്മീഷന്റെ സമീപനങ്ങളിൽ കാതലായ മാറ്റം ഇത് അനിവാര്യമാക്കുകയാണ്. ഇരുകാലുകളിലും ഊന്നി വേണം നമുക്ക് മുന്നോട്ട് പോകാൻ എന്ന് സാരം. പിന്നോക്കം പോകുന്ന സംസ്ഥാനങ്ങളെ ചേർത്തു പിടിക്കുന്നതിനൊപ്പം, മികച്ച നേട്ടം കൈവരിക്കുന്നവർ ശിക്ഷിക്കപെടുന്നില്ല എന്നും ഉറപ്പാക്കേണ്ടതുണ്ട്. ഈ സാ ഹചര്യത്തിൽ പതിനാറാം ധനകാര്യ കമ്മീഷൻ, വരുമാനത്തിന് നൽകുന്ന ഉയർന്ന പ്രാമുഖ്യം അല്പം പരിമിതപ്പെടുത്തി തൽസ്ഥാനത്ത് ആവശ്യാധിഷ്ഠിതമായ തന്ത്രത്തിന് ഊന്നൽ നൽകുന്ന കാര്യം ആത്മാർത്ഥമായി പരിഗണിക്കണം. ഒരു ബദൽ എന്ന നിലയിൽ, കുറേക്കൂടി നിയന്ത്രിതമായ തലത്തിൽ പ്രതിശീർഷ ജി എസ് ഡി പി എന്ന ഘടകത്തെ പരിഗണിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ജി എസ് ഡി പിയിലെ നികുതി ഈടാക്കാൻ കഴിയുന്ന മേഖലകളെ പരിഗണിക്കുന്നതിനൊപ്പം രാജ്യത്തിന്റെ കയറ്റുമതി മേഖലക്ക് വിവിധ സംസ്ഥാനങ്ങൾ നൽകുന്ന സംഭാവന കൂടി കമ്മീഷൻ കണക്കിലെടുക്കേണ്ടതുണ്ട്.

**കെ ജെ ജോസഫ് & കിരൺ കുമാർ കക്കർലാപുടി**

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 1*
*ജനുവരി – മാർച്ച് 2024*

# കേരളത്തിന്റെ ധനകാര്യ മേഖലയിലെ സുസ്ഥിരത സമീപ ദശകങ്ങളിൽ

വി മാത്യു കുര്യൻ, എസ് മുരളീധരൻ

**സംഗ്രഹം**

*ഏതൊരു സംസ്ഥാനത്തിന്റെ കാര്യത്തിലും പൊതുകടത്തിന്റെ നിയന്ത്രണം എന്നത് ഒരു തരം ഞാണിന്മേൽ കളി പോലെയാണ്. ഇക്കാര്യത്തിൽ ഉയരുന്ന ഒരു പ്രധാന ചോദ്യം, കടമെടുക്കുന്ന തുക മൂലധനച്ചെലവുകൾക്ക് വിനിയോഗിക്കുന്നതിന് പകരം റവന്യു ചെലവുകൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്നതാണ്. അങ്ങനെ സംഭവിക്കുന്നുണ്ട് എന്ന് വരുമ്പോൾ ഉയരുന്ന മറ്റൊരു ചോദ്യം, റവന്യു ചെലവുകൾ വികാസനോന്മുഖമല്ലേ എന്നതാണ്. എന്തൊക്കെയായാലും പൊതുകടത്തിന്റെ നിയന്ത്രണം എന്നത് ഒരു കല തന്നെയാണ്. ധനപരമായ സുസ്ഥിരത ഉറപ്പാക്കുക എന്ന ലക്ഷ്യമാണ് അതിൽ ഏറെ നിർണ്ണായകമാകുന്നത്. ഈ വിഷയമാണ് ഈ ലേഖനത്തിൽ പരിശോധിക്കുന്നത്.*

*നാലു ഭാഗങ്ങളായാണ് ഈ പഠനത്തെ തരം തിരിച്ചിരിക്കുന്നത്. താത്വികമായ അടിത്തറയും പഠനത്തിന്റെ രീതിയുമാണ് ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഭാഗത്ത് വരുന്നത് താത്വികതലത്തിലുള്ള അതിന്റെ പരിണാമമാണ്. അത് സംബന്ധിച്ച കണക്കുകളുടെ വിശദമായ വിവരങ്ങൾ മൂന്നാം ഭാഗത്തും പഠനത്തിന്റെ കണ്ടെത്തലുകൾ അവസാന ഭാഗത്തും ഉൾപ്പെടുത്തിയിരിക്കുന്നു.*

ഏതൊരു സംസ്ഥാനത്തിന്റെ കാര്യത്തിലും പൊതുകടത്തിന്റെ നിയന്ത്രണം എന്നത് ഒരു തരം ഞാണിന്മേൽ കളി പോലെയാണ്. ഇക്കാര്യത്തിൽ ഉയരുന്ന ഒരു പ്രധാന ചോദ്യം, ഇത്തരത്തിൽ കടമെടുക്കുന്ന തുക മൂലധന ച്ചെലവുകൾക്ക് ഉപയോഗിക്കുന്നതിന് പകരം റവന്യു ചെലവുകൾക്ക് ഉപയോഗി ക്കുന്നുണ്ടോ എന്നതാണ്. അങ്ങനെ സംഭവിക്കുന്നുണ്ട് എന്ന് വരുമ്പോൾ ഉയരുന്ന മറ്റൊരു ചോദ്യം, റവന്യു ചെലവുകൾ വികാസ നോന്മുഖമല്ലേ എന്നതാണ്. എന്തൊക്കെ യായാലും പൊതു ക്കടത്തിന്റെ നിയന്ത്രണം എന്നത് ഒരു കല തന്നെയാണ്. ധനപരമായ സുസ്ഥിരത ഉറപ്പാക്കുക എന്ന ലക്ഷ്യമാണ് അതിൽ ഏറെ നിർണ്ണായകമാകുന്നത്. ഈ വിഷയമാണ് ഈ ലേഖനത്തിൽ പരിശോ ധിക്കുന്നത്.

നാലു ഭാഗങ്ങളായാണ് ഈ പഠനത്തെ തരം തിരിച്ചിരിക്കുന്നത്. താത്വികമായ അടിത്തറയും പഠനത്തിന്റെ രീതിയുമാണ് ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഭാഗത്ത് വരുന്നത് താത്വികതലത്തിലുള്ള അതിന്റെ പരിണാമമാണ്. അത് സംബന്ധിച്ച കണക്കു കളുടെ വിശദമായ വിവരങ്ങൾ മൂന്നാം ഭാഗത്തും പഠനത്തിന്റെ കണ്ടെത്തലുകൾ അവസാന ഭാഗത്തും ഉൾപ്പെടുത്തിയിരിക്കുന്നു.

**1. താത്വിക അടിത്തറയും പഠന രീതിയും**

സംസ്ഥാനങ്ങളുടെ ധനപരമായ സുസ്ഥിരതയുടെ കാര്യത്തിൽ ആറ് പ്രധാന സൂചകങ്ങളാണ് കൗർ, മുഖർജി (2023) എന്നിവർ മുന്നോട്ട് വയ്ക്കുന്നത്. അതിൽ ഒന്ന് പൊതുകടത്തിന്റെ (പി ഡി) വളർച്ചയുമായും സംസ്ഥാനത്തിന്റെ ജി ഡി പിയുമായി ബന്ധപ്പെടുന്നതാണ്. സാമ്പത്തിക സുസ്ഥിരതയുടെ കാര്യത്തിൽ പി ഡിയുടെ കാര്യത്തിലെ വളർച്ചയുടെ തോത് സംസ്ഥാന ജി എസ് ഡി പിയുടെ വളർച്ചയുടെ തോതിനെക്കാൾ കുറവായിരിക്കണമെന്നതാണ് ധനപരമായ സുസ്ഥിരതയുടെ കാര്യത്തിലെ ഏറ്റവും പ്രധാന കാര്യം. അതായത് ഇവ തമ്മിലുള്ള വളർച്ചാ നിരക്കിന്റെ വ്യത്യാസം നെഗറ്റീവായിരിക്കണമെന്നർത്ഥം.

പി ഡിയുടെ വളർച്ചാ നിരക്ക് പലിശ നിരക്കിനേക്കാൾ താഴ്ന്നതായിരിക്കണം എന്നതാണ് രണ്ടാമത്തെ പ്രധാന സൂചകം (പി ഡി – ഐ < 0). യഥാർത്ഥ പലിശ നിരക്കും യഥാർത്ഥ എസ് ജി ഡി പിയുമായി ബന്ധപ്പെട്ട സൂചികയാണ് മൂന്നാമത്തേത്. ഇതിൽ ഒടുവിലത്തേത് അതിന് മുൻപത്തെ സൂചകത്തെക്കാൾ കൂടുതലായിരിക്കു മെന്നാണ് പൊതുവെ കരുതുന്നത് (ആർ ആർ ഒ ഐ <ആർ എസ് ജി ഡി പി). പ്രാഥമികമായ മിച്ചവും റവന്യു അക്കൗണ്ടിങ്ങിന്റെ രീതികളും നാലാമത്തെ സൂചകത്തിന്റെ അവാന്തര സൂചകങ്ങളാണ്. നാലാമത്തെ സൂചകത്തിന്റെ ഒന്നാം അവാന്തരം (4.എ) സൂചിപ്പിക്കുന്നത് പ്രാഥമിക മിച്ചവും എസ് ജി ഡി പിയുമായുള്ള അനുപാതം പോസിറ്റീവായിരിക്കണമെന്നാണ്. എന്നാൽ മിച്ചത്തിലെ പ്രാഥമിക ബാലൻസും പലിശ ചെലവും 100 പോയിന്റിന് മുകളിലായിരിക്കണം (4.ബി) . അതായത് പി ആർ ബി മിച്ചം പലിശ ബാധ്യത ഒഴിവാക്കുന്ന തരത്തിലുള്ള താകണമെന്നർത്ഥം (ചാർട്ട് 1).

റവന്യു വരുമാനം, പൊതുകടം എന്നിവയുമായി ബന്ധപ്പെട്ടതാണ് അടുത്ത പ്രധാന ഘടകം. സംസ്ഥാന ജി ഡി പിയുടെ ശതമാനം എന്ന നിലയിൽ റവന്യു വരുമാനം (ആർ ആർ)

**Chart 1:** Indicators of fiscal sustainability at state level




*Source: Balbir kaur and mukherjee, 2023.*

തുടർച്ചയായി ഉയർന്നു നിൽക്കണമെന്നാണ് ആദ്യത്തെ ഉപസൂചകം വ്യക്തമാക്കുന്നത് (ആർ ആർ : എസ് ജി ഡി പി > 100). ഇതിലുണ്ടാകാവുന്ന വ്യതിയാനം (5.ബി) കൃത്യമായി ഒഴിവാക്കാൻ കഴിയണം. അതുപോലെ തന്നെ, പൊതുകടം (പി ഡി), ആർ ആർ എന്നിവ തമ്മിലുള്ള അനുപാതവും കുറഞ്ഞു വരണം. ഇത് 5 സി എന്ന മൂന്നാമത്തെ ഉപസൂചകമാണ്. നാലാമത്തെ ഉപസൂചകമായ 5 ഡി, നികുതി വരുമാനവും പി ഡിയുമായി ബന്ധപ്പെട്ടതാണ് (പി ഡി : ടി ആർ). ഈ അനുപാതവും കാലം കഴിയുന്തോറും തുടർച്ചയായി കുറഞ്ഞു വരണം. ഒടുവിലത്തെ പ്രധാന സൂചകം പലിശ ചെലവുമായി (ഐ പി) ബന്ധപ്പെട്ടതാണ്. ഇതിൽ 3 ഉപസൂചകങ്ങൾ കാണാം. പലിശ ബാധ്യത, ഐ പി–റവന്യു വരുമാന അനുപാതം (ഐ പി : ആർ ഇ), ഐ പി : ആർ ആർ എന്നിവയാണവ . ജി ഡി പിയുടെ എത്ര ശതമാനം ഐ പി എന്ന നിലയിലാണ് പലിശ ബാധ്യതയെ (6.എ) വിലയിരുത്തുന്നത്. ഇതും കാലാന്തരത്തിൽ കുറഞ്ഞു വരണം. സാമ്പത്തികമായ സുസ്ഥിരതയുടെ കാര്യത്തിൽ 6.ബി, 6.സി എന്നവയും ഇപ്രകാരം കുറഞ്ഞു വരണം. മേൽവിവരിച്ച കാര്യങ്ങൾ ചാർട്ട് ഒന്നിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. റിസർവ് ബാങ്ക് പ്രസിദ്ധീകരിക്കുന്ന സംസ്ഥാന ധനകാര്യ റിപ്പോർട്ടുകളിൽ നിന്നാണ് ഈ പഠനത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത്. 1990–91 മുതൽ 2021–22 വരെയുള്ള കാലയളവിലെ വിവരങ്ങളാണ് പഠനത്തിൽ ഉൾപ്പെടുത്തി യിരിക്കുന്നത്.

**2. താത്വികമായ വിശകലനം**

ക്ളാസിക്കൽ സാമ്പത്തികശാസ്ത്രത്തിന്റെ ഘട്ടം മുതൽക്ക് തന്നെ പൊതുകടമെന്നത് ഒരു ചൂടേറിയ ചർച്ചാ വിഷയമാണ്. നിലവിലെ ഉപഭോഗം എന്നതിൽ നിന്ന് വ്യത്യസ്തമായി ബജറ്റ് കമ്മി (ബി ഡി) മൊത്തത്തിൽ ഡിമാൻഡ് വർധിക്കു ന്നതിലേക്ക് നയിക്കുന്നു (ബാരോ –1989). നികുതി കുറയുന്നതിനേക്കാൾ കുറഞ്ഞ തോതിൽ സ്വകാര്യ സമ്പാദ്യം ഉയരുന്നതായി കാണാം. വരുമാനം–ചെലവ് എന്ന അടിത്തറയു മായി ഇതിനെ ബന്ധപ്പെടു ത്തുന്നത് എസ് + (ടി– ജി) = ക + എൻ എക്സ് (ഗോർഡൻ – 1990) എന്ന രീതിയിലാണ്. എസ് എന്നത് സമ്പാദ്യ ത്തെയും ടി നികുതിയെയും ജി സർക്കാർ ചെലവുകളെയും ഐ മുതൽമുടക്കിനെയും എൻ എക്സ് കയറ്റുമതിയെയും സൂചിപ്പിക്കുന്നു.

ബാരോ വാദിക്കുന്നത് ബജറ്റ് കമ്മി സമ്പാദ്യത്തെ താഴോട്ട് വലിക്കുന്നു എന്നാണ്. സ്റ്റാൻഡേർഡ് മോഡലിനെ ആധാരമാക്കി അദ്ദേഹം 1989–ൽ വിശദമാക്കിയിരിക്കുന്നത് തുറന്നതോ അല്ലെങ്കിൽ അടഞ്ഞതോ ആയ സമ്പദ്ഘടനയുടെ കാര്യത്തിൽ പൊതുകടം നികുതി ഘടനയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു എന്നാണ്. അടച്ചു പൂട്ടപ്പെട്ട ഒരു സമ്പദ്ഘടനയിൽ ബജറ്റ് കമ്മി പലിശ നിരക്ക് വർധനക്ക് വഴിയൊരുക്കുന്നു. ഇത് മൂലധന രൂപീകരണം കുറഞ്ഞ തോതിലാക്കുന്നു. എന്നാൽ തുറന്ന സമ്പദ്ഘടനയിൽ ഇത് കൂടുതൽ കടമെടുപ്പിലേ ക്കായിരിക്കും നയിക്കുക . അത് കറന്റ് അക്കൗണ്ട് കമ്മിക്ക് കാരണമായി മാറുന്നു. വലിയ സമ്പദ്ഘടയാണെങ്കിൽ അതിന്റെ ആഭ്യന്തര മാർക്കറ്റിൽ പലിശ നിരക്ക് വർധിക്കുന്നതിന് ഇത് ഇടയാക്കുന്നു. ആഭ്യന്തര മുതൽമുടക്ക് പ്രായേണ കുറഞ്ഞ തോതിലാകുന്നതിനും ഇത് വഴിയൊരു ക്കുന്നു. ഇത് ഭാവിയിൽ മൂലധന ശേഷിയെ ദോഷകരമായി ബാധിക്കുന്ന നിലയിലേക്ക് വളരും. കറന്റ് അക്കൗണ്ടിലെ കമ്മി (സി എ ഡി) ദീർഘകാലാടി സ്ഥാനത്തിൽ ദേശീയ സമ്പത്ത് കുറയുന്നതിനിടയാക്കുന്നു എന്നാണ് ബാരോ പറയുന്നത്.

ഇവിടെ ഉയരുന്ന ഒരു പ്രധാന ചോദ്യം, കുടുംബങ്ങൾ എങ്ങനെയാണ് തങ്ങളുടെ സ്വത്തിനെ ക്രമീകരിക്കുന്നത് എന്നതാണ് (ബാരോ–1989). ഇക്കാര്യത്തിൽ ഓരോ വ്യക്തിയും പരിഗണിക്കുക വരുമാനത്തിന്റെ നിലവിലെ മൂല്യവും (പി വി) നികുതിയുടെ പ്രതീക്ഷിക്കുന്ന പി വിയും തമ്മിലുള്ള വ്യത്യാസമാണ്. അതുകൊണ്ട് ധനകാര്യ നയങ്ങൾ ഉപഭോക്തൃ

ഡിമാന്റിനെ സ്വാധീനിക്കുന്നതായി മനസിലാക്കാം. പ്രത്യേകിച്ച് നികുതിയുടെ പ്രതീക്ഷിക്കുന്ന പി വിയെ അത് നിർണ്ണായകമായി സ്വാധീനിക്കുന്നതിനാൽ.

ഈ വാദത്തിന് പ്രധാനപ്പെട്ട ചില വശങ്ങളുണ്ട്. ബജറ്റ് കമ്മി, നികുതി എന്നീ കാര്യങ്ങൾ സമ്പദ്ഘടനയെ ഏതാണ്ട് തുല്യമായ രീതിയിൽ സ്വാധീനിക്കുന്നതായി കാണാം. അങ്ങനെ 'റിക്കാർഡിയൻ ഇക്വിവാലൻസ്' സിദ്ധാന്തം രൂപീകൃതമായി (ബാരോ–1989). സർക്കാരിന്റെ സമ്പാദ്യത്തിൽ ഉണ്ടാകുന്ന ഇടിവ് (ടി–ജി) സ്വകാര്യ സമ്പാദ്യത്തിൽ ഏതാണ്ട് തത്തുല്യമായ വർധനക്ക് കാരണമാകുന്നു. അതായത് ദേശീയ സമ്പാദ്യ പ്രക്രിയയിൽ കാര്യമായ മാറ്റം ഉണ്ടാകുന്നില്ലെന്നർത്ഥം. റിട്ടേൺ ഓൺ ഇക്വിറ്റിയിൽ (ആർ ഒ) മാറ്റം ഉണ്ടാകുന്നില്ല, മുതൽമുടക്കിൽ ഒരു സ്വാധീനവും ചെലുത്തുന്നില്ല, പൊതുകടം, സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്നിവയുടെ കാര്യത്തിൽ ഒരു തരത്തിലുള്ള ഭാരവും ഉണ്ടാകുന്നില്ല മോഡിഗ്ലിയാനി (1961), ഫെൽഡ്സ്റ്റെയ്ൻ (1974).

**'റിക്കാർഡിയൻ ഇക്വിവാലൻസ്' സിദ്ധാന്തത്തെ കുറിച്ചുള്ള വിമർശനങ്ങൾ**

ഇന്നത്തെ കടത്തിന്റെ ഭാവിയിലെ ബാധ്യത നിലവിലെ നികുതി ഇളവുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ സ്വകാര്യ വ്യക്തികളുടെ തീരുമാനങ്ങളെ ഏതാനും ചില ഘടകങ്ങളാണ് സ്വാധീനിക്കുക (ഗോർഡൻ –1993). രക്ഷകർത്താക്കൾ തങ്ങളുടെ സമ്പത്തിന്റെ നല്ലൊരു ഭാഗം മക്കൾക്കായി നൽകുന്നു. അദ്ദേഹം പറയുന്നത്, വ്യക്തികൾ സർക്കാർ സെക്യൂരിറ്റികളുടെ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ വായ്പയെടുക്കുന്നു എന്നാണ്. അതായത് ഭാവിയിലെ നികുതിയുടെ കാര്യത്തിൽ ഉയർന്ന ഇളവുകൾ സ്വകാര്യ വ്യക്തികൾ പ്രതീക്ഷിക്കുന്നു എന്നർത്ഥം. ഇത് സർക്കാർ കടപ്പത്രങ്ങളേക്കാൾ ഉയർന്ന തോതിലാണ്.

**കെയ്ൻസിന്റെ സമീപനം**

പൊതുകടത്തിനായുള്ള നീക്കിവയ്പ്പ് വരുമാനം, തൊഴിൽ എന്നിവയുടെ മേഖലയിൽ ഉയർന്ന ഗുണിത ഫലങ്ങൾക്ക് കാരണമാകുന്നു (ദാസ്–2016). എന്നിരുന്നാലും സർക്കാർ ഉപഭോഗം, മൂലധന ചെലവുകൾ എന്നിവ വേർതിരിക്കുന്ന കാര്യത്തിൽ ഇതിന് വീഴ്ച്ച സംഭവിക്കുന്നു. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ച പണം കണ്ടെത്തുന്നതിനായി പല മാർഗങ്ങളെ ആശ്രയിക്കുന്നതിലേക്ക് നയിക്കുന്നതായും കാണാം. വിദേശ വായ്പ, ആഭ്യന്തര വായ്പ, ആസ്തി വിറ്റഴിക്കൽ തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ. കെയ്ൻസ് പറയുന്നത് മൂലധന ചെലവുകൾ ഉയർത്തുന്നത് വഴി മാത്രമേ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയൂ എന്നാണ്. ഒപ്പം റവന്യു ചെലവുകൾ നിയന്ത്രിക്കുകയും മൂലധന ചെലവുകൾ സമർത്ഥമായി വിന്യസിക്കുകയും വേണം. മൂലധന ചെലവുകൾ ആവശ്യമായ വരുമാന ത്തിലേക്ക് നയിക്കുന്ന സ്ഥിതിയുണ്ടായാൽ കമ്മി താനേ നിയന്ത്രണ വിധേയമായി തുടരും.

1944ൽ ഡോമർ എന്ന സാമ്പത്തിക ശാസ്ത്രജ്ഞനാണ് കെയ്ൻസിന്റെ സിദ്ധാന്തത്തെ കൂടുതൽ വികസിപ്പിച്ചത്. അദ്ദേഹം വാദിക്കുന്നത്, ജി ഡി പി വളർച്ചാ നിരക്ക് ഉയർന്ന തോതിലാണെങ്കിൽ കടബാധ്യതയുടെ വർധനയുടെ നിരക്ക് ജി ഡി പി വളർച്ചയിൽ മങ്ങി പോകുന്നുവെന്നാണ്. തുടർന്ന് കടം – ജി ഡി പി അനുപാതം സ്ഥിരതയാർന്ന ഒരു സ്ഥിതി കൈവരിക്കുന്നു. അതായത് ജി ഡി പിയിൽ ഉണ്ടാകുന്ന ഉയർന്ന തോതിലുള്ള വർധന കടം–ജി ഡി പി അനുപാതത്തെ കുറയ്ക്കുന്നു. കടമെടുക്കുന്ന തുകയുടെ നല്ലൊരു ഭാഗം ആരോഗ്യം, വിദ്യാഭ്യാസം, ഗവേഷണം, വികസനം തുടങ്ങിയ രംഗങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞാൽ ഇത് ശക്തമായ സാമ്പത്തിക വളർച്ചക്ക് വഴിയൊരുക്കുകയും ചെയ്യും (ദാസ്–2016, ഡോമർ–1944).

**പൊതുകടത്തെ കുറിച്ചുള്ള വീക്ഷണം കെയിൻസിന് ശേഷം**

പൊതുകടം മറികടക്കുന്നതിന് നികുതി വർധിപ്പിക്കുന്നത് ഒരു ഭാരമാണെന്ന് മാത്രമല്ല അത് അമിത ഭാരം തന്നെയാണ് (ഫെൽപ്സ്-2022). അദ്ദേഹം ചൂണ്ടികാട്ടുന്നത് ഇത് തൊഴിൽ കുറയുന്നതിനും സമ്പാദ്യം കുറയുന്നതിനും കാരണമാകുന്നു എന്നാണ്. ഇത് വീണ്ടും നികുതികൾ വർദ്ധിപ്പിക്കുന്നതിലേക്ക് നയിക്കുകയും ഒപ്പം ദേശീയ വരുമാനം, സമ്പാദ്യം എന്നിവ കുറയുന്നതിനിടയാക്കുകയും ചെയ്യുന്നു. സർക്കാർ ബോണ്ടുകളിൽ നിന്നുള്ള പലിശ വരുമാനം ഉയരുന്നത് ഉയർന്ന മാർജിനൽ നികുതി നിരക്കിനും കാരണമാകുന്നു.

പൊതുകടം സ്വത്തിനും മൂലധനത്തിനു മിടയിലെ ഒരു ആപ്പായി മാറുന്നുവെന്നാണ് നവ ക്ലാസിക്കൽ ചിന്തകരുടെ അഭിപ്രായം (ഫെൽപ്സ്–2022). പൊതുകടം സ്വത്ത് വർധിപ്പിക്കുന്നു. എന്നാൽ അതുവഴി മൂലധനം കൂടുകയോ കുറയുകയോ ആകാം. ഇത് ഉപഭോഗത്തിൽ വളർച്ചയുണ്ടാക്കാം, എന്നാൽ മൂലധന രൂപീകരണവും ഉല്പാദനക്ഷമതയും കുറയുന്നതിലേക്ക് നയിക്കുന്നു. ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം അമേരിക്കയുടെ അനുഭവവും സ്പാനിഷ് ഫ്ലൂ പടർന്നു പിടിച്ചതും രണ്ടാം ലോക മഹായുദ്ധവും പൊതുകടത്തിന്റെ വൻതോതിലുള്ള വർദ്ധനവിലേക്ക് നയിക്കുകയുണ്ടായി. ഉപഭോഗം കുതിച്ചുയർന്നു, പക്ഷെ ഇൻവെസ്റ്റ്മെന്റ് – ഔട്ട്പുട്ട് അനുപാതം കാര്യമായി കുറഞ്ഞു (മോണ്ടിഗലിയാനി–1961). ഫെൽപ്സ് സഹപ്രവർത്തകരുമായി ചേർന്ന് 1970 മുതൽ 2019 വരെയുള്ള കാലയളവിലെ ജി–7 രാജ്യങ്ങളുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പൊതുകടവും തൊഴിലും തമ്മിലുള്ള ബന്ധത്തെ കുറിച്ച് പഠനങ്ങൾ നടത്തുകയുണ്ടായി. പൊതുകടം നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനത്തെ (ആർ ഒ ഐ) പിന്നോട്ടടിപ്പിക്കുന്നു എന്നതായിരുന്നു അവരുടെ കണ്ടെത്തൽ. ഇത് പിന്നീട് കൂലി കുറയുന്നതിലേക്കും തൊഴിൽ, ഉപഭോഗം എന്നിവയുടെ ഇടിവിലേക്കും നയിക്കുന്നു. 'ബാരോ– റിക്കാർഡോ ഇക്വിവാലൻസ്' സിദ്ധാന്തത്തിന് മറ്റൊരു തലം കൂടിയുണ്ട് (ഗോർഡൻ–1993). എൺപതുകളുടെ ആദ്യഘട്ടത്തിൽ അമേരിക്ക നികുതിയിൽ കാര്യമായ ഇളവുകൾ വരുത്തുകയുണ്ടായി. ഇത് സമ്പാദ്യത്തിന്റെ തോത് ഉയർത്തുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും അപ്രകാരം ഉണ്ടായില്ല എന്നതാണ് യാഥാർഥ്യം. കെയിൻസിന്റെ പിൻഗാമികളും നവ ക്ലാസിക്കൽ വിദഗ്ധരും ഉയർത്തുന്ന വാദമുഖങ്ങളിൽ കഴമ്പുണ്ടെന്ന നിഗമനമാണ് ഫെൽപ്സ് (2022) പുലർത്തുന്നത്.

**3. കേരളത്തിന്റെ സമീപകാല ധനകാര്യ സൂചകങ്ങൾ**

ചാർട്ട് ഒന്നിൽ നൽകിയിട്ടുള്ള വിവരങ്ങൾ ഈ ഭാഗത്തിൽ കൂടുതൽ വിപുലമായി ഉൾപ്പെടുത്തിയിരിക്കുന്നു. റിസർവ് ബാങ്കിന്റെ സംസ്ഥാനങ്ങളുടെ ധനസ്ഥിതി സംബന്ധിച്ച റിപ്പോർട്ടുകളാണ് ഇതിന് ആധാരമാക്കി യിട്ടുള്ളത്. 1990–91 മുതൽക്കുള്ള വിവിധ ധനകാര്യ ഘടകങ്ങളെയാണ് ഇതിനായി വിശകലനം ചെയ്യുന്നത്.

ഒന്നാം ഭാഗത്തെ താത്വികമായ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ബജറ്റിൽ ഉണ്ടാകുന്ന കമ്മിയാണ് പൊതുകടമെടുപ്പിലേക്ക് നയിക്കുന്നതെന്ന് കാണാം. ഇന്ത്യൻ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ മൂന്ന് തരത്തിലുള്ള കമ്മി കാണാം. റവന്യു കമ്മി, ധനക്കമ്മി, പ്രാഥമിക കമ്മി എന്നിവയാണ് അവ. റവന്യൂ ചെലവുകൾ റവന്യൂ വരുമാനത്തേക്കാൾ ഉയർന്നിരിക്കുന്നതാണ് റവന്യു കമ്മി. വായ്പയെടുക്കുന്നത് ഒഴികെയുള്ള മൊത്തം വരവും മൊത്തം ചെലവും തമ്മിലുള്ള അന്തരമാണ് ധനക്കമ്മി. ധനകമ്മിയിൽ നിന്നും പലിശയിനത്തിലുള്ള ചെലവുകൾ കുറയ്ക്കുമ്പോൾ പ്രാഥമിക കമ്മി ലഭിക്കുന്നു. ഇവ മൂന്നിലും കാണുന്ന ചില പ്രത്യേകതകളാണ് ഇനി ചർച്ച ചെയ്യുന്നത്.

### കേരളത്തിന്റെ റവന്യൂ കമ്മി

2005 വരെയുള്ള ഘട്ടത്തിൽ കേരളത്തിന്റെ റവന്യൂ കമ്മിയുടെ ശതമാനം ദേശീയ തലത്തിലെ പ്രവണതകൾക്ക് സമാനമായ രീതിയിലാണ് നീങ്ങിയത്. അതിനു ശേഷം 2018–19 വരെ അത് വഴി മാറി സഞ്ചരിക്കുന്നത് കാണാം. ഈ ഘട്ടത്തിൽ ഏഴു വർഷക്കാലത്തോളം ഇത് നെഗറ്റീവ് കണക്കുകളാണ് രേഖപ്പെടുത്തിയത്. മറ്റു സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും കാര്യത്തിൽ റവന്യൂ മിച്ചം രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ കേരളം ഈ ഘട്ടത്തിൽ മിച്ചത്തിലേക്ക് കടന്നില്ല (രേഖാചിത്രം–1).

### കേരളത്തിന്റെ ധനക്കമ്മിയുടെ പ്രവണത

ദേശീയതലത്തിൽ 1990–91 മുതൽ 2021–22 വരെയുള്ള കാലയളവിലെ ധനക്കമ്മിയുടെ ശതമാനം എന്ന നിലയിൽ പരിശോധിക്കുമ്പോൾ കേരളത്തിന്റെ ധനക്കമ്മി മാറി മറിയുന്ന ചിത്രമാണ് കാണുന്നത്. 2007–08ന് ശേഷം ഇത് കൂടുതൽ പ്രകടമാണ്. 2001–02 ൽ 3.40 ആയിരുന്നുവെങ്കിൽ 2012–13 ആകുമ്പോൾ 7.57 ആണ് (രേഖാചിത്രം–2). അതായത് ദേശീയ തലത്തിലെ മൊത്തം ധനക്കമ്മിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ധനക്കമ്മി ഉയരുന്ന പ്രവണതയാണ് കാണിക്കുന്നത് എന്നർത്ഥം. കഴിഞ്ഞ ദശകത്തിൽ ഇത് കാര്യമായ ചാഞ്ചാട്ടത്തിലുമായിരുന്നു (രേഖാചിത്രം 2).

### കേരളത്തിന്റെ പ്രാഥമിക കമ്മി

1990–91നു ശേഷം പ്രാഥമിക കമ്മിയുടെ രംഗത്തും കേരളം ചാഞ്ചാട്ട പാതയിലാ യിരുന്നുവെന്ന് കാണാം. 2006–07 നു ശേഷം ഇത് ശക്തമായി; പ്രത്യേകിച്ച് 2006–07 നും 2015–16 നുമിടയിൽ. 2017–18നു ശേഷം ഇതിൽ ഇടിവുണ്ടാകുന്നതും കാണാം (രേഖാചിത്രം 3 കാണുക). 2001ൽ 2.32 ആയിരുന്ന ഇത് 2010–11 ആയപ്പോൾ 20.63 ആയി ഉയർന്നു. മൊത്തം ധനക്കമ്മിയുടെ രംഗത്തും കൂടുതൽ ശക്തമായ ചാഞ്ചാട്ടം കഴിഞ്ഞ ദശകത്തിൽ കാണാവുന്നതാണ്.

### കേരളത്തിന്റെ ധനകാര്യ സുസ്ഥിര സൂചകങ്ങൾ

ചാർട്ട് ഒന്നിൽ നൽകിയിട്ടുള്ള താത്വികമായ അടിത്തറയിലൂടെ കേരളത്തിന്റെ പൊതു കടത്തിന്റെ സ്ഥിതി പരിശോധിക്കേണ്ടതുണ്ട്. ആറ് സുസ്ഥിര സൂചികകളുടെ അടിസ്ഥാനത്തിലാണ് ഇത് നൽകിയിട്ടുള്ളത്. പൊതു കടത്തിന്റെ തോതിലുള്ള വർദ്ധ നയുടെയും സംസ്ഥാന ജി ഡി പിയുടെയും അടിസ്ഥാനത്തിലാണ് ഇത് നൽകിയിരിക്കുന്നത്.

1990–91 മുതൽ കേരളത്തിന്റെ ജി ഡി പിയുടെ അടിസ്ഥാനത്തിൽ പൊതുകടത്തിന്റെ വ്യതിയാനം പരിശോധിക്കുമ്പോൾ അത് കുറഞ്ഞതും പോസിറ്റീവുമായുള്ള ചലനമാണ് നൽകുന്നത്. 1990–91 മുതൽ 2021–22 വരെയുള്ള ഘട്ടത്തിൽ 0.198 എന്ന കുറഞ്ഞ തോതിലുള്ളതും എന്നാൽ പോസിറ്റീവായതുമായ ഒരു ട്രെൻഡാണ് കാണാൻ കഴിയുക. എസ് ജി ഡി പിയുടെ കാര്യത്തിലെ വ്യതിയാനം പൊതു കടത്തിന്റെ വ്യതിയാനത്തെക്കാൾ കൂടുതലാണെന്നും കാണാം. ഒന്നാമത്തെ സുസ്ഥിര സൂചകം എന്ന നിലയിൽ കാണുമ്പോൾ പൊതുകടത്തിന്റെ വളർച്ചയുടെ തോത് സംസ്ഥാന ജി ഡി പിയുടേതിനേക്കാൾ കുറവായിരിക്കേണ്ട തുണ്ട്. എന്നാൽ പരിശോധനാകാലയളവിൽ കേരളത്തിന്റെ കാര്യത്തിൽ ഇത് നേരെ തിരിച്ചാണ് (രേഖാചിത്രം4,5).

### യഥാർത്ഥ പലിശ നിരക്ക് (ആർ ആർ ഒ ഐ) സംസ്ഥാന ജി ഡി പി (എസ് ജി ഡി പി) എന്നിവയുടെ വളർച്ച

രണ്ടാമത്തെ സൂചകത്തിന്റെ കാര്യം, ഇവിടെ കൂടുതൽ വിശദമാക്കുന്നില്ല. വസ്തു നിഷ്ഠമായ വിവരങ്ങളുടെ അഭാവമാണ് ഇതിന് കാരണം. ധനകാര്യ സുസ്ഥിരതയുടെ കാര്യത്തിലെ മൂന്നാമത്തെ സൂചകം, യഥാർത്ഥ പലിശ നിരക്ക്, യഥാർത്ഥ സംസ്ഥാന ജി ഡി പി എന്നിവയുമായി ബന്ധപ്പെട്ടതാണ്. 1991–92 മുതൽ 2021–22 വരെയുള്ള രണ്ടു ദശകക്കാലത്ത് ഇതിൽ യഥാർത്ഥ ജി ഡി പി, ആർ ആർ ഒ ഐയേക്കാൾ

**Figure 1:** Revenue deficit in Kerala (RDK) as a percentage of revenue deficit of all states and union territories (ASUTs) in India during 1990-91 and 2021-22




*Source: Based on RBI Data.*

**Figure 2:** Gross fiscal deficit in Kerala as a percentage of gross fiscal deficit of all states and UTs in India during 1990-91 and 2021-22




*Source: Based on RBI Data.*

**Figure 3:** Primary deficit in Kerala as a percentage of the primary deficit of all States and UTs in India during 1990-91 and 2021-22




*Source: Based on RBI Data.*

**Figure 4:** Annual variation of SGDP in percentage




*Source: Based on RBI Data.*

**Figure 5:** Percent annual variation in public debt in Kerala from 1991-92 to 2021-22




*Source: Based on RBI Data.*

**Figure 6:** Real rate of interest and annual growth rate in real state GDP




*Source: Based on RBI Data.*

ഉയർന്നതാണ് എന്ന് കാണാം (രേഖാചിത്രം–6). ഇത് 1993–94, 1995–96, 2004–05, 2011–12, 2015–16, 2017–18 എന്നീ വർഷങ്ങളിൽ താരതമ്യേന ശക്തമായ നിലയിലാണെന്ന് മനസിലാക്കാം. സാമ്പത്തികമായ സുസ്ഥിരതക്ക് ഈ സുസ്ഥിര സൂചകം ആവശ്യപ്പെടുന്നത്, യഥാർത്ഥ ജി ഡി പി പലിശ നിരക്കിനേക്കാൾ ഉയർന്ന തോതിലായിരിക്കണമാണെന്നാണ്. 1990–91 മുതൽ അത് അങ്ങനെയാണെന്ന് കാണാം (രേഖാചിത്രം 6).

നാലാം സൂചകം : പ്രാഥമിക കമ്മിയും പ്രാഥമിക റവന്യൂ കമ്മിയും (രേഖാചിത്രം 7).

പ്രാഥമിക മിച്ചം, പ്രാഥമിക റവന്യൂ മിച്ചം എന്നിവയുമായി ബദ്ധപ്പെട്ടതാണ് നാലാമത്തെ സൂചകം. ഇതിന് രണ്ടു ഉപസൂചകങ്ങളുമുണ്ട്. ഒന്ന് പ്രാഥമിക ബാലൻസ് മിച്ചവും എസ് ജി ഡിപിയുമായി ബന്ധപ്പെട്ടതാണ് (4 എ). ഇത് പൂജ്യത്തെക്കാൾ ഉയർന്ന തോതിലാ യിരിക്കണം. 2006–07 വർഷത്തിലൊഴികെ ഇതിന്റെ അനുപാതം നെഗറ്റീവാണെന്ന് കാണാം . ഇത് സുസ്ഥിര സൂചികയുടെ മാർഗ്ഗനിർദേശങ്ങൾക്കെതിരാണ്. 1990–92, 1999–00 എന്നീ സാമ്പത്തിക വർഷങ്ങളിലാണ് കേരളത്തിൽ പ്രാഥമിക കമ്മി ഏറ്റവും ഉയർന്ന തോതിലെത്തിയത് (രേഖാചിത്രം–7). കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ പൊതുവെ ഇത് കുറയുന്ന പ്രവണതയാണ് പ്രകടമായത് (രേഖാചിത്രം 8).

ഇനി രണ്ടാമത്തെ ഉപസൂചകം (4 ബി) പരിശോധിക്കാം. പലിശയടക്കുന്നതിന്റെ ശതമാനം എന്ന നിലയിൽ പ്രാഥമിക റവന്യൂ ബാലൻസ് നൂറിന് മുകളിലായിരിക്കണമെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇക്കാര്യത്തിൽ നൂറിന് താഴെ വന്നിട്ടുള്ള വർഷങ്ങൾ സാമ്പത്തിക സുസ്ഥിരതയ്ക്കുള്ള ഒരു ചവിട്ടുപടി എന്ന നിലയിൽ പരിഗണിക്കാവുന്നതാണ്. 1990–91നും 2021–22നുമിടയിൽ അപ്രകാരം സംഭവിച്ചത് 10 വർഷങ്ങളിലാണ് ( രേഖാചിത്രം–8). അതായത് ഈ ഉപസൂചകത്തിന്റെ നില കേരളത്തിന്റെ കാര്യത്തിൽ അത്ര മികച്ചതല്ല എന്ന് സാരം.

**Figure 7:** Primary surplus (deficit)/ SGDP in Kerala in percentage from 1990-91 to 2021-22




*Source: Based on RBI Data.*

**Figure 8:** Primary revenue balance (deficit)/ IP in Kerala in percentage from 1990-91 to 2021-22




*Source: Based on RBI Data.*

അഞ്ചാമത്തെ സൂചകം : ആർ ആർ, പി ഡി

റവന്യു വരുമാനം (ആർ ആർ), പൊതുകടം (പി ഡി) എന്നിവയുമായി ബന്ധപ്പെട്ടതാണ് അഞ്ചാമത്തെ സൂചകം. ഇതിന് നാല് ഉപസൂചകങ്ങളാണ് ഉള്ളത്, ആർ ആർ: എസ് ജി ഡി പി , ആർ ആർ: എസ് ജി ഡി പി എന്നിവയുടെ കോഎഫിഷ്യന്റ് ഓഫ് വേരിയേഷൻ (സി വി), പി ഡി : ആർ ആർ, പി ഡി : ടി ആർ എന്നിവയാണ് അവ (ടി ആർ എന്നത് നികുതി വരുമാനമാണ്).

199091 മുതൽ 2021–22 വരെയുള്ള കാലയളവിൽ കേരളത്തിന്റെ ആർ ആർ : എസ് ജി ഡി പി അനുപാതം 10.44 ശതമാനത്തിനും 13.07 ശതമാനത്തിനുമിടയിലായിരുന്നു . ഇതിന്റെ മധ്യമ മൂല്യം 11.723 ആയും കണക്കാക്കിയിരിക്കുന്നു. 2010–11ന് മുൻപും പിൻപും എന്ന രീതിയിൽ കണക്കാക്കുമ്പോഴും മധ്യമ മൂല്യം താരതമ്യേന മെച്ചപ്പെട്ട നിലയിലാണെന്ന് കാണാൻ കഴിയും. ഇത് 1990–91 മുതൽ 2010–11 വരെ 11.72 എന്ന തോതിലും 2011–12 മുതൽ 2021–22 വരെ 11.82, 11.81 എന്ന തോതിലുമാണ്. 1990–91 മുതൽ എസ് ജി ഡി പിയുടെ ശതമാനം എന്ന നിലയിൽ റവന്യു വരുമാനം കേരളത്തിൽ കുറഞ്ഞു വരുന്നതായി മനസിലാക്കാം. എന്നാൽ 2014–15 നു ശേഷം ഇതിൽ മാറ്റം കാണാൻ കഴിയും. അതായത് വരുമാനം ഉയർത്തുന്നതിന് കേരളം നടത്തുന്ന ശ്രമങ്ങൾക്ക് നല്ല ഫലമുളവാക്കാൻ കഴിഞ്ഞിരിക്കുന്നു എന്നർത്ഥം. രണ്ടാമത്തെ ഉപസൂചകം (5 ബി) പരിഗണിക്കുമ്പോൾ ആർ ആർ:എസ് ജി ഡി പിയുടെ സി വി ദീർഘകാലാടിസ്ഥാനത്തിൽ കുറഞ്ഞു വരേണ്ടതായാണ് കാണുന്നത്. പഠനകാലയളവിൽ 4.28 എന്ന തോതിലാണ് പൊതുവിൽ സി വി ലഭ്യമാകുന്നത്. 2010–11നു മുൻപ് ഇത് 2.17, ശേഷം 6.88 എന്ന തോതിലുമായാണ് കാണുന്നത്. അതായത് 2010–11 നു ശേഷം ആർ ആർ : എസ് ജി ഡി പിയുടെ സി വി ഉയരുന്നു എന്നർത്ഥം. ഇത് പക്ഷെ സാമ്പത്തിക സുസ്ഥിരതയുടെ അടിത്തറക്ക് വെല്ലുവിളി ഉയർത്തുന്നതാണ്. എന്നാൽ 2014–15നു ശേഷം റവന്യു വരുമാനം ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ ഫലപ്രദമാണെന്ന് കാണാം

പൊതുവെ കാണുന്നത് ഇക്കാര്യത്തിൽ ഇടയ്ക്ക് ഒരു മെല്ലെപ്പോക്ക് ഉണ്ടായതായാണ്. തുടർച്ചയായ വർധനയാണ് അഭികാമ്യം (രേഖാചിത്രം 9). റവന്യൂ വരുമാനം ഉയർത്തുന്നതിന് കൂടുതൽ ശക്തമായ ശ്രമം വേണമെന്നാണ് ഇത് സൂചിപ്പിക്കുന്നത് .

പി ഡി, ആർ ആർ എന്നിവ തമ്മിലുള്ള അനുപാതവുമായി ബന്ധപ്പെട്ടതാണ് മൂന്നാമത്തെ ഉപസൂചിക (5 സി). സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്ന കാര്യത്തിൽ ഈ സൂചകം തുടർച്ചയായി കുറയേണ്ടതായുണ്ട്. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ അത് ഉണ്ടായില്ല (രേഖാചിത്രം 10). 2004–05, 2006–07 എന്നീ വർഷങ്ങളിൽ അത് ഉയരുന്ന പ്രവണത കാഴ്ച്ച വച്ചു. പിന്നീട് 2019–20 വരെ കുറയുന്ന സ്ഥിതിയുണ്ടായി. 1999–00 ത്തിനും 2010–11 നുമിടയിൽ പി ഡി: ആർ ആർ അനുപാതം ഉയർന്ന തലത്തിലായിരുന്നു. 2003–04 മാത്രമാണ് ഇതിന് ഒരപവാദമായുള്ളത്. 2019–20നു ശേഷം ഇത് വീണ്ടും ഉയർന്നു. പൊതുവിൽ നോക്കുമ്പോൾ ഈ അനുപാതം ഉയരുന്ന പ്രവണതയാണ് കാഴ്ച്ച വച്ചത് (രേഖാചിത്രം 10).

സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിന് പി ഡി: ടി ആർ അനുപാതം (5 ഡി) കുറഞ്ഞു വരേണ്ടതായുണ്ട്. 1990–91നും 2021–22നുമിടയിലെ പൊതു പ്രവണത ഇത് ഉയരുന്നതാണ്. 0.035 പോയിന്റിന്റെ ഒരു ചരിവ് ഇതിൽ പ്രകടമാണ്. തൊണ്ണൂറുകളുടെ തുടക്കത്തിലും 2000ത്തിന് ശേഷവും (2003–04 ഒഴികെ) പി ഡി: ടി ആറിന്റെ ചലന പാത ഉയർന്ന തലത്തിലാണെന്ന് കാണാം. അതായത് ഈ അനുപാതം ട്രെൻഡ് ലൈനിന് താഴേക്ക് മാറിയാണ് സഞ്ചരിക്കുന്നതെന്ന് സാരം (രേഖാചിത്രം–11).

**കേരളത്തിന്റെ പലിശ ഇനത്തിലുള്ള ചെലവ്**

പലിശ അടവുമായി ബന്ധപ്പെട്ടതാണ് ആറാമത്തെ സൂചകം. 1990–91ൽ ദേശീയ തലവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ പലിശ അടവ് (ഐ പി) 3.9 ശതമാനം ആണ്. എന്നാൽ 2014–15 ആകുമ്പോൾ ഇത് 5 ശതമാനമായി ഉയർന്നു. പിന്നീട് അത് 5 ശതമാനത്തിന് ചുറ്റിലുമായി നീങ്ങി. അതായത് കേരളത്തിന്റെ പലിശ ഇനത്തിലുള്ള ചെലവ് വർധിക്കുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. 1997–98 വരെയുള്ള കാലയളവിലും 2014–15 നു ശേഷവും കേരളത്തിന്റെ ഐ പി ഇതര

**Figure 9:** Trend in RR/SGDP in Kerala in percentage from 1990-91 to 2021-22




*Source: Based on RBI Data.*

**Figure 10:** Trend in PD/RR in Kerala in percentage from 1990-91 to 2021-22




*Source: Based on RBI Data.*

**Figure 11:** Trend in PD/TR in Kerala in percentage from 1990-91 to 2021-22




*Source: Based on RBI Data.*
*Based on RBI data.*

സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്നതായാണ് കാണുന്നത്. 2016–17 സാമ്പത്തിക വർഷം മാത്രമാണ് ഇതിൽ നിന്ന് വ്യത്യസ്തമായി കാണുന്നത് (രേഖാചിത്രം–12).

ഈ പഠനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ പരിഗണിക്കുമ്പോൾ ഐ പി:എസ് ജി ഡി പി (6 എ) അനുപാതം കാലക്രമത്തിൽ കുറഞ്ഞു വരേണ്ടതായുണ്ട്. 2003–04 സാമ്പത്തിക വർഷം മുതൽ ഇത് കുറയാൻ തുടങ്ങി. 2011–12 വരെ അത് തുടർന്നു . പിന്നീട് കൂടാൻ തുടങ്ങി (രേഖാചിത്രം –13). പൊതുവെ നോക്കുമ്പോൾ 1990–91 മുതൽ കാണാൻ കഴിയുന്നത് കുറയുന്ന പ്രവണതയാണ്. എന്നാൽ 2000–01നും 2005–06നുമിടയിലും 2017–18 നു ശേഷവും ഇതിന്റെ അനുപാതം ട്രെൻഡ് ലൈനിന് മുകളിലാണെന്നത് ശ്രദ്ധേയമാണ്. 2017–18നു ശേഷമുള്ള ഈ വർധന വളരെ ഗൗരവമേറിയ ഒരു പ്രശ്നമായി കണ്ട് പരിശോധിക്കപ്പെടേണ്ട ഒന്നാണ് (രേഖാചിത്രം –13).

റവന്യു ചെലവിന്റെ അനുപാതം എന്ന നിലയിൽ പലിശ ഇനത്തിലെ ചെലവ് (6 ബി) പ്രതീക്ഷിച്ച തോതിലായിരുന്നു. കഴിഞ്ഞ 22 വർഷക്കാലം ഇക്കാര്യത്തിൽ നെഗറ്റീവായ ഒരു ചരിവാണ് കണ്ടത്, പ്രത്യേകിച്ച് കഴിഞ്ഞ ദശകത്തിൽ. ഇക്കാര്യത്തിൽ സാമ്പത്തിക സുസ്ഥിരത സൂചിക ആവശ്യപ്പെടുന്നത് തുടർച്ചയായ ഇടിവ് തന്നെയാണ്. ഇക്കാര്യത്തിൽ അനുപാതം കേരളത്തിന് അനുകൂലമായ നിലയിലാണെന്ന് കാണാം (രേഖാചിത്രം 14).

മൂന്നാമത്തെ ഉപസൂചകം (6 സി) സാവധാനത്തിൽ കുറയുന്ന പ്രവണതയാണ് കാഴ്ച്ച വച്ചത്. പ്രതീക്ഷിച്ച തരത്തിലുള്ളതായിരുന്നു ഇത്. ഈ സഹസ്രാബ്ദത്തിന്റെ ആദ്യ ഘട്ടത്തിൽ റവന്യു വരുമാനവും പലിശ അടവുമായുള്ള അനുപാതം ട്രെൻഡിന് മുകളിലായിരുന്നുവെന്ന് കാണാം. 2016–17 വരെ അതിന്റെ ഇടിയുന്ന പ്രവണത തുടരുന്നതായും കാണാം (രേഖാചിത്രം–15). പിന്നീട് ഇത് ഒരു മുന്നേറ്റ പ്രവണതയാണ് കാഴ്ച്ച വയ്ക്കുന്നത്. ഇത് തിരുത്തപ്പെടേണ്ട ഒന്നാണ്. 1990–91 മുതലുള്ള ഒരു കണക്കെടുത്താൽ 2002–03

**Figure 12:** IP in Kerala as a percentage of IP of all States and UTs during 1990-91 and 2021-22.




*Source: Based on RBI Data.*

**Figure 13:** Trend in interest payments/ SGDP in Kerala between 1990-91 to 2021-22




*Source: Based on RBI Data.*

**Figure 14:** Trend in interest payments/ revenue expenditure in Kerala between 1990-91 to 2021-22




*Source: Based on RBI Data.*

വരെ ഇത് ഉയർന്നു. പക്ഷെ 1998–99 വരെ ഇത് ട്രെൻഡ് ലൈനിന് താഴെയായിരുന്നു എന്ന പ്രത്യേകതയുണ്ട്. കൗർ, മുഖർജി (2023) എന്നിവർ പറയുന്നത്, പലിശ അടവിന്റെ മധ്യമം റവന്യു വരുമാനത്തിന്റെ നാലിലൊന്നിന് മുകളിലായാൽ അത് സഹന പരിധിക്ക് മുകളിലാണെന്ന് കരുതേണ്ടി വരുമെന്നാണ്. 2000–01, 2004–05 എന്നീ സാമ്പത്തിക വർഷങ്ങളിൽ അത് അപ്രകാരമായിരുന്നു. എന്നാൽ അതിന് ശേഷം അത്തരം പ്രവണതയില്ലെന്ന് കാണാം (രേഖാചിത്രം 15).

## 4. ഉപസംഹാരം

1990–91 മുതൽ 2021–22 വരെയുള്ള ഘട്ടത്തിലെ കേരളത്തിന്റെ ധനകാര്യ സുസ്ഥിരതയാണ് ഇവിടെ പഠന വിധേയമാക്കിയത്. 5 പ്രധാന സൂചകങ്ങളും അവയുടെ ഉപസൂചകങ്ങളുമാണ് ഇതിനായി പരിഗണിച്ചത്. ആദ്യത്തെ സൂചകം പരിഗണിക്കുമ്പോൾ പൊതുകടത്തിന്റെ ശരാശരി വാർഷിക വളർച്ച സംസ്ഥാന ജി ഡി പിയുടെ വാർഷിക വളർച്ചയേക്കാൾ മുകളിലാണെന്ന് കാണാം. ഇത് മികച്ച രീതിയിലുള്ള താത്വിക അടിസ്ഥാനത്തിന് എതിരായ ഒരു ചലനമാണ്. പൊതുകടത്തിന്റെ കാര്യത്തിലെ 1990–91 മുതൽ 2021–22 വരെയുള്ള വളർച്ച സാവധാനത്തിലുള്ളതാണെങ്കിലും സംസ്ഥാന ജി ഡി പിയിലെ വളർച്ചയിലുണ്ടായ ചാഞ്ചാട്ടം അതിനേക്കാൾ തീവ്രമാണെന്ന് കാണാം. മൂന്നാമത്തെ സൂചകം കാണിക്കുന്നത് യഥാർത്ഥത്തിലുള്ള പലിശ നിരക്ക് യഥാർത്ഥ സംസ്ഥാന ജി ഡി പി വളർച്ചയേക്കാൾ താഴെയായിരിക്കണമെന്നാണ്.

**Figure 15:** Trend in interest payments/ revenue receipts in Kerala between 1990-91 and 2021-22




*Based on RBI Data.*

The emerging ideas are summarised in the following section.

എന്നാൽ ഇവിടെ പഠന വിധേയമാക്കിയ മൂന്ന് ദശകക്കാലത്തിനിടയിൽ 20 വർഷവും പലിശ നിരക്ക് താഴെയായിരുന്നുവെന്ന് കാണാം. അതായത് മൂന്നാമത്തെ സൂചകത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം സുസ്ഥിര പാതയിലായിരുന്നുവെന്ന് വിലയിരുത്താൻ കഴിയും.

രണ്ട് ഉപസൂചകങ്ങൾ ഉൾക്കൊള്ളുന്നതാണ് നാലാമത്തെ സൂചകം. സംസ്ഥാന ജി ഡി പിയുമായി താരതമ്യം ചെയ്യുമ്പോൾ മിച്ചത്തിന്റെ കാര്യത്തിലെ പ്രാഥമിക ബാലൻസ് (4 എ), പ്രാഥമിക റവന്യു ബാലൻസ്, പലിശ ചെലവ് എന്നിവയാണ് (4 ബി) രണ്ടാം ഉപസൂചകം. ഇതിൽ 4 എ പോസിറ്റീവായി ചലിക്കുമെന്നാണ് പൊതുവെ കരുതിയതെങ്കിലും 2006–07 ഒഴികെയുള്ള വർഷങ്ങളിൽ അപ്രകാരമല്ല സംഭവിച്ചത്. ഇത് ധനകാര്യ സുസ്ഥിരത സംബന്ധിച്ച നല്ല പ്രവണതകൾക്ക് എതിരായ ചലനമാണ്. 4 ബിയുടെ കാര്യത്തിൽ അത് തുടർച്ചയായി നൂറിന് മുകളിൽ ചലിക്കേണ്ടതുണ്ട്. എന്നാൽ 1990–91നു ശേഷം 10 വർഷം മാത്രമാണ് അപ്രകാരം ചലിച്ചത്. ഇത് കേരളത്തിന്റെ ധനകാര്യ സുസ്ഥിരതയുടെ കാര്യത്തിൽ ശുഭസൂചനയല്ല നൽകുന്നത്. ഇത്തരം നാല് ഉപസൂചകങ്ങളാണ് അഞ്ചാമത്തെ മുഖ്യ സൂചകത്തിന് കാരണമാകുന്നത്. ഇതിൽ റവന്യു വരുമാനവും പൊതുകടവും തമ്മിലുള്ള അനുപാതമാണ് 5 എ ഉപസൂചകം. ഇത് ഉയർന്നു വരേണ്ട ഒരു അനുപാതമാണ്. എന്നാൽ നേരെ തിരിച്ചാണ് സംഭവിച്ചത്. 2014–15നു ശേഷം ഇതിൽ മാറ്റം പ്രകടമായിട്ടുണ്ട്. ഇത് തീർച്ചയായും അനുകൂലമായ ഒരു മാറ്റമാണ്. രണ്ടാമത്തെ ഉപസൂചകമായ 5 ബിയുടെ കാര്യത്തിൽ വ്യതിയാനം, കാലക്രമത്തിൽ താഴേക്ക് വരുന്നതാണ് അഭികാമ്യം. എന്നാൽ അത് ഉയരുകയാണുണ്ടായത്. അതിനാൽ ഈ ഉപസൂചികയുടെ പ്രകടനവും സാമ്പത്തിക സുസ്ഥിരതയുടെ കാര്യത്തിൽ തൃപ്തികരമല്ലാത്ത സ്ഥിതിയുണ്ട്.

ഇനി മൂന്നാമത്തെ ഉപസൂചകം (5 സി) പരിഗണിക്കുമ്പോൾ അത് കുറഞ്ഞു വരുന്നതാണ് അഭികാമ്യമായ നില. പക്ഷെ സംസ്ഥാനത്തിന്റെ കാര്യത്തിൽ നേരിയ തോതിലാണെങ്കിലും ഉയരുന്ന സ്ഥിതിയാണുള്ളത്. ഈ ഉപസൂചികയും കേരളത്തിന്റെ ധനകാര്യ സുസ്ഥിരതയുടെ രംഗത്ത് നല്ല നിലയിലല്ല പ്രവർത്തിക്കുന്നത്. പൊതുകടവും നികുതി വരുമാനവും തമ്മിലുള്ള അനുപാതം കുറയുകയാണ് വേണ്ടിയിരുന്നതെങ്കിൽ, നേരിയ രീതിയിലാണെങ്കിലും അത് കൂടുന്ന സ്ഥിതിയാണ് ഉണ്ടായത്. ഐ പിയുമായി ബന്ധപ്പെട്ട ആറാമത്തെ പ്രധാന സൂചകത്തിന് 6 എ, 6 ബി എന്നിങ്ങനെ രണ്ടു ഉപസൂചകങ്ങൾ കാണാം. ഇതിൽ 6 എ, ഐ പി: എസ് ജി ഡി പി അനുപാതത്തെ സൂചിപ്പിക്കുന്നതാണ്. ഇത് പൊതുവെ കുറയുന്ന പ്രവണതയാണ് കാഴ്ച്ച വയ്ക്കേണ്ടത്. എന്നാൽ 2016–17 നു ശേഷം നേരെ തിരിച്ചാണ് യഥാർത്ഥത്തിൽ സംഭവിച്ചിരിക്കുന്നത്. 6 ബി വ്യക്തമാക്കുന്നത് റവന്യു ചെലവിന്റെ അനുപാതം എന്ന നിലയിൽ ഐ പി കുറഞ്ഞു വരണമെന്നാണ്. ഇക്കാര്യത്തിൽ പ്രതീക്ഷിച്ച രീതിയിലുള്ള പ്രകടനമാണ് കേരളം കാഴ്ച്ച വച്ചിരിക്കുന്നത്. 6 സി എന്ന മൂന്നാമത്തെ ഉപസൂചകം ചെറിയ തോതിലാണെങ്കിലും കുറയുന്ന സ്ഥിതിയിൽ തന്നെയായിരുന്നു.

മൊത്തത്തിൽ പ്രധാന സൂചകങ്ങളും ഉപസൂചകങ്ങളുമടക്കം 11 ഘടകങ്ങളാണ് ഈ പഠനത്തിൽ പരിഗണിക്കപ്പെട്ടത്. ഇതിൽ മൂന്ന് സൂചകങ്ങൾ മാത്രമാണ്, (3, 6 ബി, 6 സി ) എന്നിവ മാത്രമാണ് കേരളത്തിന്റെ കാര്യത്തിൽ തൃപ്തികരമായ നിലയിൽ പ്രവർത്തിച്ചതെന്ന് കാണാം. ആറെണ്ണം (1, 4 എ, 4 ബി, 5 ബി 5 സി, 5 ഡി എന്നിവ) ഒട്ടും തൃപ്തികരമല്ലാത്ത നിലയിലാണ് പ്രവർത്തിച്ചത്. രണ്ടെണ്ണം, 5 എ, 6 എ എന്നിവ സമ്മിശ്രമായ പ്രതികരണമാണ് കാഴ്ച്ച വച്ചത്. അതായത് കേരളത്തിന്റെ ധനകാര്യ രംഗത്തെ 1990–91 മുതൽക്കുള്ള പ്രകടനം സമ്മിശ്രമായ ഒരു പ്രതികരണമാണ് നൽകിയത് എന്ന് അനുമാനിക്കാനേ കഴിയൂ. കേരളം ഇക്കാര്യത്തിൽ

മതിയായ ശ്രദ്ധ ചെലുത്തണമെന്നാണ് ഈ പഠനത്തിൽ നിന്നും വ്യക്തമാകുന്നത്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഫലപ്രദമായി ചെലവഴിക്കുന്ന (ഡോമാർ സ്ഥിതി) കാലത്തോളം കേരളത്തിന്റെ കാര്യത്തിൽ പൊതുകടം ഒരു ധനകാര്യ പ്രതിസന്ധിയിലേക്ക് നയിക്കില്ലെന്ന് പൊതുവെ അനുമാനിക്കാൻ കഴിയുന്നതാണ്

■

(മഹാത്മാഗാന്ധി സർവകലാശാലയുടെ കെ എൻ ആർ സിയുടെ ജോയിന്റ് ഡയറക്ടറാണ് മാത്യു കുര്യൻ. കെ എൻ ആർ സി, സി എസ് ഇ എസ്, കൊച്ചി സർവകലാശാലയുടെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് എന്നിവയിലെ വിസിറ്റിംഗ് അധ്യാപകനാണ് എസ്. മുരളീധരൻ).

## References

Barro, Robert J (1989). The Ricardian Approach to Budget Deficits, Journal of economic Perspectives, Vol.3, No. 2, Spring, PP. 37-54.

Domar, E. D. (1944). The "burden of the debt" and the National Income, The American Economic Review, 34 (4), PP. 798-827.

Das, Panchaman (2016). Debt dynamics, Fiscal Deficit, and Stability in Government Borrowing in India: a Dynamic Panel Analysis, ADBI WORKING Paper Series No. 557, ADB Institute.

Feldstein, Martin S (1974). Social Security, Induced retirement and Aggregate Capital Accumulation, Journal of Political Economy, SeptemberOctober,82, PP. 905-926.

Gordon, Robert J (1993): Macroeconomics, 6th edition, Harper Collins College publications

Kaur, Balbir and Mukherjee, Atri (2023). Threshold Level of Debt and Public debt Sustainability: The Indian Experience, RBI, m.rbi.org, retrieved in 2023.

Modigliani, Franco (1961). Long-run Implications of alternative Fiscal Policies and the Burden of National Debt, Economic Journal 71 (284), PP. 730-755.

Phelps, Edmund (2022). Public Debt: My Dissent from "Keynesian "Theories, Journal of Government and Economics 5 (2022), ELSEVIER.

RBI (2022), State Finances: A risk Analysis, Department of Communication, Reserve Bank of India.

RBI (2023), State Finances: A Study of budgets, Various Years, rbi.org.in

RBI (2023), Handbook of Statistics on Indian States, Various Years, rbi.org.in

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 1*
*ജനുവരി – മാർച്ച് 2024*

# ധനപരമായ അസന്തുലിതാവസ്ഥ സംസ്ഥാനങ്ങളിൽ

സൂര്യ കെ, അശ്വതി റേച്ചൽ വർഗീസ്

**സംഗ്രഹം**

*ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ കാര്യത്തിൽ 'വെർട്ടിക്കൽ ഫിസ്കൽ ഇമ്പാലൻസ്' (വി എഫ് ഐ) തുടർച്ചയായി ഉയരുന്ന പ്രവണതയാണ് കാഴ്ച്ച വയ്ക്കുന്നത്. പ്രത്യേകിച്ച്, നോട്ട് നിരോധനത്തിനും കോവിഡ് മഹാമാരിക്കും ശേഷം. വി എഫ് ഐയുടെ കാര്യത്തിൽ 1990 മുതൽ 2022 വരെയുള്ള ഘട്ടത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ വലിയ വൈജാത്യം പ്രകടമായി കാണാം. ബീഹാർ, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ, ഒഡിഷ, രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയായ സംസ്ഥാനങ്ങളിൽ വി എഫ് ഐ താരതമ്യേന ഉയർന്ന തോതിലായതിനാൽ അവ ധനപരമായ സമ്മർദ്ദത്തെ നേരിട്ടു വരികയാണ്. ഈ സാഹചര്യത്തിൽ 1990 മുതൽ 2022 വരെയുള്ള ഘട്ടത്തിലെ വിവിധ സംസ്ഥാനങ്ങളിലെ വി എഫ് ഐയിൽ ഉണ്ടായ ട്രെൻഡിനെ കുറിച്ചാണ് ഈ ലേഖനം. സംസ്ഥാനങ്ങൾ തമ്മിൽ വി എഫ് ഐയുടെ കാര്യത്തിൽ എന്ത് വ്യതിയാനമാണുള്ളതെന്നും അതിനുള്ള കാരണങ്ങളെന്തെന്നുമാണ് ഈ ലേഖനം പരിശോധിക്കുന്നത്. ഇത്തരത്തിലുള്ള അസമത്വം പരിഹരിക്കുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് കേന്ദ്രം നൽകുന്ന സഹായങ്ങൾ വഹിക്കുന്ന പങ്ക് എന്താണ് എന്ന വിഷയവും പരിശോധിക്കുന്നു. ഇത്തരം ധനസഹായങ്ങളുടെ കാര്യത്തിൽ കേന്ദ്രം മാനദണ്ഡങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തിയ സാഹചര്യത്തിൽ, സംസ്ഥാനങ്ങൾ തമ്മിൽ ധനപരമായ അന്തരം ഉളവാക്കുന്ന ഘടകങ്ങളെ കുറിച്ച് ജാഗരൂകരായിരിക്കണമെന്നാണ് ഈ പഠനത്തിന് മുന്നോട്ട് വയ്ക്കാനുള്ള പ്രധാന ആശയം.*

## ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ ഏഴാം പട്ടിക കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള അധികാരങ്ങളെ വ്യക്തമായി വേർതിരിച്ചിട്ടുണ്ട്. ഭരണഘടനയുടെ ഇത്തരത്തിലുള്ള അർദ്ധ ഫെഡറൽ ഘടന, സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനുമുള്ള അധികാരങ്ങൾ വ്യക്തമായി നിർണ്ണയിച്ചിരിക്കുന്നു. എന്നാൽ അധികാരങ്ങളുടെ വികേന്ദ്രീകരണത്തിൽ സ്വാഭാവികമായി സംഭവിച്ച അസന്തുലിതാവസ്ഥയും എടുത്തുപറയത്തക്കതാണ്. വരുമാനം സ്വരൂപിക്കുന്ന കാര്യത്തിൽ കേന്ദ്രം കൂടുതൽ അധികാരങ്ങൾ കയ്യാളുന്നു. സംസ്ഥാനങ്ങൾക്കാകട്ടെ കൂടുതൽ ചെലവഴിക്കുന്നതിന്റെ ബാധ്യത പേറേണ്ടിയും വരുന്നു. നികുതി പിരിവിന് സംസ്ഥാനങ്ങൾക്കുള്ള അധികാരങ്ങളുടെ അപര്യാപ്തതയാണ് ഇതിന് കാരണം. റാവു (2005) പറയുന്നത്, ഭരണഘടനാപരമായ ചില പ്രശ്നങ്ങളാണ് ഇത്തരത്തിലുള്ള ധനകാര്യ സങ്കീർണ്ണതകളിലേക്ക് നയിക്കുന്നത് എന്നാണ്.

2000–01 സാമ്പത്തിക വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ചെലവുകളുടെ 58 ശതമാനവും സംസ്ഥാന സർക്കാരുകളുടെ ചുമലിലാണ് വരുന്നത്. എന്നാൽ മൊത്തം വരുമാനത്തിന്റെ 38 ശതമാനം മാത്രമാണ് അവയ്ക്ക് ലഭിക്കുന്നത്.

അതുകൊണ്ട് മൊത്തം ചെലവിന്റെ 50 ശതമാനത്തിലധികം സംസ്ഥാനങ്ങൾ നിർവഹിക്കേണ്ടുന്ന നില ഉണ്ടായി. കേന്ദ്ര സഹായത്തെ കൂടുതലായി ആശ്രയിക്കേണ്ട സ്ഥിതി ഇതുമൂലം സംജാതമായി. മൊത്തം ചെലവിന്റെ 57 ശതമാനത്തോളം വരുമിത്. ഇത്തരത്തിൽ വരവും ചെലവും തമ്മിലുണ്ടായ പൊരുത്തക്കേടാണ് വി എഫ് ഐ എന്ന സങ്കേതത്തിന് രൂപം നൽകിയതെന്ന് പറയാം. ചെലവുകൾക്ക് പണം കണ്ടെത്തുന്നതിന്,വരവിന്റെ കാര്യത്തിൽ പ്രതികൂലാവസ്ഥ നേരിടുന്ന സംസ്ഥാനങ്ങൾ നേരിടുന്ന വെല്ലുവിളിയെയാണ് ഈ ആശയം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ധനകാര്യ ഫെഡറൽ രംഗത്ത് വരുത്തേണ്ട പരിഷ്കാരങ്ങൾ സംബന്ധിച്ച ചർച്ചകളെ ഇത് കൂടുതൽ സമ്പുഷ്ടമാക്കുന്നുണ്ട്. ധനകാര്യ മേഖലയിൽ ഇത്തരത്തിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനുള്ള ഒരു പ്രധാന വഴിയാണ് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര ധനസഹായം. എന്നാൽ ഇത്തരത്തിലുള്ള ഫണ്ട് കൈമാറ്റം അടുത്തകാലത്തായി കുറഞ്ഞു വരുന്നതായി റിസർവ് ബാങ്കിന്റെ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ട് (ആർ ബി ഐ – സ്റ്റഡി ഓഫ് സ്റ്റേറ്റ് ഫിനാൻസ്–2023). സംസ്ഥാനങ്ങൾക്ക് വീതം വച്ച് നൽകുന്ന ഡിവിസിബിൾ പൂളിലെ കേന്ദ്രനികുതി വിഹിതം കൂടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ വിതരണം ചെയ്യുന്ന മൊത്തം നികുതി വിഹിതം കുറയുന്ന സ്ഥിതിയുണ്ട്. സെസ്സ്, സർചാർജ് എന്നിവയുടെ ആധിക്യമാണ് ഇതിന് കാരണം. ഇത്തരമൊരു പശ്ചാത്തലത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളുടെ 1990 മുതൽ 2022 വരെയുള്ള ഘട്ടത്തിലെ വി എഫ് ഐയെ കുറിച്ചാണ് ഈ പഠനത്തിൽ പരിശോധിക്കുന്നത്.

### വെർട്ടിക്കൽ ഫിസ്കൽ ഇൻബാലൻസ് (വി എഫ് ഐ) : നിർവചനം, നിർണ്ണയം

ബ്രസീൽ, കാനഡ തുടങ്ങിയ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിൽ വി എഫ് ഐ ഉയർന്ന തോതിലാണെന്ന് കാണാം. തനത് വരുമാനം വർധിപ്പിക്കുക, ചെലവുകൾ ക്രമീകരിക്കുക തുടങ്ങിയ രീതികൾ വഴിയായി ഈ അന്തരം മറി കടക്കാനുള്ള യത്നത്തിലാണ് സംസ്ഥാനങ്ങൾ. എന്നാൽ ഇക്കാര്യത്തിൽ വലിയ തോതിലുള്ള വൈജാത്യങ്ങൾ പ്രകടമാണ്. വരുമാനത്തിന്റെയും ചെലവുകളുടെയും കാര്യത്തിലെ വികേന്ദ്രീകരണം ഉയർത്തുന്ന പ്രശ്നങ്ങളാണ് പൊതുവിൽ വി എഫ് ഐ വർധിക്കുന്ന സാഹചര്യത്തിലേക്ക് നയിക്കുന്നത്.

രാജ്യത്തിൻറെ വരുമാനം അതിന്റെ ചെലവുകളുമായി തട്ടിച്ചു നോക്കുമ്പോൾ വലിയ തോതിൽ മിച്ചമായിരിക്കുകയും അതേസമയം തന്നെ സംസ്ഥാന ബജറ്റുകളിൽ ഗുരുതരമായ കുറവുകൾ പ്രകടമാവുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഈ സ്ഥിതിയെയാണ് 'വെർട്ടിക്കൽ ഫിസ് കൽ ഗ്യാപ്' എന്ന് പറയുന്നത്. സംസ്ഥാനങ്ങൾ തനതായി സംഭരിക്കുന്ന വരുമാനത്തെ പെരുകുന്ന ചെലവുകൾ മറികടക്കുന്നുവെന്നതാണ് ഈ സ്ഥിതിവിശേഷം. അക്കാദമികമായ ചർച്ചകളിൽ ഇത്, കേന്ദ്ര കൈമാറ്റത്തിലുള്ള ആശ്രിതത്വം എന്നാണ് വിവക്ഷിക്കുന്നത്. വെർട്ടിക്കൽ ഫിസ്കൽ ഗ്യാപ് (വി എഫ് ജി), വി എഫ് ഐ എന്നിവ ഈ ധനകാര്യ അസന്തുലിതാവസ്ഥയെ സൂചിപ്പിക്കുന്നതിനായി ഒരേ വിധത്തിലാണ് പ്രയോഗിക്കുന്നത്. ഇറാദ്, ലുസൈന്യൻ (2013) എന്നിവർ പറയുന്നത്, സംസ്ഥാനങ്ങൾ തനതായി സംഭരിക്കുന്ന വരുമാനവും (മൊത്തം വരുമാനവും കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന വിഹിതവും തമ്മിലുള്ള വ്യത്യാസം) ചെലവുകളും തമ്മിലുള്ള അന്തരത്തിൽ നിന്നാണ് വെർട്ടിക്കൽ ഫിസ്കൽ ഇമ്പാലൻസ് ഉണ്ടാകുന്നത് എന്നാണ്. പ്രാദേശിക തല

ത്തിലുള്ള ഒരു സർക്കാരിന്റെ മൊത്തം ചെലവുകളിൽ എത്രമാത്രമാണ് തനത് വരുമാനത്തിൽ നിന്ന് കണ്ടെത്തുന്നത് എന്നതിനെ കണക്കാക്കുക എന്നതാണ് വെർട്ടിക്കൽ ഫിസ്കൽ ഇമ്പാലൻസ് എന്ന ആശയത്തിന്റെ പൊരുൾ (സിഫർലിംഗ് എം. എം, ഐ. അൽദാസരോ–2014). ലൂക്ക് എയ്റാഡ്, ലുസിൻ ലുസൈന്യൻ എന്നിവരുടെ അഭിപ്രായ ത്തിൽ വി എഫ് ഐയുടെ അടിസ്ഥാന അളവുകോൽ എന്നാൽ

വി എഫ് ഐ = 1 സംസ്ഥാനങ്ങളുടെ സർക്കാരുകളുടെ തനത് വരുമാനം/തനത് ചെലവുകൾ.

അല്ലെങ്കിൽ

വി എഫ് ഐ = കേന്ദ്ര കൈമാറ്റത്തിലുള്ള ആശ്രിതത്വം + സംസ്ഥാനങ്ങളുടെ സർക്കാരുകളുടെ കമ്മി

കേന്ദ്ര കൈമാറ്റം = അറ്റ കൈമാറ്റം/പ്രാദേശിക ഗവൺമെന്റിന്റെ തനത് ചെലവഴിക്കൽ

സംസ്ഥാന സർക്കാരിന്റെ കമ്മി = സംസ്ഥാന സർക്കാരിന്റെ അറ്റവായ്പ/തനത് ചെലവഴിക്കൽ.

കേന്ദ്ര കൈമാറ്റത്തിലുള്ള ആശ്രിതത്വം = അറ്റകൈമാറ്റം/സംസ്ഥാനങ്ങളുടെ തനത് ചെലവഴിക്കൽ.

സംസ്ഥാന സർക്കാരുകളുടെ കമ്മി = അറ്റകടമെടുപ്പ്/സംസ്ഥാനങ്ങളുടെ തനത് ചെലവഴിക്കൽ.

തനത് ചെലവും തനത് വരുമാനവും തമ്മിലുള്ള അന്തരമാണ് വി എഫ് ഐ എന്ന് വരുന്നു. ഇവിടെ ഉയരുന്ന ഒരു പ്രധാന ചോദ്യം, നികുതി വരുമാനവുമായി ബന്ധപ്പെടുത്തുമ്പോൾ സംസ്ഥാനങ്ങൾ എത്രമാത്രം സ്വതന്ത്രമാണ് എന്നതാണ്. അതുപോലെ മൊത്തം വരുമാനത്തിലെ വിവിധ ഘടകങ്ങളുടെ കാര്യത്തിലും. സംസ്ഥാനങ്ങൾക്ക് കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് കുറഞ്ഞ സാദ്ധ്യതകൾ മാത്ര മാണുള്ളതെങ്കിൽ, അവിടെ വെർട്ടിക്കൽ ഫിസ്കൽ അസന്തുലിതാവസ്ഥ ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല (ഹണ്ടർ ജെ എസ് എച്ച്–1977). ഇതുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റൊരു കാര്യം, തിരശ്ചീന തലത്തിലുള്ള ധനപരമായ അസന്തുലിതാവസ്ഥയാണ്. വരുമാനവും ചെലവുകളും തമ്മിലുള്ള അസന്തുലിതാവസ്ഥയാണ് ഇവിടെ നിർണ്ണായകമാകുന്നത്. ബേഡ്, ടെറസോവ് എന്നിവർ അഭിപ്രായപ്പെടുന്നത് തിരശ്ചീനതലത്തിലുള്ള (Horizontal imbalance) അസന്തുലിതാവസ്ഥയും വി എഫ് ഐയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്.

വി എഫ് ഐ ഒരു പക്ഷെ ഒരു പ്രദേശത്ത് മാത്രമായി ചുരുങ്ങിയേക്കാം, എന്നാൽ മറ്റൊരു പ്രദേശത്തെ അസന്തുലിതാവസ്ഥ ഈ പ്രദേശങ്ങൾ തമ്മിലുള്ള തിരശ്ചീന തലത്തിലുള്ള അസന്തുലിതാവസ്ഥയുടെ സാന്നിധ്യമാണ് പ്രകടമാക്കുന്നത്. പൊതുകടത്തെ നിയന്ത്രിക്കുന്ന കാര്യത്തിലുള്ള സർക്കാരുകളുടെ സമീപനത്തിൽ വൈജാത്യം പ്രകട മാണ്. കേന്ദ്ര സർക്കാർ വിദേശങ്ങളിൽ നിന്നെടുക്കുന്ന വായ്പകളുടെ പലിശ പലപ്പോഴും സംസ്ഥാനങ്ങൾ എടുക്കുന്ന വായ്പകളുടെ പലിശയേക്കാൾ കുറവാണെന്ന് കാണാം (രംഗരാജൻ സി, ശ്രീവാസ്തവ ഡി.കെ–2005).

കുത്തനെയുള്ള അസന്തുലിതാവസ്ഥ പരിഹരിക്കപ്പെടേണ്ട ഒന്നാണ്. ഭരണഘടനയുടെ 280 (30) (എ) അനുച്ഛേദം നിർദേശിച്ചിരിക്കുന്നതനുസരിച്ച് ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കേന്ദ്രനികുതി വിഹിതത്തിന്റെ വിതരണവും സഹായങ്ങളുമാണ് ഇതിൽ പ്രധാനം. ഇത്തരം നടപടികൾ ധനകാര്യ മേഖലയിൽ ശക്തമായ ചില ചലനങ്ങൾക്ക് കാരണമാകുന്നു. സോഫ്റ്റ് ബജറ്റ് തടസങ്ങൾ, വിഭവങ്ങളുടെ പൊതുവായ പൂൾ തുടങ്ങിയവയാണ് അവ. ധനകാര്യ മേഖലയിൽ പ്രകടമാകുന്ന അന്തരം ഏതെങ്കിലും അധികാര കേന്ദ്രങ്ങളുടെ സഹായത്താൽ മറി കടക്കുന്നതിനെയാണ് സോഫ്റ്റ് ബജറ്റ് കൺസ്ട്രയ്ൻറ്

എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. കടമെടുക്കുന്നതിനെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നത് ധനകാര്യ മേഖലയെ നിയന്ത്രിക്കുന്ന കാര്യത്തിൽ വലിയ വെല്ലുവിളികൾ ഉയർത്തുന്നതാണ്.

ഇത് ധനകാര്യ രംഗത്തെ കുത്തനെയുള്ള അസന്തുലിതാവസ്ഥ കൂടുതൽ സങ്കീർണ്ണമാക്കുന്നതാണ്. സമ്പദ്ഘടനയുടെ തിരിച്ചുവരവിന് ശക്തമായ ഡിമാൻഡ് ആവശ്യമാകുന്ന സ്ഥിതിയുണ്ടാകുന്നു. പ്രാദേശിക ഗവണ്മെന്റുകളുടെ ധനപരമായ അച്ചടക്കമില്ലായ്മയ്ക്ക് ഇത് വഴി വയ്ക്കുന്നു (സ്റ്റൗട്ച്ച ആർ, ഹേഗൻ ജെ.വി–2001). കൃത്യമായ നയപരമായ സമീപനങ്ങളുടെ അഭാവത്തിൽ ഉണ്ടാകുന്ന അസന്തുലിതാവസ്ഥ സോഫ്റ്റ് ബജറ്റ് കൺസ്ട്രെയ്ന്റ് പോലുള്ള സാഹചര്യങ്ങൾക്ക് വഴി മരുന്നിടുന്നു (ബ്രോഡ് വേ ആർ, ട്രെമ്പലേ ജെ എഫ്–2006). മറ്റൊരു പ്രധാന ഘടകം കൂടി ഇവിടെ പരിഗണിക്കേണ്ടതുണ്ട്. കുത്തനെയുള്ള ധനകാര്യ അസംതുലിതാവസ്ഥ രൂക്ഷമാകുന്നത് കോമൺ പൂൾ പ്രശ്നങ്ങളെ കൂടുതൽ വഷളാക്കുന്നതായി കാണാം. കാരണം, സംസ്ഥാന ഗവന്മെന്റുകളെ കൂടുതലായി ചെലവഴിക്കുന്നതിന് ഇത് പ്രേരിപ്പിക്കുന്നു. സംസ്ഥാന സർക്കാരുകൾക്ക് ദേശീയ നികുതിയിൽ നിന്നുള്ള വിഹിതം ലഭ്യമാക്കുന്നതിനുള്ള പൊതുപൂൾ ഉണ്ട് (പിസാറോ ജി–2003).

## 2. കുത്തനെയുള്ള അസന്തുലിതാവസ്ഥയുടെ സംസ്ഥാനതല അവലോകനം

1990–91 മുതൽ 2021–22 വരെയുള്ള സംസ്ഥാനങ്ങളുടെ വി എഫ് ഐ സംബന്ധമായ പരിശോധനയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് (രേഖാചിത്രം–1). ഉദാരവത്കരണത്തിന് ശേഷമുള്ള ഘട്ടത്തിന് കൂടുതൽ ഊന്നൽ നൽകിയാണ് പരിശോധന. ലുക്ക് എയ്റാഡ്, ലൂസിൻ ല്യൂസിന്ന്യൻ (2013) എന്നിവരുടെ സമവാക്യം അടിസ്ഥാനപ്പെടുത്തിയാണ് വി എഫ് ഐ തയാറാക്കിയിരിക്കുന്നത്. ചെറിയ ചില വ്യത്യാസങ്ങൾ ഒഴിച്ച് നിർത്തിയാൽ മിക്കവാറും വർഷങ്ങളിൽ സംസ്ഥാനങ്ങളുടെ വി എഫ് ഐ ഉയരുന്ന ചിത്രമാണ് കാണുന്നത്. 1990–95 കാലയളവിൽ ധനപരമായ അസന്തുലിതാവസ്ഥ ദേശീയ തലത്തിൽ 0.50 ആയിരുന്നത് 2015–22 ഘട്ടമായപ്പോൾ 0.55 എന്ന നിലയിലേക്ക് ഉയർന്നു.

അതായത്, നോട്ട് നിരോധനത്തിന് ശേഷം 2016–17 ൽ ധനകാര്യ രംഗത്തെ അസന്തുലിതാവസ്ഥ കാര്യമായി ഉയർന്നതായി കാണാം. 2010–15 കാലയളവിൽ 0.48 ആയിരുന്ന വി എഫ് ഐ 2015–22 ഘട്ടമെത്തിയപ്പോൾ 0.55 എന്ന നിലയിലായി. 2020–21ൽ അതിന്റെ പരമകാഷ്ഠയായ 0.60 പോയിന്റിലേക്കെത്തി. കോവിഡ് മഹാമാരി ഈ മാറ്റത്തിന് പിന്നിൽ ശക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അതായത് സംസ്ഥാനങ്ങളുടെ ചെലവിൽ 5 ശതമാനത്തിന്റെ കുതിപ്പ് പ്രകടമായപ്പോൾ വരുമാനത്തിൽ പ്രകടമായത് 9.24 ശതമാനം ഇടിവാണ്. എന്നാൽ കോവിഡിന് ശേഷം വി എഫ് ഐ 0.60ൽ നിന്നും 2021–22ൽ 0.55 ആയി കുറയുന്നതും കാണാം (രേഖാചിത്രം 1).

1990–91 മുതൽ 2021–22 വരെയുള്ള ഘട്ടത്തിൽ പ്രമുഖ സംസ്ഥാനങ്ങളുടെ കാര്യത്തിൽ മുന്നേറ്റം പ്രകടമാണ്. എന്നാൽ കഴിഞ്ഞ ദശകത്തിൽ എല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും വി എഫ് ഐ കാര്യമായി തന്നെ ഉയരുകയുണ്ടായി (രേഖാചിത്രം 2). ഒഡിഷ (0.69), ബിഹാർ (0.65), ഉത്തർപ്രദേശ് (0.63), പശ്ചിമ ബംഗാൾ (0.57), മധ്യപ്രദേശ് (0.52) എന്നീ സംസ്ഥാനങ്ങളാണ് 1990–91 വർഷത്തിൽ ദേശീയ ശരാശരിയേക്കാൾ മുന്നിൽ ചലിച്ചത്. 0.51 ആയിരുന്നു ദേശീയ ശരാശരി. ഈ സംസ്ഥാനങ്ങൾ 2021–22 വരെ ഉയർന്ന തലത്തിൽ തന്നെ തുടർന്നു. ബീഹാർ (0.82) ഒഡിഷ (0.74), പശ്ചിമ ബംഗാൾ (0.68), ഉത്തർപ്രദേശ് (0.59), രാജസ്ഥാൻ (0.58) എന്നിങ്ങനെയായിരുന്നു ഉയർന്ന വി എഫ് ഐ

**Figure: 1** Trends in average VFI of Indian states




*Source: Authors' computation from the Study of State Finances, RBI (2023)*

രേഖപ്പെടുത്തിയ സംസ്ഥാനങ്ങളുടെ നില. ദേശീയ ശരാശരി 0.56 ആയിരുന്നു. ഇതിൽ കാര്യമായ അത്ഭുതത്തിന് അവകാശമില്ലെന്ന് കാണാം. കാരണം, കുറഞ്ഞ വരുമാനവും ഉയർന്ന ജനസംഖ്യയുമുള്ള സംസ്ഥാനങ്ങളാണ് അവ. അതുകൊണ്ട് അവയുടെ വരുമാനം കുറയുകയും ചെലവ് അധികരിച്ചുവെന്നും കാണാം (രേഖാചിത്രം 2).

**3. കുത്തനെയുള്ള അസന്തുലിതാവസ്ഥയെ സ്വാധീനിക്കുന്ന നിർണ്ണായക ഘടകങ്ങൾ**

സംസ്ഥാനങ്ങളുടെ വി എഫ് ഐ സ്ഥിതി പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത് ചില സംസ്ഥാനങ്ങളുടെ കാര്യത്തിൽ അത് ദേശീയ ശരാശരിയേക്കാൾ മുകളിലാണ് എന്നതാണ്. അതുകൊണ്ട് ചില സംസ്ഥാനങ്ങളിൽ ഇപ്രകാരം ധനപരമായ അസന്തുലിതാവസ്ഥ നിലനിൽക്കുന്നത് എന്തുകൊണ്ട് എന്നത് വിശദമായി പരിശോധിക്കേണ്ട കാര്യമാണ്. എന്തെല്ലാമാണ് ഇതിന് പിന്നിലെ കാരണങ്ങൾ? ഇതേ കുറിച്ചാണ് ഇനിയുള്ള ഭാഗത്ത് ചർച്ച ചെയ്യുന്നത്.

**നികുതി രംഗത്തെ ഉണർവ്**

സാമ്പത്തിക മേഖലയിൽ അഥവാ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി ഡി പി) കാര്യത്തിൽ നികുതി വരുമാനത്തിലെ ചാഞ്ചാട്ടം ഉളവാക്കുന്ന മാറ്റങ്ങളുടെ അളവുകോൽ എന്ന് നികുതി രംഗത്തെ കുതിപ്പിനെ നമുക്ക് വിവക്ഷിക്കാം. ഇക്കാര്യത്തിൽ ഉണ്ടാകുന്ന ശക്തമായ മുന്നേറ്റം സൂചിപ്പിക്കുന്നത് സാമ്പത്തിക പ്രവർത്തനങ്ങളുടെ വേഗതയെ കടത്തി വെട്ടുന്ന വിധത്തിൽ നികുതി വരുമാനത്തിൽ വളർച്ചയുണ്ടാകുന്നു എന്നാണ്. ഇത് പല കാരണങ്ങളാൽ, ഉദാഹരണത്തിന് നികുതി പിരിവ് നന്നാകുക, നികുതി അടിത്തറയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, സംഭവിക്കുന്നതായി കാണാം. അതായത്, നികുതി നിരക്കുകളിൽ വർധന വരുത്താതെ തന്നെ വരുമാനത്തിൽ വളർച്ച സംഭവിക്കുന്നു. നികുതി രംഗത്തെ ഉണർവ് സജീവമാകുമ്പോൾ വി എഫ് ഐയിൽ കുറവ് സംഭവിക്കുന്നു. ഇക്കാര്യത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളുടെ കാര്യമെടുത്താൽ, പഠന കാലയളവിൽ ശക്തമായ നെഗറ്റീവ് ചലനങ്ങൾ നിരീക്ഷിക്കാവുന്നതാണ് (0.63). എന്നാൽ വി എഫ് ഐയുടെ കാര്യത്തിൽ സംഭവിക്കുന്ന വർധനയെ സ്വാധീനിക്കുന്നത്, സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ

**Figure: 2** Trends in average VFI across major states over past three decades




*Source: Authors' computation from RBI, 2023*
*Notes: Years from 1990-91 to 2022-23*

ഉണ്ടായ വർധന കൊണ്ടാണോ അല്ലെങ്കിൽ കേന്ദ്ര വിഹിതത്തിൽ ഉണ്ടായ വർദ്ധനയാണോ എന്നതിനെ ആശ്രയിച്ചാണ്. കൃത്യമായി പറഞ്ഞാൽ, നികുതി വരുമാനത്തിൽ ഉണ്ടായ വളർച്ച സംഭവിച്ചിരിക്കുന്നത് കേന്ദ്ര വിഹിതത്തിലെ വർധന കൊണ്ടാണെങ്കിൽ അത് സംസ്ഥാനത്തിന്റെ വി എഫ് ഐയുടെ കാര്യത്തിൽ കാര്യമായ ചലനം സൃഷ്ടിക്കുന്നില്ലെന്ന് കാണാം (രേഖചിത്രം 3).

സംസ്ഥാനങ്ങളുടെ കാര്യത്തിൽ നികുതി വരുമാനത്തിലെ വളർച്ചയും വി എഫ് ഐയും എപ്രകാരം ചലിച്ചു എന്നതിന്റെ ചിത്രമാണ് മൂന്നാം രേഖാചിത്രം നൽകുന്നത്. പഠന കാലയളവിൽ കണ്ട പ്രത്യേകത നികുതി രംഗത്തെ മുന്നേറ്റവും വി എഫ് ഐയും വിപരീത ദിശകളിൽ സഞ്ചരിക്കുന്നു എന്നതാണ്. എന്നാൽ ആന്ധ്രപ്രദേശ്, ഗുജറാത്ത്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളുടെ കാര്യമെടുത്ത് പരിശോധിക്കുമ്പോൾ ഇതിന് വിരുദ്ധമായ ചലനം ദൃശ്യമാണ്. അവയുടെ കാര്യത്തിൽ ഈ രണ്ടു ഘടകങ്ങളും ഒരേ ദിശയിലാണ് ചലിക്കുന്നത്. ഈ സാഹചര്യത്തിൽ തനത് വരുമാനം, കേന്ദ്ര വിഹിതം എന്നിവയുടെ കാര്യത്തിൽ കൂലംകഷമായ പരിശോധന ആവശ്യമാണ്. സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുന്നതിന് ചുവടൊപ്പിച്ച് നികുതി വരുമാനം ഉയർത്തു ന്നതാണ് നികുതി വളർച്ചയുണ്ടാക്കുന്നത്. എന്നാൽ ഇത് താരതമ്യേന ശക്തമായി കാണുന്ന സംസ്ഥാനങ്ങളിലും ഉയർന്ന വി എഫ് ഐ കാണപ്പെടുന്നുണ്ടെങ്കിൽ അത് നികുതിയേതര വരുമാനത്തിലെ മുരടിപ്പ് കൊണ്ട് സംഭവിക്കുന്നതാണ്.

**Figure: 3** Trends in Average Tax buoyancy and VFI of major states




*Source: Author's computation from state finances: a Study of State Finance (RBI), MOSPI, 2023*

**ചെലവിനങ്ങളുടെ മേന്മ**

ചെലവുകളുടെ കാര്യത്തിലെ കാര്യക്ഷമത സംസ്ഥാനങ്ങളുടെ വി എഫ് ഐ നിർണ്ണയത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ചെലവിന്റെ രംഗത്തുണ്ടാകുന്ന ഓരോ വീഴ്ചയും അസമത്വം ഉയരുന്നതിലേക്ക് നയിക്കുന്നു. ഇത് നിർണ്ണയിക്കുക റവന്യു ചെലവും മൂലധന നിക്ഷേപവും തമ്മിലുള്ള അനുപാതം കണക്കാക്കിയാണ്. ഇത് സർക്കാർ ചെലവുകളുടെ വിവിധ ഘടകങ്ങളുടെ മേന്മ നിർണ്ണയിക്കുന്നതിന് സഹായകമാണ്. രേഖാചിത്രം നാലിൽ 1990 മുതൽ 2022 വരെയുള്ള ഘട്ടത്തിലെ വരുമാനം – മൂലധനം അനുപാതത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ തരം തിരിച്ചിരിക്കുന്നു. കർണ്ണാടക, ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ചെലവിന്റെ കാര്യത്തിൽ ഉയർന്ന മേന്മ പ്രകടമാക്കിയ സംസ്ഥാനങ്ങളാണ്. അതുകൊണ്ട് അവയുടെ അനുപാതം കുറഞ്ഞ തോതിലാണ്. ഒഡിഷ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ബീഹാർ, ഹരിയാന എന്നീ സംസ്ഥാനങ്ങൾ മധ്യപാതയിലാണ് സഞ്ചരിക്കുന്നത്. അവയുടെ വി എഫ് ഐ താരതമ്യേന ഉയർന്നതാണ്. ചെലവിന്റെ കാര്യത്തിൽ മോശം നിലവാരം കാഴ്ച വച്ചിരിക്കുന്ന സംസ്ഥാനങ്ങളിൽ വി എഫ് ഐ കുറവയാണ് കാണുന്നത്. തനത് വരുമാനം ഉയർന്ന തോതിലായതും കേന്ദ്ര വിഹിതം താരതമ്യേന മെച്ചപ്പെട്ട തോതിലായതും ഇതിന് കാരണമാകാം. ഇനിയുള്ള ഭാഗങ്ങളിൽ ഇവ വിശദമായി പരിശോധിക്കുന്നുണ്ട് (രേഖാചിത്രം 4).

**മൊത്തം ആഭ്യന്തര ഉല്പാദനവും കുത്തനെയുള്ള ധനകാര്യ അസന്തുലിതാവസ്ഥയും**

സംസ്ഥാനങ്ങളുടെ സാമ്പത്തിക വളർച്ച വി എഫ് ഐ നിർണയത്തെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഒന്നാണ്. ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങൾ വരുമാനം ഉയർത്തുന്ന കാര്യത്തിൽ മികച്ച ശേഷി പ്രകടമാക്കാറുണ്ട്. വ്യക്തിഗത ആദായ നികുതി. കോർപറേറ്റ് നികുതി, ഉപഭോഗ നികുതി തുടങ്ങിയവ വഴിയുള്ള ഉയർന്ന നികുതി

**Figure 4:** Average VFI for high, medium and low-quality expenditure states




*Source: Author's computation from RBI, 2023*

വരുമാനം ഇതിന് ഒരു കാരണമാണ്. എന്നാൽ സമ്മിശ്രമായ പ്രതിശീർഷവരുമാനമുള്ള സംസ്ഥാനങ്ങൾ സവിശേഷമായ ചില ചെലവുകൾ പ്രകടമാക്കാറുണ്ട്. ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങൾ അടിസ്ഥാന സൗകര്യം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ കൂടുതൽ നിക്ഷേപം നടത്തുന്നത് കാണാം. കുറഞ്ഞ പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങൾക്കാകട്ടെ അവയുടെ ബജറ്റിന്റെ നല്ലൊരു പങ്ക് ദാരിദ്ര്യ നിർമ്മാർജനം പോലുള്ള പദ്ധതികൾക്കായി മാറ്റി വയ്ക്കേണ്ടതായി വരുന്നു. പ്രതിശീർഷ സംസ്ഥാന ആഭ്യന്തര ഉത്പാദനം (ജി എസ് ഡി പി) പോലുള്ള മേഖലകളിലെ വളർച്ച കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ സംസ്ഥാനങ്ങളുടെ വി എഫ് ഐ നിർണയത്തെ എപ്രകാരം സ്വാധീനിക്കുന്നു എന്നാണ് ഈ ഭാഗങ്ങളിൽ പരിശോധിക്കുന്നത്. രേഖാചിത്രം 5 വ്യക്തമാക്കുന്നത്, ഉയർന്ന വളർച്ചയുള്ള സംസ്ഥാനങ്ങൾ കുറഞ്ഞ വി എഫ് ഐ രേഖപ്പെടുത്തുമ്പോൾ, മധ്യ തലത്തിൽ വളർച്ച കാണിക്കുന്ന സംസ്ഥാനങ്ങളാകട്ടെ അല്പം ഉയർന്ന വി എഫ് ഐ രേഖപ്പെടുത്തുന്നതായാണ്. എന്നാൽ ഏറ്റവും കുറഞ്ഞ വളർച്ചയുള്ള സംസ്ഥാനങ്ങൾ വളരെ ഉയർന്ന വി എഫ് ഐയും പ്രകടമാക്കുന്നു (രേഖാചിത്രം 5).

വി എഫ് ഐയുടെ നിർണ്ണയത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്ന ഒരു ഘടകമാണ് ജനസംഖ്യ. ഒരു പ്രദേശത്തെ ജനസംഖ്യ അതിന്റെ വരുമാനം, ചെലവുകൾ തുടങ്ങിയ മേഖലകളെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഉയർന്ന ജനസംഖ്യയുള്ള പ്രദേശങ്ങളുടെ കാര്യത്തിൽ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയ്ക്കായി കൂടുതൽ ചെലവഴിക്കേണ്ടതായി വരുന്നു. ഇതിൽ പ്രായമായവർ, ഭിന്നശേഷിക്കാർ തുടങ്ങിയവർ കൂടുതലാണെങ്കിൽ വരുമാനം ഉയർത്തുന്നതിനുള്ള സാധ്യതകൾക്കപ്പുറം ചെലവുകൾ ഉയരുന്നതായി കാണാം. താഴെകാണുന്ന പ്രതീക ചിത്രം 2021-22 ലെ ജനസംഖ്യയും വി എഫ് ഐയും തമ്മിലുള്ള ബന്ധം വ്യക്താക്കുന്നതാണ് (രേഖാചിത്രം 6). ഉത്തർപ്രദേശ്,

**Figure: 5** State-wise average GSDP (in percentage) and VFI




*Source: Authors' computation from RBI and MOSPI*
*Notes: GDSP growth is Left Hand Side of the Diagram and VFI is measured on the Right-Hand Side*

പശ്ചിമ ബംഗാൾ, ബീഹാർ തുടങ്ങിയ ഉയർന്ന വി എഫ് ഐ ഉള്ള സംസ്ഥാനങ്ങളുടെ ജനസംഖ്യയും ഉയർന്നതാണെന്ന് കാണാം. മഹാരാഷ്ട്രയിൽ ഉയർന്ന ജനസംഖ്യ യുണ്ടെങ്കിലും വി എഫ് ഐ താരതമ്യേന താഴ്ന്നതാണ്. വിചിത്രമെന്ന പറയട്ടെ, കുറവ് ജനസംഖ്യയുള്ള സംസ്ഥാനങ്ങൾ ഉയർന്ന വി എഫ് ഐ രേഖപെടുത്തുന്നതും നമുക്ക് കാണാം. മാനവശേഷിയുടെ അപര്യാപ്തത മൂലം വരുമാനം വർധിപ്പിക്കുന്നതിനുള്ള സാധ്യതകളുടെ പരിമിതി ഇതിന് നിദാനമാണ് (രേഖാചിത്രം 6).

**കേന്ദ്രവിഹിതം**

നികുതി വിഹിതം, ഗ്രാന്റുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കേന്ദ്ര കൈമാറ്റങ്ങൾ വി എഫ് ഐ നിർണ്ണയത്തിൽ സുപ്രധാന പങ്കാണ് വഹിക്കുന്നത്. വി എഫ് ഐ നിയന്ത്രണ ത്തിന്റെ കാര്യത്തിൽ കേന്ദ്രത്തിൽ നിന്നുള്ള വിഹിതത്തിലുള്ള ആശ്രിതത്വം വളരെ പ്രധാനപ്പെട്ട ഒന്നാണ്. തനത് നികുതി വരുമാനം ഉയർത്തുന്ന കാര്യത്തിലും ചെലവുകളുടെ കാര്യത്തിലും സമ്മർദ്ദം നേരിടുന്ന സംസ്ഥാനങ്ങളുടെ കാര്യത്തിൽ കേന്ദ്ര വിഹിതം കുറയുന്നത് കാര്യമായ പ്രത്യാഘാതം ഉളവാക്കുന്നതാണ്. അതേ സമയം, അധികമായ കേന്ദ്ര പിന്തുണ നൽകുക വഴി വരുമാന സാദ്ധ്യതകൾ ഉയർത്തുന്നതിന് കഴിയുന്നതാണ്. അതായത് കേന്ദ്ര വിഹിതങ്ങൾ യഥാവിധി, ഫലപ്രദമായി നൽകുക വഴി സമതുലിതവും സമർത്ഥവുമായ കേന്ദ്ര – സംസ്ഥാന ബന്ധങ്ങൾ ഊട്ടിയുറപ്പി ക്കുന്നതിന് സാഹചര്യമൊരുങ്ങുന്നതാണ്.

സംസ്ഥാനങ്ങളുടെ മൊത്തം ചെലവിൽ കേന്ദ്ര കൈമാറ്റത്തിന്റെ വിഹിതം എത്രയാണോ അത് സംസ്ഥാനങ്ങളുടെ കേന്ദ്രത്തിലുള്ള ആശ്രി തത്വത്തിന്റെ സൂചകമാണ്. ഇതിലുണ്ടാകുന്ന മാറ്റം പൊടുന്നനെയുള്ള ഒരു ആഘാതം സൃഷ്ടിക്കണമെന്നില്ല. എന്നാൽ അത് പരോക്ഷ മായി ധനകാര്യ രംഗത്ത് സ്വാധീനം ചെലു ത്തയുകയും പിന്നീട് കുത്തനെയുള്ള ധനകാര്യ അസന്തുലിതാവസ്ഥക്ക് കാരണമാവുകയും ചെയ്യുന്നു. വി എഫ് ഐയുടെ അടിസ്ഥാ

**Figure 6**: State's population and VFI for major states over last three decades




*Source: Authors' computation based on Census 2011 sourced from Economic and Political Weekly Research Foundation (EPWRF)*
*Note: Population 2021 is the projected population from 2011 Census*

നത്തിൽ സംസ്ഥാനങ്ങളുടെ തരംതിരിവിന്റെ ചിത്രമാണ് ഏഴാം രേഖാചിത്രത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ചെലവുകളുടെ നിർവഹണത്തിൽ കേന്ദ്ര വിഹിതം ചെറുതല്ലാത്ത പങ്കാണ് വഹിക്കുന്നത്. മധ്യപ്രദേശ്, ഒഡിഷ, ബീഹാർ എന്നീ സംസ്ഥാനങ്ങൾ കേന്ദ്ര സഹായത്തെ കാര്യമായി ആശ്രയിക്കുന്ന സംസ്ഥാനങ്ങളാണ് (രേഖാചിത്രം 7).

**4. ഉപസംഹാരം**

കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ സംസ്ഥാനങ്ങളുടെ വി എഫ് ഐയുടെ ചലനങ്ങളെയാണ് ഈ വിശകലനത്തിൽ പരിശോധിച്ചിട്ടുള്ളത്. ഇന്ത്യയിൽ വി എഫ് ഐയുടെ കാര്യത്തിൽ തുടർച്ചയായുള്ള വളർച്ച പ്രകടമാവുന്നുണ്ട്. നോട്ട് നിരോധനം എന്ന നിർണ്ണായകമായ തീരുമാനത്തിന് ശേഷം ഇത് വളരെ പ്രകടമാണ്. അതുകൊണ്ട് കൂടുതൽ പഠന ത്തിന്റെ ആവശ്യകത ഉയരുകയാണ്. ബീഹാർ, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ, ഒഡിഷ, രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ ഉയർന്ന വി എഫ് ഐ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. നികുതി വളർച്ചയും വി എഫ് ഐയും തമ്മിലുള്ള പൊരുത്തക്കേട്, ചെലവ് ചെയ്യുന്ന കാര്യത്തിലെ കാര്യക്ഷമതക്കുറവ്, ഉയരുന്ന ജനസംഖ്യ, വരുമാനത്തിലുണ്ടാകുന്ന ഇടിവ്, കേന്ദ്ര ധനസഹായങ്ങളുടെ രീതികൾ തുടങ്ങിയ നിരവധി ഘടകങ്ങൾ വി എഫ് ഐയെ നിർണ്ണയിക്കുന്ന കാര്യത്തിൽ അതിപ്രധാന പങ്ക് വഹിക്കുന്നുണ്ട്.

മൊത്തം നികുതി വരുമാനത്തിന്റെ ശതമാനം എന്ന നിലയിൽ പരിശോധിക്കുമ്പോൾ 2011–12ൽ 88.6 ശതമാനമായിരുന്ന ഡിവിസിബിൾ പൂൾ 2021–22ൽ 78.9 ശതമാനമായി താഴ്ന്നിരിക്കുന്നു (സ്റ്റഡി ഓഫ് സ്റ്റേറ്റ് ഫിനാൻസ് –2023–ആർ ബി ഐ). ഇത് കാണിക്കുന്നത് സംസ്ഥാനങ്ങൾ തങ്ങളുടെ തനത് നികുതി വരുമാനം ഉയർത്തണമെന്നാണ്. കേന്ദ്ര നികുതി വിഹിതം കുറയുന്നു എന്നതിനൊപ്പം ജി ഡി പിയുടെ 3.2 ശതമാനം വരുന്ന കേന്ദ്ര ഗ്രാന്റുകൾ കേന്ദ്രാവിഷ്

**Figure7:** VFI and the reliance of states in central transfers




*Source: Authors' computation from RBI,2023*

കൃത പദ്ധതികൾ വഴി വിതരണം ചെയ്യുകയാണ്. മൊത്തം ഗ്രാന്റുകളുടെ മൂന്നിൽ രണ്ട് നിലവിൽ ഇപ്രകാരമാണ് നൽകുന്നത്. അതുകൊണ്ട് ഭാവിയിൽ ഇത്തരത്തിൽ ധനപരമായ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്ക് വിരാമമിടുന്നതിനായി ഇത്തരത്തിലുള്ള അടിസ്ഥാന വിഷയങ്ങൾ സൂക്ഷ്മമായി പരിശോധിക്കണമെന്ന് ഈ പഠനം ശുപാർശ ചെയ്യുകയാണ്.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ (ഗിഫ്റ്റ്) ഗവേഷക വിദ്യാർത്ഥിയാണ് സൂര്യ കെ. അസിസ്റ്റന്റ് പ്രഫസറാണ് അശ്വതി റേച്ചൽ വർഗീസ്)

## End Notes

SNF=Sub National Government

## References

Rao, G. (2005). Changing contours in fiscal federalism in India. *National Institute of Public Finance and Policy. New Delhi.*

Eyraud, L., & Lusinyan, L. (2013). Vertical fiscal imbalances and fiscal performance in advanced economies. *Journal of Monetary Economics*, 60(5), 571-587.

Seiferling, M. M., & Aldasoro, I. (2014). *Vertical Fiscal Imbalances and the Accumulation of Government Debt (No. 2014/209).* International Monetary Fund.

Hunter, J. S. H. (1977). *Federalism and fiscal balance: a comparative study.* Australian National University Press for Research on Federal Fiscal Relations.

Bird, R. M., & Tarasov, A. V. (2004). Closing the gap: fiscal imbalances and intergovernmental transfers in developed federations. *Environment and Planning C: Government and Policy*, 22(1), 77-102.

Rangarajan, C., & Srivastava, D. K. (2008). Reforming India's fiscal transfer system: resolving vertical and horizontal imbalances. *Economic and Political Weekly,* 47-60.

Strauch, R., & Hagen, J. V. (2001). Formal fiscal restraints and budget processes as solutions to a deficit and spending bias in public finances: US experience and possible lessons for EMU. *Available at SSRN 2095180.*

Boadway, R., & Tremblay, J. F. (2006). A theory of fiscal imbalance. *FinanzArchiv/Public Finance Analysis,* 1-27.

Pisauro, G. (2003). Fiscal decentralization and the budget process: a simple model of common pool and bailouts. *Societa Italiana di Economia Pubblica Working Paper, 294.*

Reserve Bank of India - State Finances: A Study of Budgets (rbi.org.in)

EPWRF India Time Series - Home Page (epwrfits.in)

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 1*
*ജനുവരി – മാർച്ച് 2024*

# കപ്പിനും ചുണ്ടുകൾക്കുമിടയിലെ ചോർച്ച; ഉപഭോക്താവ് നൽകുന്ന ജി എസ് ടിയും സർക്കാരിന്റെ വരുമാനവും

തോമസ് ജോസഫ് തൂങ്കുഴി, യു പി അനിൽകുമാർ

**സംഗ്രഹം**

*ഇന്ത്യയിലെ നികുതി സംവിധാനത്തിൽ നിർണ്ണായകമായ മാറ്റത്തിന് വഴി തുറന്ന ചരക്ക് സേവന നികുതിയെ (ജി എസ് ടി) കുറിച്ചുള്ള ഒരു അന്വേഷണമാണ് ഈ ലേഖനം. ദേശീയ വരുമാനം ഉയർത്തുന്നതിൽ ജി എസ് ടി വഹിക്കുന്ന പങ്കിനെ കുറിച്ചും ഓരോ ബിസിനസ് മേഖലയും ഇതിലേക്ക് നൽകുന്ന സംഭാവനയെയുമാണ് ഇവിടെ പഠന വിധേയമാക്കുന്നത്. നികുതി സംഭരിക്കുകയും എന്നാൽ അത് സർക്കാർ ഖജനാവിലേക്ക് എത്താതെ പോവുകയും ചെയ്യുന്ന തരത്തിലുള്ള, ജി എസ് ടി സമ്പ്രദായത്തിലെ ചോർച്ചാ സാദ്ധ്യതകളെ കുറിച്ചും വിശകലനം ചെയ്യുന്നു.*

*ജി എസ് ടി വഴിയായുള്ള വരുമാനം സർക്കാർ ഖജനാവിലേക്ക് തടസങ്ങൾ കൂടാതെ എത്തുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനത്തെ ഈ ലേഖനം വിശദമായി പരിശോധിക്കുന്നു. അതുവഴി റവന്യു വരുമാനത്തെ അട്ടിമറിക്കുന്ന, നികുതി ചോർച്ചാ സാധ്യതകളെ കുറിച്ചും പരിശോധിക്കുന്നുണ്ട്. നികുതി വരുമാനം ശക്തമാക്കുന്നതിനും ഒപ്പം നികുതി ചോർച്ച തടയുന്നതിനും കേന്ദ്ര സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങളെയും ഈ ലേഖനം പഠന വിധേയമാക്കുന്നു. നികുതി വരുമാനം, നികുതി ഈടാക്കൽ തുടങ്ങിയ കാര്യങ്ങളിലെ ഏറ്റവും അനുയോജ്യമായ സാഹചര്യവും യഥാർത്ഥ സ്ഥിതിയും ലേഖനം പരിശോധിക്കുന്നു . ഉപഭോക്താവ് നൽകുന്ന നികുതി സർക്കാരിന്റെ വരുമാനമായി മാറുന്നുണ്ടോ എന്ന കാര്യത്തിൽ വ്യക്തമായ ഉൾക്കാഴ്ച്ച ഈ ലേഖനം വഴി ലഭിക്കുന്നു.*

*പരോക്ഷ നികുതി സമ്പ്രദായത്തെ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ജി എസ് ടി സമ്പ്രദായം ഇന്ത്യയിലെ നികുതി രീതികളുടെ കാര്യത്തിലെ നിർണ്ണായകമായ ഒരു ചുവടുവയ്പാണ്. നിരവധി നൂലാമാലകൾ നിറഞ്ഞ, അത്യന്തം സങ്കീർണ്ണമായ പരോക്ഷ നികുതി രീതികൾക്ക് ബദലായി 2017 ജൂലൈ ഒന്നിനാണ് ഈ പുതിയ നികുതി സമ്പ്രദായം നടപ്പിലാക്കിയത്. എക്സൈസ് തീരുവ, വാറ്റ്, സേവന നികുതി എന്നിങ്ങനെ പല പേരുകളിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നികുതികൾ ചുമത്തി വരികയായിരുന്നു. ജി എസ് ടി നിലവിൽ വന്നതോടെ രാജ്യം ഒറ്റ കമ്പോളമായി മാറി. സംസ്ഥാനങ്ങൾ തമ്മിൽ നിലനിന്നിരുന്ന നികുതി യുദ്ധത്തിന് ഇത് അറുതി വരുത്തി. ഇന്ത്യയിലെമ്പാടും വ്യാപാരം നടത്തുന്ന ബിസിനസുകാർക്ക് കാര്യങ്ങൾ കൂടുതൽ ലളിതമാക്കി. ഉത്പാദനം, വിതരണം തുടങ്ങിയ ഓരോ ഘട്ടത്തിലും നികുതി ഇരട്ടിപ്പിക്കുന്ന*

*അശാസ്ത്രീയമായ രീതിക്ക് ഇത് അന്ത്യം കുറിക്കുകയും ചെയ്തു. വിപണിയിൽ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വില കുറയുന്നതിനും വ്യാപാര സ്ഥാപനങ്ങൾ തമ്മിൽ ആരോഗ്യകരമായ മത്സരം ഉണ്ടാകുന്നതിനും ഇത് സഹായകമായി. ഓൺ ലൈനായി പ്രവർത്തിക്കുന്ന ജി എസ് ടി പോർട്ടൽ, ഇ –വേ ബിൽ സംവിധാനം തുടങ്ങിയ കാര്യങ്ങൾ നികുതി നിർണ്ണയത്തിൽ സുതാര്യത ഉറപ്പ് വരുത്തി. ഇത് നികുതിയിൽ നിന്ന് ഒഴിയുന്നതിനുള്ള പ്രവണതകൾക്കും അഴിമതിക്കും വലിയൊരളവോളം തടയിട്ടു. നികുതി ബാഹുല്യം പൊറുതി മുട്ടിക്കുന്ന പഴയ രീതിക്ക് പകരം, ജി എസ് ടി മൂല്യവർദ്ധന എന്ന തത്വത്തെ ആധാരമാക്കിയാണ് പ്രവർത്തിക്കുന്നതെന്ന് കാണാം. അതായത് ഉല്പാദന, വിതരണ ശ്രിംഖലയിലെ ഓരോ ഘട്ടത്തിലും ഉണ്ടാകുന്ന മൂല്യവർദ്ധനക്ക് മാത്രമാണ് ഇവിടെ നികുതി ഈടാക്കുന്നത്. ഇത് നികുതി സമ്പ്രദായത്തെ ലളിതവത്കരിക്കുന്നുവെന്ന് മാത്രമല്ല, നികുതി ഇരട്ടിക്കുന്നത് തടയുകയും ചെയ്യുന്നു. സമ്പദ്വ്യവസ്ഥയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് പുറമെ ഇത് മത്സരക്ഷമത ഉയർത്തുകയും ചെയ്യുന്നു.*

ചരക്ക് സേവന നികുതി (ജി എസ് ടി) നടപ്പാക്കിയത് ഇന്ത്യയിലെ നികുതി സമ്പ്രദായത്തിലെ നിർണ്ണായകമായ ഒരു വഴിത്തിരിവാണ്. പരോക്ഷ നികുതി രീതിയെ അടിമുടി പരിഷ്കരിക്കുകയും യുക്തി സഹമാക്കുകയുമായിരുന്നു ഇത് നടപ്പാക്കിയതിന് പിന്നിലെ പ്രധാന ലക്ഷ്യം. 2017 ജൂലൈ ഒന്നിന് നടപ്പാക്കിയ ജി എസ് ടി സമ്പ്രദായം, പല രീതിയിലുള്ള കേന്ദ്ര, സംസ്ഥാന നികുതികൾ മൂലം നൂലാമാലകൾ നിറഞ്ഞ അതിസങ്കീർണ്ണമായ പരോക്ഷ നികുതി രീതിക്ക് ഫലപ്രദമായ ഒരു ബദലായി മാറുകയുണ്ടായി. രാജ്യമെമ്പാടും ഏകീകൃത മായ ഒരു നികുതിയായി അത് മാറുകയും ചെയ്തു. അത് രാജ്യത്തെ ഏക വിപണിയായി മാറ്റുന്നു. സംസ്ഥാനങ്ങൾ തമ്മിൽ നില നിന്നിരുന്ന നികുതി യുദ്ധങ്ങൾ അതുവഴി ഒഴിവാകുന്നു.അഖിലേന്ത്യ തലത്തിൽ ബിസിനസ് ചെയ്യുന്നത് കൂടുതൽ സുതാര്യവും എളുപ്പവുമാക്കി മാറ്റുകയും ചെയ്യുന്നു. ഉത്പാദനം, വിതരണം തുടങ്ങിയ ഉത്പന്ന നീക്കത്തിന്റെ വിവിധ ഘട്ടങ്ങളിൽ സംഭവിക്കുന്ന നികുതിയുടെ ഇരട്ടിപ്പ് ജി എസ് ടി ഒഴിവാക്കുന്നു. ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം വില കുറയുന്നതിനും വിപണിയിലെ മത്സരം ശക്തമാക്കുന്നതിനും ഇത് സഹായകമായി. ഓൺലൈൻ ജി എസ് ടി പോർട്ടൽ, ഇ – വേ ബിൽ തുടങ്ങിയ കാര്യങ്ങൾ വ്യപാരത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിന് പുറമെ ചരക്കുകളുടെ നീക്കം പനിരീക്ഷിക്കുന്ന തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി. ഇത് നികുതി വെട്ടിപ്പിനും അഴിമതിക്കും കാര്യമായ കുറവ് വരുത്തി. മുൻപുണ്ടായിരുന്ന നികുതി ഇരട്ടിക്കുന്ന സമ്പ്രദായത്തിന് ബദലെന്നോണം ജി എസ് ടി പ്രവർത്തിക്കുന്നത് മൂല്യവർധിത നികുതി തത്വങ്ങളെ ആധാരമാക്കിയാണ്. അതായത്, മൂല്യത്തിൽ വർദ്ധനയുണ്ടാകുന്ന ഓരോ ഘട്ടത്തിലും നികുതി ഈടാക്കുന്ന സ്ഥിതിയുണ്ടായി. ഇത് നികുതി രീതി ലളിതമാക്കിയെന്ന് മാത്രമല്ല, നികുതി ഇരട്ടിപ്പിക്കുകയെന്ന അശാസ്ത്രീയമായ രീതി ഇല്ലാതാക്കുകയും ചെയ്തു.

**ഇന്ത്യയുടെ നികുതി ഘടനയിൽ ജി എസ് ടിയുടെ പ്രാധാന്യം**

നിലവിലുണ്ടായിരുന്ന അതിസങ്കീർണ്ണവും ഒപ്പം ശിഥിലീകൃതവുമായ നികുതി സമ്പ്രദായത്തിൽ നിന്നുള്ള വ്യക്തമായ മാറ്റം കൂടിയായിരുന്നു ജി എസ് ടിയുടെ വരവ്. കേന്ദ്ര എക്സൈസ് തീരുവ, സേവന നികുതി, മൂല്യവർധിത നികുതി തുടങ്ങിയ ബഹുവിധമായ നികുതികളുടെ ഏകീകരണം വഴിയായി ഇന്ത്യയിലെ നികുതി

ഘടനയുടെ സ്വഭാവം തന്നെ അത് പാടെ മാറ്റി മറിച്ചു. ഇത് ബിസിനസ് ചെയ്യുന്നവർക്ക് കാര്യങ്ങൾ കൂടുതൽ സുഗമമാക്കി എന്ന് മാത്രമല്ല, ഇന്ത്യയിലാകെ ഒരു പൊതു മാർക്കറ്റിന്റെ സൃഷ്ടിക്ക് വഴി വയ്ക്കുകയും ചെയ്തു. അന്തർ സംസ്ഥാന വ്യാപാരവും 'ഈസ് ഓഫ് ഡൂയിങ്' ബിസിനസും പുതിയ നികുതി സമ്പ്രദായം ശക്തമാക്കിയതായി കാണാം.

കേന്ദ്ര ജി എസ്ടി (സി ജി എസ് ടി), സംസ്ഥാന ജി എസ് ടി (എസ് ജി എസ് ടി) എന്നിങ്ങനെ ജി എസ് ടിയെ രണ്ടായി തിരിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തേത് കേന്ദ്ര സർക്കാരും രണ്ടാമത്തേത് സംസ്ഥാന സർക്കാരുകളുമാണ് ചുമത്തുന്നത്. ഇതിന് പുറമെ അന്തർ സംസ്ഥാന വ്യാപാരങ്ങളിൽ ചുമത്തുന്ന സംയോജിത ജി എസ് ടിയും (ഐ ജി എസ് ടി) നിലവിലുണ്ട്. സംസ്ഥാനങ്ങൾക്കിടയിൽ വ്യാപാരം തടസമില്ലാതെ നടക്കുകയും രാജ്യത്തെ ഒറ്റ വിപണി എന്ന നിലയിൽ പ്രമോട്ട് ചെയ്യുകയുമാണ് ഇതിന്റെ ലക്ഷ്യം. ജി എസ് ടി സമ്പ്രദായത്തിൽ 5 മുതൽ 28 ശതമാനം വരെയുള്ള ബഹുവിധ നിരക്കുകളിലാണ് നികുതി പിരിക്കുന്നത്. അവശ്യ സാധനങ്ങൾക്ക് പൊതുവെ കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. എന്നാൽ ആഡംബര വസ്തുക്കൾക്ക് ഉയർന്ന നികുതി ചുമത്തുന്നു. നേരത്തെ ഉണ്ടായിരുന്ന നികുതി ഘടനയുടെ പലവിധമായ പ്രശ്നങ്ങൾ മറി കടക്കുന്നതിന് പുറമെ ആഗോള തലത്തിലുള്ള മികച്ച ഒരു നികുതി രീതിയാണ് ഇതെന്ന് കാണാം. അതുകൊണ്ട് അന്താരാഷ്ട്ര ബിസിനസ് മേഖലയിലും പുതിയ നികുതി സമ്പ്രദായം ഇന്ത്യക്ക് മുതൽക്കൂട്ടാകുന്നു.

ഏകീകൃതമായ ഈ നികുതി രീതി സുതാര്യത ഉറപ്പാക്കുന്നു എന്നതിന് പുറമെ, അഴിമതി കുറയ്ക്കുന്നതിന് സഹായകവുമാണ്. ബിസിനസ് സൗഹൃദമായ ഒരു സാഹചര്യത്തിനും അത് വഴി തുറക്കുന്നു. വിദേശ നിക്ഷേപം രാജ്യത്തേക്ക് കൊണ്ട് വരുന്നതിന് ഇത് സഹായകമാണ്.

**ജി എസ് ടി യുടെ നേട്ടം വിവിധ മേഖലകളിൽ**

1 പട്ടിക ഓരോ മേഖലയിലും ജി എസ് ടി കൊണ്ടുവന്ന നേട്ടങ്ങളിലേക്ക് വെളിച്ചം വീശുന്നു (തുക കോടിയിൽ).

2020 ജൂൺ മുതൽ 2023 ജൂൺ വരെയുള്ള ഘട്ടത്തിൽ വിവിധ മേഖലകൾ ജി എസ് ടി വരുമാനത്തിലേക്ക് നൽകിയ പങ്കാണ് പട്ടിക ഒന്നിൽ കാണുന്നത്. മേഖല തിരിച്ചുള്ള 2020 ജൂണിലെ കണക്കുകൾ പരിശോധിക്കുമ്പോൾ പൊതു മേഖലാ കമ്പനികളാണ് ഏറ്റവും കൂടുതൽ നികുതി നൽകിയതെന്നാണ് വ്യക്തമാകുന്നത്. മൊത്തം നികുതിദായകരുടെ എണ്ണത്തിൽ പൊതുമേഖലാ കമ്പനികൾ 0.62 ശതമാനം മാത്രമാണെങ്കിലും മൊത്തം നികുതി വരു മാനത്തിന്റെ 35 ശതമാനം അവയുടെ സംഭാവനയാണ്. 27 ശതമാനം നൽകിയ സ്വകാര്യ കമ്പനികളാണ് രണ്ടാം സ്ഥാനത്ത്. മൊത്തം നികുതിദായകരുടെ 5.87 ശതമാനമാണ് സ്വകാര്യ മേഖലയിലെ കമ്പനികൾ. സ്വകാര്യ ഉടമസ്ഥതയിലുള്ള വ്യാപാര സ്ഥാപനങ്ങളാണ് പിന്നീട് വരുന്നത്. 13 ശതമാനമാണ് ഇവരുടെ സംഭാവന. ഏറ്റവും കൂടുതൽ ജി എസ് ടി ദായകരുള്ളത് ഈ വിഭാഗത്തിലാണ് (80.18 ശതമാനം). പങ്കാളിത്ത രീതിയിൽ ബിസിനസ് നടത്തുന്ന സ്ഥാപനങ്ങളുടെ പങ്ക് 7 ശതമാനമാണ്. മൊത്തം നികുതിദായകരിൽ ഇവരുടെ എണ്ണം 10.78 ശതമാനമാണ്. 16.5 ശതമാനം വരുന്ന മറ്റു വിഭാഗങ്ങളിൽ പെടുന്ന ബിസിനസ് സമൂഹവുമുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ വിവിധ മേഖലകൾ ജി എസ് ടിയായി നൽകിയ തുകയുടെ പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ ജി എസ് ടി അടച്ചിരിക്കുന്നത് പൊതുമേഖലാ കമ്പനികളാണെന്ന് കാണാൻ കഴിയും. എന്നാൽ മൊത്തം നികുതിദായകരുടെ എന്നതിൽ കേവലം 0.52 ശതമാനം മാത്രമാണ് ഈ വിഭാഗത്തിൽ വരുന്നത്. രണ്ടാം സ്ഥാനത്ത് വരുന്നത് സ്വകാര്യ കമ്പനികളാണ്.

**Table-1** Contribution to GST Revenue from Different Constitutions of Business* (Status as on 30th June 2020 & 2023; Return period accounted up to March 2020 & 2023) (Amount in crores)

| Constitution of business | No. of Tax Payers who has entry in cash ledger against R3B/R4 up to | | % age of Tax Payers up to | | Collection up to | | %Age of collection up to | |
|---|---|---|---|---|---|---|---|---|
| | June 2020 | June 2023 | June 2020 | June 2023 | June 2020 | June 2023 | June 2020 | June 2023 |
| Public Limited Company | 71,151 | 84,513 | 0.62% | 0.52% | 8,35,298 | 19,37,533 | 35.29 % | 34.40% |
| Private Limited Company | 6,75,875 | 10,00,266 | 5.87% | 6.11% | 6,51,141 | 15,89,707 | 27.51 % | 28.23% |
| Proprietorship | 92,38,097 | 1,31,72,419 | 80.18% | 80.41% | 3,15,948 | 7,50,373 | 13. 35 % | 13.32% |
| Partnership | 12,41,540 | 16,93,314 | 10.78 % | 10.34% | 1,74,032 | 4,09,578 | 7.35 % | 7.27% |
| Others | 2,95,524 | 4,30,958 | 2.56% | 2.62% | 3,90,275 | 944355 | 16.50% | 16.78% |
| Total | 1,15,22,187 | 1,63,81,470 | 100.00% | 100.00 | 23,66,694 | 56,31,547 | 100.00 | 100.00 |

**Note:** **Figures doesn't include IGST on imports*

*Source: GSTIN site*

എണ്ണത്തിൽ 6.11 ശതമാനം വരുന്ന ഈ വിഭാഗത്തിന്റെ സംഭാവന 28 ശതമാനമാണ്. സ്വകാര്യ ഉടമസ്ഥാവകാശത്തോട് കൂടിയ ബിസിനസ് സ്ഥാപനങ്ങളാണ് ഇനി വരുന്നത്. 13 ശതമാനം വരുമാനം ഇവ പ്രദാനം ചെയ്യുന്നു. മൊത്തം നികുതിദായകരുടെ എണ്ണത്തിൽ സ്വകാര്യ സ്ഥാപനങ്ങളുടെ പങ്ക് 80.41 ശതമാനമാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ എണ്ണം 10.34 ശതമാനം വരും. ഈ മേഖല നൽകിയിട്ടുള്ള സംഭവനയാകട്ടെ 7 ശതമാനമാണ്. മറ്റു വിഭാഗങ്ങളിൽ വരുന്ന സ്ഥാപനങ്ങളെല്ലാം ചേർന്ന് 16.72 ശതമാനം ജി എസ് ടി അടച്ചതായും കാണാം. സർക്കാർ വകുപ്പുകൾ, സൊസൈറ്റികൾ, ക്ലബുകൾ, പ്രാദേശിക ഭരണകൂടങ്ങൾ തുടങ്ങിയവയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. നികുതി ദായകരുടെ 2.62 ശതമാനമാണ് ഇവയുടെ എണ്ണം. ജി എസ് ടിയിലേക്ക് ഓരോ വിഭാഗവും നൽകുന്ന സംഭാവന ഓരോ വർഷവും കൂടി വരുന്നതായി കാണാം.

ഇവിടെ നൽകിയിട്ടുള്ള പട്ടികകൾ വിശകലനം ചെയ്യുമ്പോൾ മനസിലാകുന്ന കാര്യം വൻകിട കമ്പനികൾ ജി എസ് ടിയിൽ നിന്നുള്ള വരുമാനത്തിന്റെ കാര്യത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു എന്നാണ്. പൊതു, സ്വകാര്യ മേഖലകളിലെ കമ്പനികൾ മാത്രം നൽകുന്നത് 60 ശതമാനം നികുതി വിഹിതമാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളും കാര്യമായ പങ്ക് വഹിക്കുന്നുണ്ട്. നികുതിദായകരുടെ എണ്ണത്തിന്റെ 90 ശതമാനത്തിലധികവും ഈ വിഭാഗത്തിൽ നിന്നാണ്. മൊത്തം ജി എസ് ടി വരവിന്റെ 20 ശതമാനം ഇക്കൂട്ടരുടെ സംഭാവനയാണ്. 2020–21 സാമ്പത്തിക വർഷത്തിൽ കോവിഡ് മഹാമാരി മൂലം നികുതി വരുമാനത്തിൽ ഗണ്യമായ ഇടിവുണ്ടായി.

**ജി എസ് ടി വരുമാനത്തിലെ ചോർച്ചയും വരുമാനത്തിൽ ഉണ്ടാകുന്ന ആഘാതവും**

സർക്കാരിലേക്ക് ചെന്ന് ചേരേണ്ട നികുതി വരുമാനം അപ്രകാരം ഉണ്ടാകാതിരിക്കുന്ന ഒരു സാഹചര്യത്തെയാണ് ജി എസ് ടി ചോർച്ച എന്നത് കൊണ്ടുദ്ദേശിക്കുന്നത്. ഇത് സ്വാഭാവികമായും മൊത്തം റവന്യൂ വരുമാനം കുറയുന്നതിന് കാരണമാകുന്നു. ജി എസ് ടി ഘടനയുടെ സങ്കീർണ്ണമായ വശങ്ങൾ, ഉദാഹരണത്തിന് ബഹുമുഖ നിരക്കുകൾ, ഇളവുകൾ മുതലായവ, ഈ പ്രശ്നത്തിന് കാരണമാകുന്നുണ്ട്. ഇത്തരം സങ്കീർണതകൾ പലപ്പോഴും നികുതി ഒഴിവാക്കുന്നതിനുള്ള അവസരങ്ങൾ നൽകുന്നുണ്ട്. അതായത് ബില്ലുകൾ നല്കാതെയുള്ള വില്പന, അനധികൃതമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സൗകര്യം പ്രയോജനപ്പെടുത്തുക തുടങ്ങിയ അനഭലഷണീയ പ്രവണതകൾക്ക് ഇത് വഴിയൊരുക്കുന്നു. ഗവണ്മെന്റിന്റെ വരുമാനത്തെ യാണ് ഇത് പ്രതികൂലമായി ബാധിക്കുന്നത്.

നികുതി ഇരട്ടിക്കൽ വഴിയുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനാണ് 'ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്' എന്ന സംവിധാനം കൊണ്ട് വന്നിരിക്കുന്നത്. ഇതാകട്ടെ കാര്യങ്ങൾ സങ്കീർണ്ണമാക്കുന്നതിന് വഴിയൊരുക്കിയ തായി കാണാം. ഈ സംവിധാനം കൃത്യതയോടെ നടപ്പാക്കപ്പെടുന്നില്ലെങ്കിൽ സംഭവിക്കുക തട്ടിപ്പുകൾ നടത്തി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനധികൃതമായി നേടുന്ന പ്രവണത ശക്തമാകും എന്നതാണ്. സർക്കാരുകളുടെ നികുതി വരുമാന ലക്ഷ്യങ്ങളെ ഇത് ഏറെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്. ഇന്ത്യയിലെ ബിസിനസ് മേഖലയുടെ വൈവിധ്യവും അവയുടെ തോതും ജി എസ് ടി നടപ്പാക്കുന്ന കാര്യത്തിൽ വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. ചെറുകിട വ്യാപാരികളെ സംബന്ധിച്ചിടത്തോളം പുതിയ സമ്പ്രദായവുമായി പൊരുത്തപ്പെട്ട് പോവുക അല്പം ശ്രമകരമായ ഒന്നാണ് . ഇത് സപ്ലൈ ശ്രിംഖലയുടെ പല ഘട്ടങ്ങളിലും നികുതി ചോർച്ച സംഭവിക്കുന്നതിന് കാരണമാകുന്നുണ്ട്.

**ജി എസ് ടി വരുമാനം ഉറപ്പാക്കുന്നതിനുള്ള സംവിധാനം**

വ്യാപാരി സമൂഹവും ഉപഭോക്താക്കളും തമ്മിലുള്ള മികച്ച ഏകോപനം ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ ഏറെ പ്രധാനമാണ്. ഉപഭോക്താക്കളിൽ നിന്നും നികുതി സംഭരിച്ച് സർക്കാരിന് കൈമാറുന്ന ഇടനിലക്കാരാണ് വ്യാപാരികൾ എന്ന് പറയാം. തങ്ങൾ നൽകിയ നികുതി യഥാവിധി സർക്കാർ ഖജനാവിലേക്ക് എത്തിയെന്ന് പൊതുജനങ്ങൾ വിശ്വസിക്കുന്നു. എന്നാൽ പല നിരക്കുകളിലുള്ള നികുതി സ്ലാബുകൾ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംവിധാനം തുടങ്ങിയ നിരവധി കാര്യങ്ങൾ ജി എസ് ടി ഘടനയെ സങ്കീർണ്ണമാക്കി മാറ്റുന്നുണ്ട്.

ജി എസ് ടി വരുമാനം തടസമില്ലാതെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താനുള്ള ഒരു മാർഗം വ്യാപാരികളെ നികുതി കൃത്യമായി നൽകുവാൻ പ്രേരിപ്പിക്കുക എന്നതാണ്. നികുതി ഒഴിവാക്കുന്നത് തടയുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ചരക്ക് സേവന നികുതി നെറ്റ് വർക്ക് (ജി എസ് ടി എൻ) നിർണ്ണായകമായ പങ്ക് വഹിക്കുന്നു. അതിനുപുറമെ നികുതി ഒഴിവാക്കുന്നതും വെട്ടിപ്പും തടയുന്നതിന് കർശനമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുന്നുണ്ട്.

ജി എസ് ടി വരുമാനം ഉയർത്തുന്ന കാര്യത്തിൽ ഉപഭോക്താക്കളുടെ ബോധവത്കരണം വളരെ പ്രധാനപ്പെട്ട ഘടകമാണ്. ജി എസ് ഘടനയെ കുറിച്ചും നികുതി വരുമാനത്തിൽ അത് നിർവഹിക്കുന്ന പങ്കിനെ കുറിച്ചും ഉപഭോക്താക്കൾ പ്രായേണ അജ്ഞരാണ്. ബോധവത് കരണനത്തിനായി സർക്കാർ തലത്തിൽ മുൻകൈ ഉണ്ടാകേണ്ടതുണ്ട്. ജി എസ് ടി റിട്ടേൺ സമർപ്പിക്കുന്നതിലെ സങ്കീർണ്ണത വരുമാനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. നികുതി അടക്കുന്നതിനുള്ള നടപടികൾ ഡിജിറ്റ ലാക്കുന്നതും നടപടിക്രമങ്ങൾ ലളിതമാക്കുന്നതും വരുമാനം ഉയർത്തുന്നതിന് സഹായകമാണ്. റിട്ടേൺ സമർപ്പിക്കൽ ലളിതമാക്കുന്നതും പരിഷ്കരിക്കുന്നതും കാര്യക്ഷമത വർധിപ്പിക്കുകയും ഒപ്പം ജി എസ് ടി ശേഖരിക്കുന്ന കാര്യത്തിലെ തടസങ്ങൾ നീക്കുന്നതുമാണ്.

**ജി എസ് ടി ചോർച്ച സംഭവിക്കുന്നതിന് സാധ്യതയുള്ള മേഖലകൾ**

അസംഘടിത വ്യാപാര മേഖലയാണ് ജി എസ് ടി വരുമാനത്തിൽ ചോർച്ച സംഭവിക്കുന്നതിന് പിന്നിലെ ഒരു പ്രധാന രംഗം. ഇത്തരം സ്ഥാപനങ്ങൾ ഔദ്യോഗികമായ ചട്ടക്കൂടുമായി ബന്ധമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. അതുകൊണ്ട് ഇവയ്ക്കെതിരെ നടപടികളെടുക്കുന്നതിന് അധികൃതർക്ക് ഏറെ പരിമിതികളുണ്ട്. അതായത് അസംഘടിത മേഖലയിൽ നടക്കുന്ന വ്യാപാരങ്ങൾ കണക്കിൽപ്പെടാതെ പോവുകയാണ്. ഇത് വരുമാന ചോർച്ചയ്ക്ക് കാരണമാകുന്നു. കാഷ് ഉപയോഗിച്ച് മാത്രം നടക്കുന്ന വ്യാപാരങ്ങളും ഇത്തരത്തിൽ നികുതി നഷ്ടം സംഭവിക്കുന്നതിന് ഇടയാക്കുന്നുണ്ട്. ഇത്തരം വ്യാപാരങ്ങൾ വില്പന കുറച്ചു കാണിക്കുന്നതിന് സഹായകമായ കാര്യമാണ്. കാഷ് ഉപയോഗിച്ച് ഇടപാടുകൾ നടക്കുമ്പോൾ അത് നടത്തിയ ആളെ കണ്ടെത്തുക ശ്രമകരമാണ്. അതുകൊണ്ട് വില്പനയുടെ കൃത്യത സംബന്ധിച്ച പരിശോധനകൾ താരതമ്യേന ശ്രമകരമായ ഒന്നായി മാറുന്നു. ഇത് വ്യാപാരം സംബന്ധിച്ച കണക്കുകളിൽ കൃത്രിമം നടത്തുന്നതിന് ഒരു പ്രധാന കാരണമാണ്.

ജി എസ് ടി നികുതി സമ്പ്രദായത്തിന്റെ അതിസങ്കീർണ്ണമായ ഘടനയും നികുതി വെട്ടിപ്പിന് നിദാനമാകുന്നുണ്ട്. ഇൻവോയ്സിൽ കൃത്രിമം കാണിക്കുക, ഇല്ലാത്ത വ്യാപാരം രേഖപ്പെ ടുത്തുക,അതുവഴി അനർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നേടുക തുടങ്ങിയ പല തട്ടിപ്പുകൾ വ്യാപാര രംഗത്ത് നടക്കുന്നുണ്ട്. ഇത്

സർക്കാരിന് വരുമാന നഷ്ടം ഉണ്ടാക്കുന്നതിന് പുറമെ, നികുതി സംവിധാനത്തിന്റെ വിശ്വാസ്യതയെ പോലും ചോദ്യം ചെയ്യുന്ന ഒന്നായി മാറുന്നു. അന്തർ സംസ്ഥാന വ്യാപാരമാണ് ജി എസ് ടി രീതിയെ കൂടുതൽ സങ്കീർണ്ണമാക്കുന്നത്. അന്തർ സംസ്ഥാന തലത്തിൽ നടക്കുന്ന കള്ളക്കടത്ത് വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്. അന്തർ സംസ്ഥാന വ്യാപാരത്തെ സൂക്ഷ്മമായി നിരീക്ഷിക്കുകയെന്നത് വലിയ വെല്ലുവിളി ഉയർത്തുന്ന ഒന്നാണ്.

**ജി എസ് ടി വെട്ടിപ്പ് തടയുന്നതിനും വരുമാന വർദ്ധനവിനും സർക്കാർ ഇടപെടൽ**

ജി എസ് ടി വഴിയായുള്ള നികുതി വരുമാനത്തിലെ ചോർച്ച തടയുന്നതിന് ബഹുവിധമായ നടപടികൾ ആവശ്യമാണ് . ഇതിനായി സർക്കാർ, നികുതി അടയ്ക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. വ്യാപാര ഇടപാടുകൾ തത്സമയം തന്നെ നിരീക്ഷിക്കുന്നതിനായുള്ള ജി എസ് ടി എൻ ശ്രിംഖലക്ക് പുറമെ നികുതികാര്യത്തിൽ വീഴ്ച്ച വരുത്തിയാൽ കർശനമായ ശിക്ഷ നടപടികൾ, ഇത് കണ്ടെത്തുന്നതിന് നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഇത് നികുതി നൽകുന്ന കാര്യത്തിൽ വീഴ്ച്ച വരുത്താതിരിക്കാൻ വ്യാപാരി സമൂഹത്തെ പ്രേരിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്.

ജി എസ് ടി സംവിധാനം കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമ മാക്കുന്നതിനും സർക്കാർ സാങ്കേതിക വിദ്യയുടെ സഹായം തേടുന്നുണ്ട്. ഇ – ഇൻവോയ്സിംഗ്, ഡേറ്റ അനലിറ്റിക്സ്, നിർമ്മിത ബുദ്ധി തുടങ്ങിയ വിവിധ കാര്യങ്ങൾ ഇതിനായി നടപ്പിലാക്കിയിട്ടുണ്ട്. ഇത് നികുതി ചോർച്ചയുടെ കാര്യത്തിൽ യഥാസമയം ഇടപെടുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് സഹായകരമാണ്. നികുതി സമ്പ്രദായത്തിനകത്ത് തന്നെയുള്ള സങ്കീർണ്ണതകൾ പ്രശ്നങ്ങൾക്ക് വഴി വയ്ക്കുന്നതാകയാൽ അതിനെ കൂടുതൽ ലളിതമാക്കുന്നതിനുള്ള ശ്രമങ്ങൾ ശക്തമാണ്. നികുതി നിരക്കുകൾ പരിഷ്കരിക്കുക, സങ്കീർണ്ണമായ നടപടിക്രമങ്ങൾ ഒഴിവാക്കുക, ഇൻ പുട്ട് ടാക്സ് ക്രെഡിറ്റ് രീതി കാര്യക്ഷമമാക്കുക തുടങ്ങിയ കാര്യങ്ങളാണ് നടപ്പാക്കി വരുന്നത്. ലളിതമായ വ്യവസ്ഥകൾ നികുതി വരുമാനം വർധിപ്പിക്കുന്നതിനും ഒപ്പം നിയമത്തിലെ പഴുതുകൾ പ്രയോജനപ്പെടുത്തി നികുതി വെട്ടിപ്പ് നടത്തുന്നത് തടയുന്നതിനും സഹായകമാണ്.

ഇക്കാര്യത്തിൽ ഉപഭോക്താക്കളെ ബോധവൽക്കരിക്കുക എന്നതും പ്രധാനമാണ്. ഇതിനായി ബോധവത്കരണ കാമ്പെയിനുകൾ, പഠന പദ്ധതികൾ തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കി വരുന്നുണ്ട്. ഉപഭോക്താക്കൾ ബോധവാന്മാരാകുമ്പോൾ അവർ ബില്ലുകൾ ചോദിച്ചു വാങ്ങുന്നതിന് തയാറാകും. ഇത് വിറ്റുവരവ് കുറച്ചു കാണിക്കുന്നതിൽ നിന്നും വ്യാപാരികളെ പിന്തിരിപ്പിക്കുന്നു. ഇത്തരത്തിൽ നികുതി ചോർച്ച തടയുന്നതിന് സർക്കാരും വ്യാപാരി സമൂഹവും ചേർന്ന് പ്രവർത്തിക്കുക എന്നത് അവശ്യം വേണ്ടുന്ന കാര്യമാണ്. വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഗവണ്മെന്റ് തയാറാകുന്നുണ്ട്. ഇത്തരത്തിലുള്ള നീക്കങ്ങൾ വ്യാപാരികളെ നികുതി നിയമങ്ങൾ പാലിക്കുന്ന കാര്യത്തിൽ കൂടുതൽ ഉത്സുകരാക്കുന്നു. തൽഫലമായി നികുതി ചോർച്ച തടയപ്പെടുന്നു.

ഇക്കാര്യത്തിൽ സർക്കാർ എൻഫോഴ്സ്മെന്റ് നടപടികളും ആഡിറ്റും കൂടുതൽ കർക്കശമാക്കിയിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളുടെ നിരന്തരമായ ആഡിറ്റ് നടത്തുക വഴി നികുതി വെട്ടിപ്പിനുള്ള സാദ്ധ്യതകൾ തടയാൻ കഴിയുന്നുണ്ട്. ജി എസ് ടി നികുതി സമ്പ്രദായത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിന് ഇത്തരം സമീപനങ്ങൾ സഹായകരമാണെന്ന് കാണാം.

**ഉപഭോക്താക്കൾ നൽകുന്ന ജി എസ് ടി**

**ഖജനാവിലേക്ക് എത്തുന്നുണ്ടോ?**

ഉപഭോക്താക്കൾ നൽകുന്ന ജി എസ് ടി സർക്കാർ ഖജനാവിലേക്ക് എത്തുന്നുണ്ടോ? ജി എസ് ടി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷതയിലേക്കാണ് ഈ ചോദ്യം വിരൽ ചൂണ്ടുന്നത്. നികുതി വരുമാനത്തിന്റെ കാര്യത്തിൽ വ്യാപാരി സമൂഹവും ഉപഭോക്താക്കളും നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. ജനങ്ങളിൽ നിന്ന് നികുതി പിരിച്ച് സർക്കാർ ഖജനാവിലേക്ക് നൽകുക എന്ന സുപ്രധാന ചുമതലയാണ് വ്യാപാരി സമൂഹം നിർവഹിക്കുന്നത്. അതേസമയം തങ്ങൾ നൽകുന്ന നികുതി സർക്കാരിലേക്ക് എത്തുന്നു എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് ഉപഭോക്താക്കൾ ജി എസ് ടി നൽകി സാധനങ്ങൾ വാങ്ങുന്നത്. എന്നാൽ ജി എസ് ടി സംവിധാനനത്തിന്റെ സങ്കീർണ്ണതയും ഒപ്പം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് രീതിയും ഇത് ഉറപ്പാക്കുന്ന കാര്യത്തിൽ കാര്യമായ വെല്ലുവിളി ഉയർത്തുന്ന ഒന്നാണ്.

ഉപഭോക്താക്കൾ നൽകുന്ന നികുതി സർക്കാർ ഖജനാവിലേക്ക് കൃത്യമായി എത്തുന്നുണ്ടോ എന്ന കാര്യത്തിൽ അനിശ്ചിതത്വം നില നിൽക്കുന്നുണ്ട്. പല കാരണങ്ങൾ ഇതിന് പിന്നിലുണ്ട്. ഇത് സർക്കാരിന് ജി എസ് ടിയിൽ നിന്നുള്ള വരുമാനം കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്ന കാര്യത്തിൽ ഉയർത്തുന്ന വെല്ലുവിളി ചെറുതല്ല. അതുകൊണ്ട് ഈ സമസ്യയ്ക്ക് ഉത്തരം കണ്ടെത്തുക എന്നത് ജി എസ് ടി സമ്പ്രദായത്തിന്റെ കാര്യക്ഷമതയുടെ കാര്യത്തിൽ ഒഴിവാക്കാനാകത്ത ഒന്നാണ്. ഇക്കാര്യത്തിൽ സർക്കാർ, വ്യാപാരികൾ, ഉപഭോക്താക്കൾ എന്നിങ്ങനെയുള്ള നിർണ്ണായകമായ പങ്കാളികളുടെ സമ്യക്കായ പ്രവർത്തനം അനിവാര്യമായ ഒന്നാണ്.

**ജി എസ് ടി അടവും സമാഹരണവും – യഥാർത്ഥ ചിത്രം**

ഇത്തരത്തിൽ ജി എസ് ടിയുടെ കാര്യത്തിലെ വരുമാനം, അടവ് തുടങ്ങിയ വിഷയങ്ങളുടെ പരിശോധന, പരമ്പരാഗതവും നേരിട്ടുള്ള വില്പന രീതികളും ആധുനിക വില്പന രീതികളും അടക്കമുള്ള വില്പന രീതികളിലെ ബില്ലിംഗ് അടക്കമുള്ള നിരവധി കാര്യങ്ങൾ പഠന വിധേയമാക്കേണ്ട ഒന്നാണ്.

സാങ്കല്പികമായ ഒരു സംവിധാനത്തിൽ ജി എസ് ടി സമാഹരണവും നികുതി നൽകലും ഒട്ടും തടസ്സമില്ലാത്ത സുതാര്യവും കാര്യക്ഷമവുമായ ഒരു ഏർപ്പാടാണ്. കൃത്യമായി രേഖകൾ സൂക്ഷിക്കുക, റിട്ടേണുകൾ യഥാസമയം സമർപ്പിക്കുക, നിയന്ത്രണ സംവിധാനങ്ങളുമായി ശരിയാം വണ്ണം ചേർന്ന് പ്രവർത്തിക്കുക തുടങ്ങിയ കാര്യങ്ങൾ ഇതിലുൾപ്പെടുന്നുണ്ട്. എന്നാൽ ഇത്തരമൊരു സ്ഥിതി സംജാതമാകുന്നതിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക വൈദഗ്ദ്യം തുടങ്ങിയ ഘടകങ്ങൾ ആവശ്യമാണ്. ബില്ലിംഗ്, വിതരണം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ നിയമങ്ങളെ കുറിച്ചുള്ള അറിവും അത്യന്താപേക്ഷിതമാണ്. ഇവിടെ നമ്മൾ പരിശോധിക്കുന്നത് ഇത്തരം സംവിധാനങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നാണ് (പട്ടിക 2).

ഒരു മാതൃക സംവിധാനത്തിൽ ചരക്കുകളുടെയും നികുതിയുടെയും ഫാക്ടറി മുതൽ ഉപഭോക്താവ് വരെയുള്ള ഓരോ ഘട്ടത്തിലുമുള്ള ചലനങ്ങളാണ് പട്ടിക മൂന്നിൽ കാണുന്നത്. ഇവിടെ ഓരോ ഘട്ടത്തിലും വ്യാപാരി ഉപഭോക്താവിൽ നിന്ന് നികുതി ഈടാക്കുകയും അത് ഖജനാവിലേക്ക് അടയ്ക്കുകയും ചെയ്യുന്നു. വില്പനയുടെ ഓരോ ഘട്ടത്തിലും ഉളവാകുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഇളവ് ചെയ്താണ് ഇപ്രകാരം ചെയ്യുന്നത്. ഈ ഓരോ ഘട്ടത്തിലും ലഭിക്കുന്ന നികുതി വരുമാനം ഉപഭോക്താവ് നികുതിയായി നൽകുന്ന തുകക്ക് തുല്യമായിരിക്കണം. എന്നാൽ അന്തിമ ഘട്ട വില്പനയിൽ ചില്ലറ വിൽപ്പനക്കാരൻ ശേഖരിക്കുന്ന അധിക നികുതി സൂക്ഷിക്കുന്നു. എല്ലാ വ്യാപാരികളും ചേർന്ന് സർക്കാരിലേക്ക് നൽകുന്ന നികുതി 9

രൂപയാണ്. അന്തിമ വിൽപ്പനയിലെ നികുതിയും ഇതാകുന്നു. എന്നാൽ ഇപ്രകാരം 9 രൂപ സമാഹരിക്കുകയും അത്രയും തന്നെ തുക സർക്കാരിലേക്ക് അടയ്ക്കുകയും ചെയ്യുക എന്നത് എല്ലാ ഘട്ടത്തിലും വില്പന വില കുറച്ചു കാണിക്കാതെ ബിൽ ചെയ്യുക വഴി മാത്രമാണ് സംഭവിക്കുന്നത്. ഇതിനിടയിൽ ഏതെങ്കിലും വ്യാപാരി വില കുറച്ചു കാണിക്കുകയാണെങ്കിൽ ശേഖരിക്കുന്ന നികുതിയിൽ കുറവ് വരുന്നു. സർക്കാരിലേക്ക് അടയ്ക്കുന്ന തുക അത്രകണ്ട് കുറയുകയും ചെയ്യുന്നു. അതുകൊണ്ട് സർക്കാരിന് നികുതി കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടത് വില്പനയുടെ ഓരോ ഘട്ടത്തിലും കൃത്യമായി ബില്ലിംഗ് നടക്കുന്നു എന്ന് ഉറപ്പ് വരുത്തുകയാണ് . ഇത് അന്തിമ ചില്ലറ വില്പന വിലയുമായി (എം ആർ പി) ഒത്തു നോക്കി പരിശോധിക്കപ്പെടേണ്ടതുണ്ട്. ആഡിറ്റ് സമ്പ്രദായം കാര്യക്ഷമമാക്കുക എന്നതാണ് ഇതിന് ഏറ്റവും അടിസ്ഥാനമായി വേണ്ടത്.

പരമ്പരാഗതമായ വിതരണ ശ്രിംഖലയിൽ സാധനങ്ങളുടെയും നികുതിയുടെയും നീക്കമാണ് മൂന്നാമത്തെ പട്ടികയിൽ കാണുന്നത്, ഫാക്ടറി മുതൽ അന്തിമ ഉപഭോക്താവ് വരെ. ഇതിൽ അവസാനത്തെ ഘട്ടത്തിലൊഴികെ ഒരു ഒരു ഡീലർ അടുത്ത ഡീലർക്കാണ് ചരക്ക് നൽകുന്നത്. അവസാന ഘട്ടത്തിൽ ഉത്പന്നം അന്തിമ ഉപഭോക്താവിന് വിൽക്കുമ്പോൾ അയാൾ അതിന്റെ നികുതിയും നൽകുന്നു. ഓരോ ഘട്ടത്തിലെയും വ്യാപാരികൾ സർക്കാരിലേക്ക് നൽകിയ നികുതി 9 രൂപയാണ്. ഇതാണ് അന്തിമ വില്പനയിൽ ശേഖരിച്ച നികുതിയും. അതായത് ഈ വ്യാപാരത്തിനിടയിൽ 80 ശതമാനം നികുതിയും ശേഖരിക്കുന്നതും സർക്കാരിലേക്ക് അടയ്ക്കുന്നതും ഓരോ ഘട്ടത്തിലെയും ഡീലർമാരാണെന്ന് കാണാം. അതുകൊണ്ട് ജി എസ് ടിയെ ഉപഭോക്താക്കൾ നൽകുന്ന നികുതി എന്നതിലുപരി വ്യപാരികൾ നൽകുന്ന നികുതി എന്ന് നമുക്ക് വിവക്ഷിക്കാൻ കഴിയും (പട്ടിക 4)

പരമ്പരാഗത വിതരണ ചാനൽ വഴി ചരക്കുകളും നികുതിയും ചലിക്കുന്നതാണ് പട്ടിക അഞ്ചിൽ കാണുന്നത്. ഫാക്ടറി മുതൽ അന്തിമ ഉപഭോക്താവ് വരെ നീളുന്ന ഈ ശ്രിംഖലയിൽ വില കുറച്ചു കാണിക്കുന്ന തിനുള്ള പ്രവണത ശക്തമാണ്. അവസാന ഘട്ടമൊഴികെ മറ്റെല്ലാ ഘട്ടങ്ങളിലും ഒരു വ്യാപാരി മറ്റൊരു വ്യാപാരിക്ക് വില്പന നടത്തുന്നതാണ് കാണുന്നത്. എന്നാൽ

**Table-2** Biling and Tax Collection/Payment Pattern

| Point of Sale | Distribution Channel | Billing Price (Assuming the product MRP is 100) | | Tax Collection @ 10% | Tax payment to Exchequer (after input Tax credit) |
|---|---|---|---|---|---|
| 1st point | Factory to Distributor | DP | 50 | 5 | 5 |
| 2nd point | Distributor to Wholesaler | DP | 60 | 6 | 1 |
| 3rd point | Wholesaler to Retailer | DP | 70 | 7 | 1 |
| 4th point | Retailer to Consumer | DP | 90 | 9 | 2 |
| Tax Remitted to Govt by Dealers after ITC<br>DP means Dealer Price | | | | | 9 |

**Table -3.** Distribution Channel (Traditional Model without under billing -Situation -1)

| Factory | Distribution Channel | Sales outlet/ Shops | Point of sale | Billing price | Tax collection @ 10% | Tax payment to Exchequer (after IPT) | Customer status | Tax paid by consumer |
|---|---|---|---|---|---|---|---|---|
| | Factory to Distributor | Yes | 1st point | 50 | 5 | 5 | Dealer | NA |
| | Distributor to Wholesaler | Yes | 2nd point | 60 | 6 | 1 | Dealer | NA |
| | Wholesaler to Retailer | Yes | 3rd point | 70 | 7 | 1 | Dealer | NA |
| | Retailer to Consumer | Yes | 4th point | 90 | 9 | 2 | End Consumer | Yes |
| Tax remitted to Govt. by dealers at multi points | | | | | | 9 | MRP Rs. 100 | |

**Table -4.** Distribution Channel (Traditional Model under billing pattern-Situation -2)

| Factory | Distribution Channel | Sales outlet/ Shops | Point of sale | Billing price | Tax collection @ 10% | Tax payment to Exchequer (after IPT) | Customer status | Tax paid by consumer |
|---|---|---|---|---|---|---|---|---|
| | Factory to Distributor | Yes | 1st point | 30 | 3 | 3 | Dealer | NA |
| | Distributor to Wholesaler | Yes | 2nd point | 40 | 4 | 1 | Dealer | NA |
| | Wholesaler to Retailer | Yes | 3rd point | 50 | 5 | 1 | Dealer | NA |
| | Retailer to Consumer | Yes | 4th point | 60 | 6 | 1 | End Consumer | Yes |
| Tax remitted to Govt. by dealers at multi points | | | | | | 6 | MRP Rs. 100 | |

അവസാന ഘട്ട വില്പന ഉപഭോക്താവിനാണ്. അയാളാണ് അന്തിമ നികുതി നൽകുന്നത്. ഇവിടെ വിൽപനക്കാർ സർക്കാരിലേക്ക് നൽകുന്ന ആകെ നികുതി 6 രൂപയാണ്. ഇത് ഉപഭോക്താവിൽ നിന്ന് ശേഖരിക്കുന്നതാകട്ടെ അന്തിമ ഘട്ടത്തിലും. അതായത് 80 ശതമാനം നികുതിയും ശേഖരിക്കപ്പെടുന്നതും ഗവണ്മെന്റി ലേക്ക് കൈമാറുന്നതും വ്യാപാരികളാണ്. അതുകൊണ്ട് പൊതുവെ ജി എസ് എന്നാൽ വ്യാപാരികൾ നൽകുന്ന നികുതി എന്നും പറയാറുണ്ട്.

യഥാർത്ഥത്തിൽ വിൽക്കുന്ന വിലയും ബില്ലിൽ കാണിക്കുന്ന വിലയും കൃത്യമായി പരിശോധി ക്കുന്നതിനുള്ള ഒരു സംവിധാനം ഇല്ല എന്നതാണ് ജി എസ് ടി സമ്പ്രദായത്തിന്റെ ഒരു വലിയ പോരായ്മ. ജി എസ് ടി നെറ്റ് വർക്കിൽ എം ആർ പി കണക്കിലെടുക്കാറില്ലെന്നത് മറ്റൊരു വശമാണ്. എം ആർ പി ഇൻവോയ്സിൽ സാധാരണ രേഖപ്പെടുത്താറില്ല. അത്തര ത്തിലുള്ള ഒരു രേഖയും റിട്ടേണിനൊപ്പം സമർപ്പിക്കാറുമില്ല. ഓരോ ഘട്ട വിൽപ്പനയിലും വ്യാപാരി പറയുന്ന ബില്ലിലെ വിലയാണ് രേഖപ്പെടുത്തുന്നത്. അതാകട്ടെ ഇൻപുട്ട് ടാക് സ് ക്രെഡിറ്റ് സൗകര്യം നേടുന്നതിന് വേണ്ടിയാണ് താനും. അതുകൊണ്ട് എം ആർ പി അല്ലെങ്കിൽ യഥാർത്ഥ വിപണി വില രേഖപെടുത്താത്തിടത്തോളം കാലം ഇത്തര ത്തിൽ വില കുറച്ചു കാണിക്കുന്നതിനുള്ള സാദ്ധ്യതകൾ ശക്തമാണ്. അത് നികുതി ചോർച്ചയ്ക്ക് വഴിയൊരുക്കുന്നു എന്ന് മാത്രമല്ല ഇത് കണ്ടെത്തുക എന്നത് പ്രയാസകരവു മാക്കുന്നു (പട്ടിക 5).

ഇതിൽ ആദ്യത്തെ മോഡലിൽ ഫാക്ടറിയുടെ നേരിട്ടുള്ള വില്പന കേന്ദ്രം വഴി ഒരു ഉത്പന്നം 60 രൂപക്ക് വിൽക്കുമ്പോൾ 10 ശതമാനം നികുതി എന്ന നിലയിൽ 6 രൂപ ഉപഭോക്താവിൽ നിന്ന് ശേഖരിക്കുന്നു. ഇതിലുള്ള ഒരു പ്രധാന നേട്ടം

**Table**- 5 Distribution channel (direct selling model)

| Factory | Distribution Channel | Sales outlet/ Shops | Go downs/ Stock-Points | Point of sale | Billing price | Customer status | Tax collection & Tax payment |
|---|---|---|---|---|---|---|---|
| | Own Retail/ Factory outlet | Yes | Yes | 1st point | 60 | End consumer | 10% of 1st and last billing point i.e. Rs. 60x10% =Rs.6 |
| | Direct selling (Single/Multi level) | NA | Yes | 1st point | 60 | End consumer | |
| | E-Commerce (Market place/ Inventory model) | NA | Yes | 1st point | 60 | End consumer | |
| | Social Media Market place | NA | Yes | 1st point | 60 | End consumer | |
| | Contribution of other Sectors (16.50%) | | | | | | |

ബ്രാൻഡിന്റെ പ്രതിച്ഛായ, ഉപഭോക്താവിന്റെ അനുഭവം തുടങ്ങിയ കാര്യങ്ങളിൽ കൃത്യമായ നിയന്ത്രണം കമ്പനിക്ക് ഉണ്ടാകുന്നു എന്ന താണ്. എന്നാൽ ഇത്തരത്തിൽ ഒരു സ്റ്റോർ നടത്തുന്നതിന് വേണ്ടി വരുന്ന ചെലവാണ് ഇതിൽ ഒരു പ്രധാന കോട്ടമായി വരുന്നത്. നേരിട്ടുള്ള വിൽപ്പനയാണ് രണ്ടാമത്തെ രീതി. ഇതിൽ കമ്പനിയുടെ പ്രതിനിധികൾ വഴിയായി സാധനങ്ങൾ വിൽക്കുകയാണ് ചെയ്യുന്നത്. അതായത് കമ്പനി ഒരു വിതരണ ശ്രിംഖല സൃഷ്ടിക്കുന്നു. ഇതിൽ വില്പനയുടെ അടിസ്ഥാനത്തിൽ നികുതി സമാഹരിക്കുകയും അത് സർക്കാരിലേക്ക് കൈമാറുകയും ചെയ്യുന്നു. ഒരു പാട് ആളുകളിലേക്ക് നേരിട്ടെത്താം എന്നതിന് പുറമെ ഒരു സ്റ്റോർ നടത്തുന്നതിന്റെ വലിയ ചെലവ് ഒഴിവാകു കയും ചെയ്യുന്നു എന്നതാണ് ഇതിന്റെ നേട്ടം. ബ്രാൻഡിന്റെ മൂല്യത്തിൽ സ്ഥിരത ഉറപ്പാക്കുക, ഗുണമേന്മ കാത്തുസൂക്ഷിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഇത്തരം രീതിയിൽ വെല്ലുവിളിയായി ഉയർന്നു വരുന്നത്.

ഇ – കൊമേഴ്സ് രീതിയാണ് അടുത്ത വില്പന രീതി. ഓൺ ലൈൻ പ്ലാറ്റഫോം വഴിയാണ് ഈ രീതിയിൽ വില്പന നടക്കുന്നത് എന്നതിനാൽ ഇത്തരം പ്ലാറ്റുഫോമുകളുടെ ഘടന നികുതി സമാഹരണത്തിൽ വളരെ പ്രധാനമാണ്. ഇത് ഒരു വിപണി എന്ന നിലയിലാണ് പ്രവർത്തി ക്കുന്നതെങ്കിൽ പ്ലാറ്റഫോം വഴിയായി നികുതി ശേഖരിക്കുകയും സർക്കാരിലേക്ക് അടയ്ക്കു കയും ചെയ്യുന്നു. എന്നാൽ ഇത് തന്നെ ഇൻവെന്ററി മോഡലാകുമ്പോൾ ഫാക്ടറി തന്നെ നികുതി സമാഹരണവും അടയ്ക്കലും നിർവഹിക്കുന്നു. ഇവിടെ ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സാധനങ്ങൾ വാങ്ങാൻ കഴിയും എന്നതും കുറഞ്ഞ പ്രവർത്തന ചെലവും ഒരു അനുകൂല ഘടകമാണ്. ശക്തമായ മത്സരം, പ്ലാറ്റ്ഫോ മിലുള്ള അമിത ആശ്രിതത്വം, തുടങ്ങിയ കാര്യങ്ങൾ പ്രതികൂല ഘടകങ്ങളായി വരുന്നു. സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള വിൽപ്പന യാണ് നാലാമത്തെ മോഡൽ. ഇവിടെ ഫേസ് ബുക്ക്, ഇൻസ്റ്റാഗ്രാം തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളെ വിപണനത്തിനുള്ള മാർഗ്ഗമായി സ്വീകരിക്കുന്നു. പ്ലാറ്റഫോം, വില്പന രീതി തുടങ്ങിയ കാര്യങ്ങളിൽ ഇത് ഇ – കൊമേഴ്സിന് സമാനമാണ്. കൃത്യതയോടെ ഉപഭോക്താ ക്കളെ കണ്ടെത്താം എന്നതും കുറേക്കൂടി പ്രചാരം നേടാൻ കഴിയുന്നു എന്നതും ഇതിന്റെ സവിശേഷതകളാണ്. എന്നാൽ പ്ലാറ്റഫോം നിയന്ത്രണങ്ങൾ, ഉപഭോക്താവിന്റെ അനുഭവ ത്തിന്റെ കാര്യത്തിലുള്ള നിയന്ത്രണക്കുറവ് തുടങ്ങിയ ഘടകങ്ങൾ ഇതിന്റെ കോട്ടവുമാണ്. ഉത്പന്നങ്ങളുടെ സവിശേഷത, ലക്ഷ്യമിട്ടിരി ക്കുന്ന ഉപഭോക്താക്കൾ, ബജറ്റ് തുടങ്ങിയ നിരവധി കാര്യങ്ങൾ ഈ മോഡലിനെ സ്വാധീനിക്കുന്നതാണ്.

എല്ലാ തരത്തിലുമുള്ള മധ്യവർത്തികളെയും ഒഴിവാക്കി നിർമ്മാണ കേന്ദ്രത്തിൽ നിന്നും നേരിട്ട് ഉപഭോക്താവിലേക്ക് ഉത്പന്നങ്ങൾ എത്തിക്കുന്ന മൂന്ന് ഡയറക്റ്റ് സെല്ലിംഗ് മാതൃകകളെ ആറാമത്തെ പട്ടികയിൽ താരതമ്യം ചെയ്യുകയാണ്. ഇതിൽ വ്യാപാരി കളിൽ നിന്ന് വ്യാപാരികളിലേക്കുള്ള വില്പന പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കുന്നു. അതിനാൽ ആദ്യ വില്പന മുതൽ അന്തിമ വില്പന വരെ ഉൽപ്പന്നത്തിന്റെ മൂല്യവർദ്ധന ഒഴിവായിരിക്കുന്നു. അതായത് നികുതി ഈടാക്കലിൽ നിന്നും ഇത്തരം സാദ്ധ്യതകൾ ഒഴിവായിരിക്കുന്നു. ഇതിൽ ഒന്നാം ഘട്ട വില്പനയിൽ സാധനങ്ങൾ വാങ്ങുന്നത് അന്തിമ ഉപഭോക്താവാണെന്ന് കാണാം. അവർക്ക് അത് വീണ്ടും വിൽക്കുന്നതിനുള്ള സാധ്യത നിലനിക്കുന്നു. അവർ രജിസ്റ്റർ ചെയ്ത വ്യാപാരികളല്ലാത്തതിനാൽ നികുതി ബാധ്യതയിൽ നിന്നും ഒഴിവാകുന്നു. ഇത്തരം രീതിയിൽ വിറ്റുവരവിന്റെ വ്യാപ്തം വളരെ ഉയർന്നതാകയാൽ ഈ മേഖലയുടെ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ പതിയേണ്ടത് ആവശ്യമാണ്.

**ജി എസ് ടി ഖജനാവിലേക്ക് എത്തുന്നു വെന്ന് ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങൾ**

നികുതി ശേഖരണത്തിനുള്ള സംവിധാനവും ഒപ്പം എൻഫോഴ്സ്മെന്റ് സംവിധാനവും ശക്തമാക്കുക എന്നതാണ് ഇതിൽ ഒന്നാമത്തെ കാര്യം. നികുതി വിധേയമാകാതെ പോകുന്നവർക്ക് കർശനമായ പിഴ ശിക്ഷ ഉറപ്പാക്കുക, ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക, നികുതി ചോർച്ച പരിമിതമാക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ ഇതിനായി അവലംബിക്കാവുന്നതാണ്. ജി എസ് ടി ഫ്രെയിംവർക്കിൽ നൂതന സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തുക എന്നത് പ്രധാനമാണ്. ഇ – ഇൻവോയ്സിംഗ്, ഡേറ്റ അനലിറ്റിക്സ്, നിർമ്മിത ബുദ്ധി തുടങ്ങിയ സങ്കേതങ്ങൾ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പ് വരുത്താൻ സഹായകമാണ്. ഇത് ക്രമക്കേടുകൾ കണ്ടെത്തുന്നതിനും നികുതി ഒഴിവാക്കുന്നതിനുള്ള സാദ്ധ്യതകൾ മനസിലാക്കുന്നതിനും നികുതി രംഗത്തെ ഉദ്യോഗസ്ഥരെ സഹായിക്കുന്നു. എന്നാൽ സാങ്കേതിക മേഖലയിലെ മാറ്റങ്ങൾ യഥാ സമയം സ്വീകരിക്കാൻ കഴിയാതെ വന്നാൽ ഇത്തരം നടപടികളുടെ ഫലപ്രാപ്തി കുറയ്ക്കുന്നതാണ്.

ഇത്തരത്തിലുള്ള വരുന്ന നഷ്ടം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഒരു മാർഗം ജി എസ് ടി ചട്ടങ്ങളും അതിന്റെ ഘടനയും കൂടുതൽ ലളിതമാക്കുക എന്നതാണ്. നികുതി നിരക്കുകൾ യുക്തിസഹമായി പരിഷ്കരിക്കുക, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംവിധാനം കൂടുതൽ സുതാര്യമാക്കുക തുടങ്ങിയ കാര്യങ്ങൾ ജി എസ് ടി സംവിധാനത്തെ കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന് സഹായകമാണ്. എന്നാൽ ലളിതമാക്കുക എന്ന പ്രക്രിയ തന്നെ പല വെല്ലുവിളികൾ നിറഞ്ഞതാണ്. കാരണം, ബിസിനസ് ഇടപാടുകൾ ഇന്ന് കൂടുതൽ വൈവിധ്യമാർന്നതും സാങ്കേതികവുമായ മാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ മുൻകൈയിൽ നടക്കുന്ന ബോധവത്കരണ പരിപാടികൾ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. നികുതി സമാഹാരണ പ്രക്രിയയിൽ ഉപഭോക്താക്കളുടെ പങ്ക് ഏറെ പ്രധാനപെട്ടതാണെന്ന് അവരെ ബോധ്യപ്പെടുത്താൻ കഴിയണം. കാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ള ഉപഭോക്താക്കൾ ബില്ലുകൾ ചോദിച്ച് വാങ്ങുന്നതിന് തയാറാകും. ഇത് നികുതി വെട്ടിപ്പ് തടയുന്നതിന് ഏറെ സഹായകമാണ്. എന്നാൽ ഇത്തരം ബോധവത്കരണ പരിപാടികൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് തുടർച്ചയായ ശ്രമം ആവശ്യമാണെന്ന് മാത്രമല്ല, പരിപാടികൾ കാലോചിതമായി പരിഷ്കരിക്കുകയും വേണം.

ജി എസ് ടി നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്ന കാര്യത്തിൽ ബിസിനസ് സ്ഥാപനങ്ങളും സർക്കാരും തമ്മിൽ ഏകോപിതമായ പ്രവർത്തനങ്ങൾ ഉണ്ടാകുന്നത് ഏറെ സഹായകരമാണ്. ബിസിനസ് സമൂഹവുമായി ചർച്ചകൾ ഉണ്ടാകുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനും അതുവഴി നികുതി വരുമാനം ഉയർത്തുന്നതിനും ആവശ്യമാണ്. പരസ്പരമുള്ള വിശ്വാസവും ചർച്ചകളും ഇതിന്റെ വിജയത്തിന് അനിവാര്യമാണ്. കൃത്യമായ ആഡിറ്റ്, എൻഫോഴ്സ്മെന്റ് നടപടികൾ തുടങ്ങിയ നടപടികൾ ജി എസ് ടി ഒഴിവാക്കുന്ന പ്രവണത തടയുന്നതിന് അനിവാര്യമാണ്.

**ജി എസ് ടി വരുമാനം ഖജനാവിലെ ത്തുന്നത് ഉറപ്പാക്കുന്നതിലെ തടസ്സങ്ങൾ**

വ്യാപാരി സമൂഹവും ഉപഭോക്താക്കളും ചേർന്നുള്ള സങ്കീർണ്ണമായ ഒരു പ്രക്രിയയാണ് ജി എസ് ടി സമാഹരണം. ഇതിൽ വ്യാപാരികൾ ഒരു ഇടനിലക്കാരായി വർത്തിക്കുന്നു. അവർ വ്യാപാരത്തിന്റെ ഭാഗമായി തന്നെ ഉപഭോക്താക്കളിൽ നിന്ന് ജി എസ് ടി സമാഹരിക്കുകയും അത് സമയബന്ധിതമായി സർക്കാരിലേക്ക് അടയ്ക്കുകയും ചെയ്യുന്നു. എന്നാൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംവിധാനം, ബഹുവിധ നികുതി നിരക്കുകൾ തുടങ്ങിയ ഘടകങ്ങൾ ഈ പ്രക്രിയയിൽ ഏറെ സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നതായി കാണാം. ജി എസ് ടി

വരുമാനം തടസമില്ലാതെ സർക്കാരിലേക്ക് എത്തുന്നതിനെ ഇവ കാര്യമായി സ്വാധീനിക്കുന്നു. ഇക്കാര്യത്തിലുള്ള വെല്ലുവിളികൾ ചെറുതല്ല. ഉപഭോക്താക്കൾക്ക് ജി എസ് ടി സംബന്ധിച്ച അറിവിന്റെ പരിമിതി, ജി എസ് ടി ഘടനയിൽ ഉളവായിരിക്കുന്ന സങ്കീർണ്ണതകൾ, വ്യാപാര സ്ഥാപനങ്ങൾ നികുതിയിൽ നിന്ന് ഒഴിവാകാൻ നടത്തുന്ന ശ്രമങ്ങൾ, നികുതി വെട്ടിപ്പിനും തട്ടിപ്പിനുമുള്ള ശ്രമങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് ജി എസ് ടി വരുമാനം യഥാവിധി സർക്കാരിലേക്ക് വന്നു ചേരുന്നതിനുള്ള മുഖ്യ തടസം.

ഇത്തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ്, കംപ്ലെയ്ൻസ് സംവിധാനം ശക്തിപ്പെടുത്തുക, തത്സമയം തന്നെയുള്ള പരിശോധനകൾ ശക്തമാകുന്നതിന് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക, ജി എസ് ടി ഘടന ലളിതമാക്കുക, ഉപഭോക്താക്കൾക്കിടയിൽ ബോധവത്കരണ നടപടികൾ ശക്തമാക്കുക തുടങ്ങിയവയാണ് അവ. വ്യാപാരി സമൂഹവും അധികൃതരും തമ്മിലുള്ള ശക്തമായ സഹകരണവും ഇതിനാവശ്യമാണ്.

**ഉപസംഹാരം**

ബിസിനസ് സമൂഹവും ഉപഭോക്താക്കളും തമ്മിലുള്ള സചേതനമായ ഒരു പ്രവർത്തനം ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ ഏറെ പ്രധാനമാണ്. ഉപഭോക്താക്കളുടെ അറിവില്ലായ്മ, കംപ്ലെയ്ൻസ് സംബന്ധിച്ച പ്രശ്നങ്ങൾ, നികുതി വെട്ടിപ്പിനുള്ള ശ്രമങ്ങൾ തുടങ്ങിയ കാര്യങ്ങൾ, നികുതി വരുമാനം സർക്കാരിലേക്ക് എത്തുന്ന കാര്യത്തിൽ ഏറെ പ്രധാനമാണ്. സാങ്കേതിക വിദ്യയുടെ പ്രയോഗം, കംപ്ലെയ്ൻസ് ശക്തമാക്കുക, നികുതി ഘടനയുടെ ലളിതവത്കരണം തുടങ്ങിയ നടപടികൾ ഇത്തരം പ്രശ്നങ്ങൾ മറി കടക്കുന്നതിനും നികുതി വരുമാനം ഉയർത്തുന്നതിനും സഹായകരമായ ഒന്നാണ്.

വരുമാനം ഉയർത്തുന്ന കാര്യത്തിൽ ജി എസ് ടി നികുതി സമ്പ്രദായത്തിന്റെ ഫലപ്രദമായ പ്രവർത്തനം വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. അതിനുള്ള നിരന്തരമായ പ്രവർത്തനമാണ് ആവശ്യമായി വരുന്നത്. പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം, ഉപഭോക്തൃ വിദ്യാഭ്യാസം, ബിസിനസ് സമൂഹവുമായുള്ള ക്രിയാത്മക സഹകരണം തുടങ്ങിയ വിവിധ കാര്യങ്ങൾ ജി എസ് ടി സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമാണ്. പരമ്പരാഗത രീതിയിലും നേരിട്ടുള്ള വില്പന മോഡലിലും അടക്കമുള്ള വ്യാപാര രീതികളിൽ ഓരോ ഘട്ടത്തിലും വില കുറച്ചു കാണിക്കുന്നതിനുള്ള പ്രവണത ഇല്ലാതാക്കുന്നതിന് നിരന്തരമായ ജാഗ്രത ആവശ്യമാണ്. നടപടിക്രമങ്ങൾ യഥാസമയം വിശകലന വിധേയമാക്കുക, ഉചിതമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക തുടങ്ങിയ വശങ്ങളും റവന്യു വരുമാനം ഉയർത്തുന്നതടക്കമുള്ള കാര്യങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ്.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ (ഗിഫ്റ്റ്) അസോസിയേറ്റ് പ്രഫസറാണ് തോമസ് ജോസഫ് തൂങ്കുഴി. അസിസ്റ്റന്റ് പ്രഫസറാണ് യു.പി അനിൽകുമാർ)

## End Notes

1 Welcome Kit for New Businesses https://tutorial.gst.gov.in/downloads/news/welcome_kit_for_new_taxpyers.pdf

2 Understanding Goods and Services Tax https://cbic-gst.gov.in/hindi/pdf/ovw-short.pdf

3 https://cbic-gst.gov.in/gst-goods-services-rates.html.

4 GST: Indian system among the most complex globally, says World Bank report https://www.business-standard.com/article/economy-policy/gst-indian-system-among-the-most-complex-globally-says-world-bank-report-118031600472_1.html

5 Challenges In The Current GST Structure: A Way Forward https://www.outlookmoney.com/finance/challenges-in-the-current-gst-structure-a-way-forward-3870

6 Impact of GST on Supply Chain Management: Meaning and Reduction of Transport costs https://cleartax.in/s/gst-on-supply-chain

7 A Study on Consumer Awareness and Perception about GST https://www.researchgate.net/publication/362337076_A_Study_on_Consumer_Awareness_and_P erception_about_GST

8 Use tech to plug loopholes, improve taxpayer services. https://www.business-standard.com/india-news/use-tech-to-plug-loopholes-improve-taxpayer-services-fm-to-gst-officials-124030401051_1.html

9 Customs Act | "Reason To Believe" For Confiscation Of Goods Must Be Based On Credible Material

10 https://www.livelaw.in/high-court/allahabad-high-court/allahabad-high-court-ruling-presumption-of-smuggling-natural-products-grown-in-india-252229

11 4 ways to use indirect tax data for better tax performance and reporting, https://tax.thomsonreuters.com/en/insights/articles/4-ways-to-use-indirect-tax-data-for-better-tax-performance-and-reporting

12 Brief History of GST, https://gstcouncil.gov.in/brief-history-gst

13 GST: The Game-Changer," https://www.thehindubusinessline.com/opinion/gst-has-been-a-game-changer/article66889846.ece

14 KPMG, "Transforming the Indirect Tax Function Through Data Analytics," https://home.kpmg/in/en/home/insights/2021/03/transforming-the-indirect-tax-function-through-data-analytics.html.

15 Center is Planning to Rationalisation GST Slab Rate After Put on Hold for a While https://blog.saginfotech.com/center-planning-rationalisation-gst-slab-rate-put-hold-while

16 Government seeks industry views on GST provisions https://www.business-standard.com/article/news-ians/government-seeks-industry-views-on-gst-provisions-115101800488_1.html

17 Impact of the GST on Corporate Tax Evasion: Evidence from Indian Tax Records, https://www.isid.ac.in/~epu/acegd2022/papers/Shiv_Dixit.pdf

18 How Has GST Data Been Used to Detect and Prevent Tax Evasion?. https://www.captainbiz.com/blogs/how-has-gst-data-been-used-to-detect-and-prevent-tax-evasion/

**References**

Joseph, K. J., & Kumary, L. A. (2023). India's GST Paradigm and the Trajectory of Fiscal Federalism: An Analysis with Special Reference to Kerala. *The Indian Economic Journal*, 71(1), 187-203.

Joseph, K. J., & Kumary, L. A. (2021), Kerala's GST Revenue conundrum: A preliminary exploration within the fiscal federal context. *Kerala Economy*, Vol.2, No.10-12.

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 1*
*ജനുവരി – മാർച്ച് 2024*

# തനത് വരുമാനം ഉയർത്തുന്നതിന് കിഫ്ബിയുടെ സാദ്ധ്യതകൾ

നിർമ്മൽ റോയ് വി പി, പ്രിയങ്ക വി

**സംഗ്രഹം**

*വായ്പയെടുക്കുക വഴി കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് കണ്ടെത്തുന്നതിന് നിയുക്തമായിരിക്കുന്ന നിയമാനുസൃതമായ സ്ഥാപനമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. കിഫ്ബിയുടെ വരുമാന സ്രോതസ്സുകളെ ആസ്പദമാക്കിയാണ് ഈ പഠനം. കിഫ്ബിയുടെ നിലവിലെ വരുമാന സ്രോതസുകളുടെ പരിമിതിയും ഒപ്പം വരുമാനം വർധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതികളുടെ അഭാവവും ഈ സ്ഥാപനത്തിന്റെ കടമെടുത്തുള്ള ചിലവഴിക്കൽ സമ്പ്രദായത്തെ വിമർശനാത്മകമാക്കിയിട്ടുണ്ട്. വരുമാന സാധ്യതകളുടെ അഭാവത്തിൽ ഇത്തരത്തിലുള്ള 'ഓഫ് ബജറ്റ്' വായ്പയെടുക്കലിനെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയാണ് കൺട്രോളർ ആൻഡ് ആഡിറ്റർ ജനറൽ (സി എ ജി) കണക്കാക്കിയിരിക്കുന്നത്. എന്നാൽ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്തുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ ഏറെ പ്രധാനവുമാണ്. കിഫ്ബിയുടെ ഇത്തരം പ്രവർത്തനങ്ങളിൽ സുസ്ഥിര വികസന ലക്ഷ്യത്തിന്റെ ഘടകങ്ങൾ (എസ് ഡി ജി) ഉൾപ്പെടുത്തി പരിശോധിക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം. തനത് വരുമാനം ഉയർത്തുന്നതിന് സഹായകമായ കിഫ്ബിയുടെ സൗരോർജ പദ്ധതികളുടെ അടിസ്ഥാനത്തിലാണ് ഈ പരിശോധന. കാർബൺ ട്രേഡിങ്ങ് വഴിയുള്ള വരുമാന സാധ്യതകളും ഇതിനായി വിശകലനം ചെയ്യുന്നു.*

**ആമുഖം**

കഴിഞ്ഞ ഏതാനും ദശകങ്ങളായി വികസ്വര രാജ്യങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം കാര്യമായ പ്രാധ്യാന്യം ലഭിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്. എന്നാൽ ഉയർന്നു വരുന്ന ഇത്തരം ആവശ്യങ്ങൾക്കൊത്ത വണ്ണം പണം ഇല്ലാതെ വരുന്നത് ഈ രാജ്യങ്ങളുടെ നയപരമായ പ്രശ്നമായി മാറിയിട്ടുണ്ട് (ബാൽ–2013, ഫ്രാവാക്–വിക്കോവിക്, കോപനയി–2014). ഇന്ത്യയെ പോലുള്ള രാജ്യങ്ങളിലെ സംസ്ഥാന ഭരണ കൂടങ്ങൾ ഇക്കാര്യത്തിൽ നേരിടുന്നത് ഇരട്ട പ്രതിസന്ധിയാണ്. അടിസ്ഥാന സൗകര്യ വികസന രംഗത്ത് ആവശ്യങ്ങൾ വൻതോതിൽ ഉയർന്നു വരുന്നതിനൊപ്പം പണം ഇല്ല എന്നതാണ് അത്. ശക്തമായി വരുന്ന നഗരവൽക്കരണമാണ് മറ്റൊരു പ്രധാന വെല്ലുവിളി. നഗരവൽകരണം അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യം കാര്യമായി ഉയർത്തുന്നതാണ്. ഈ അടിസ്ഥാന സൗകര്യ വികസനം പ്രാഥമികമായി സംസ്ഥാന സർക്കാരുകളുടെ ചുമതലയിൽ വരുന്നതാണെങ്കിലും പ്രധാനപ്പെട്ട പല പദ്ധതികളും നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം കൂടിയേ തീരൂ (ഗാന്ധി, പഥക് – 2016).

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന

പ്രാദേശിക ഭരണകൂടങ്ങൾ ഇന്ത്യയിൽ സംസ്ഥാന ലിസ്റ്റിലാണ് ഉൾപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് നഗരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാനങ്ങളുടെ അനുമതി ആവശ്യമാണ്. ചില അവസരങ്ങളിൽ ഇത്തരം പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിന് കേന്ദ്ര സർക്കാർ അനുമതിയും ആവശ്യമാണ്. അതുകൊണ്ട് അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പണം സമാഹരിക്കുന്നതിന് നൂതനമായ മാർഗ്ഗങ്ങൾ കണ്ടെത്താൻ സംസ്ഥാന സർക്കാരുകൾക്ക് ഇത് പ്രേരകമാകുന്നു.

ഇത്തരത്തിൽ വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള സ്വയംഭരണ സ്ഥാപനമാണ് കിഫ്ബി. പൊതുഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ഐ ടി, ടെലിക്കമ്യൂണിക്കേഷൻ, ഊർജം, ജലവിതരണം തുടങ്ങിയ വിവിധ മേഖലകളിലെ സാമൂഹ്യവും ഭൗതികവുമായ അടിസ്ഥാന സൗകര്യ വികസനത്തിന് ഈ സ്ഥാപനം ഫണ്ട് ലഭ്യമാക്കുന്നു. ഇതുവരെയായി 70,000 കോടി രൂപ ഇത്തരത്തിൽ നല്കാൻ കഴിഞ്ഞുവെന്നാണ് കണക്ക് (കിഫ്ബി–2023). എന്നിരുന്നാലും ഈ സ്ഥാപനത്തിന്റെ പ്രവർത്തന ശൈലിയെ കുറിച്ച് ഒട്ടേറെ വിമർശനങ്ങളുണ്ട്. ഈ സ്ഥാപനം സ്വീകരിക്കുന്ന ഓഫ് ബജറ്റ് വായ്പകളുടെ ഭരണഘടന സാധുത സി എ ജി ചോദ്യം ചെയ്തതോടെയാണ് ഇത്തരം വിമർശനങ്ങൾ ചർച്ചയായത്. സി എ ജി പറയുന്നത് ,കിഫ്ബിയുടെ വരുമാന മോഡൽ സ്ഥിരതയാർന്ന ഒന്നല്ല എന്നാണ്. സെസിൽ നിന്നുള്ള വരവ് ഒഴിച്ച് നിർത്തിയാൽ, വരുമാനം ഉറപ്പ് നൽകുന്ന കൃത്യമായ ഒരു പദ്ധതി ഈ സ്ഥാപനത്തിനില്ല എന്നതാണ് വിമർശനത്തിന്റെ കാതൽ. അതുകൊണ്ട് അന്തിമ വിശകലനത്തിൽ ഈ സ്ഥാപനം എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി മാറുക തന്നെ ചെയ്യുമെന്നാണ് വിമർശകർ വാദിക്കുന്നത്.

ഈ വിമർശനങ്ങൾ ചൂണ്ടിക്കാട്ടുന്ന ചില പ്രശ്നങ്ങളുണ്ട്. വരുമാനം ഉറപ്പ് വരുത്താൻ കഴിയുന്ന സ്രോതസുകൾ ഇല്ല എന്നതാണ് അതിൽ പ്രധാനം. രണ്ടാമത്തേത് നിലവിലെ വരുമാന സാദ്ധ്യതകൾ സുസ്ഥിരമല്ല എന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ ഒരു സംസ്ഥാനത്തിനും മുന്നോട്ട് പോകാൻ കഴിയില്ലെന്നതാണ് ഏറെ പ്രധാനപ്പെട്ട കാര്യം. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി വരുന്ന അടിസ്ഥാന സൗകര്യങ്ങൾ, മികച്ച നഗരങ്ങൾ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ കാര്യങ്ങൾ ഇതുമായി ചേർന്ന് പോകുന്നതാണ്. അതായത് അടിസ്ഥാന സൗകര്യങ്ങൾ മികച്ചവയാവണം എന്നതിന് പുറമെ, അത് സുസ്ഥിരവും കാലാവസ്ഥാ സൗഹൃദവുമാകണം. അതുകൊണ്ട് ഈ പഠനം ലക്ഷ്യമാക്കുന്നത്, കിഫ്ബി തനത് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളെ അവലോകനം ചെയ്യുക എന്നതാണ്. കാർബൺ ട്രേഡിങ് കാലാവസ്ഥ വ്യതിയാനം തടയുന്നതിനുള്ള ഒരു മാർഗം എന്നതിന് പുറമെ, വരുമാനത്തിനുള്ള ഒരു ബദൽ സാധ്യത കൂടിയാണ്. ഈ സാഹചര്യത്തിൽ 'സീറോ എമിഷൻ' കൈവരിക്കുക എന്ന ലക്ഷ്യത്തിന് പുറമെ ഇത് വരുമാനം ഉയർത്തുന്നതിനുള്ള മികച്ച ഒരു മാർഗം എന്ന നിലയിൽ കൂടി പ്രയോജനപ്പെടുത്താവുന്നതാണ്. ഈ പഠനം ലക്ഷ്യമിടുന്നത് സൗരോർജത്തിന്റെ ഉല്പാദനവും അതിന്റെ ഫലമായി ലഭ്യമാകുന്ന കാർബൺ ട്രേഡിങ്ങിന്റെ സാധ്യതകളെ കുറിച്ചുമുള്ള ഒരു വിശകലനമാണ്. കിഫ്ബിക്ക് ഇതുവഴി എങ്ങനെ വരുമാനം ഉയർത്താൻ കഴിയും എന്ന കാര്യം കൂടി പരിശോധിക്കുന്നുണ്ട്.

**ഒരു അവലോകനം**

അടിസ്ഥാന സൗകര്യ വികസനം സാമ്പത്തിക വളർച്ചയിൽ ചെലുത്തുന്ന സ്വാധീനത്തെ കുറിച്ച് നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട് (കാൽ ഡെറോൺ, സെർവൻ–2004, റോളർ വേവർമാൻ–2001, ആഗ്നർ മോറിനോ ഡോഡ്സൺ –2006). എന്നാൽ ആഗോളതലത്തിൽ തന്നെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ചെലവുകളിൽ

കാര്യമായ തോതിലുള്ള കുറവ് പ്രകടമാണ് (ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്–2009 ഒ ഇ സി ഡി –2007). വികസ്വര രാഷ്ട്രങ്ങൾ പ്രത്യേകിച്ച് കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങൾ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ കൂടുതൽ മുതൽ മുടക്കേണ്ടത് ആവശ്യമാണ്. ആ രാജ്യങ്ങളിലെ ഉയർന്നു വരുന്ന നഗരവത്കരണവും എല്ലാ വരെയും ഉൾക്കൊള്ളുന്ന വികസനവും ഇത് അനിവാര്യമാക്കുന്നു (ഭട്ടാചാര്യ, റൊമാനി, നിക്കോളാസ് 2012). ഇവിടെ എടുത്തു പറയേണ്ട ഒരു കാര്യം, അടിസ്ഥാന സൗകര്യ വികസന മേഖലയിലെ പണവിനിയോഗത്തെ കുറിച്ചുള്ള പഠനങ്ങളുടെ സിംഹഭാഗവും നഗര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തെ കുറിച്ചാണ് എന്നതാണ്.

ആഗോളതലത്തിൽ നഗരവൽകരണം ഇന്ത്യ, ചൈന, ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവ ഉൾപ്പെടുന്ന ഗ്ലോബൽ സൗത്ത് എന്ന മാറ്റത്തെ കൂടുതൽ ശാക്തീകരിച്ചിട്ടുണ്ട്. ലോകത്തെ നഗര ജനസംഖ്യയുടെ പകുതിയിലേറെ അധി വസിക്കുന്ന ഈ മേഖല ഭാവിയിൽ ഏറ്റവും മികച്ച വളർച്ചാ കേന്ദ്രങ്ങളായി മാറും എന്നുറപ്പാണ് (യു എൻ ഹാബിറ്റാറ്റ്–2018). എന്നാൽ ദക്ഷിണാർദ്ധ ഗോളത്തിൽ വരുന്ന ഈ നഗരങ്ങൾ വ്യക്തമായ ആസൂത്രണത്തോടെ കെട്ടിപ്പടുക്കപ്പെട്ടവയല്ല. മാത്രവുമല്ല, ഈ മേഖലയിലെ ഭരണ നിർവഹണം ഉത്തര മേഖലയെ അപേക്ഷിച്ച് സങ്കീർണ്ണവും താരതമ്യേന താരതമ്യേന ദുർബലവുമാണ്. ലോക സാമ്പത്തിക ഫോറ ത്തിന്റെ 2018ലെ കണക്കുകൾ പ്രകാരം അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ 140 രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയുടെ റാങ്കിങ് അറുപത്തിമൂന്നാമതാണ്. ആഗോള തലത്തിൽ തന്നെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യ ത്തിൽ പരിമിതി നേരിടുന്ന ഒരു രാജ്യമാണ് ഇന്ത്യ.

ഇന്ത്യയുടെ കാര്യത്തിൽ അടിസ്ഥാന സൗകര്യ വികസന രംഗത്തെ നിക്ഷേപങ്ങൾ കുറയുന്നതി നുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടു ന്നത്, വൻ നഗരങ്ങളുടെ എണ്ണം പെരുകി വരുന്നതും തിരക്കേറിയ റോഡുകളും, മെട്രോ ട്രെയിനുകളുടെ കുറവ്, വിമാനത്താവളം, തുറമുഖം തുടങ്ങിയവയുടെ കുറവ്, ഊർജം, ആരോഗ്യം, വിദ്യാഭ്യാസ സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങളുടെ പരിമിതി തുടങ്ങിയവയാണ്. 2007 മുതൽ 2017 വരെയുള്ള ഒരു ദശകക്കാലത്ത് അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ഇന്ത്യ ചെലവഴിച്ചിരിക്കുന്നത് 1.2 ട്രില്ല്യൻ ഡോളർ മാത്രമാണെന്നാണ് ക്രിസിലിന്റെ കണക്ക് (2017). ഇതിൽ മൂന്നിൽ രണ്ട് ഭാഗവും പൊതുമേഖല യാണ് മുതൽ മുടക്കിയിരിക്കുന്നത്. ഈ രംഗത്ത് സ്വകാര്യ മേഖലയുടെ പങ്കാളിത്തം കുറയുന്ന തിനെ കുറിച്ചാണ് കൂടുതൽ പഠനങ്ങളും ചർച്ച ചെയ്തിരിക്കുന്നതെന്ന് കാണാം. സ്വകാര്യ മുതൽമുടക്ക് പ്രയോജനപ്പെടുത്തുന്നതിനോ പി പി പി മോഡൽ അടക്കമുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിനോ നമുക്ക് വേണ്ടത്ര വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല (ഐ സി ആർ എ–2015).

ഐ സി ആർ എ പറയുന്നത്, ആഭ്യന്തര സ്ഥാപനങ്ങൾക്ക് ഫണ്ട് സമാഹരിക്കുന്ന കാര്യത്തിൽ കൂടുതൽ സ്വാതന്ത്ര്യം നൽ കേണ്ടതും വിദേശത്തെ വായ്പ വിപണി കൂടുതൽ സ്വീകാര്യമാക്കുകയും ചെയ്യുക എന്നത് അടിസ്ഥാന സൗകര്യ വികസന മേഖലയിലെ പണത്തിന്റെ കുറവ് പരിഹരിക്കുന്നതിന് ആവശ്യമാണ് എന്നാണ്. ഇത്തരം ധനാഗമ വഴികൾ പ്രയോജനപ്പെടുത്താൻ കഴിയുന്ന നിരവധി മാർഗ്ഗങ്ങൾ ഈ പഠനവും അഗർവാളും (2020) ചൂണ്ടിക്കാണിക്കുന്നുണ്ട്. റിസർവ് ബാങ്ക് സ്വീകരിച്ച ചില നടപടികളെ കുറിച്ച് ഖാൻ (2015) പരാമർശിക്കുന്നുണ്ട്. ഇത്തരത്തിലുള്ളകാര്യ ങ്ങളെ അടിസ്ഥാന സൗകര്യ വികസനത്തി നായി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത അഗർവാൾ (2020) ചൂണ്ടിക്കാട്ടുന്നു. അതേസമയം, വിദേശ സഹായം സ്വീകരിക്കുന്നത് കൂടുതൽ ചെലവേറിയതും ആഭ്യന്തര കറൻസിയുടെ വിലയിടിയുന്നത് അതിന്റെ ആഘാതം വർധിപ്പിക്കുമെന്നുമാണ് ഹാരിസ്, പ്രതാപ് (2009) എന്നിവരുടെ പക്ഷം.

എന്നാൽ ഇത്തരത്തിൽ ധനസമാഹരണത്തി

നായുള്ള നൂതന മാർഗ്ഗങ്ങൾ കൃത്യമായ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് ഇവ ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ റവന്യൂ വരുമാനം ഉയർത്തുന്നതിന് സഹായകമാകുമോ എന്നതടക്കമുള്ള കാര്യങ്ങളിൽ. കിഫ്ബി പോലുള്ള സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ ദേശീയതലത്തിൽ തന്നെ വളരെ കുറവ് പഠനങ്ങളെ ഉണ്ടായിട്ടുള്ളൂ. ഇന്ത്യൻ സാഹചര്യം പരിഗണിക്കുമ്പോൾ, പ്രാദേശികമായ പല നികുതികളും ഇല്ലാതായത് അടക്കമുള്ള കാര്യങ്ങൾ എപ്രകാരമാണ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചത് എന്നതടക്കമുള്ള കാര്യങ്ങൾ പഠന വിധേയമാക്കേണ്ടതുണ്ട്. പ്രാദേശികമായ പല നികുതികളും ഒഴിവാക്കി കൊണ്ട് കൊണ്ട് വന്ന ജി എസ് ടി സമ്പ്രദായം പ്രാദേശിക സർക്കാരുകളുടെ വരുമാനത്തെ ഗണ്യമായ അളവിൽ കുറച്ചിട്ടുണ്ട്. ഇത് അർബൻ മുനിസിപ്പൽ ഭരണ കൂടങ്ങളുടെ സാമ്പത്തിക സ്വാധീനത്തെ നിർണ്ണയിക്കുന്ന കാര്യത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട് (മങ്കികർ –2018).

മുനിസിപ്പൽ വരുമാനവും ജി ഡി പിയും തമ്മിലുള്ള അനുപാതം 0.45 ശതമാനം എന്ന തോതിലും തനത് വരുമാനവും ജി ഡി പിയും തമ്മിലുള്ള അനുപാതം 0.23 ശതമാനം എന്ന തോതിലുമാണ്. മുനിസിപ്പൽ ചെലവുകളും ജി ഡി പിയും തമ്മിലുള്ള അനുപാതം 0.37 ശതമാനമാണ്. ഇന്ത്യയിലെ മുനിസിപ്പാലിറ്റികളുടെ സ്ഥിതി വ്യക്തമാക്കുന്ന കണക്കുകളാണ് ഇത് (റോയ്, മംഗള–2019). 2012–13ലെ കണക്കുകൾ പരിശോധിക്കുമ്പോൾ മുനിസിപ്പാലിറ്റികളുടെ വരുമാനത്തിൽ തനത് വരുമാനത്തിന്റെ പങ്ക് 51.6 ശതമാനമാണെന്ന് കാണാം. ഇതിൽ നികുതി വരുമാനം 32 ശതമാനവും നികുതിയേതര വരുമാനം 19.7 ശതമാനവുമാണ് (മൊഹന്തി–2016). മുനിസിപ്പാലിറ്റികളുടെ വരുമാനം നിശ്ചലാവസ്ഥയിൽ തുടരുമ്പോഴും വരുമാനത്തിന്റെ നല്ലൊരു പങ്ക് റവന്യൂ ചെലവുകളിലേക്കാണ് പോകുന്നത്. മൂലധന ചെലവുകൾ തുലോം കുറവാണെന്നും കാണാം. അതിനാൽ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ മുനിസിപ്പാലിറ്റികളുടെ പങ്കാളിത്തം വളരെ കുറവാണ്.

സമതുലിതമായ ഒരു ബജറ്റ് നിലനിർത്തി പോരുന്നതിനുള്ള ശ്രമമാണ് ഇത്തരത്തിൽ അടിസ്ഥാന സൗകര്യ വികസന രംഗത്തെ ചെലവുകൾ കുറയുന്നതിനുള്ള കാരണം. വരുമാനത്തിന്റെ കാര്യത്തിൽ പ്രാദേശിക ഭരണ സംവിധാനങ്ങൾക്കുള്ള അധികാരങ്ങൾ സംസ്ഥാന അസംബ്ലി നിർണ്ണയിക്കുന്നതാണ്. (അലുവാലിയ–2019, മക്കിൻസി–2010, എച്ച് ഇ പി സി–2011, എൻ യു പി എഫ് –2018).

കാർബൺ ബഹിർഗമനം കുറയ്ക്കൽ, പുനരുപയോഗ ഊർജം, സാമ്പത്തിക വികസനം തുടങ്ങിയ വിഷയങ്ങളിൽ നിരവധിയായ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. കാർബൺ ന്യൂട്രാലിറ്റി സാധ്യമാകത്തക്ക വിധത്തിൽ വൈദ്യുതി ഉല്പാദന രംഗത്ത് പൊതു–സ്വകാര്യ മേഖലകൾക്ക് എപ്രകാരം സഹകരിക്കാം എന്നതിനെ കുറിച്ച് പല പഠനങ്ങളും ഉണ്ടായിട്ടുണ്ട്. ഷാങ് (2011) വൈദ്യുതി ഉല്പാദനത്തിന്റെ സാധ്യതകളെ കുറിച്ച് പഠനം നടത്തുകയും വൈദ്യുതി – ഹൈഡ്രജൻ പാത, വൈദ്യുതി – ഹൈഡ്രജൻ, കാർബൺ പാത എന്നിവ മുന്നോട്ട് വയ്ക്കുകയും ചെയ്തു. അതുപോലെ തന്നെ ഉയർന്നു വന്ന മറ്റൊരു നിർദേശമാണ് ബയോ മാസ് ഊർജവും വൈദ്യുതിയും. കാർബൺ നിരാകരണ പ്രക്രിയയിൽ വൈദ്യുതി വഹിക്കുന്ന പങ്ക് പഠനങ്ങൾ ഊന്നി പറയുകയും ചെയ്യുന്നു.

കാർബൺ ന്യൂട്രലായ ഊർജത്തിന്റെ ഉത്പാദനം വഴിയായി സാമ്പത്തിക വളർച്ചയും സുസ്ഥിരതയും ഉറപ്പാക്കുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ ഏറെ പ്രാധാന്യമുള്ള കാര്യമാണ്. സാമ്പത്തിക വളർച്ച കൈവരിക്കുന്ന കാര്യത്തിൽ കാർബൺ ന്യൂനവത്കരണത്തിന്റെ പങ്കിനെ കുറിച്ച് നിരവധി വിദഗ്ധർ പഠനങ്ങൾ നടത്തിയിട്ടുണ്ട്. പുനരുപയോഗ ഊർജ ഉല്പാദന രംഗത്തുള്ള കമ്പനികൾ കാർബൺ

ന്യൂനവത്കരണ പ്രക്രിയക്ക് കാര്യമായ ഊന്നൽ നല്കുന്നതായാണ് റിവേറ, സെബ്രിങ് (2022) ബ്ലാക്ക് (2022) എന്നിവർ പറയുന്നത്. അവർക്ക് ഇത്തരം പദ്ധതികളിൽ നിന്ന് അധിക വരുമാനം ലഭിക്കുന്നു എന്നതാണ് ഇതിന് കാരണം. കാർബൺ നികുതികൾ സാമ്പത്തികവും പാരിസ്ഥിതികവും പ്രായോഗികവുമായ മേൽക്കൈ നൽകുന്നതായി അവർ പറയുന്നു. അലക്സ് വൈ ലോ (2016), ഡോങ് (2016) ഫിലിബേർട്ട് (1999) എന്നിവർ കാർബൺ വ്യാപാരം കൂടുതൽ നിക്ഷേപ അവസരങ്ങൾ പ്രദാനം ചെയ്യുന്നതിനെ കുറിച്ചും സാമ്പത്തിക വികസനത്തെ കുറിച്ചും വിശദമാക്കുന്നു.

നിക്ഷേപത്തിന്റെ കാര്യത്തിലെ സ്ഥിരത അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നതായി ഇവർ പറയുന്നു. ഇതിനായുള്ള പ്രത്യേക ബജറ്റുകൾ മുഖേന, ഇത്തരത്തിലുള്ള എമിഷൻ വ്യാപാരത്തിൽ വികസ്വര രാജ്യങ്ങൾ കൂടുതലായി പങ്കാളികളാകുന്നത് അവയ്ക്ക് മൂലധന ലഭ്യത ഉയർത്തുന്നതിനും സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും സഹായകമാണെന്ന് ഇവർ വാദിക്കുന്നു. കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതി ഉത്പാദനം ലോകത്ത് കുറയുന്ന പ്രവണത കാണാം. ഊർജ്ജ പ്രസരണം, പുനരുപയോഗ ഊർജ്ജ ഉത്പാദനം തുടങ്ങിയ മേഖലകൾ കൂടുതൽ വാണിജ്യപരമായ സാദ്ധ്യതകൾ നൽകുന്നു എന്നതും ശ്രദ്ധേയമാണ്. 1971 മുതൽ 2011 വരെയുള്ള ഘട്ടത്തിൽ ചൈന, ഇന്ത്യ, ദക്ഷിണ കൊറിയ, ബ്രസീൽ, മെക്സിക്കോ, ഇൻഡോനേഷ്യ, ദക്ഷിണാഫ്രിക്ക, തുർക്കി, തായ്‌ലൻഡ്, മലേഷ്യ എന്നീ രാജ്യങ്ങളുടെ കാർബൺ വ്യാപാരത്തെ കുറിച്ച് പഠനം നടത്തിന്ന എർട്ടുഗൽ (2016) പറയുന്നത്, യഥാർത്ഥ വരുമാനം, ഊർജ്ജ ഉപയോഗം, വ്യാപാരത്തിലെ തുറന്ന സമീപനം എന്നീ ഘടകങ്ങൾ കാർബൺ ബഹിർഗ മനത്തിന്റെ കാര്യത്തിൽ ഭാവിയിലെ നിർണ്ണായക ഘടകങ്ങളാണ് എന്നാണ്.

കാർബൺ പുറന്തള്ളലും കാലാവസ്ഥാ വ്യതിയാനവും തമ്മിൽ കാര്യമായ ബന്ധമുണ്ട് എന്നത് സുവിദിതമായ വസ്തുതയാണ്. ഇക്കാര്യത്തെ കുറിച്ച് നിരവധി വിദഗ്ധ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം പഠനങ്ങളും അഭിപ്രായപ്പെടുന്നത്, പുനരുപയോഗ ഊർജ്ജത്തിന്റെ ഉല്പാദന രംഗത്ത് കാര്യമായ ഊന്നൽ നൽകണമെന്നാണ്. 2023ലെ മോർഗൻ സ്റ്റാൻലിയുടെ പഠനം, 'ക്ലൈമറ്റ് ആക്ഷൻ ട്രാക്കർ' (2020), ഗോരൈൻ തുടങ്ങിയവരുടെ (2021) പഠനങ്ങൾ പറയുന്നത് കാർബൺ പുറന്തള്ളൽ കുറയ്ക്കുന്ന കാര്യത്തിൽ വിവിധ രാജ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ള ലക്ഷ്യം നേടുന്ന കാര്യത്തിൽ നിർണ്ണായകമാണ് എന്നാണ്. പ്രത്യേകിച്ച് 2030 ഓടെ കാർബൺ പുറന്തള്ളൽ കുറഞ്ഞത് 1 ഗിഗാ ടൺ എന്ന തോതിൽ കുറയ്ക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന സാഹചര്യത്തിൽ. വിവിധ രാജ്യങ്ങളിലെ ഗവൺമെന്റുകൾ സീറോ എമിഷനാണ് ലക്ഷ്യം വയ്ക്കുന്നത്. ഇത് പ്രശ്നത്തിന്റെ ഏതാണ്ട് 90 ശതമാനം വരെ കവർ ചെയ്യുന്നതാണ്. ഇത്തരം ലക്ഷ്യങ്ങൾ പുനരുപയോഗ ഊർജ്ജ ഉല്പാദനത്തിന് ഏറെ സഹായകമാണ്.

പഠനങ്ങൾ വ്യക്തമാക്കുന്ന കാര്യം കാർബൺ ബഹിർഗമനം നിയന്ത്രിക്കുന്നതിന് പുനരുപയോഗ ഊർജ്ജ സാങ്കേതിക വിദ്യയിൽ കൂടുതൽ ശ്രദ്ധവേണമെന്നാണ്. വനവത്കരണം, പുറന്തള്ളൽ കുറയ്ക്കുന്നതിനായുള്ള തന്ത്രങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇതിൽ വളരെ പ്രധാനമാണ്. ഇന്ത്യയിൽ കാർബൺ പിടിച്ചെടുക്കൽ, ഉപയോഗം, സൂക്ഷിപ്പ് (സി സി യു എസ്) എന്നിവയും അത് വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും വളരെ പ്രധാനപെട്ടതാണ്. കാർബൺ ബഹിർഗമനത്തിലെ മേഖല തിരിച്ചുള്ള വിവരങ്ങൾ കാണിക്കുന്നത് പുനരുപയോഗ ഊർജ്ജം ഇന്ത്യയിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു എന്നാണ്. സാധാരണ ഉപയോഗിക്കുന്ന ഊർജ്ജോല്പാദന പ്രക്രിയക്ക് മാറ്റം വരുത്തിയാൽ കാർബൺ ഒഴിവാക്കുക എന്നതിന്റ 30 ശതമാനം കയ്യാളാൻ സാധിക്കുമെന്നാണ്. 2022ൽ ബായ്, റു എന്നിവർ ഒരു പഠനം

നടത്തുകയുണ്ടായി. എമിഷൻ കുറയ്ക്കുന്ന കാര്യത്തിലും പുനരുപയോഗ ഊർജത്തിന്റെ ഉത്പാദനത്തിലും എമിഷൻ ട്രേഡിങ് സംവിധാനങ്ങൾക്കുള്ള (ഇ ടി എസ്) പങ്കിനെ കുറിച്ചാണ് അവർ പഠനം നടത്തിയത്. അവർ പറയുന്നത് ഇത്തരം സംവിധാനങ്ങൾ വാതക ബഹിർഗമനം 12 ശതമാനത്തിലധികം കുറയ്ക്കാൻ സഹായകമാണ് എന്നാണ്.

സൗരോർജ പദ്ധതി വീടുകളിലും സർക്കാർ സ്ഥാപനങ്ങളിലും നടപ്പാക്കിയത് സുസ്ഥിര വികസന ലക്ഷ്യം സാധൂകരിക്കുന്നതിനും റവന്യൂ വരുമാനം ഉയർത്തുന്നതിനും സഹായകരമായെന്നത് നിരവധി പഠനങ്ങളിൽ നിന്ന് വ്യക്തമായിട്ടുണ്ട്. ഈ പഠനങ്ങൾ നിർദേശിക്കുന്നത് സൗരോർജ പദ്ധതികളിൽ വൻതോതിലുള്ള മുതൽമുടക്ക് നടത്തണമെന്നാണ്. ഇതിനായി നയപരമായ തീരുമാനങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. 2021ൽ മിഡൽഹൗവ് സ്വിറ്റ്സർലാണ്ടിലെ കെട്ടിടങ്ങളിൽ 'ഫോട്ടോവോൾട്ടായിക്' (പി വി) പാനൽ സ്ഥാപിച്ചതിന്റെ വിജയത്തെ കുറിച്ച് ഒരു പഠനം നടത്തുകയുണ്ടായി. ഈ പദ്ധതി അവിടത്തെ ഒരു ജില്ലയിൽ പൂർണമായും നടപ്പാക്കുകയുണ്ടായി. ഇത്തരത്തിൽ പി വി യിൽ നിന്നുള്ള ഊർജം ഉപയോഗിച്ച് കൊണ്ട് മാത്രം ഒരു ജില്ലയ്ക്ക് കാർബൺ ന്യൂട്രാലിറ്റി നേടാൻ കഴിയുമെന്നാണ് ഈ പഠനം പറയുന്നത്. പക്ഷെ എല്ലാത്തരത്തിലുള്ള മേൽക്കൂരകളിലും സൗരോർജ പാനൽ സ്ഥാപിക്കാൻ കഴിയണം. ഇത്തരത്തിലുള്ള ഫോട്ടോവോൾട്ടായിക് മേൽക്കൂരകൾ വഴിയായി കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ കഴിയുമെന്നാണ് 2016ൽ ഗോയൽ നടത്തിയ പഠനം പറയുന്നത്. പരമ്പരാഗത ഊർജ സ്രോതസുകളിൻമേലുള്ള ആശ്രിതത്വം ഒഴിവാക്കുന്നത് വഴിയാണ് ഇത് സാധ്യമാകുന്നത്. ഈ പഠനം മേൽക്കൂര പദ്ധതി നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും വിശകലനം ചെയ്യുകയുണ്ടായി. മേക് ഇൻ ഇന്ത്യ, സ്മാർട്ട് സിറ്റി മിഷൻ, ഡിജിറ്റൽ ഇന്ത്യ തുടങ്ങിയ നിലവിലെ പദ്ധതികളുമായി സൗരോർജ പദ്ധതിയെ ബന്ധിപ്പിക്കണമെന്നാണ് പഠനം നിർദേശിക്കുന്നത്.

പുരപ്പുറ സൗരോർജ പദ്ധതി ഇന്ത്യയിൽ ഇനിയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് 2018 ൽ നായക് നടത്തിയ പഠനത്തിൽ നിന്നും വ്യക്തമാകുന്നത്. പരമ്പരാഗത രീതിയിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയെയാണ് കൂ ഇന്ത്യയിൽ കൂടുതലായും ആശ്രയിക്കുന്നത്. സൗരോർജ പാനലുകൾ വയ്ക്കാൻ കഴിയുന്ന ധാരാളം സ്ഥലം ഇന്ത്യയിൽ ലഭ്യമാണ്. കാർബൺ വരുമാനത്തെ കുറിച്ച് 2016 ൽ കാൾ ഒരു പഠനം നടത്തുകയുണ്ടായി. ഈ പഠനം പറയുന്നത് ലോകമെമ്പാടുമായി പ്രതിവർഷം 28.3 ബില്യൺ ഡോളർ കാർബൺ വരുമാനമായി നേടുന്നുണ്ട് എന്നാണ്. ഇക്കാര്യത്തിൽ തെക്ക് കിഴക്കനേഷ്യൻ രാജ്യങ്ങൾക്ക് കൂടുതൽ നല്ല സാധ്യതയുണ്ടെന്നാണ് 2022ൽ ശ്രീനാഥ് തൻറെ പഠനത്തിൽ കണ്ടെത്തിയിരിക്കുന്നത്. കാരണം, ഈ രാജ്യങ്ങളിൽ സോളാർ ഫോട്ടോവോൾട്ടായിക്ക് ഊർജ സാദ്ധ്യതകൾ ഇനിയും വേണ്ട വിധം പ്രയോജനപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ആസിയാൻ മേഖലയിൽ കഴിഞ്ഞ പത്തു വർഷക്കാലത്തിനിടയിൽ ഉണ്ടായ നയപരമായ മാറ്റങ്ങളെ കുറിച്ച് ഈ ലേഖനം പരിശോധിക്കുന്നുണ്ട്. വിയറ്റ്നാമിനാണ് ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ സ്ഥാപിത ശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. തായ്‌ലൻഡ്, മലേഷ്യ എന്നീ രാജ്യങ്ങൾ തുടർന്നുള്ള സ്ഥാനങ്ങളിൽ വരുന്നു. ഈ മേഖലയിലെ നയപരമായ നിലപാടുകൾ, പിന്തുണക്കുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങിയ കാര്യങ്ങളെ ആശ്രയിച്ചാണ് സൗരോർജ രംഗത്തെ വികസനമെന്നാണ് ഈ പഠനം ചൂണ്ടിക്കാണിക്കുന്നത്.

**ലക്ഷ്യങ്ങളും ഗവേഷണത്തിന്റെ അഭാവവും**

അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് ലഭ്യമാക്കുന്ന വിഷയത്തിൽ വലിയ മുന്നേറ്റം നടത്താൻ കിഫ്ബിക്ക് കഴിഞ്ഞുവെങ്കിലും അതിന് ഒട്ടേറെ പരിമിതികൾ ഉണ്ടെന്ന് കാണാം. ഒരു കോർപറേറ്റ് സ്ഥാപനം എന്ന നിലയിലാണ് കിഫ്ബി സ്ഥാപിതമായിട്ടുള്ളത്. റിസർവ് ബാങ്കും സെബിയും അനുവദിച്ചിട്ടുള്ള മാർഗ്ഗങ്ങളിലൂടെയാണ് അത് പണം സമാഹരിക്കുന്നത്.

പൊതുമേഖല ബാങ്കുകളിൽ നിന്നുള്ള വായ്പകൾ, എൻ ആർ കെ ചിട്ടി, മസാല ബോണ്ട് തുടങ്ങിയ മാർഗ്ഗങ്ങൾ ഇതിനായി ഉപയോഗിക്കുന്നു. വായ്പ തിരിച്ചടവിൽ വീഴ്ച്ച ഉണ്ടാകാതിരിക്കുന്നതിനായി സർക്കാർ ഗ്യാരന്റിയും ഉറപ്പാക്കുന്നു. മോട്ടോർ വാഹന നികുതിയിന്മേലുള്ള ഇന്ധന സെസ്സ്, പ്രട്രോളിയം ഉത്പന്നങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സെസ്സ് തുടങ്ങിയ നികുതികൾ ഇതിനുള്ള വരുമാനം കണ്ടെത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ചുരുക്കത്തിൽ, വായ്പകൾ ആധാരമാക്കി അടിസ്ഥാന സൗകര്യ വികസനത്തിന് പണം കണ്ടെത്തുന്നതിനുള്ള ഒരു മാർഗമാണ് ഇതെന്ന് കാണാം. ബജറ്റിന് പുറത്തുള്ള ഈ കടമെടുപ്പ് ഭാവിയിൽ അടിസ്ഥാന സൗകര്യ മേഖലയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന് പ്രത്യേകമായ ഊന്നൽ നൽകുന്നു. അതുകൊണ്ട് കോവിഡ് പോലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ ഇത്തരമൊരു മോഡലിന്റെ പ്രവർത്തനത്തിൽ തടസങ്ങൾ ഉണ്ടാകുന്നതിനുള്ള സാദ്ധ്യതകൾ ഏറെയാണ്.

ആഗോളതലത്തിൽ സുസ്ഥിര വികസനത്തിന് വലിയ പ്രാധാന്യം ലഭ്യമാകുമ്പോൾ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ഇത്തരം ചില ആശയങ്ങളുടെ പ്രസക്തി വർധിക്കുകയാണ്. അതായത് ഫണ്ട് കണ്ടെത്തുന്നതിന് നൂതനമായ സ്രോതസുകൾ ഇന്നത്തെ ഘട്ടത്തിൽ ആവശ്യമാവുകയാണ്. ഈ കാര്യങ്ങളെപ്പറ്റിയുള്ള ഗവേഷണത്തിന്റെ നിലവിലെ അഭാവവും എടുത്തു പറയേണ്ടുന്ന ഒന്നാണ്.

കോവിഡ് കാലഘട്ടത്തിലെ അനുഭവങ്ങൾ കാണിക്കുന്നത് ഇന്ധന, പെട്രോളിയം സെസ്സ് എന്നിവ വഴിയായുള്ള വരുമാനം കുറഞ്ഞതായാണ്. ഇത് വായ്പാ തിരിച്ചടവിനെ പ്രതികൂലമായി ബാധിക്കുന്നു. അതുകൊണ്ട് ഇത്തരം വരുമാന മാർഗ്ഗങ്ങൾ കുറയുന്നത് ഏതു വിധേനയും ഒഴിവാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പുരപ്പുറ സൗരോർജ പദ്ധതി വഴിയായി കാർബൺ വരുമാനത്തെ കിഫ്ബിക്ക് എപ്രകാരം പ്രയോജനപ്പെടുത്താൻ കഴിയുമെന്നാണ് ഈ പഠനം പരിശോധിക്കുന്നത്.

**ഗവേഷണത്തിന്റെ സാധ്യതകൾ**

കിഫ്ബിയുടെ സാധ്യതകളെ കുറിച്ച് അക്കാദമികമായ ചില പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ കിഫ്ബിയുടെ സാധ്യതകളെ കുറിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമാണെന്ന് കാണാം. പ്രാദേശിക തലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പണം കണ്ടെത്തുന്ന വിഷയത്തിൽ കിഫ്ബി ഒരു കനകാവസരം തന്നെയാണ് തുറന്നു വച്ചത്. മറ്റു സർക്കാരുകൾക്ക് ഇത്തരം മാതൃക പിന്തുടരുന്നതിന് ഇത് പ്രചോദനമാവുമായും ചെയ്തു. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ പല പദ്ധതികളും എസ് ഡി ജിയുമായി ബന്ധപ്പെടുന്നതാണെന്ന് കാണാം.

**പഠനത്തിന്റെ രീതിശാസ്ത്രം**

കിഫ്ബിയുടെ വെബ് സൈറ്റ്, നാഷണൽ റീന്യൂബിൾ എനർജി ലാബ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള ദ്വിതീയ വിവരങ്ങളാണ് ഈ പഠനത്തിനായി പ്രയോജനപ്പെടുത്തിയിരിക്കുന്നത്. എനർജി റിപ്പോർട്ട് കേരള, ഡബ്ള്യു. ഡബ്ള്യു എഫ് ഇന്ത്യ, സർഫസ് മീറ്റീരിയോളജി, സോളാർ എനർജി ആദിയായവ സംബന്ധിച്ച വിവരങ്ങളും പഠനത്തിനായി ഉപയോഗിച്ചിരിക്കുന്നു.

പുരപ്പുറ സൗരോർജ പദ്ധതി പ്രയോജനപ്പെടുത്തുന്നതിനുള്ള കിഫ്ബിയുടെ സാധ്യതകളെ കുറിച്ച് പഠിക്കുമ്പോൾ 72 സോളാർ സെല്ലുകൾ എന്ന കണക്കാണ് സ്വീകരിച്ചിട്ടുള്ളത്. ഇത്തരം 72 സെല്ലുകൾ അടങ്ങുന്ന ഒരു സോളാർ മൊഡ്യൂളാണ് ഇതിനായി എടുക്കുന്നത്. 156 എം എം സൈസ് 200 എം എം ഘനം) 14.5 ശതമാനമാണ് ഇതിന്റെ ശേഷി. 85 ശതമാനം ശരാശരി പ്രകടനം വിലയിരുത്തുമ്പോൾ 25 വർഷത്തെ ആയുർദൈർഘ്യം കണക്കാക്കാം. കാലാവസ്ഥ, ഭൂപ്രദേശം എന്നിവയിലെ മാറ്റങ്ങൾക്കനുസരിച്ച് സൗരോർജ പാനലിന്റെ പ്രകടനത്തിലും മാറ്റമുണ്ടാകുന്നു. അതിനായി 13 ശതമാനം ശരാശരി എന്ന കണക്കാണ് ഇവിടെ എടുത്തിരിക്കുന്നത്.

72 സെല്ലുകൾക്കായി 2 + 2 മീറ്റർ സ്ഥലം എന്ന നിലയിലും 13 ശതമാനം ശേഷി വിനിയോഗം എന്നുമാണ് ഈ പഠനത്തിനായി കണക്കാക്കിയിരിക്കുന്നത്.

ഒരു മണിക്കൂറിൽ ഒരു മെഗാവാട്ട് വൈദ്യുതി എന്ന അളവിൽ കണക്കാക്കുമ്പോൾ 0.932 ടൺ കാർബൺ കുറയുന്നു എന്ന തോതിലാണ് കണക്കാക്കിയിരിക്കുന്നത്. അങ്ങനെ ഒരു വർഷം കൊണ്ട് കാർബൺ പുറംതള്ളലിൽ ഉണ്ടായ കുറവാണ് ഈ പഠനത്തിനായി പരിഗണിച്ചിരിക്കുന്നത്. വിപണിയിലെ കാർബൺ ക്രെഡിറ്റിന്റെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഇതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ തോത് കണക്കാക്കിയിരിക്കുന്നു.

**സൗരോർജ സ്ഥാപിത ശേഷി കേരളത്തിൽ**

കേരളത്തിലെ ശരാശരി പ്രതിദിന സൗരോർജ റേഡിയേഷൻ 5.49 കെ ഡബ്ള്യു എച്ച് എം 2/ഡേ ആണ്. അതായത് കേരളത്തിന്റെ കാര്യത്തിലെ പ്രതിദിന ശരാശരി ഗ്ലോബൽ ഹൊറിസോണ്ടൽ ഇറാഡിയേഷൻ (ജി എച്ച് ഐ) 5.49 കെ ഡബ്ള്യു എച്ച് എം 2/ഡേ ആണ്. പൊതുവായ ചില തത്വങ്ങൾ പ്രകാരം 1500 ജി എച്ച് ഐയിൽ അധികമുള്ള പ്രദേശങ്ങൾ സോളാർ പി വി സാങ്കേതിക വിദ്യക്ക് കൂടുതൽ അനുയോജ്യമായ സ്ഥലമാണ്. കേരളത്തിലാകട്ടെ മീറ്റിയൊനോം ഡേറ്റ പ്രകാരം ഇത് 2003 കെ ഡബ്ളിയൂ എച്ച്/ എം 2/ വർഷം എന്ന നിലയിലാണ്. കേരളം പി വി സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതിന് ഏറ്റവും അനുയോജ്യമായ ഒരു സ്ഥലമാണെന്നാണ് ഇത് കാണിക്കുന്നത്.

ഒരു ദിവസത്തെ ഊർജം എന്നത് 1.4274 കെ ഡബ്ള്യു എച്ച്/ഡേ ആണ്. ഒരു വർഷം പ്രകാശമാനമായ 300 ദിവസങ്ങൾ ലഭിക്കുന്നു എന്ന് കണക്കാക്കിയാൽ മൊത്തം ഉത്പാദനം 428.2 കെ ഡബ്ള്യു എച്ച്/ഇയർ എന്ന് വരുന്നു. 72 സെല്ലുകൾ അടങ്ങുന്ന ഒരു സൗരോർജ പാനലിന്റെ ആയുസ് 25 വർഷം എന്ന് കണക്കാക്കിയാൽ ഇത് 10.7055 എം ഡബ്ള്യു ആണെന്ന് കാണാം.

**Table -1** Solar insolation capacity in Kerala

| SI. No | District | DNI (kWh/m2/day) | GHI(kWh/m2/Day) |
|---|---|---|---|
| 1 | Alappuzha | 4.29 | 5.52 |
| 2 | Kannur | 4.47 | 5.43 |
| 3 | Ernakulam | 4.36 | 5.44 |
| 4 | Idukki | 4.52 | 5.44 |
| 5 | Kasargod | 4.77 | 5.54 |
| 6 | Kollam | 4.27 | 5.50 |
| 7 | Kottayam | 4.22 | 5.45 |
| 8 | Kozhikode | 4.50 | 5.47 |
| 9 | Malappuram | 4.70 | 5.49 |
| 10 | Palakkad | 4.55 | 5.51 |
| 11 | Pathanamthitta | 4.52 | 5.62 |
| 12 | Thrissur | 4.60 | 5.52 |
| 13 | Wayanad | 4.68 | 5.33 |
| 14 | Thiruvananthapuram | 4.34 | 5.52 |
| | **Average** | **4.49** | **5.49** |

*Source: The Energy Report Kerala, WWF India & WISE 2013*

**കാർബൺ ക്രെഡിറ്റ് കണക്കാക്കൽ**

കിഫ്ബിയുടെ വരുമാന സാധ്യത കണക്കാക്കുന്നതിനായി, ഒരു മെഗാവാട്ട് വൈദ്യുതി, ഒരു മണിക്കൂറിൽ എന്ന കണക്കെടുത്താൽ അതു മൂലം കുറയ്ക്കപ്പെടുന്നു കാർബണിന്റെ ശരാശരി മൂല്യം എസ്.എം.സെ, വോക് കെങ് (2016) 0.932 ടൺ എന്ന് കണക്കാക്കാം. മൊത്തത്തിൽ കാർബൺ കുറക്കൽ എത്ര എന്നതിന്റെ അടിസ്ഥാനത്തിലാണ് ആഗോള തലത്തിൽ കാർബൺ വ്യാപാരം അരങ്ങേറുന്നത്. 72 സെല്ലുകളുള്ള സോളാർ പാനലിന്റ കാർബൺ കുറക്കലിന്റെ മൂല്യമായി കണക്കാക്കുന്നത് 0.3988 ആണ്.

മൊത്തം 428.2 കെ ഡബ്ല്യു/മണിക്കൂർ എന്നത് 0.428 മെഗാവാട്ട്/മണിക്കൂറിന് തുല്യമാണ്. അതനുസരിച്ച് ഈ മൊഡ്യുളിന്റെ കാർബൺ കുറയ്ക്കൽ

= 0.428 X 0.932

= 0. 3988

എന്നാണ് കണക്കാക്കുന്നത് .

ഒരു ടൺ കാർബൺ കുറക്കൽ വഴി ലഭ്യമാകുന്ന വരുമാനം 60 ഡോളർ എന്ന് കണക്കിയാൽ ഏകദേശം 1984.42 രൂപ വരുമാനം ലഭിക്കുന്നു. 72 സെൽ മൊഡ്യൂളിന്റെ ഒരു വർഷത്തെ കണക്കാണ് ഇത്.

= 0.3988 X 60 ഡോളർ

= 23.928

= 24 ഡോളർ = 1984.42 രൂപ (1 ഡോളർ = 82.69 രൂപ)

കിഫ്ബിയുടെ 2021ലെ ഗ്രീൻ ബിൽഡിങ് നിർദേശങ്ങൾ നോക്കിയാൽ 593,820 ചതുരശ്ര മീറ്ററാണ് പുതുതായി പണിയുന്നത്. 72 സെല്ലിന്റെ ഒരു മൊഡ്യുൾ സ്ഥാപിക്കുന്നതിന് 2 ചതുരശ്ര മീറ്റർ സ്ഥലമാണ് വേണ്ടത്. അതായത് 593, 820 ചതുരശ്ര മീറ്റർ സ്ഥലത്ത് 296,910 സോളാർ സെല്ലുകൾ സ്ഥാപിക്കാൻ കഴിയും.

അതായത് 296,910 സെല്ലുകളിന് നിന്നായി 58.9 കോടി രൂപ സമാഹരിക്കാൻ കഴിയുന്നു.

= 296,910 X 1984.42 = 589194142.2

**കാർബൺ കുറയ്ക്കലും ഊർജ വരുമാനവും**

കാർബൺ ട്രേഡിങ് എന്ന സംവിധാനം ഇന്ത്യയിൽ പ്രാരംഭ ദിശയിലാണ്. അതുകൊണ്ട് കിഫ്ബിക്ക് സൗരോർജ പദ്ധതികളെ പണമാക്കി മാറ്റുന്നതിന്റെ സാധ്യതകളെ കുറിച്ച ഗൗരവതാരമായി ആലോചിക്കാൻ കഴിയുന്ന ഒന്നാണ്. ഇത് ഗ്രിഡിലേക്ക് ലഭ്യമാക്കിയാൽ എപ്രകാരം പണം കിട്ടും എന്ന് പരിശോധിക്കാം.

593,820 ചതുരശ്ര മീറ്റർ മേൽക്കൂര ഉപയോഗിച്ചാൽ 428.2 കിലോവാട്ട് അവർ വൈദ്യുതി ഒരു വർഷത്തേക്ക് ഉല്പാദിപ്പിക്കാൻ കഴിയും. അങ്ങനെ 296,910 സോളാർ സെല്ലുകൾ ഉപയോഗിക്കുമ്പോൾ

296,910 X 428.2 കെ ഡബ്ല്യു എച്ച് അവർ

= 127,136.862 മെഗാവാട്ട് / ഇയർ

ഇന്ത്യയിൽ ഊർജം കണക്കുന്നത് കിലോവാട്ട് എന്ന യൂണിറ്റിലാണ്. ഒരു കിലോവാട്ട് വൈദ്യുതിയുടെ വില 6.49 രൂപയാണ്. ഈ വിലക്ക് കെ എസ് ഇ ബിക്ക് വൈദ്യുതി നല്കുന്നതായാൽ ഏകദേശം 82.5 കോടി രൂപ സമാഹരിക്കാൻ കഴിയുന്നു. അതായത് കിഫ്ബി ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ എസ് ഇ ബി ഗ്രിഡിലേക്ക് നൽകിയാൽ മികച്ച വരുമാനം ലഭ്യമാകുന്നു. അത് എന്തുതന്നെയായാലും ഈ വിധം കിഫ്ബി ഉല്പാദിപ്പിക്കുന്ന വൈദ്യുതി സുസ്ഥിര വികസന ലക്ഷ്യത്തിന് അനുഗുണമായി നീങ്ങുന്നതായി കാണാം. ഇത് നേരിട്ട് ലഭിക്കുന്ന വരുമാനമാണ്. എന്നാൽ പരോക്ഷമായ നേട്ടങ്ങളും നമുക്ക് കാണാം. സംസ്ഥാനത്തിന് ദേശീയ വൈദ്യുതി ഗ്രിഡിനെ ആശ്രയിക്കുന്നത് കുറയ്ക്കാൻ കഴിയുന്നു എന്നത് എടുത്തു പറയേണ്ട ഒന്നാണ്, പ്രത്യേകിച്ച് വേനൽക്കാലത്ത്.

**ഉപസംഹാരം**

മുകളിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ തനത് വരുമാനം ഉയർത്തുന്നതിന് ചില നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു. കിഫ്ബിയുടെ കെട്ടിടങ്ങളുടെ പുരപ്പുറ സൗരോർജ

പദ്ധതിയിൽ നിന്നും കിഫ്ബിക്ക് വരുമാനം ഉണ്ടാക്കാൻ കഴിയുന്നതാണ്. പുനരുപയോഗ സ്രോതസുകൾ പ്രയോജന പ്പെടുത്തി കിഫ്ബിക്ക് വൈദ്യുതി ഉല്പാദി പ്പിക്കാൻ കഴിയുന്നതാണ്. ഇത് ദേശീയ ഗ്രിഡിലേക്കോ കെ എസ് ഇ ബിക്കോ നല്കാൻ കഴിയുന്നു. അതുവഴി കാർബൺ ട്രേഡിങ് നടത്താൻ കഴിയുകയും ചെയ്യുന്നു. ഈ പഠനത്തിൽ കിഫ്ബിയുടെ പുരപ്പുറ സൗരോർജ പദ്ധതിയെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. എന്നാൽ കിഫ്ബിയുടെ മറ്റു പദ്ധതികളിലേക്കും ഇത് വ്യാപിപ്പിക്കാൻ കഴിയുന്നതാണ്.

അതിനുള്ള ചെലവുകളും നാം മനസ്സിലാക്കേണ്ട താണ്. അടിസ്ഥാന സൗകര്യ വികസനമാണ് കിഫ്ബി പ്രധാനമായും ലക്ഷ്യമിടുന്നത്. അതുകൊണ്ട് നിലവിലെ പദ്ധതികളിൽ അല്പം ചെലവ് കൂട്ടിയിട്ടു അവയെഹരിത പദ്ധതികളായി മാറ്റുന്നത് വിഷമമേറിയ ഒരു കാര്യമായിരിക്കില്ല. നിശ്ചിത സമയത്തിന് മുൻപ് തന്നെ പദ്ധതികൾ പൂർത്തിയാക്കി ചെലവ് കുറയ്ക്കാൻ കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ട്. ഇത് പുരപ്പുറ സൗരോർജ പദ്ധതികളിൽ വിനിയോഗിക്കാൻ കഴിയുന്നതാണ്. സോളാർ പാനലുകളുടെ വില കുറഞ്ഞു വരുന്നതും കേന്ദ്ര സർക്കാർ ഇത്തരം പദ്ധതികൾക്ക് നൽകുന്ന പ്രോത്സാഹനവും അനുകൂല ഘടകങ്ങളാണ് ഈ സാഹചര്യത്തിൽ ഹരിത ഫൈനാൻസിംഗ് എന്ന ആശയം കൂടുതൽ പ്രസക്തമാവുകയാണ്. കാർബൺ വ്യാപാരം എന്ന മേഖലയിൽ കിഫ്ബിയുടെ പദ്ധതി കളിലേക്ക് വെളിച്ചം വീശുകയാണ് ഈ പഠനം. അതുവഴി വരുമാനം എങ്ങനെ ഉയർത്താം എന്നതും പരിശോധി ക്കുന്നു. കാർബൺ പുറന്തള്ളൽ കുറച്ചുകൊണ്ട് കിഫബിക്ക് കൂടുതൽ കാർബൺ ക്രെഡിറ്റ് നേടാനാകുമെന്ന് പഠനത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഈസമ്പാദ്യം നികുതി യേതര വരുമാന സാദ്ധ്യതകൾ നന്നായി ഉയർത്തുന്നു എന്നത് ശ്രദ്ധേയമാണ്.

കിഫ്ബി ഇതുവരെ നിർമിച്ച മൊത്തം മേൽക്കൂരയുടെ വിസ്തീർണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ 2021ലെ കിഫ്ബിയുടെ ഗ്രീൻ ബിൽഡിങ് സംബന്ധിച്ച നിർദേശങ്ങളാണ് ഇതിനായി പരിഗണിച്ചിരി ക്കുന്നത്. ഇത് വച്ച് കണക്കാക്കുമ്പോൾ വർഷം തോറും ഏതാണ്ട് 82.5 കോടി രൂപ സമാഹരിക്കാൻ കഴിയുന്നതാണ്. കിഫ്ബിയുടെ എല്ലാ കെട്ടിട ങ്ങൾക്ക് മുകളിലും സോളാർ പദ്ധതി സ്ഥാപിക്കു വാൻ കഴിഞ്ഞാൽ ഈ തുക വീണ്ടും ഉയരും. അതിനാൽ വരുമാനം ഉയർത്തുന്നതിനുള്ള കൂടുതൽ സാധ്യതകളെ കുറിച്ച് കിഫ്ബി അതീവ ഗൗരവത്തോടെ സമീപിക്കണമെന്നാണ് പഠന ത്തിലൂടെ നിർദേശിക്കുന്നത്. കിഫ്ബിക്ക് ഇത്തരത്തിൽ തനത് സ്രോതസുകൾ വഴിയായി പണം സമാഹരിക്കാൻ കഴിയുന്നതായാൽ കട മെടുപ്പുവഴി കൂടുതൽ ധനസമാഹരണ മെന്നത് എളുപ്പമാകുന്നതാണ്.

■

(ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ (ഗിഫ്റ്റ്) അസിസ്റ്റന്റ് പ്രഫസറാണ് നിർമ്മൽ റോയ്. കണ്ണൂർ സർവകലാശാലയിലെ സാമ്പത്തി കശാസ്ത്ര വിഭാഗത്തിലെ ഗവേഷക വിദ്യാർത്ഥിയാണ് പ്രിയങ്ക വി)

## End Notes

1 While there are mainly 3 types of solar size, 60-cell, 72-cell, and 96-cell; for commercial purposes 72 cell solar is commonly used.

2 According to information available at http://www.webelsolar.com

3 According to Surface Meteorology and Solar Energy Data Set http://esoweb.1arc.nasa.gov/sse/RETScreen)

## References

Solar PV Microgrids Implementation model: A case study of Local Self Governments in the Indian State of Kerala. *IOP Conference Series: Materials Science and Engineering, 1068(1),* 012024. https://doi.org/10.1088/1757-899x/1068/1/012024

Atkinson, G., Hamilton, K., Ruta, G., & Van Der Mensbrugghe, D. (2011). Trade in "virtual carbon": Empirical results and implications for policy. *Global Environmental Change,* 21(2), 563-574. https://doi.org/10.1016/j.gloenvcha.2010.11.009

Bai, J., & Ru, H. (2022b). *Nber working paper series carbon emissions trading and environmental protection: international evidence Carbon Emissions Trading and Environmental Protection: International Evidence.* http://www.nber.org/papers/w30587

Bhowmik, D. D. (2016). Carbon Trading and India's Road Map. *International Journal of Environment, Agriculture and Biotechnology,* 2(1), 118-126. https://doi.org/10.22161/ijeab/2.1.16

Carl, J., & Fedor, D. (2016). Tracking global carbon revenues: A survey of carbon taxes versus cap-and-trade in the real world. *Energy Policy, 96, 50-77.* https://doi.org/10.1016/j.enpol.2016.05.023

Dong, C., Shen, B., Chow, P. S., Yang, L., & Ng, C. T. (2016). Sustainability investment under cap-and-trade regulation. *Annals of Operations Research, 240(2),* 509-531. https://doi.org/10.1007/s10479-013-1514-1

Ertugrul, H. M., Cetin, M., Seker, F., & Dogan, E. (2016). The impact of trade openness on global carbon dioxide emissions: Evidence from the top ten emitters among developing countries. *Ecological Indicators, 67,* 543-555. https://doi.org/10.1016/j.ecolind.2016.03.027

Feng, J. (n.d.). *Is it in China's interest to implement an export carbon tax? Is it in China's interest to implement an export carbon tax*? www.iddri.org

Fugazza, M., & United Nations Conference on Trade and Development. (n.d.). *Carbon pricing?: a development and trade reality check.* https://unctad.org/publication/carbon-pricing-development-and-trade-reality-check

Fullerton, D., Wolfram, C. D., & National Bureau of Economic Research. (2012). *The design and implementation of US climate policy.* University of Chicago Press.

Gagnon, P., Margolis, R., Melius, J., Phillips, C., & Elmore, R. (2016). *Rooftop Solar Photovoltaic Technical Potential in the United States: A Detailed Assessment.* www.nrel.gov/publications

Hegde, G., & Ramachandra, T. V. (2012). Scope for solar energy in Kerala and Karnataka. In LAKE 2012: *National Conference on Conservation and Management of Wetland Ecosystems* (pp. 1-7).

Gillard, R., Sudmant, A., Gouldson, A., & Oates, L. (n.d.). *Affordable and clean energy for all: Lessons on rooftop solar from Delhi, India Frontrunners: a series of policy briefs to inform national governments on the economic and social benefits of action for sustainable cities.* www.coalitionforurbantransitions.org

KSEB. (2023). Tariff Revision Circular 2023-24-17001344518435 11849.pdf. Available at https://kseb.in/uploads/Downloadtemsuppy/Tariff%20 Revision%20 Circular%202023-24-1700134451843511849.pdf

M, Valsamma K. (2012). *Solar Power Technologies-Feasibility Assessment: Northern parts in Kerala. 3(6). International Journal of Scientific and Engineering Research 3(6).* https://www.ijser.org/viewPaperDetail.aspx?I015092

KSEB. (2023). *Tariff Revision Circular 2023-24-1700134451843511849.pdf.* https://kseb.in/uploads/Downloadtemsuppy/Tariff%20Revision%20Circular%202023-24-1700134451843511849.pdf

Li, J. F., Wang, X., & Zhang, Y. X. (2012). Is it in China's interest to implement an export carbon tax? Energy Economics, 34(6), 2072-2080. Available at https://doi.org/10.1016/j.eneco.2012.02.012

Li, J. F., Wang, X., & Zhang, Y. X. (2012). Is it in China's interest to implement an export carbon tax? *Energy Economics, 34(6),* 2072-2080. https://doi.org/10.1016/j.eneco.2012.02.012

*Sze, S. M., & Lee, M. K. (2012). Semiconductor devices, physics and technology (3rd ed). Wiley.*

Gorain, S., Malakar, A., & Chanda, S. (2021). An Analysis of Carbon Market and Carbon Credits in India. *Asian Journal of Agricultural Extension, Economics & Sociology, 40-49.* https://doi.org/10.9734/ajaees/2021/v39i230528

Hegde, G., & Ramachandra, T. V. (2012). Scope for solar energy in Kerala and Karnataka. In LAKE 2012: National Conference on Conservation and Management of Wetland Ecosystems (pp. 1-7).

Horowitz, J., Cronin, J.-A., Hawkins, H., Konda, L., & Yuskavage, A. (2017). *Methodology for Analyzing a Carbon Tax. Working Paper 115, Office of Tax Analysis, Department of Treasury. https://home.treasury.gov/system/files/131/WP-115.pdf*

Jez, A. A., Alexander, B. D., & Shaikh, A. R. (n.d.). *Carbon credit and carbon offset fundamentals. MINTZ.* https://www.mintz.com/sites/default/files/media/documents/2022-11-08/Carbon-Credit-Carbon-Offset-Fundamentals.pdf

Kale, D., & Kokil, P. (2019). *A Study of the Performance and Carbon Credit Analysis of a 6 KWP Rooftop Solar Photovoltaic Power Plant at Sanjay Group Aurangabad, India.* http://www.pvresources

Kariavattom, K. (2018). Solar Power Technologies and Prospective Utilisation of Solar Energy in Kerala?: A Techno-Economic Analysis in the Background of Energy Crisis. 5(3), 36-41.

Kill, J., Fenton, E., & Forest Ecosystem Research Network FERN. (2010). *Trading carbon?: how it works and why it is controversial.* FERN. https://www.fern.org/fileadmin/uploads/fern/Documents/tradingcarbon_internet_ FINAL_0.pdf

Kohli, D., & Sinha, P. (n.d.). *A Review Paper on Carbon Trading A Review Paper on Carbon Trading. Munich Personal RePEc Archive.* https://mpra.ub.uni-muenchen.de/69455/

Krauter, S., & Rüther, R. (2004). Considerations for the calculation of greenhouse gas reduction by photovoltaic solar energy. *Renewable Energy,* 29(3), 345-355. https://doi.org/10.1016/S0960-1481(03) 00251-9

Liu, M., Zhou, C., Lu, F., & Hu, X. (2021). Impact of the implementation of carbon emission trading on corporate financial performance: Evidence from listed companies in China. *PLoS ONE, 16 (7 July).* https://doi.org/10.1371/journal. pone.0253460

Lv, G., Zhang, Y., Zhu, J., Liu, L., Wu, Y., & Wang, T. (2023). Low-carbon optimal operation of electricity-heat-gas systems based on bi-directional tiered-pricing carbon trading. *Energy Reports, 9*, 377-387. https://doi.org/10.1016/j.egyr.2023.04.116

Middelhauve, L., Girardin, L., Baldi, F., & Maréchal, F. (2021). Potential of Photovoltaic Panels on Building Envelopes for Decentralized District Energy Systems. *Frontiers in Energy Research, 9.* https://doi.org/10.3389/fenrg.2021.689781

Zhunussova, I. W. H. P., Simon Black,Karlygash. (2022). *Carbon Taxes or Emissions Trading Systems?: Instrument Choice and Design.* IMF. https://www.imf.org/en/Publications/staff-climate-notes/Issues/2022/07/14/Carbon-Taxes-or-Emissions-Trading-Systems-Instrument-Choice-and-Design-519101

Mukherjee, S., & Ghosh, P. B. (2014). Estimation of carbon credit and direct carbon footprint by solar photovoltaic cells in West Bengal, India. *International Journal of Low-Carbon Technologies, 9(1),* 52-55. https://doi.org/10.1093/ijlct/cts053

Omori, Y., Tokonami, S., & Akiba, S. (n.d.). *Solar PV Microgrids Implementation model?: A case study of Local Self Governments in the Indian State of Kerala Solar PV Microgrids Implementation model?: A case study of Local Self Governments in the Indian State of Kerala.* https://doi.org/10.1088/1757-899X/1068/1/012024

Philibert, C. (2000). *How could emissions trading benefit developing countries. Energy Policy, 28(13),* 947-956. https://doi.org/10.1016/S0301-4215(00)00073-2

Rabe, B. G. (2016). The Durability of Carbon Cap-and-Trade Policy. *Governance,* 29(1), 103-119. https://doi.org/10.1111/gove.12151

Rao, U. (n.d.). *Proceedings of National Workshop on Global Warming and its Implications for Kerala Carbon Financing-KfW Carbon Fund Perspectives.* www.cdm.unfccc.int

Samuel, L., K, P. A., & Professor, A. (n.d.). Solar Power Technologies and Prospective Utilisation of Solar Energy in Kerala: A Techno-Economic Analysis in the Background of Energy Crisis. *IJRAR-International Journal of Research and Analytical Reviews.* http://ijrar.com/

Sivaraman, K., & Rawool, A. (2019). A Brief Study of an Installation of a Rooftop Solar PV System in India. *Journal of Energy Research and Reviews,* 1-6. https://doi.org/10.9734/jenrr/2019/v3i430111

Sreenath, S., Azmi, A. M., Dahlan, N. Y., & Sudhakar, K. (2022). A decade of solar PV deployment in ASEAN: Policy landscape and recommendations. *Energy Reports, 8,* 460-469. https://doi.org/10.1016/j.egyr. 2022. 05.219

*GHG Platform India (2022)._Trend-Analysis of GHG Emissions of Kerala. https://www.ghgplatform-india.org/wp-content/uploads/2022/09/GHGPI_Trend-Analysis_2005-to-2018_Kerala_Sep22.pdf* Tiwari, G. N. (2008b). Evaluation of Carbon Credits Earned by a Solar Energy Park in Indian Conditions. *In The Open Fuels & Energy Science Journal (Vol. 1).*

Trivedi, S., Ray, I., & Vulturius, G. (2018). *A CPI, ICRIER, and SEI Report Scaling up Rooftop Solar Power in India: The Potential of Solar Municipal Bonds 2 A CPI, ICRIER, and SEI Report Scaling up Rooftop Solar Power in India: The Potential of Solar Municipal Bonds.* www.climatepolicyinitiative.org

Trouwloon, D., Streck, C., Chagas, T., & Martinus, G. (2023). Understanding the Use of Carbon Credits by Companies: A Review of the Defining Elements of Corporate Climate Claims. In *Global Challenges.* John Wiley and Sons Inc. https://doi.org/10.1002/gch2.202200158

Vaka, M., Walvekar, R., Rasheed, A. K., & Khalid, M. (2020). A review on Malaysia's solar energy pathway towards carbon-neutral Malaysia beyond Covid'19 pandemic. In *Journal of Cleaner Production* (Vol. 273). Elsevier Ltd. https://doi.org/10.1016/j.jclepro.2020.122834

Wei, J., Zhao, K., Zhang, L., Yang, R., & Wang, M. (n.d.). *Exploring development and evolutionary trends in carbon offset research: a bibliometric perspective.* https://doi.org/10.1007/s11356-021-12908-8/Published

*Where Sun Meets Water floating solar handbook for practitioners.* (2019). www.worldbank.org

Yang, X., Zhang, J., Bi, L., & Jiang, Y. (2023). Does China's Carbon Trading Pilot Policy Reduce Carbon Emissions? Empirical Analysis from 285 Cities. *International Journal of Environmental Research and Public Health, 20(5).* https://doi.org/10.3390/ijerph20054421

Zhang, Y. (2011). Research on international carbon emissions trading and optimal exports scale of china carbon emissions. *Procedia Environmental Sciences, 10(PART A),* 101-107. https://doi.org/10.1016/j.proenv. 2011.09.018

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 1*
*ജനുവരി – മാർച്ച് 2024*

# തിരഞ്ഞെടുപ്പ് പക്ഷപാതപരമായ പരിഗണനകൾ കേന്ദ്ര കൈമാറ്റങ്ങളെ ബാധിക്കുന്നുണ്ടോ? കേരളത്തിന്റെ ഒരു വിശകലനം.

ഷംന തച്ചപ്പറമ്പൻ

**സംഗ്രഹം**

*ധനപരമായ സഹായ വിതരണത്തിന്റെ വിഷയം വരുമ്പോൾ സംസ്ഥാനങ്ങളേക്കാൾ കൂടുതൽ അധികാരം കേന്ദ്ര സർക്കാരിനാണ്. ഈ പശ്ചാത്തലത്തിൽ, 1980 മുതൽ 2020 വരെ കേന്ദ്രം, കേരളത്തിന് നൽകിയ വിഹിതത്തിന്റെ സ്ഥിതി പരിശോധിക്കുകയാണ് ഈ ലേഖനം. ഇക്കാര്യത്തിൽ രാഷ്ട്രീയമോ, വിവേചനപരമോ ആയ ഏതെങ്കിലും സമീപനം കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നുമുണ്ടായിട്ടുണ്ടോ എന്നതും പരിശോധിക്കുന്നുണ്ട്. പഠനത്തിന്റെ ഫലം വ്യക്തമാക്കുന്നത് ഇത്തരത്തിലുള്ള ഘടകങ്ങൾ നേരിയ തോതിൽ സ്വാധീനം ചെലുത്തുന്നുണ്ട് എന്നാണ്. കേന്ദ്ര വിഹിതം വർഷം തോറും ക്രമമായി കുറയുന്ന പ്രവണതയും കാണാം. സംസ്ഥാനങ്ങൾ അധിക വരുമാനം കണ്ടെത്തേണ്ട സാഹചര്യമാണ് ഇത് സൃഷ്ടിക്കുന്നത്.*

## ആമുഖം

കേന്ദ്രംസംസ്ഥാനകൈമാറ്റങ്ങളിൽ രാഷ്ട്രീയവും പക്ഷപാതപരവുമായ സ്വാധീനങ്ങൾ ഉണ്ട് എന്നുള്ള പല തെളിവുകളും പഠനങ്ങളും ഉണ്ടായിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് ധനവിഹിതം നൽകുന്ന കാര്യത്തിൽ സമത്വം, സംസ്ഥാനങ്ങളുടെ ആവശ്യം തുടങ്ങി സാധാരണ പരിഗണിക്കുന്ന വിഷയങ്ങളേക്കാൾ രാഷ്ട്രീയ താല്പര്യങ്ങൾക്ക് മുൻതൂക്കം വരുന്നു. (ഗ്രോസ്സ്മാൻ, 1994, വർത്തിങ്ങ്ടൺ, ഡോളറി, 1998, 2001, ജോഹാൻസൺ, 2003, ഖെമാനി, 2003, റാവു, സിംഗ്, 2000, റോഡ്ഡാൻ, വിൽക്കിൻസൺ, 2004, ദത്ത, 2007). ഈ വിഷയത്തിൽ ഇന്ത്യ ഒരു മികച്ച പരീക്ഷണശാലയാണെന്ന് വിദഗ്ദർ ഏകകണ്ഠമായി സമ്മതിക്കുന്നു. കേന്ദ്ര – സംസ്ഥാന വിഹിത കൈമാറ്റത്തിന് രണ്ടു ഏജൻസികൾ പ്രവർത്തിക്കുന്നു എന്നതാണ് കാരണം. ഭരണഘടനാപരമായി രൂപീകരിക്കപ്പെടുന്ന അർദ്ധ ജുഡീഷ്യൽ സ്ഥാപനമാണ് ഇതിൽ ഒന്ന്. നിഷ്പക്ഷമായി അത് പ്രവർത്തിക്കുന്നു എന്നാണ് സങ്കല്പം. മറ്റൊന്ന്, കേന്ദ്ര, സംസ്ഥാന സർക്കാരുകളിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ പങ്കാളിത്തമുള്ള,രാഷ്ട്രീയമായി രൂപീകരിക്കപ്പെടുന്ന സ്ഥാപനമാണ്. അതുകൊണ്ട് രാഷ്ട്രീയമായി കേന്ദ്ര സർക്കാരിനോട് ഐക്യപ്പെടാത്ത സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതം കുറഞ്ഞ തോതിലാകുന്നു എന്നത് ഒരു വസ്തുതയാണ്. അത് കേന്ദ്ര വിഹിതങ്ങൾ എന്ന രീതിയിലായാലും സംസ്ഥാനങ്ങളിലെ കേന്ദ്ര ചെലവഴിക്കൽ എന്ന നിലയിലായാലും.

ഇത്തരമൊരു സാഹചര്യത്തിൽ സ്വതന്ത്ര പ്രവർത്തന രീതിയുള്ള സ്ഥാപനം നിക്ഷപക്ഷമായ നിലയിൽ ഫണ്ടുകൾ വീതം വയ്ക്കേണ്ട സ്ഥിതിയുണ്ട്.

കേന്ദ്ര വിഹിതം രണ്ടു വിധത്തിലാണ് സംസ്ഥാന ഗവണ്മെന്റിനെ ബാധിക്കുക. ഒന്നാമതായി സംസ്ഥാന സർക്കാരിന് ബജറ്റിൽ ചെലവഴിക്കുന്നതിനുള്ള ഫണ്ട് അതുവഴി ലഭ്യമാകുന്നു. ഇത്തരത്തിൽ നൽകുന്ന വിഹിതം പരോക്ഷമായി സംസ്ഥാനങ്ങൾക്ക് തനത് വരുമാനം ഉയർത്തുന്നതിന് പ്രേരകമാകുന്നു എന്നതാണ് രണ്ടാമത്തെ ഘടകം. ഇന്ത്യയിൽ സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതം ലഭ്യമാക്കുന്നത് രണ്ടു ചാനലുകൾ വഴിയായാണ്. ധനകാര്യ കമ്മീഷൻ നിർണ്ണയിക്കുന്ന വിഹിതം ഒരു വശത്തുണ്ട്. ഇത് നിയമപരമായി തന്നെ ബാധ്യതപ്പെട്ട വിഹിതമാണ്.

ഇതിനു പുറമെ കേന്ദ്ര സർക്കാർ അതാത് മന്ത്രാലയങ്ങൾ വഴിയായി പ്രത്യേക ഗ്രാന്റുകൾ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്നു. ഇത് കേന്ദ്രത്തിന്റെ വിവേചനാധികാരത്തിൽ പെടുന്നവയാണ്. സേവനങ്ങളുടെയും സൗകര്യങ്ങളുടെയും കാര്യത്തിൽ രാജ്യമൊട്ടാകെ മിനിമം നിലവാരം ഉറപ്പാക്കുക എന്നതാണ് ഇത്തരം പ്രത്യേക ഗ്രാന്റുകളുടെ ഉദ്ദേശം. ഓരോ സംസ്ഥാനത്തിന്റെയും വികസന ലക്ഷ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. കേന്ദ്ര സഹായം കൂടാതെ സംസ്ഥാന സർക്കാരുകൾക്ക് പ്രവർത്തിക്കാൻ കഴിയുന്നതല്ല. എന്നാൽ ഇത്തരത്തിലുള്ള കേന്ദ്ര സഹായങ്ങൾ ക്രമമായി കുറഞ്ഞു വരുന്നു എന്ന് കാണുന്ന പശ്ചാത്തലത്തിൽ സഹായങ്ങൾ നൽകുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള വിവേചനമോ രാഷ്ട്രീയമായ പരിഗണനയോ ഉണ്ടാകുന്നുണ്ടോ എന്ന കാര്യമാണ് ഈ പഠനം പരിശോധിക്കുന്നത്.

അടുത്തകാലത്തായി കണ്ട് വരുന്ന പ്രവണത ഇത്തരം വിഷയങ്ങളിൽ ദേശീയ നേതാക്കൾ തങ്ങളുടെ രാഷ്ട്രീയ താല്പര്യത്തെ മുൻനിർത്തി പ്രവർത്തിക്കുന്നു എന്നതാണ്. ഇത്തരത്തിലുള്ള നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് ധനവിഹിതം നൽകുന്ന കാര്യത്തിൽ സമത്വം, സംസ്ഥാനങ്ങളുടെ ആവശ്യം തുടങ്ങി സാധാരണ പരിഗണിക്കുന്ന വിഷയങ്ങളേക്കാൾ രാഷ്ട്രീയ താല്പര്യങ്ങൾക്ക് മുൻതൂക്കം വരുന്നു. (ഗ്രോസ്സ്മാൻ, 1994, വർത്തിങ്ങ്ടൺ, ഡോളറി, 1998, 2001, ജോഹാൻസൺ, 2003, ഖെമാനി, 2003, റാവു, സിംഗ്, 2000, റോഡാൻ, വിൽക്കിൻസൺ, 2004, ദത്ത, 2007). ഈ വിഷയത്തിൽ ഇന്ത്യ ഒരു മികച്ച പരീക്ഷണശാലയാണെന്ന് വിദഗ്ദർ ഏകകണ്ഠമായി സമ്മതിക്കുന്നു. കേന്ദ്ര – സംസ്ഥാന വിഹിത കൈമാറ്റത്തിന് രണ്ടു ഏജൻസികൾ പ്രവർത്തിക്കുന്നു എന്നതാണ് കാരണം. ഭരണഘടനാപരമയി രൂപീകരിക്കപ്പെടുന്ന അർദ്ധ ജുഡീഷ്യൽ സ്ഥാപനമാണ് ഇതിൽ ഒന്ന്. നിഷ്പക്ഷമായി അത് പ്രവർത്തിക്കുന്നു എന്നാണ് സങ്കല്പം. മറ്റൊന്ന്, കേന്ദ്ര, സംസ്ഥാന സർക്കാരുകളിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ പങ്കാളിത്തമുള്ള, രാഷ്ടീയമായി രൂപീകരിക്കപ്പെടുന്ന സ്ഥാപനമാണ്. അതുകൊണ്ട് രാഷ്ട്രീയമായി കേന്ദ്ര സർക്കാരിനോട് ഐക്യപ്പെടാത്ത സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതം കുറഞ്ഞ തോതിലാകുന്നു എന്നത് ഒരു വസ്തുതയാണ്. അത് കേന്ദ്ര വിഹിതങ്ങൾ എന്ന രീതിയിലായാലും സംസ്ഥാനങ്ങളിലെ കേന്ദ്ര ചെലവഴിക്കൽ എന്ന നിലയിലായാലും. ഇത്തരമൊരു സാഹചര്യത്തിൽ സ്വതന്ത്ര പ്രവർത്തന രീതിയുള്ള സ്ഥാപനം നിക്ഷപക്ഷമായ നിലയിൽ ഫണ്ടുകൾ വീതം വയ്ക്കേണ്ട സ്ഥിതിയുണ്ട്.

കേന്ദ്ര വിഹിതം രണ്ടു വിധത്തിലാണ് സംസ്ഥാന ഗവണ്മെന്റിനെ ബാധിക്കുക.

**Figure: 1** Trends in central transfers, 1980-2020




*Source; RBI, A study on State Finances, various issues; GOK, budget in brief, various issues; plotted by researcher.*

**Figure: 2** Share of plan grants and non-plan grants- year-wise comparison




*Source; RBI, A study on State Finances, various issues; GOK, budget in brief, various issues; plotted by researcher.*

ഒന്നാമതായി സംസ്ഥാന സർക്കാരിന് ബജറ്റിൽ ചെലവഴിക്കുന്നതിനുള്ള ഫണ്ട് അതുവഴി ലഭ്യമാകുന്നു. ഇത്തരത്തിൽ നൽകുന്ന വിഹിതം പരോക്ഷമായി സംസ്ഥാനങ്ങൾക്ക് തനത് വരുമാനം ഉയർത്തുന്നതിന് പ്രേരകമാകുന്നു എന്നതാണ് രണ്ടാമത്തെ ഘടകം. ഇന്ത്യയിൽ സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതം ലഭ്യമാക്കുന്നത് രണ്ടു ചാനലുകൾ വഴിയായാണ്. ധനകാര്യ കമ്മീഷൻ നിർണ്ണയിക്കുന്ന വിഹിതം ഒരു വശത്തുണ്ട്. ഇത് നിയമപരമായി തന്നെ ബാധ്യതപ്പെട്ട വിഹിതമാണ്.

ഇതിനു പുറമെ കേന്ദ്ര സർക്കാർ അതാത് മന്ത്രാലയങ്ങൾ വഴിയായി പ്രത്യേക ഗ്രാന്റുകൾ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്നു. ഇത് കേന്ദ്രത്തിന്റെ വിവേചനാധികാരത്തിൽ പെടുന്നവയാണ്. സേവനങ്ങളുടെയും സൗകര്യങ്ങളുടെയും കാര്യത്തിൽ രാജ്യമൊട്ടാകെ മിനിമം നിലവാരം ഉറപ്പാക്കുക എന്നതാണ് ഇത്തരം പ്രത്യേക ഗ്രാന്റുകളുടെ ഉദ്ദേശം. ഓരോ സംസ്ഥാനത്തിന്റെയും വികസന ലക്ഷ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. കേന്ദ്ര സഹായം കൂടാതെ സംസ്ഥാന സർക്കാരുകൾക്ക് പ്രവർത്തിക്കാൻ കഴിയുന്നതല്ല. എന്നാൽ ഇത്തരത്തിലുള്ള കേന്ദ്ര സഹായങ്ങൾ ക്രമമായി കുറഞ്ഞു വരുന്നു എന്ന് കാണുന്ന പശ്ചാത്തലത്തിൽ സഹായങ്ങൾ നൽകുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള വിവേചനമോ രാഷ്ട്രീയമായ പരിഗണനയോ ഉണ്ടാകുന്നുണ്ടോ എന്ന കാര്യമാണ് ഈ പഠനം പരിശോധിക്കുന്നത്.

**കേന്ദ്രവിഹിതത്തിലെ പ്രവണതകൾ**

രേഖാചിത്രം 1 പരിശോധിക്കുമ്പോൾ കേന്ദ്ര വിഹിതമായി ലഭിക്കുന്ന ഫണ്ട് ആദ്യ ഘട്ടത്തിൽ കുറഞ്ഞു വരുന്നതായി കാണാം. പിന്നീട് ഇതിന് ചാഞ്ചാട്ട സ്വഭാവവും പ്രകടമാകുന്നു. 1984 -85ൽ 40.28 ശതമാനമായിരുന്നു ഇതെങ്കിൽ 1995-96ൽ 30.92 ശതമാനത്തിലേക്കും 2016-17ൽ 24.90 ശതമാനമാണ് കുറഞ്ഞതായി കാണാം. കേന്ദ്ര നികുതി വിഹിതമായും ഗ്രാന്റായും ലഭിച്ച തുക 1991ൽ 20.24 ശതമാനായിരുന്നുവെങ്കിൽ തൊട്ടടുത്ത വർഷം ഇത് 15.29 ശതമാനത്തിലേക്ക് താഴ്ന്നു. 2015, 2016 വർഷങ്ങളിലാകട്ടെ ഇത് യഥാക്രമം 13.58 ശതമാനമായും 12.96 ശതമാനമായും കുറഞ്ഞു. 1980-81ൽ നികുതി വിഹിതം, കേന്ദ്ര സഹായം എന്നിവ മൊത്തം വരുമാനത്തിന്റെ യഥാക്രമം 23.64 ശതമാനവും 8.11 ശതമാനവുമായിരുന്നത് 2013-14ൽ 15.18 ശതമാനവും 8.4 ശതമാനവും എന്ന തോതിലേക്ക് കുറഞ്ഞു. കേന്ദ്രത്തിൽ നിന്നും ലഭ്യമായ മൊത്തം വരവ് 1980-81 ൽ സംസ്ഥാന മൊത്ത വരുമാനത്തിന്റെ 35.64 ശതമാനമായിരുന്നത് 2017-18 ആയപ്പോൾ 32.37 ശതമാനത്തിലേക്ക് താഴ്ന്നു.

ഇക്കാര്യം രേഖാചിത്രം വ്യക്തമാക്കുന്നുണ്ട്. കേന്ദ്ര നികുതി വിഹിതം അവലോകനം ചെയ്യുന്ന കാലയളവിൽ താരതമ്യേന സ്ഥിരത പുലർത്തുന്നതായി കാണാം. എന്നാൽ 2017 നു ശേഷം ഇതിൽ ചില ആഘാതം സംഭവിക്കുന്നതായും മനസിലാക്കാം. ജി എസ് ടി നഷ്ടപരിഹാരം അടക്കമുള്ള വിഹിതങ്ങൾ ഒഴികെ 2020-21ൽ ഉണ്ടായത് കുത്തനെയുള്ള ഇടിവാണ്. മൊത്തം വരുമാനത്തിന്റെ 11.84 ശതമാനം മാത്രമായി കേന്ദ്ര വിഹിതം കുറഞ്ഞു. അതായത് മറ്റു വിധത്തിലുള്ള കേന്ദ്ര സഹായങ്ങളിൽ സംഭവിച്ച ഇടിവാണ് മൊത്തത്തിലുള്ള വലിയ കുറവായി പരിണമിച്ചത്. 2016 നു ശേഷമാണ് ഇത്തരത്തിലുള്ള മാറ്റം സംഭവിച്ചിട്ടുള്ള തെന്നതും ദൃശ്യമാണ്. പതിനാലാം ധനകാര്യ കമ്മീഷന്റെ കാലഘട്ടമാണ് ഇത്തരമൊരു മാറ്റത്തിന് സാക്ഷിയാവുന്നത് (രേഖാചിത്രം 1, രേഖാചിത്രം 2).

**കേന്ദ്ര സഹായത്തിലെ രാഷ്ട്രീയ സ്വാധീനവും വിവേചനവും**

സംസ്ഥാനങ്ങൾക്ക് കേന്ദ്ര ധനസഹായം

വിതരണം ചെയ്യുന്ന കാര്യത്തിൽ വിവേചന പരമായ സമീപനവും രാഷ്ട്രീയ താല്പര്യങ്ങളും സ്വാധീനം ചെലുത്തുന്നു എന്നതിന് വ്യക്തമായ ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും (ഖെമാനി, 2003, 2007, റാവു, സിംഗ്, 2000, റോഡ്ഡാൻ, വിൽക്കിൻസൺ, 2004, ദത്ത–2007). ഇന്ത്യയെ പോലെ ഒരു ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങൾക്ക് ധന സഹായം ചെയ്യുന്ന കാര്യത്തിൽ രാഷ്ട്രീയമായ പരിഗണനകൾ സ്വാധീനം ചെലുത്തുന്നു എന്ന വാദം ശക്തമാണ്.

അതായത് കേന്ദ്രത്തിൽ ഭരണം നടത്തുന്ന പാർട്ടി തന്നെ അധികാരത്തിലുള്ള സംസ്ഥാന ങ്ങൾക്ക് താരതമ്യേന ഉയർന്ന കേന്ദ്ര വിഹിതം ലഭിക്കുന്നു എന്നാണ് കണക്കുകൾ വ്യക്ത മാക്കുന്നത്. ഇത്തരത്തിലുള്ള ആരോപണ ങ്ങളിൽ വസ്തുതയുണ്ടോ എന്ന കാര്യം ഈ പഠനം പരിശോധിക്കുകയുണ്ടായി. ഇതിനായി 1980–81 മുതൽ 36 വർഷക്കാലത്ത് കേരളത്തിന് ലഭിച്ച കേന്ദ്ര സഹായങ്ങളെ പ്രത്യേകമായി വിലയിരുത്തുകയുണ്ടായി.

വൈ ടി = എ + വൈ പി ടി + ബി ഇസഡ് ടി + ഇ ടി

എന്ന മോഡലാണ് മാത്രകയായി പൊതുവെ സ്വീകരിച്ചു പോരുന്നത്.

വൈ എന്നത് ചില ഘടകങ്ങളെ ആസ്പദ മാക്കിയുള്ള ഒരു വെക്ടർ ആണ്. വിശകലന ത്തിനായി എടുത്തിരിക്കുന്ന ഓരോ പ്രത്യേക വകുപ്പുകളാണ് അത്. ടി എന്നത് വർഷങ്ങളെ സൂചിപ്പിക്കുന്നു. ഇസഡ് ടി എന്നത് നിയന്ത്രിത ഘടകങ്ങളും പി ടി രാഷ്ട്രീയ ഘടകങ്ങളുമാണ്. ബി, വൈ എന്നിവ എസ്റ്റിമേറ്റഡ് റിഗ്രഷൻ കോ – എഫിഷ്യന്റ്മാണ്. വിശകലത്തിനുള്ള മാതൃകകൾ താഴെ കാണുന്നതാണ്.

**കണ്ടെത്തലുകളും ഉപസംഹാരവും**

രാഷ്ട്രീയമായ ആഭിമുഖ്യം ഇത്തരം ധന സഹായങ്ങളെ നേരിയ തോതിൽ സ്വാധീനി ക്കുന്നുണ്ട് എന്നാണ് പഠനത്തിൽ നിന്ന് കണ്ടെത്താൻ കഴിയുന്നത്. അതായത് കേന്ദ്രത്തിലെ അതേ പാർട്ടിയാണ് സംസ്ഥാ നത്തും ഭരണത്തിലെങ്കിൽ ധനസഹായം വർഷം തോറും വർധിച്ചു വരുന്നുണ്ടോ എന്നാണ് അന്വേ ഷിച്ചത്. ഇക്കാര്യത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നതായും വ്യക്തമാകുന്നുണ്ട് (പട്ടിക 1).

അസംബ്ലി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ വിവേചനം ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനായി മറ്റൊരു ഇലക്റ്ററൽ ഘടകം ഉൾപ്പെടുത്തുന്നു. ജനസംഖ്യയും കേന്ദ്ര വിഹിതവും തമ്മിൽ പോസിറ്റീവായ ഒരു ബന്ധമുള്ളതായും വരുമാനവും ഗ്രാന്റും തമ്മിൽ നെഗറ്റീവായ ബന്ധവും നിലനിൽക്കുന്നതായി കണ്ടെത്തു വാൻ കഴിഞ്ഞിട്ടുണ്ട് (പട്ടിക 1).

ഇതിൽ നിന്നും പൊതുവായി എത്തിച്ചേരാൻ കഴിഞ്ഞ ഒരു നിഗമനം കേന്ദ്രം വിഹിതം വിതരണം ചെയ്യുന്ന കാര്യത്തിൽ വിവേചന പരമായ ഘടകങ്ങൾ നിലനിൽക്കുന്നുണ്ട് എന്നാണ്. സംസ്ഥാനത്തും കേന്ദ്രത്തിലും ഒരേ പാർട്ടി തന്നെ ഭരിക്കുന്ന കേസുകളിൽ ഇത് പ്രകടമാണ്. ഇതിനു പുറമെ കേരളത്തിന്റെ കേന്ദ്ര വിഹിതങ്ങളുടെ കാര്യം പ്രത്യേകമായി എടുത്തു പരിശോധിക്കുകയുണ്ടായി. മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിലെ മൊത്തം കേന്ദ്ര വിഹിതത്തിന്റെ തോതും ഇവിടെ പരിശോധിക്കുകയുണ്ടായി. പൊതുവിൽ വിലയിരുത്താൻ കഴിയുന്ന കാര്യം കേന്ദ്ര വിഹിതം ക്രമമായി കുറഞ്ഞു വരുന്നു എന്നാണ്. ധനപരമായ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തി വരുമാനത്തിന് പുതുവഴികൾ കണ്ടെത്തണം എന്ന നിലയിലേക്ക് കാര്യങ്ങൾ പരിണമിക്കു കയാണ്. ധനപരമായ കാര്യങ്ങളിലെ അസന്തുലിതാവസ്ഥക്ക് പരിഹാരം കാണുക എന്നതാണ് കേന്ദ്ര ധനസഹായത്തിന് ആധാരമായ തത്വം. അതുകൊണ്ട് ഓരോ സംസ്ഥാനത്തിന്റെയും താല്പര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുസൃതമായ പ്രത്യേക ധനസഹായം ഉണ്ടാകേണ്ടത് അനിവാര്യമാണ് (പട്ടിക 1), (പട്ടിക 2).

**Table 1:** Electoral and partisan effects on inter-governmental transfers

| dependent/ independent | TG/ RR | SPG/RR | CSS/ RR | NPG/RR | TTC/TR |
|---|---|---|---|---|---|
| *affi* | 3.31<br>(1.96)* | 1.35<br>(1.97)* | 1.01<br>(2.01)* | 15.36<br>(1.93)* | 3.64<br>(1.99) * |
| *ble* | 8.78<br>(1.77) * | | | | 2.61<br>(1.79)* |
| *atce* | | | -0.135<br>(0.15) | | |
| *bece* | | -1.67<br>(-2.03)* | -1.12<br>(-1.4) | | -4.30<br>(-2.03)* |
| *atcs* | -9.08<br>(0.079)* | | | | |
| *pop* | 0.001<br>(1.97)* | (0.003)<br>(2.26) ** | 0.0001<br>(0.72) | 0.0006<br>(2.72) ** | 0.004<br>(4.87) *** |
| Yt | -6.181<br>(-1.35) | -1.20<br>(-.59) | -4.601<br>(-2.68)** | -0.008<br>(-4.31)*** | -0.0041-<br>(3.63)** |
| Constant | 8.99<br>(4.70)*** | 3.01<br>(5.01) *** | 2.93<br>(0.004) | 16.21<br>(0.4) | 28.27<br>(15.00)*** |
| R2 | 0.69 | 0.41 | 0.53 | 0.78 | 0.65 |
| DW | 1.86 | 1.83 | 1.5 | 1.52 | 1.48 |
| F-P value | 2.75<br>(0.05) *** | 2.91<br>(0.02) *** | 3.94<br>(0.005) *** | | 7.79<br>(0.000)*** |

*Note: The numbers in parenthesis are the t-statistics. *, **, and * ** denotes significant at 10%, 5% and 1% level respectively.*

## Appendix

**Table -1** Relative share of central transfers

| Year | 1981 | 1982 | 1983 | 1984 | 1985 | 1986 | 1987 | 1988 | 1989 | 1990 |
|---|---|---|---|---|---|---|---|---|---|---|
| SCT | 23.64 | 20.08 | 22.95 | 22.42 | 20.74 | 15.21 | 22.58 | 18.24 | 23.03 | 22.26 |
| CCS | 1.86 | 1.95 | 3.66 | 5.18 | 4.98 | 4.04 | 3.54 | 3.96 | 3.97 | 3.19 |
| NPG | 0.38 | 0.72 | 1.28 | 0.34 | 0.44 | 1.51 | 7.81 | 1.59 | 1.04 | 1.27 |
| PG | 7.80 | 7.88 | 7.29 | 12.47 | 11.71 | 19.67 | 4.54 | 9.95 | 10.21 | 7.75 |
| TG | 8.18 | 8.60 | 8.58 | 12.82 | 12.15 | 21.18 | 12.35 | 11.54 | 11.25 | 9.03 |
| **Year** | **1991** | **1992** | **1993** | **1994** | **1995** | **1996** | **1997** | **1998** | **1999** | **2000** |
| SCT | 20.24 | 20.21 | 20.70 | 19.15 | 17.97 | 19.12 | 20.22 | 17.87 | 19.20 | 19.33 |
| CCS | 5.50 | 4.37 | 4.66 | 4.88 | 5.22 | 3.84 | 3.59 | 2.61 | 3.10 | 2.51 |
| NPG | 1.39 | 4.31 | 1.71 | 1.34 | 0.89 | 0.74 | 1.28 | 0.60 | 5.25 | 1.14 |
| PG | 13.90 | 8.56 | 12.32 | 11.48 | 12.67 | 7.89 | 6.69 | 10.55 | 3.21 | 7.45 |
| TG | 15.29 | 12.87 | 14.02 | 12.82 | 13.56 | 8.64 | 7.98 | 11.14 | 8.45 | 8.59 |
| **Year** | **2001** | **2002** | **2003** | **2004** | **2005** | **2006** | **2007** | **2008** | **2009** | **2010** |
| SCT | 18.16 | 17.82 | 16.13 | 17.03 | 17.81 | 16.46 | 17.66 | 19.20 | 17.44 | 16.85 |
| CCS | 2.40 | 4.52 | 2.29 | 2.62 | 2.12 | 1.94 | 1.94 | 1.96 | 2.75 | 2.16 |
| NPG | 2.08 | 1.30 | 1.68 | 1.65 | 1.56 | 2.48 | 6.93 | 5.18 | 2.91 | 2.12 |
| PG | 4.98 | 9.46 | 7.14 | 6.03 | 8.16 | 10.99 | 4.59 | 5.14 | 8.06 | 6.43 |
| TG | 7.05 | 10.77 | 8.82 | 7.68 | 9.72 | 13.47 | 11.52 | 10.31 | 10.96 | 8.55 |
| **Year** | **2011** | **2012** | **2013** | **2014** | **2015** | **2016** | **2017** | **2018** | **2019** | **2020** |
| SCT | 16.59 | 15.76 | 15.50 | 15.19 | 13.68 | 18.38 | 20.14 | 18.23 | 20.10 | 18.18 |
| CCS | 2.35 | 3.41 | 2.58 | 2.48 | 6.76 | 5.15 | 4.04 | 3.87 | 4.06 | 3.62 |
| NPG | 2.08 | 1.29 | 2.17 | 1.12 | 2.90 | 2.16 | 6.85 | 6.32 | 8.01 | 8.78 |
| PG | 5.01 | 8.47 | 4.68 | 7.29 | 10.06 | 10.77 | 4.41 | 3.95 | 4.26 | 3.68 |
| TG | 7.09 | 9.76 | 6.85 | 8.41 | 12.96 | 12.92 | 11.26 | 10.27 | 12.27 | 12.45 |

*SCT=Share of central tax, CCS=Centrally sponsored scheme, NPG=Non plan grants= plan grants. All the data given here is computed by the author as a share of total revenue receipt. Source; RBI, A study on State Finances, various issues; GOK, budget in brief, various issues.*

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ അസിസ്റ്റന്റ് പ്രഫസറാണ് ലേഖിക)

## End Notes

1 Appropriate variables are introduced according to model fitness.

## References

Chhibber, P & Nooruddin, I. (2004). Do party systems count? The number of parties and government performance in the Indian states. Comparative Political Studies, 37(2),152-187.

Dasgupta S, Dhillon A and Dutta B. (2004). Electoral goals and centre-state transfers: A theoretical model and empirical evidence from India. Department of Economics, University of Warwick.

Dixit, Avinash and John Londregan. (1998). Ideology, Tactics, and Efficiency in Redistributive Politics, Quarterly Journal of Economics,113, 497-529.

Khemani S. (2007). Does delegation of fiscal policy to an independent agency make a difference? Evidence from intergovernmental transfers in India, Journal of Development Economics, 82; 464-484.

Khemani, S. (2002). Federal politics and budget deficits: Evidence from the states of India. World Bank policy research working paper 2915. Washington, D.C.

Khemani, S. (2007). Party politics and fiscal discipline in a federation: evidence from the states of India. Comparative Political Studies, 40(6), 691-712.

Khemani, S. (2003). Partisan Politics and Intergovernmental Transfers in India. World Bank Policy Research Working Paper, 3016.

Rao M G. (1999). Principles of Intergovernmental Transfers: Have the Finance Commissions Followed Them? Working Papers 47, Institute for Social and Economic Change, Bangalore.

Rao M. G and Nirvikar Singh. (2007). Asymmetric Federalism in India, Chapters in Richard M. Bird & Robert D. Ebel (ed.), Fiscal Fragmentation in Decentralized Countries, chapter 10, Edward Elgar Publishing.

Rao M G. (1979). Ideological Factors, Political Stability, and Tax Revenue Determination- A Case Study of Four States in Indian Federation, Public Finance- Finances publiques, vol. 34(1), pages 114-128.

Rao M. Govinda and Nirvikar Singh. (2000). The Political Economy of Center-State Fiscal Transfers in India. Unpublished paper, University of California, Santa Cruz.

Sharma Chanchal Kumar. (2017). A situational theory of Pork-Barrel politics: The shifting logic of discretionary allocations in India. India Review,16 (1), 14-41.

Rao M. G and Nirvikar Singh. (2006). Political Economy of Federalism in India, OUP Catalogue, Oxford University Press, number 9780195686937.

P. Grossman. (1994). A political theory of intergovernmental grants. Public Choice. Vol. 78, issue 3-4, 295-303.

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 1*
*ജനുവരി – മാർച്ച് 2024*

# കേരളത്തിന്റെ വികസന മാതൃകയും പ്രകടമാകുന്ന പോരായ്മകളും

അശ്വതി റേച്ചൽ വർഗ്ഗീസ്, കിരൺകുമാർ കക്കർലാപുടി, സുമലത ബി .എസ്

**സംഗ്രഹം**

*സാമൂഹ്യമായ വികസന പ്രക്രിയയിലും ക്ഷേമ പ്രവർത്തനങ്ങളിലും ഊന്നൽ നൽകുന്ന 'കേരള മോഡൽ' വികസനം ലോകശ്രദ്ധ പിടിച്ചു പറ്റിയ ഒന്നാണ്. പ്രതിശീർഷ വരുമാനം താരതമ്യേന കുറവായാണ് രേഖപ്പെടുത്തപ്പെടുന്നതെങ്കിലും മാനവ വികസന രംഗത്ത് ഇതുവഴി നേട്ടം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ തനതായ ഈ വികസന മോഡൽ ഇന്ന് വലിയ വെല്ലുവിളി നേരിടുകയാണ്. ഇത്തരമൊരു വികസന പ്രക്രിയക്ക് അതിന്റെ നൈരന്തര്യം തുടരാനാകുമോ എന്നതാണ് പ്രധാന ആശങ്കയായി വളരുന്നത്. കാലാവസ്ഥയിൽ ഉണ്ടായിരിക്കുന്ന വ്യതിയാനം, പാരിസ്ഥിതികമായ പ്രശ്നങ്ങൾ, ധനപരമായ പ്രതിസന്ധി, ജനസംഖ്യാപരമായ മാറ്റങ്ങൾ തുടങ്ങിയ പ്രശ്നങ്ങളാണ് ഇത്തരമൊരു ആശങ്കക്ക് അടിസ്ഥാനം. വികസന രംഗത്ത് ഒരു പുനർവായന ഇത് ആവശ്യപ്പെടുകയാണ്. പൊതുസേവന രംഗത്തെ നേട്ടങ്ങളെ കുറിച്ചും ഒപ്പം സാമൂഹ്യവും ഭൗതികവുമായ അടിസ്ഥാന സൗകര്യങ്ങളെ കുറിച്ചുമാണ് ഈ ലേഖനം ചർച്ച ചെയ്യുന്നത്. മാനവ വികസന സൂചികകളുടെയും സാമൂഹ്യമായ സൂചികകളുടെയും കാര്യത്തിൽ ദേശീയ നിലവാരവുമായുള്ള താരതമ്യവും ഇതിലുൾപ്പെടുന്നു. വികസന രംഗത്ത് കേരളത്തിന് പ്രകടമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ രംഗത്ത് ഇനിയങ്ങോട്ട് കേരളം അഭിമുഖീകരിക്കേണ്ടി വരുന്ന വെല്ലുവിളികളെ അത്ര നിസാരമായി കാണാൻ കഴിയുന്ന ഒന്നല്ല.*

സാമൂഹ്യമായ വികസനത്തിന്റെയും ക്ഷേമ നയങ്ങളുടെയും കാര്യത്തിൽ ഏറെ പ്രശസ്ത മാണ് കേരള മോഡൽ വികസനം. പ്രതിശീർഷ വരുമാനം കുറവാണെങ്കിലും മാനവ വികസന സൂചികകളിലും വിവിധ ക്ഷേമ സൂചികകളിലും കേരളം വലിയ നേട്ടങ്ങൾ കൈവരിച്ചതായി കാണാം (യു എൻ, 1975). ലോകത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റാൻ കഴിഞ്ഞ കേരള വികസന മോഡലിനെ കുറിച്ച് ലോകപ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞരായ അമർത്യസെൻ, ജീൻ ഡ്രീസ് തുടങ്ങിയവർ നിരവധി പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (ഡ്രീസ്, സെൻ–1991, സെൻ–1999, ഡ്രീസ്–2017). യു എൻ ഡി പിയുടെ മാനവശേഷി വികസന സൂചികകൾ സൃഷ്ടിക്കുന്നതിൽ അമർത്യാസെന്നിന്റെ 'ഹ്യൂമൻ കപ്പാസിറ്റി' സമീപനത്തോട് സാദൃശ്യം പുലർത്തുന്ന കേരള വികസന മോഡൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വികസിത സമ്പദ്ഘടനകൾ മുന്നോട്ട് വയ്ക്കുന്ന' ട്രിക്കിൾ ഡൌൺ' തിയറിയുടെ ഒരു ബദൽ സമീപനമാണ് കേരള മോഡൽ. ഇന്ത്യയിലെ മിക്കവാറും സംസ്ഥാനങ്ങൾ മാനവശേഷി

വികസന രംഗത്ത് പിന്നോക്കം നിൽക്കുമ്പോൾ, ജനങ്ങളുടെ ജീവിത നിലവാരം കാര്യമായി ഉയർത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്നിവയിലുള്ള മുതൽമുടക്കാണ് ഇതിന് പിന്നിൽ.

എന്നാൽ കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനം, ജനസംഖ്യാപരമായ മാറ്റങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ, സംസ്ഥാന ത്തിനകത്തേക്കും പുറത്തേക്കുമുള്ള കുടിയേറ്റം തുടങ്ങിയ പുതിയ കാലത്തേ മാറ്റങ്ങൾ സൂക്ഷ്മമായ വിലയിരുത്തലിന് വിധേയമാക്കേണ്ടതുണ്ട്. ഇത്തരം മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ കേരള മോഡൽ വികസനത്തിന് ഇനിയും തുടരാനാകുമോ എന്ന ആശങ്ക ശക്തമാണ് (ജോർജ്–1999). സാമൂഹ്യ രംഗത്തെ ചെലവഴിക്കലിന് സംസ്ഥാനം പണം കണ്ടെത്തുന്നത് കടമെടുപ്പിലൂടെയാണ്. അതുവഴിയായി രൂപപ്പെടുന്ന ധനപരമായ പ്രതിസന്ധി കേരള വികസന മാതൃകയുടെ സാധ്യതകളെ പരിമിതപ്പെടുത്തുന്നു (ജോർജ്–1999). മാനവശേഷി വികസന രംഗത്ത് നേട്ടങ്ങൾ കൈവരിക്കുമ്പോഴും കേരളം വലിയ തോതിലുള്ള തൊഴിലില്ലായ്മയുടെ പിടിയിലാണെന്ന് കാണാം. ഇതിനു പുറമെ, പൊതു ധനകാര്യത്തെ നിയന്ത്രിക്കുന്ന കാര്യത്തിൽ കേരളം പ്രകടമാക്കുന്ന വീഴ്ചകളും കേരള മോഡലിന് മങ്ങലേല്പിക്കുന്ന ഘടകങ്ങളാണ് (കണ്ണൻ–2022). സംസ്ഥാനങ്ങളുടെ ധനകാര്യ മേഖലയെ അവലോകനം ചെയ്തുകൊണ്ടുള്ള റിസർവ് ബാങ്കിന്റെ 2022ലെ റിപ്പോർട്ട് പറയുന്നത്, ധനപരമായി കടുത്ത സമ്മർദം നേരിടുന്ന അഞ്ചു സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണെന്നാണ്. ഇത്തരമൊരു സാഹചര്യത്തിൽ കേരള മോഡൽ ഒരു വഴിത്തിരിവിലാണ് എന്ന് പറയേണ്ടി വരും. അതുകൊണ്ട് അതിനെ ശരിയായ ദിശയിൽ നയിക്കുന്നതിന് ഒരു പുനർവിചിന്തനം അനിവാര്യമാണ്. ഭാവിയിൽ കേരളം നേരിടേണ്ടുന്ന വെല്ലുവിളികൾ കൂടി പരിഗണിച്ചുകൊണ്ട് കേരളത്തിന്റെ വികസന പാതയെ കുറിച്ചുള്ള വിശദമായ ഒരു പരിശോധനയാണ് ഈ ലേഖനത്തിൽ നടത്തുന്നത്.

ഈ ലേഖനത്തിന്റെ രണ്ടാം ഭാഗത്ത് കഴിഞ്ഞ നാല് ദശകക്കാലത്തെ കേരളത്തിന്റെ വളർച്ചയെ കുറിച്ചുള്ള ഒരു പൊതുവിലായിരുത്തലാണ് നടത്തുന്നത്. ഇക്കാര്യത്തിൽ കേരളത്തിന്റെ പ്രകടനത്തെ ദേശീയ തലത്തിലേതുമായി താരതമ്യം ചെയ്യുകയും ചെയ്യുന്നു. പൊതു അടിസ്ഥാന സൗകര്യ രംഗത്ത് സംസ്ഥാനം കൈവരിച്ചിരിക്കുന്ന നേട്ടങ്ങളെ കുറിച്ചാണ് മൂന്നാം ഭാഗം ചർച്ച ചെയ്യുന്നത്. വികസന പ്രവർത്തനങ്ങളുടെ ഫലങ്ങളെ കുറിച്ച് നാലാം ഭാഗത്ത് ചർച്ച ചെയുമ്പോൾ അഞ്ചാം ഭാഗം വിശകലനം ചെയ്യുന്നത് പുതുതലമുറ പ്രശ്നങ്ങളെ കുറിച്ചാണ്. ഇതിന്റെ രത്നചുരുക്കമാണ് അവസാന ഭാഗത്ത്.

**2. കേരളത്തിന്റെ വളർച്ച**

കേരളം 'തലകീഴായ' ഒരു വികസനമാണ് നടത്തുന്നതെന്നാണ് പൊതുവെയുള്ള ഒരു നിരീക്ഷണം. മാനവ വികസന രംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ സാമ്പത്തിക വളർച്ചയുമായി ഒത്തുപോകുന്നില്ല (ചക്രവർത്തി–2005). എന്നാൽ കേരളത്തിന്റെ വളർച്ച മുരടിപ്പിലാണെന്ന അനുമാനത്തിലെത്താൻ കഴിയുകയുമില്ല. സാമ്പത്തിക വികസന സൂചികകളുടെ കാര്യത്തിൽ ദേശീയതലത്തിൽ മുൻനിരയിലുള്ള ഒരു സംസ്ഥാനമാണ് കേരളം. ഉദാഹരണത്തിന്, കേരളത്തിന്റെ പ്രതിശീർഷ ജി എസ് ഡി പി ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. 2003 മുതൽ 2019 വരെയുള്ള ഘട്ടത്തിൽ സംസ്ഥാനത്തിന്റെ ജി എസ് ഡി പി വളർച്ച 6.9 ശതമാനമാണ്. എന്നാൽ 6.4 ശതമാനമാണ് ദേശീയ ശരാശരി (രേഖാചിത്രം 1,2,3).

അതായത് സാമൂഹ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന് കേരളം കാണിച്ച ശുഷ്കാന്തി ഗുണഫലങ്ങൾ ഉളവാക്കിയെന്ന് സാരം. എൺപതുകളിൽ കേരളത്തിന്റെ പ്രതിശീർഷ ജി എസ് ഡി പി ദേശീയ ശരാശരിയേക്കാൾ കേവലം

**Figure 1:** Growth Performance of Kerala and India (1980-2019) in %




*Source: Authors' calculation based on MOSPI*

**Figure 2:** Real SDP growth of Indian states (In Percentage), FY2021-22




*Source: Authors' calculation based on MOSPI*

**Figure 3:** Per capita Gross Domestic Product Kerala vis-à-vis India (In Rupees)




*Source: Authors' calculation based on MOSPI*
*Notes: GDP and GSDP are at constant prices of 2011-12*

0.6 ഇരട്ടി മാത്രമാണ് മുന്നിലായിരുന്നത്. എന്നാൽ 2019–20 സാമ്പത്തിക വർഷത്തിലേക്ക് എത്തുമ്പോൾ ഇത് ദേശീയ ശരാശരിയേക്കാൾ 1.6 ഇരട്ടി അധികമാണെന്ന് കാണാം (രേഖാചിത്രം–3). സാമൂഹ്യമായ മാനവ വികസനം വളർച്ചയെ ത്വരിതപ്പെടുത്താൻ സഹായകമായതായി വിലയിരുത്താം. ഇത് പ്രതിശീർഷ വരുമാനത്തിലെ നേട്ടത്തിന് കാരണമായി. വാർഷികാടിസ്ഥാനത്തിൽ ഏതാണ്ട് ഒരു ശതമാനത്തിന്റെ വളർച്ച രേഖപ്പെടുത്താൻ അതുവഴി കഴിഞ്ഞു. ഇത് ദേശീയ രംഗത്തെ വളർച്ചയേക്കാൾ മുകളിലാണ്. അതായത് കേരള മോഡൽ വികസനത്തിന് സാമ്പത്തിക വളർച്ചയുടെ രംഗത്തും കാര്യമായ സംഭാവന നല്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് നമുക്ക് വിലയിരുത്താം.

### 3. പൊതു അടിസ്ഥാന സൗകര്യ വികസനവും ലഭ്യതയും

സംസ്ഥാനം ഭൗതിക അടിസ്ഥാന സൗകര്യ വികസന രംഗത്തും മാനവശേഷി മൂലധനത്തിന്റെ കാര്യത്തിലും കൈവരിച്ച നേട്ടങ്ങൾ സാമ്പത്തിക വളർച്ച, സാമൂഹ്യമായ വികസനം, സുസ്ഥിര വികസനം എന്നിവയുടെ കാര്യത്തിലുള്ള വികസനവുമായി താരതമ്യം ചെയ്യുമ്പോൾ ശക്തമെന്ന് പറയാൻ കഴിയാവുന്ന ഒന്നല്ല. മാനവശേഷി മേഖലയിലെ മുതൽമുടക്ക് വഴിയായി പശ്ചിമേഷ്യൻ രാജ്യങ്ങൾ കൈവരിച്ച പ്രതിശീർഷ വരുമാനം, ത്വരിതഗതിയിലുള്ള വളർച്ച തുടങ്ങിയ നേട്ടങ്ങൾ ഇതിന് കൃത്യമായ ഉദാഹരണങ്ങളാണ് (ഡ്രീസ്, സെൻ, 2013, സ്റ്റിഗ്ലിസ്–1996). സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമെ ഭൗതികമായ അടിസ്ഥാന സൗകര്യവും ഡിജിറ്റൽ അടിസ്ഥാന സൗകര്യവും സാമ്പത്തിക വളർച്ചയിലും വികസനത്തിലും വളരെ നിർണ്ണായകമാണ്. മാനവ വികസന സൂചിക, ദാരിദ്ര്യ സൂചിക, ആഗോള പട്ടിണി സൂചിക തുടങ്ങിയ സൂചികകൾ വെളിവാക്കുന്നത് സാമൂഹ്യ ക്ഷേമ മേഖലയിൽ വലിയ നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞുവെന്നാണ്. സാമൂഹ്യ മേഖലയിലെ കൃത്യതയാർന്ന മുതല്മുടക്കാണ് ഇതിന് ആസ്പദമായത്. ഇത്തരം നേട്ടങ്ങൾ ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണെന്ന്

മാത്രമല്ല, മധ്യ നിലവാരത്തിലുള്ള വളർച്ച കൈവരിക്കാൻ കഴിഞ്ഞ രാജ്യങ്ങൾക്കൊപ്പവു മാണ് (ചാത്തുകുളം, താരാമംഗലം-2021). പൊതുസേവനങ്ങൾ മികച്ച രീതിയിൽ ജനങ്ങൾക്ക് എത്തിക്കാൻ കഴിയുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്

**സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ**

**ആരോഗ്യ മേഖല**

സാമ്പത്തിക പുരോഗതിക്ക് പിന്നിലെ ഒരു നിയാമക ഘടകമാണ് അടിസ്ഥാന സൗകര്യ വികസനം. ഇത് ഉല്പാദന ഉപാധികൾ വർധിപ്പി ക്കുന്നതിന് സഹായകമാകുന്നു. ചരക്ക് നീക്കത്തിനും വാണിജ്യത്തിനുമുള്ള ചെലവുകൾ കുറയ്ക്കുന്നു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. ഇക്കാര്യങ്ങൾ നിരവധി തെളിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാപിക്ക പ്പെട്ടിട്ടുള്ള താണ്. ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ വികസനത്തിന് ഇത് നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട് (ഈസ്റ്റെർലി, റിബെലോ -1993) (സാഹു, ഡാഷ്-2012). മാനവ വികസന മേഖലയിൽ മുതൽമുടക്ക് കാര്യമായ തോതിൽ ആവശ്യമാണെന്ന് കാണാം. എന്നാൽ ഇക്കാര്യത്തിൽ പെട്ടെന്ന് നേട്ടം ഉണ്ടാകണ മെന്നില്ല. ഇന്ത്യയിലെ സംസ്ഥാനങ്ങൾ പൊതുവെ ആരോഗ്യ രംഗത്ത് വിദ്യാഭ്യാസ മേഖലയെക്കാൾ കുറഞ്ഞ നിക്ഷേപമാണ് നടത്തുന്നത്. വിദ്യാഭ്യാസ മേഖലയിൽ ജി എസ് ഡി പിയുടെ 1.6 ശതമാനം മുതൽ 8.4 ശതമാനം വരെ ചെലവഴിക്കുമ്പോൾ ആരോഗ്യ രംഗത്ത് ചെലവഴിക്കുന്നത് 0.5 ശതമാനം മുതൽ 4 ശതമാനം വരെയാണ്.

ആരോഗ്യ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുമ്പോൾ കേരളം വേറിട്ട ചിത്രമാണ് കാഴ്ച വയ്ക്കുന്നത്. ഡോക്ടർമാരുടെയും സ്പെഷ്യലിസ്റ്റു കളുടെയും എണ്ണം ഇവിടെ കൂടുതലാണ്. കേന്ദ്ര ആരോഗ്യ, കുടുംബ ക്ഷേമ വകുപ്പിന്റെയും നീതി ആയോഗിന്റെയും 2022ലെ കണക്കുകൾ പ്രകാരം കേരളത്തിൽ 1503 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുള്ളപ്പോൾ വേണ്ടത് 780 ആണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്റ്റർമാർ, സ്പെഷ്യ ലിസ്റ്റുകൾ എന്നിവരുടെ കാര്യത്തിൽ ഏറ്റവും കുറവ് ഒഴിവുകളുള്ളത് ഇവിടെയാണ്. 66 ഒഴിവുകൾ മാത്രമാണ് നികത്തനായി ഉള്ളത് (രേഖാചിത്രം 4).

സർക്കാർ ആശുപത്രികൾ, കിടക്കകൾ എന്നിവയുടെ എണ്ണം തുടങ്ങിയ കാര്യങ്ങൾ ആരോഗ്യ അടിസ്ഥാന സൗകര്യത്തിന്റെ നിലവാരം നിർണ്ണയിക്കുന്നതിൽ ഏറെ പ്രധാനപ്പെട്ടതാണ്. ആശപത്രി കിടക്ക കളുടെ എണ്ണത്തിൽ ഇന്ത്യയിൽ നാലാം സ്ഥാനത്താണ് കേരളം. 1284 സർക്കാർ ആശുപത്രികളിലായി 38,097 കിടക്കകളാണ് കേരളത്തിലുള്ളത് (രേഖാചിത്രം 5). മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാന ങ്ങളിൽ സർക്കാർ ആശുപത്രികൾ കൂടുത ലായുണ്ട്. എന്നാൽ ബെഡുകളുടെ എണ്ണം താരതമ്യേന കുറവാണ്. ആയിരം പേർക്ക് എത്ര കിടക്കകൾ എന്ന കണക്കെടുക്കുമ്പോഴും കേരളം, ദേശീയ ശരാശരിയേക്കാൾ ഏറെ മുകളിലാണെന്ന് കാണാൻ കഴിയും. അതായത് ആരോഗ്യ മേഖലയിലെ സൗകര്യങ്ങളുടെ കാര്യത്തിൽ കേരളം ദേശീയ തലത്തിൽ ഏറെ മുന്നിൽ നിൽക്കുകയാണ്. സമർത്ഥമായ സർക്കാർ ഇടപെടലാണ് ഇതിന് കാരണം (രേഖാചിത്രം 5).

അതുപോലെ തന്നെ കുട്ടികളുടെ ആരോഗ്യം തുടങ്ങിയ പല മേഖലകളിലും വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യാവുന്ന നിലയിലാണ് കേരളം. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ രംഗത്ത് കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ഈ മേഖലയിലെ പ്രതിജ്ഞാ ബദ്ധതക്ക് തെളിവാണ്. കോവിഡ് മഹാമാരി പോലുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്ന കാര്യത്തിൽ ഇവ വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്.

**വിദ്യാഭ്യാസ രംഗം**

സുസ്ഥിര വികസനം സാധ്യമാക്കുന്ന തിനുള്ള അനിവാര്യമായ ഘടകങ്ങളാണ് വിദ്യാഭ്യാസ

**Figure 4:** Kerala outperforms in health manpower: Registered number of nurses and midwives per thousand population




*Source: National Health Profile, Ministry of Health and Family Welfare, Various Issues*
*Notes: normalised figures per thousand population*

**Figure 5** Number of hospital beds available for Kerala vis-à-vis India per 1000 population




*Source: RBI, Handbook on Statistics of Indian states,*
*Notes: The score is normalised per thousand population*

ത്തിനുള്ള സൗകര്യവും അതിന്റെ നിലവാരവും. ഇതിന് ക്രിയാത്മ കമായ ധനകാര്യ നയങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. സാമൂഹ്യ മേഖലയുടെ വികാസത്തിനായി ഇന്ത്യ ജി ഡി പിയുടെ 8 ശതമാനം ചെലവഴിക്കുന്നു. ഇതിൽ 2.5 മുതൽ 3 ശതമാനം വരെ വിദ്യാഭ്യാസ മേഖലക്ക് ലഭ്യമാകുന്നു. വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ നമ്മുടെ രാജ്യത്ത് കൂടുതൽ നിക്ഷേപം ആവശ്യമാണെന്ന് കാണാം (വർഗ്ഗീസ്, ബൈരാഗ്യ-2020). സംസ്ഥാന ങ്ങളുടെ സാമൂഹ്യ മേഖലയിലെ ചെല വഴിക്കലിന്റെ കാര്യത്തിൽ കൃത്യമായ ഒരു രീതിശാസ്ത്രം പ്രകടമല്ലെങ്കിലും വിദ്യാഭ്യാ സത്തിന്റെ കാര്യത്തിൽ അത് ഏറെ ക്രിയാത്മകമാണെന്ന് കാണാം. കേരളത്തിന്റെ കാര്യമെടുത്താൽ വിദ്യാഭ്യാസ മേഖലയിലെ സർക്കാർ ചെലവഴിക്കലും കുടുംബങ്ങളുടെ ചെലവഴിക്കലും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് താരതമ്യേന ഉയർന്ന തോതിലാണ്. ഇത് കേരളത്തിന്റെ പൊതുവായ വിദ്യാഭ്യാസ നിലവാരത്തിൽ പ്രകടമാണ്.

വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങളുടെ കാര്യത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാ നങ്ങൾ ഉത്തരേന്ത്യൻ സംസ്ഥാങ്ങളെ അപേക്ഷിച്ച് മികച്ച നിലവാരം പുലർത്തുന്ന തായി കാണാം. മറ്റു മേഖലകളേക്കാൾ ഏറെക്കുറെ സമമായ വിതരണം ഈ മേഖലയിൽ കാണാൻ കഴിയും. ഇക്കാര്യ ത്തിൽ കേരളമാണ് ഏറ്റവും ഉയർന്ന മദ്ധ്യം രേഖപ്പെടുത്തിയിരിക്കുന്നത് (ശരാശരി സ് കൂൾ പഠനകാലം). വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഏറ്റവും കുറവ് അസമത്വവും കേരളത്തിലാണ്. ഗിനി സൂചിക പ്രകാരമാണ് ഇത് രേഖപ്പെടുത്തുന്നത്. ശരാശരി സ്കൂൾ കാലം ദേശീയ തലത്തിൽ 7.09 വർഷ മായിരിക്കെ കേരളത്തിൽ അത് 8.49 വർഷമാണ്. ദേശീയ നിലവാരത്തെക്കാൾ വിദ്യാഭ്യാസ രംഗത്ത് കുറവ് അസമത്വമാണ് കേരളം രേഖപ്പെടുത്തുന്നത് (രേഖാചിത്രം 6). എന്നാൽ ആഗോള നിലവാരവുമായി തട്ടിച്ചു നോക്കുമ്പോൾ കേരളത്തിന് ഇനിയും മുന്നേറാൻ ഏറെയുണ്ടെന്ന് കാണാൻ കഴിയും (രേഖാചിത്രം 6).

**Figure 6:** Educational attainment of Kerala vis-à-vis India




*Source: Computed from PLFS (2019)*

**ഭൗതിക അടിസ്ഥാന സൗകര്യം**

സാമ്പത്തിക വളർച്ചയുടെ കാര്യത്തിലും വികസനത്തിലും അടിസ്ഥാന സൗകര്യ വികസനം വളരെ പ്രധാനപ്പെട്ട ഒന്നാണ് (റോസെൻസ്റ്റെയ്ൻ–റോഡാൻ–1943, ഹിർഷ്മാൻ–1958, റോസ്റ്റോ–1960). ഓരോ വ്യക്തിക്കും വിപണികളും ആശയങ്ങളുമായി ഇടപഴകാൻ കഴിയുന്ന സാഹചര്യം ഉണ്ടാകേണ്ടതുണ്ട്. പശ്ചിമ യൂറോപ്പ്, ജപ്പാൻ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളുടെ കാര്യത്തിൽ സാമ്പത്തിക വളർച്ച, റെയിൽ, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവുമായി അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുന്നതാണ്. മികച്ച ഗതാഗത സൗകര്യങ്ങളാൽ സമ്പന്നമാണ് വികസിത രാഷ്ട്രങ്ങൾ (ബാനർജി–2020). സാമ്പത്തിക വളർച്ച, വിദേശ നിക്ഷേപം, ദാരിദ്യ നിർമാർജനം, തൊഴിലില്ലായ്മ കുറയ്ക്കൽ, കുറ്റകൃത്യങ്ങൾ കുറയ്ക്കൽ, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തുടങ്ങിയ പല തലങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം വലിയ പങ്ക് വഹിക്കുന്നു എന്നതിന് നിരവധിയായ തെളിവുകൾ ചൂണ്ടിക്കാണിക്കാനുണ്ട്.

വികസ്വര രാജ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് കാണാം. ആവശ്യത്തിന് പണം ലഭ്യമല്ലാത്ത താണ് ഇതിന് കാരണം. ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ഗ്രാമീണ മേഖലയിൽ റോഡുകൾ അപര്യാപ്ത മാണ്. ഇത് പരിഹരിക്കുക എന്ന ലക്ഷ്യം വച്ച് കൊണ്ടാണ് കേന്ദ്ര സർക്കാർ 'പ്രധാനമന്ത്രി ഗ്രാമ സഡക് യോജന' (പി എം ജി എസ് വൈ) എന്ന പദ്ധതി പ്രഖ്യാപിച്ചത്. ദാരിദ്ര്യ നിർമാർജന പരിപാടികളുടെ ഭാഗമായി ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളിൽ യാത്ര സൗകര്യം ഒരുക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. സാമ്പത്തിക പുരോഗതിയിൽ റോഡ് വികസനം വഹിക്കുന്ന പങ്ക് ഒട്ടും ചെറുതല്ല. ദേശീയ പാതകൾ, എക്സ്പ്രസ്സ് വേകൾ, സംസ്ഥാന ഹൈവേ, ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ തുടങ്ങിയവയെല്ലാം ഉൾപ്പെട്ട ശ്രിംഖലയാണ് ഇത്. പൊതുവെ ചെലവ് കുറഞ്ഞ യാത്ര സൗകര്യ മായാണ് റോഡുകളെ കരുതുന്നത്. റെയിൽവേ, കപ്പൽ ഗതാഗതം, വിമാന സർവീസുകൾ തുടങ്ങിയ യാത്ര മാർഗങ്ങളുടെ ഒരു ഫീഡർ സർവീസായും റോഡുകൾ വർത്തിക്കുന്നു. ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ റോഡ് നെറ്റ് വർക്കാണ് ഇന്ത്യയിലുള്ളത്. 63.72 ലക്ഷം കിലോമീറ്റർ റോഡുകളുള്ള ഇന്ത്യ ഇക്കാര്യ ത്തിൽ അമേരിക്കക്ക് മാത്രം പിന്നിലാണ്.

ഇന്ത്യയിൽ ഏറ്റവും ഉയർന്ന റോഡ് സാന്ദ്രതയുള്ള സംസ്ഥാനം കേരളമാണ്. പൊതു, സ്വകാര്യ മേഖലയിലുള്ള റോഡുകൾ ഓരോ ഗ്രാമത്തിന്റെയും മുക്കിലും മൂലയിലുമെത്തുന്നു. 8 ദേശീയ പാതകളാണ് സംസ്ഥാനത്തുള്ളത്. ഇവയുടെ ദൈർഘ്യം 1523.954 കിലോമീറ്ററാണ്. 2019ൽ 100 ചതുരശ്ര കിലോമീറ്ററിന് 668 കിലോമീറ്റർ എന്നതാണ് കേരളത്തിലെ റോഡ് സാന്ദ്രത. 2013ൽ ഇത് 100 ചതുരശ്ര കിലോമീറ്ററിന് 476 കിലോമീറ്റർ ആയിരുന്നു. റോഡ് സാന്ദ്രതയുടെ കാര്യത്തിൽ കേരളം ദേശീയ ശരാശരിയേക്കാൾ നാലിരട്ടി മുന്നിലാണ്. 2016നു ശേഷം ഇക്കാര്യത്തിലുള്ള വ്യത്യാസം കൂടി വരുന്നതായി കാണാം. കേരളത്തിലെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും കാണുന്ന കോൺ ക്രീറ്റ് റോഡുകളാണ് റോഡ് അടിസ്ഥാന സൗകര്യ മേഖലയിലെ നേട്ടങ്ങൾക്ക് ആധാരം.

**ബാങ്ക് ശാഖകളുടെ സാന്ദ്രത**

വികസനം, വളർച്ച എന്നിവയുടെ രംഗത്ത് സാമ്പത്തിക മാധ്യമം എന്ന നിലയിൽ ബാങ്കുകൾ വഹിക്കുന്നത് നിർണ്ണായകമായ പങ്കാണ്. ഇക്കാര്യത്തിൽ കേരളത്തിന് പതിറ്റാണ്ടു കൾക്ക് മുൻപ് തന്നെ വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതായി കാണാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ത്തോടെ കേരളത്തിൽ പ്രവർത്തനം തുടങ്ങിയ സ്വകാര്യ വായ്പാ സ്ഥാപനങ്ങൾ, ഹുണ്ടിക സ്ഥാപനങ്ങൾ, ചിട്ടി സ്ഥാപനങ്ങൾ തുടങ്ങിയ വയാണ് ഈ വലിയ മാറ്റത്തിന് കാരണ ഭൂതരായത്. 1893ൽ ട്രാവൻകൂർ ബാങ്കിന് തുടക്കം

കുറിച്ചു. തുടർന്ന് 1900ത്തിനും 1947നുമിടയിൽ ഇത്തരം നിരവധി ബാങ്കുകൾ പ്രവർത്തനം തുടങ്ങി. മധ്യ കേരളത്തിലും ദക്ഷിണ കേരളത്തിലുമാണ് ഇത് കൂടുതലായും തുറന്നത്. സംസ്ഥാനത്ത് ഒരു ബാങ്കിങ് സംസ്കാരത്തിന് ഇത് തുടക്കമിട്ടു. സ്വാതന്ത്ര്യത്തിന് ശേഷം ബാങ്കിങ് രംഗം കൂടുതൽ ശക്തമായി. 1969ൽ 600 ആയിരുന്ന ബാങ്ക് ശാഖകളുടെ എണ്ണം 2022ൽ 6817 ആയി ഉയർന്നു. എണ്പതുകളിൽ വിദേശത്തു നിന്നുമുള്ള റെമിറ്റൻസിൽ കാര്യമായ വർധനയുണ്ടായതും ബാങ്കിങ് മേഖലയുടെ വളർച്ചക്ക് സഹായകമായി. ഇന്ത്യയിൽ മൊത്തം വരുന്ന റെമിറ്റൻസിന്റെ ഏതാണ്ട് 40 ശതമാനവും കേരളത്തിലാണ്. സംസ്ഥാന മൊത്തം ആഭ്യന്തര ഉല്പാദന ത്തിന്റെ മൂന്നിലൊന്ന് വരുമിത്. അഞ്ചിൽ ഒരു കുടുംബത്തിൽ വിദേശത്തു നിന്നുള്ള പണവരവിന്റെ സ്വാധീനം കാണാം (നായർ–2017).

രണ്ടായിരാമാണ്ടിന്റെ പകുതിയോടെ 'ഫിനാൻഷ്യൽ ഇൻക്ലൂഷൻറെ' കാര്യത്തിൽ കേരളത്തിന് മികച്ച നിലയിലേക്ക് മാറാൻ കഴിഞ്ഞു. ഉയർന്ന സാക്ഷരത, റെമിറ്റൻസ്, ക്ഷേമ പ്രവർത്തനങ്ങൾ, ബാങ്കിങ് സംസ് കാരം തുടങ്ങിയ ഘടകങ്ങളാണ് ഇതിന് സഹായകമായത്. 'സ്വാഭിമാൻ' പോലുള്ള പദ്ധതികളുടെ ലക്ഷ്യം കൈവരിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന് വലിയ വിജയം നേടാൻ സാധിച്ചു. 'ജൻധൻ യോജന' പ്രകാരം എല്ലാ ജനങ്ങൾക്കും ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കാൻ ഗോവയ്ക്ക് ഒപ്പം കേരളത്തിന് കഴിഞ്ഞു. 2014 നവംബർ മാസത്തിലായിരുന്നു ഇത്. ശാഖകളുടെ സാന്ദ്രത ദേശീയ ശരാശരിയേക്കാൾ ഏതാണ്ട് ഇരട്ടിയാണ് കേരളത്തിൽ. ഗ്രാമീണ മേഖലയിലെ ഉയർന്ന ബാങ്ക് സാന്ദ്രത കേരളത്തിന്റെ പ്രധാന പ്രത്യേകതയാണ് (നായർ–2017) (രേഖാചിത്രം– 8).

**ഡിജിറ്റൽ അടിസ്ഥാന സൗകര്യം**

**ഫോൺ, ഇന്റർനെറ്റ് കണക്ടിവിറ്റി**

ടെലിക്കമ്യൂണിക്കേഷൻ അടിസ്ഥാന സൗകര്യങ്ങൾ വികസന രംഗത്ത് വഹിക്കുന്ന പങ്ക് വളരെ പ്രധാനപെട്ടതാണ്. വരിക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ ലോകത്തെ ഏറ്റവും വലിയ ടെലികോം വ്യവസായം ഇന്ത്യയിലേതാണ്. ടെലി സാന്ദ്രതയുടെ കാര്യത്തിലും കേരളം ദേശീയ ശരാശരിയേക്കാൾ ഏറെ മുന്നിലാണ്. 128.93 ശതമാനമാണ് കേരളത്തിലെ ടെലി സാന്ദ്രത (രേഖാചിത്രം 9). സംസ്ഥാനത്ത് 45.72 ദശലക്ഷം വരിക്കാരാണുള്ളത്. ഇതിൽ 442, 86, 150 പേരും

**Figure 7:** Road density in KM per 100 Square KM




*Source: Authors' calculation based on RBI data*

**Figure 8:** Bank branch density per 1000 people




*Source: Author's calculation based on RBI database*

**Figure 9:** Telephone density in %




*Source: Author's calculation based on RBI database*

വയർലെസ്സ് ഉപഭോക്താക്കളാണ്. സംസ്ഥാനത്ത് 27.44 ദശലക്ഷം ഇന്റർനെറ്റ് ഉപഭോക്താക്കളുമുണ്ട്. സംസ്ഥാന സർക്കാരിന്റെ മുൻകൈയിൽ നടപ്പാക്കുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് അഥവാ കെ–ഫോൺ അതിവേഗ ഇന്റർനെറ്റ് സേവനം താങ്ങാവുന്ന നിരക്കിൽ നൽകുന്നതിന് ലക്ഷ്യമിടുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഓഫിസുകൾ, ബി പി എൽ കുടുംബങ്ങൾ എന്നിവയ്ക്കാണ് കണക്ഷൻ നൽകുന്ന കാര്യത്തിൽ മുൻഗണന നൽകുന്നത് (രേഖാചിത്രം–9). 2022 മാർച്ച് മാസത്തിലെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ ഇന്റർനെറ്റ് സബ്സ്ക്രൈബേഴ് സിന്റെ എണ്ണം 824.89 ദശലക്ഷമാണ്. ഇതിൽ വയർലെസ്സ് ഇന്റർനെറ്റ് സേവനം ഉപയോഗിക്കുന്നവർ 797.61 ദശലക്ഷമാണ്, 96.69 ശതമാനം. വയർലൈൻ ഉപയോക്താ ക്കളുടെ എണ്ണമാകട്ടെ 27.27 ദശലക്ഷമാണ്, 3.31 ശതമാനം. (രേഖാചിത്രം 11). കേരളത്തിന് ഈ രംഗത്ത് മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞുവെന്നാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. കടുത്ത പ്രതിസന്ധിയുടെ നിഴലിലാണെങ്കിലും ഇതിനായി നല്ലൊരു തുക ചെലവഴിക്കാൻ കേരളത്തിന് കഴിഞ്ഞു. എന്നാൽ ഈ മേഖലയെ പല മാനദണ്ഡ ങ്ങളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ ദേശീയ തലത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ പ്രായേണ കുറവാണെന്ന് കാണാം (രേഖാ ചിത്രം 10).

### 4. വികസന രംഗത്ത് കേരളത്തിന്റെ നേട്ടങ്ങൾ

മാനവ വികസനത്തിന്റെ മുൻഗണന നിശ്ചയിക്കൽ, സാമൂഹ്യ നീതി, പങ്കാളിത്ത ഭരണനിയന്ത്രണം എന്നിവയുടെ സമഞ്ജ സമായ സമാഹരണം കൂടിയാണ് കേരള വികസന മോഡൽ. ഇതിന്റെ തുടക്കത്തിൽ കണ്ട പ്രത്യേകത കുറഞ്ഞ പ്രതിശീർഷ വരുമാന സാഹചര്യത്തിലും ഉണ്ടായ ഉയർന്ന സാമൂഹ്യ വികസനമാണ്. ഭരണത്തിന്റെ വികേന്ദ്രീകരണം വികസനത്തെ മുന്നോട്ട് കൊണ്ട് പോകുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു (പിള്ള–2003). എന്നാൽ, മാനവ വികസനം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ ക്ഷേമം തുടങ്ങിയ രംഗങ്ങളിൽ കണ്ട മുന്നേറ്റങ്ങൾ കാര്യമായി വാഴ്ത്തപ്പെട്ടാ റുണ്ടെങ്കിലും ധനപരമായ കാഴ്ചപ്പാടിലൂടെയാണ് വിമർശകർ പൊതുവെ ഇതിനെ വീക്ഷിക്കുന്നത് (കണ്ണൻ–2022).

**Figure 10:** Internet subscriptions per 1000 people in %




*Source: NITI Ayog, SDG dashboard*

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ ക്ഷേമം, സ്ത്രീ ശാക്തീകരണം തുടങ്ങിയ കാര്യങ്ങളിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് വിലപ്പെട്ട പാഠങ്ങളാണ് നൽകുന്നത്. കേരള മോഡൽ വലിയ വെല്ലുവിളികൾ നേരിടുന്നു ണ്ടെങ്കിലും മാനവ വികസനം സുസ്ഥിര വികസനത്തിലും സമതുലിതമായ വിതരണ ത്തിലും എങ്ങനെ ഫോക്കസ് ചെയ്യപ്പെടുന്നു എന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.

**മാനവ വികസനം**

ആഗോളതലത്തിൽ പരിഗണിക്കുമ്പോൾ ആരോഗ്യം, വിദ്യാഭ്യാസം, പോഷണം തുടങ്ങിയ കാര്യങ്ങളിൽ കേരളത്തിന്റെ റാങ്കിങ്ങ് അത്ര മെച്ചമല്ലെന്ന് കാണാൻ കഴിയും. എന്നാൽ സാമ്പത്തിക നേട്ടങ്ങളുടെ വിതരണത്തിൽ കേരള മോഡൽ വേറിട്ട് നിൽക്കുന്ന ഒന്നാണ്. കേരളത്തിന്റെ മാനവ വികസന സൂചിക (എച്ച് ഡി ഐ) ലോക നിലവാരത്തിനൊപ്പമാണ്. നാല് ദശാബ്ദ ങ്ങൾക്ക് മുൻപ് തന്നെ സംസ്ഥാനത്തിന് ഈ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞു . അതിന് ശേഷം സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലോടെ ഇത് മെച്ചപ്പെടുത്തുന്ന തിനുള്ള ശ്രമം തുടർന്ന് വരികയാണ്. ഇതിനെ വിശദമായി പരിശോധിക്കുമ്പോൾ ലഭിക്കുന്ന വിവരം 28.7 ശതമാനം ഗ്രാമങ്ങൾ മാനവ വികസനത്തിന്റെ കാര്യത്തിൽ കാര്യമായ ശ്രദ്ധ അർഹിക്കുന്നുണ്ട് എന്നാണ് (ദാസ്–2002). എന്നാൽ സംസ്ഥാനം നേരിടുന്ന ധന പ്രതിസന്ധി ഇത്തരം ഇടപെടലുകൾക്ക് വലിയ തടസമായി മാറു കയാണ് (ചക്രവർത്തി–2010) (രേഖാചിത്രം–11).

**ഏറ്റവും കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം**

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സാമൂഹ്യ ഗ്രൂപ്പുകളിലും ദാരിദ്ര്യം കുറഞ്ഞു വരുന്ന സ്ഥിതിയുണ്ട് (പാനഗാരിയ, മുക്കീം–2014). നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ദാരിദ്യം കാര്യമായി കുറഞ്ഞു വരികയാണ്. 2015–16ൽ 0.70 ശതമാനമായിരുന്നു അതിദരിദ്രരുടെ എണ്ണമെങ്കിൽ 2019–21ൽ 0.55 ശതമാന ത്തിലേക്ക് കുറഞ്ഞു. (രേഖാചിത്രം–12). ഈ കാലഘട്ടത്തിൽ 53,239 പേർ ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്നും മുക്തമായി. ഈ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഏറ്റവും കുറവ് ദരിദ്രരുള്ള സംസ്ഥാനം കേരളമാണ്. ഗോവ (3.76 ശതമാനം), സിക്കിം (3.82), തമിഴ്നാട് (4.89), പഞ്ചാബ് (5.59) എന്നീ

**Figure 11:** Kerala outshines India in HDI ranking




*Source: Global Data Lab; https://globaldatalab.org*

സംസ്ഥാന ങ്ങളാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. പോഷകാഹാര കുറവ്, വിദ്യാഭ്യാസം, ശുചിത്വം തുടങ്ങിയ 12 സൂചികളുടെ അടിസ്ഥാനത്തിൽ 'യുണൈറ്റഡ് നേഷൻസ് മൾട്ടി ഡിമെൻഷനാൽ പോവർട്ടി ഇൻഡക്സ്' (എം പി ഐ) ആധാരമാക്കിയാണ് പഠനം നടത്തിയിട്ടുള്ളത്. ഇതിൽ മൂന്ന് അടിസ്ഥാന കാര്യങ്ങൾ ലഭിക്കാത്ത വിഭാഗങ്ങളെ 'എം പി ഐ പുവർ' എന്നാണ് കണക്കാക്കുന്നത്. കേരളത്തിന്റെ മികച്ച പ്രകടനത്തിന് കാരണം, ഇതിലെ വിവിധ ഘടകങ്ങളിൽ കാഴ്ച്ച വച്ച നല്ല പ്രകടനമാണ്. ഉദാഹര ണത്തിന് പോഷകാഹാരം എന്ന ഘടക മെടുത്താൽ 2015–16ൽ 34.12 ശതമാന മായിരുന്നുവെങ്കിൽ 2019–21ൽ 36.61 ശതമാനമായി. സർക്കാരിന്റെ ഇക്കാര്യ ങ്ങളിലുള്ള പ്രതിബദ്ധത യുടെ നിദർശന മാണ് ഈ പ്രകടനത്തിന് അടിസ്ഥാനം (രേഖാചിത്രം–12).

**സുസ്ഥിര വികസന രംഗത്തെ മികവാർന്ന പ്രകടനം**

ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യ സൂചിക പ്രകാരവും 2023ലെ 'ഡാഷ് ബോർഡ്' റിപ്പോർട്ട് പ്രകാരവും 166 രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയുടെ സ്ഥാനം 112 ആണ്. ഇന്ത്യയുടെ ഇക്കാര്യത്തിലുള്ള മൊത്തം സ്കോർ 63.5 ശതമാനമാണ്. 2020–21ൽ നീതി ആയോഗ് തയാറാക്കിയ ഇന്ത്യയുടെ സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനത്തോടെ മുൻനിര സംസ്ഥാനങ്ങളിൽ ഉൾപ്പെടുന്നു. 75 ആണ് കേരളം കൈവരിച്ച സ്കോർ. 74 സ്കോറോടെ ഹിമാചൽപ്രദേശും തമിഴ്നാടും തൊട്ടടുത്ത് വരുന്നു. ബീഹാർ (52), ജാർഖണ്ഡ് (56), ആസാം (57) എന്നീ സംസ്ഥാനങ്ങളാണ് ഏറ്റവും താഴെ നില്കുന്നത്.

65 മുതൽ 99 വരെ സ്കോർ നേടിക്കൊണ്ട് കേരളം 9 വികസന ലക്ഷ്യങ്ങളിൽ ഏറെ മുന്നിൽ നിൽക്കുന്നു. ദാരിദ്ര്യമുക്തം (83), പട്ടിണി മുക്തം (80), ആരോഗ്യവും അസുഖമില്ലാത്ത അവസ്ഥയും (72), വിദ്യാഭ്യാസ നിലവാരം (80) ശുദ്ധജലവും ശുചിത്വവും (89), കുറഞ്ഞ അസമത്വം (69), സുസ്ഥിര നഗരങ്ങളും സമൂഹവും (75), സുസ്ഥിര ഉപഭോഗവും ഉല്പാദനവും (65), കാലാവസ്ഥാ വ്യതിയാനത്തിനെതിരായ നടപടികൾ (69), കൃഷിയിടങ്ങളിലെ ജീവിതം (77), സമാധാനം, നീതി, സുശക്തമായ സംവിധാനങ്ങൾ (80)

**Figure 12:** Kerala outperforms in health manpower: Registered number of nurses and midwives per thousand population




*Source: NITI Aayog*

എന്നിങ്ങനെയാണ് കേരളം നേടിയ സ്കോർ. അതുപോലെ 4 ലക്ഷ്യങ്ങളുടെ കാര്യത്തിൽ 50നും 64നുമിടയിൽ സ്കോർ നേടി സംസ്ഥാനം മികച്ച നിലവാരമാണ് പുലർത്തുന്നത്. ഇതിലെ സ്കോർ ഇപ്രകാരമാണ്, ലിംഗ സമത്വം (63), ജോലിയിലെ നിലവാരവും സാമ്പത്തികമായ വളർച്ചയും (62), വ്യവസായം, അടിസ്ഥാന സൗകര്യം, നൂതന പദ്ധതികൾ (60), ജലനിരപ്പിന് താഴെയുള്ള ജീവിതം (53). 2020ൽ തന്നെ ശുദ്ധവും താങ്ങാവുന്ന നിലയിലുള്ളതുമായ ഊർജ ലഭ്യത കേരളം ഉറപ്പാക്കിയിട്ടുണ്ട് (നീതി ആയോഗ്, 2020). ഇത്തരം നേട്ടങ്ങളും മാനവശേഷി രംഗത്തെ വികസനം വഴിയായി സാമൂഹികമായ മുന്നേറ്റവും സംസ്ഥാനം കൈവരിച്ചിട്ടുണ്ടെങ്കിലും കേരളം കൂടുതൽ ശ്രദ്ധ നൽകേണ്ടതായ നിരവധി മേഖല കളുണ്ട്. ആഗോളതാപനവും വെള്ളപ്പൊ ക്കവും ധനകാര്യ പ്രതിസന്ധിയും തൊഴിൽ ശോഷണവും തുടങ്ങിയ പ്രശ്നങ്ങളാണ് കേരളം ശ്രദ്ധയൂന്നേണ്ട രംഗങ്ങൾ (ചതോപാധ്യായ). വിതരണ മേഖലക്ക് പ്രാമുഖ്യം നൽകുന്നതാണ് ഒന്നാം കേരള വികസന മോഡലെങ്കിൽ, ഇപ്പോൾ സാമൂഹ്യ, ഉല്പാദന, പാരിസ്ഥിതിക താല്പര്യങ്ങളെ കോർത്തിണക്കി മുന്നോട്ട് പോകുന്നതാണ് പുതിയ കേരള മോഡൽ. പൊതുസമൂഹവും സംസ്ഥാന സർക്കാരും പ്രാദേശിക ഭരണ കൂടങ്ങളും തമ്മിലുള്ള സമന്വയത്തിലൂടെയാണ് ഇതിലേക്ക് നീങ്ങുന്നത്.

### സാമൂഹ്യ സുരക്ഷയിൽ മുന്നിൽ കേരളം

പാർശ്വവത്കരിക്കപ്പെട്ടവരെയും പാവപ്പെട്ട വരെയും സംരക്ഷിക്കുന്നതിന് സാമൂഹ്യ ക്ഷേമ, സുരക്ഷ പദ്ധതികൾ വളരെ അനിവാര്യമാണ്. ഒട്ടേറെ പ്രതിസന്ധികളിലൂടെ ലോകം കടന്നു പോകുന്ന സാഹചര്യത്തിൽ സാമൂഹ്യമായ സുരക്ഷ എല്ലാവർക്കും ആവശ്യമായി വരുന്നു എന്ന് മാത്രമല്ല, സാമൂഹ്യ സുരക്ഷാ ഒരു മനുഷ്യാവകാശമായി തന്നെ മാറുകയാണ്. എവിടെ ജീവിക്കുന്നു എന്നത് പരിഗണിക്കാതെ അടിസ്ഥാന സാമൂഹ്യ സുരക്ഷ എല്ലാവർക്കും ഉറപ്പാക്കേണ്ടതുണ്ട് (ഐ എൽ ഒ, എല്ലാവർക്കും സാമൂഹ്യ സുരക്ഷ–2012). ദാരിദ്ര്യത്തിൽ നിന്നും മോചനം നേടുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്ന കാര്യത്തിലും സാമൂഹ്യ

**Figure 13:** Top 10 performers in terms of Sustainable Development Goals




*Source: NITI Ayog, SDG Dashboard*

സുരക്ഷ പദ്ധതികൾ മികച്ച ആയുധങ്ങളാണ്. മുൻകാല വികസന തന്ത്രങ്ങളിൽ സാമൂഹ്യ സുരക്ഷാ നയങ്ങൾ പ്രായേണ അപ്രധാന മായിരുന്നെങ്കിൽ ഇന്ന് അതിന് മാറ്റം വന്നിരിക്കുന്നു. സാമ്പത്തിക നയങ്ങളും സാമൂഹ്യ രംഗത്തെ നയങ്ങളും പരസ്പരം ചേർന്ന് പോകണമെന്ന ചിന്തക്ക് ഇന്ന് മുൻതൂക്കം ലഭിക്കുന്നു. ഇക്കാര്യത്തിൽ കേരളത്തിന് ഏറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതായി കാണാം. നിരാലംബരായ ഭിന്നശേഷിക്കാർ, പ്രായമായവർ, പാവപെട്ട സ്ത്രീകൾ, കുട്ടികൾ തുടങ്ങിയ വിഭാഗങ്ങളുടെ കാര്യത്തിൽ സംസ്ഥാനം സാമൂഹ്യ സുരക്ഷാ പദ്ധതി കളിലൂടെ നല്ല നേട്ടമാണ് കൈവരിച്ചിട്ടുള്ളത്.

18 സംസ്ഥാനങ്ങളിലെ, വിവിധ ക്ഷേമ ബോർഡുകൾ വഴിയുള്ളവ ഉൾപ്പടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ പരിഗണിക്കുമ്പോൾ 17 വ്യത്യസ്ത പദ്ധതി കളുമായി കേരളം ഒന്നാം സ്ഥാനത്ത് നില കൊള്ളുന്നു. 17.15 ശതമാനം ജനങ്ങൾക്ക് ഇത്തരത്തിൽ പെൻഷൻ നൽകുന്ന കേരളം ഒന്നാം സ്ഥാനത്താണ്. 3.56 കോടി ജനങ്ങളിൽ 61.09 ലക്ഷം പേർക്ക് പെൻഷൻ ലഭിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ പ്രതിശീർഷ വരുമാനം കണക്കാക്കുമ്പോൾ 1600 രൂപയുമായി കേരളം ഇന്ത്യയിൽ നാലാം സ്ഥാനത്താണ്. 3016 രൂപയുമായി തെലങ്കാന ഒന്നാം സ്ഥാനത്തും 3000 രൂപയുമായി ആന്ധ്രപ്രദേശ് രണ്ടാം സ്ഥാനത്തും 2750 രൂപയുമായി ഹരിയാന മൂന്നാം സ്ഥാനത്തു മാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിക്ക് പണം ചെലവഴിക്കുന്ന കാര്യത്തിലും സംസ്ഥാന നാലാം സ്ഥാനമലങ്കരിക്കുന്നു. 8745 കോടി രൂപയാണ് സംസ്ഥാനം ഇതിനായി ചെല വഴിക്കുന്നത്. 19,074 കോടി രൂപയുമായി ആന്ധ്രപ്രദേശ് ഒന്നാം സ്ഥാനത്തും 11,728 കോടിയുമായി തെലങ്കാന രണ്ടാമതും 9484 കോടി രൂപയുമായി കർണ്ണാടകം മൂന്നാം സ്ഥാനത്തു മാണ്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രായമേറിയ വരുള്ളത് കേരളത്തിലാണ്. ജനസംഖ്യയുടെ 16.5 ശതമാനം വൃദ്ധജനങ്ങളാണ്. തമിഴ്നാട്ടിൽ 13.6 ശതമാനവും പഞ്ചാബിൽ 12.6 ശതമാനവുമാണ്

**Figure 14:** State wise Welfare Pension Coverage (In percentage)



*Source: Authors's based on RBI data*

പ്രായമേറിയവരുടെ എണ്ണം. പ്രായമായവരുടെ 76.59 ശതമാനം പേർക്ക് പെൻഷൻ നൽകുന്ന കേരളം രണ്ടാം സ്ഥാനത്ത് നിലകൊള്ളുന്നു . ബജറ്റിൽ 4929.8 കോടി രൂപയാണ് വാർധക്യ പെൻഷന് വേണ്ടി വകയിരുത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ മൂന്നാം സ്ഥാനത്താണ് കേരളം. 7490 കോടി രൂപ വകയിരുത്തിയിട്ടുള്ള ആന്ധ്രപ്രദേശാണ് ഒന്നാമത്. തെലങ്കാന (6167 കോടി), ഹരിയാന (5160 കോടി), തമിഴ്നാട് (4915 കോടി) എന്നീ സംസ്ഥാനങ്ങൾ ഒന്ന്, രണ്ട്, നാല് സ്ഥാനങ്ങളിൽ വരുന്നു (രേഖാചിത്രം 15).

**ദുരന്ത നിവാരണ തയാറെടുപ്പ് സൂചിക**

ഇക്കാര്യത്തിൽ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിലാ ണെന്ന് കാണാം (രേഖാചിത്രം–16).

**നിയമപരമായ അടിത്തറ**

നിയമ വാഴ്ചയും സമാധാന അന്തരീക്ഷവും ഉറപ്പ് വരുത്തുന്ന കാര്യത്തിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ജനങ്ങളുടെ സുരക്ഷയും സമാധാനവും ഉറപ്പാക്കുന്ന തരത്തിലുള്ള ശക്തമായ സംവിധാനങ്ങൾ കേരളത്തിലുണ്ട്. സംസ്ഥാനം നടത്തുന്ന കൂട്ടായ പരിശ്രമങ്ങളാണ് ഇതിന് പിന്നിൽ . ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് ഇത്തരം കാര്യങ്ങളിൽ കേരളം ഒരു മികച്ച മാതൃകയാണ്. ഇത്തരം കാര്യങ്ങളിൽ കേരളം നേടുന്ന മികച്ച സ്കോർ ഇതിന് നല്ല ഉദാഹരണമാണ് (രേഖാചിത്രം 17).

**സമാധാനം, നീതി നിർവഹണം എന്നിവയിൽ കേരളം മുൻനിരയിൽ**

സാമ്പത്തിക വികസനം, വളർച്ച എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനം ഒരു പ്രധാന റോൾ വഹിക്കുന്നു . അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സംസ്ഥാന ത്തിന് ഇന്ത്യയിൽ തന്നെ ഉയർന്ന ഒരു സ്ഥാനമാണുള്ളത്. അതേസമയം സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് വരുന്ന കേരളം വികസിത രാഷ്ട്രങ്ങൾക്ക് ഒപ്പം നിൽക്കുന്നതായും കാണാം.

**Figure 15:** State Wise Number of Pension Schemes




*Source: Authors's based on RBI data*

**Figure 16:** Scores in disaster preparedness




*Source: SDG dashboard*

**Figure 17:** Institutional strength




*Source: SDG dashboard*

**5. വെല്ലുവിളികൾ നേരിടുക നിർണ്ണായകം**

**ജനസംഖ്യാപരമായ പരിണാമം**

തൊണ്ണൂറുകൾ മുതൽക്കാണ് കേരളത്തിന്റെ ജനസംഖ്യ പരിപ്രേഷ്യത്തിൽ വ്യക്തമായ മാറ്റം പ്രകടമാകുന്നത്. പ്രായമേറിയവരുടെ സംഖ്യ ഉയരാൻ തുടങ്ങി. നിലവിൽ അത് മൊത്തം ജനസംഖ്യയുടെ 16 ശതമാനമാണ്. പല വികസിത രാജ്യങ്ങളുടെ നിലയ്ക്കൊപ്പമാണ് കേരളം. 1961ൽ 60 വയസിനും അതിന് മുകളിലും പ്രായമായ വരുടെ എണ്ണം 5.10 ശതമാനമായിരുന്നു. ദേശീയ ശരാശരിയായ 5.60 ശതമാനത്തിന് അല്പം താഴെ. എന്നാൽ എൺപതുകൾ മുതൽക്ക് ഇതിന് മാറ്റം വരാൻ തുടങ്ങി. 2001 ആയപ്പോൾ പ്രായമായ വരുടെ സംഖ്യ 10.50 ശതമാനത്തിലേക്കുയർന്നു. ദേശീയ ശരാശരി 7.50 ശതമാനം മാത്രം. 2011ലെ കാനേഷുമാരി പ്രകാരം കേരളത്തിൽ 60 വയസിന് മുകളിൽ പ്രായമുള്ളവരുടെ എണ്ണം 12.60 ശതമാനമാണ്. 8.60 ശതമാനം മാത്രമാണ് ദേശീയ ശരാശരി. രാജൻ, മിശ്ര (2014) നടത്തിയ പഠനം വ്യക്തമാക്കുന്നത് ഇക്കാര്യത്തിൽ 2.30 ശതമാനത്തിന്റെ തുടർച്ചയായ വർധനയാണ് കാണുന്നത് എന്നാണ്. പ്രത്യേകിച്ച് 70 വയസിനും 80 വയസിനും മുകളിലുള്ളവരുടെ കാര്യത്തിൽ.

2015ൽ ദേശീയ ശരാശരി 8.30 ശതമാനമായിരുന്നപ്പോൾ കേരളത്തിൽ 13.10 ശതമാനമായി (സാമ്പിൾ രെജിസ്ട്രേഷൻ സിസ്റ്റം–സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട്, 2015). എന്നാൽ 2018ലെ എസ് ആർ എസ് റിപ്പോർട്ടുകൾ അടക്കമുള്ള രേഖകൾ പ്രകാരം അറുപത് വയസിന് മുകളിൽ പ്രായമുള്ളവരുടെ സംഖ്യ 13.30 ശതമാനമായി. 2019ലെ സാമ്പത്തിക റിവ്യു ചൂണ്ടിക്കാട്ടുന്നത് സംസ്ഥാനത്താകെ 60 വയസിന് മുകളിൽ പ്രായമുള്ളവരുടെ എണ്ണം 48 ലക്ഷമാണെന്നാണ്. രാജൻ, മിശ്ര (2020) എന്നിവർ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും പ്രായമായ വരുടെ സ്ഥിതിയെ കുറിച്ച് പഠനം നടത്തുകയുണ്ടായി. കേരളത്തിൽ 60 വയസിന് മുകളിൽ പ്രായമുള്ളവരുടെ സംഖ്യ 16 ശതമാനമാണെന്നാണ് കണക്ക്. ഇത് സംസ്ഥാനത്തിന് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ നേരിടുന്നതിന് മികച്ച ഒരു 'കെയർ' സാമ്പത്തിക വ്യവസ്ഥക്ക് കേരളം രൂപം നൽകേണ്ടതുണ്ട്.

ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങളാണ് ഇത്തരമൊരു മാറ്റത്തിന് പിന്നിൽ (ഗോസ്വാമി–2021). പ്രായമേറിയ വരുടെ എണ്ണം പെരുകുന്നത് ഒരേ സമയം വെല്ലുവിളിയും അവസരവുമാണ്. ഇത്തരം ആളുകൾക്ക് ആരോഗ്യ സംരക്ഷണവും ഒപ്പം സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുക എന്നത് സർക്കാരിന്റെ ചുമതലയാണ് (സിംഗ് –2013). ഇത്തരമൊരു പ്രതിഭാസം സംസ്ഥാനത്തെ ധനകാര്യ പ്രതിസന്ധി രൂക്ഷമാകുന്ന ഒന്നാണ് (നായർ, ശർമ്മ–2017).

**തൊഴിൽ സേനയുടെ പങ്കാളിത്തം**

തൊഴിലവസരങ്ങളിൽ ഉണ്ടാകുന്ന ഇടിവ്, നൈപുണ്യം വളർത്തുന്ന കാര്യത്തിലെ കുറവുകൾ, വിനോദ സഞ്ചാര മേഖലയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിലെ പോരായ്മകൾ തുടങ്ങിയ കാര്യങ്ങൾ കേരളം ഇതഃപര്യന്തം കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ പിന്നോട്ട ടിപ്പിക്കുന്ന കാര്യങ്ങളാണ്. കേരളത്തിൽ ഉയർന്ന സ്ത്രീ സാക്ഷരതയുണ്ടെങ്കിലും തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം കുറവയാണ് കാണുന്നത്. ദേശീയതലത്തിൽ ഇക്കാര്യത്തിൽ കേരളം പിന്നിലാണ്. സാമൂഹ്യമായ ചില തെറ്റായ ധാരണകളും മറ്റും ഇക്കാര്യത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നതായി കാണാം (രേണുക, എബ്രഹാം–2023). 2004 മുതൽ 2017 വരെയുള്ള കാലയളവിൽ കേരളത്തിൽ തൊഴിൽ രംഗത്തെ വനിതാ പങ്കാളിത്തം കുറയുന്നതായി കാണാം. എന്നാൽ അതിന് ശേഷം നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മധ്യതലത്തിലും ഉയർന്ന തലത്തിലുമുള്ള വിഭാഗങ്ങൾക്കിടയിലാണ് ഈ ഉണർവ് പ്രകടമായിട്ടുള്ളത്. എന്നാൽ വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്നവരുടെ കാര്യത്തിൽ തൊഴിൽ

പങ്കാളിത്തത്തിലെ ഇടിവ് കൂടുതൽ പ്രകടമാണ് (ഹജ്ജോങ്ങ് കക്കർലാപുടി–2023).

'പീരിയോഡിക് ലേബർ ഫോഴ്സ് സർവേയുടെ' (പി എൽ എഫ് എസ്) വാർഷിക റിപ്പോർട്ട് അനുസരിച്ച് 2022–23ൽ കേരളത്തിലെ 15 വയസിനും അതിന് മുകളിലും പ്രായമുള്ളവരുടെ തൊഴിൽ പങ്കാളിത്തം ഗ്രാമീണ മേഖലയിൽ 40.8 ശതമാനവും നഗര മേഖലകളിൽ 33.6 ശതമാനവു മാണ്. കേരളത്തിലെ ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ദേശീയ ശരാശരിയായ 41.5 ശതമാനത്തിനും താഴെയാണ്. എന്നാൽ നഗര മേഖലയിലേത് ദേശീയ ശരാശരിയായ 25.4 ശതമാനത്തിനും മേലെയാണ്. വിദ്യാസമ്പന്നരായ സ്ത്രീകളുടെ തൊഴിൽ രാഹിത്യം ഇന്ത്യയിൽ ഏറ്റവും കൂടുത ലുള്ളത് കേരളത്തിലാണ്. നയപരമായ പ്രത്യേക ശ്രദ്ധ ആവശ്യമായ ഒരു വിഷയ മാണ് ഇത്.

**6. ഉപസംഹാരം**

സാമൂഹ്യ, ഡിജിറ്റൽ അടിസ്ഥാന സൗകര്യ വികസന രംഗങ്ങളിൽ കേരളം നടത്തിയ ശ്രമങ്ങൾ ഫലം കൊയ്യുന്നുവെന്നാണ് ഈ പഠനത്തിൽ നിന്നും വ്യക്തമാകുന്നത്. പൊതു അടിസ്ഥാന സൗകര്യങ്ങളുടെ വിക സനത്തി നായുള്ള വകയിരുത്തലിന്റെ കാര്യത്തിൽ കേരളം ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളിൽ ഒന്നാണ്. സാമൂഹ്യവും സാമ്പത്തികവുമായ നിരവധിയായ നേട്ടങ്ങൾക്ക് കേരളത്തിന്റെ ഇതഃപര്യന്ത മുള്ള വികസന പാത സാക്ഷ്യം വഹിക്കു ന്നുണ്ട്. കഴിഞ്ഞ രണ്ടു ദശകങ്ങളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ദേശീയ തലത്തിലേക്കാൾ മുകളിലാണ്. മാനവശേഷി മൂലധന രംഗത്തെ ഗുണ പരമായ മാറ്റങ്ങൾ സാമൂഹ്യ വികസന തന്ത്രമായി പരിണമിക്കു ന്നതിന്റെ നല്ല ഉദാഹരണമാണ് ഇത്. എന്നാൽ ഇത്തര ത്തിലുള്ള വികസന മാതൃക കേരള ത്തിന്റെ ധനകാര്യ രംഗത്തിന് അത്രകണ്ട് ഗുണ കരമായില്ലെന്ന് വിലയിരുത്തേണ്ടതായി വരുന്നു. അതുകൊണ്ട് ധനപരമായ കടുത്ത സമ്മർദ്ദം നേരിടുന്ന ഒരു സംസ്ഥാനമാണ് കേരളം.

അതിനിടെ കേരളം രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ നേരിടുകയാണ്. യുവാക്കൾ ക്കിടയിലെ പ്രത്യേകിച്ച് സ്ത്രീകൾക്കി ടയിലെ ഉയർന്ന തൊഴിലില്ലായ്മ, ഉല്പാദന ക്ഷമമായ തൊഴിൽ സേനയെ പരിമിതപ്പെടു ത്തുന്ന തരത്തിൽ പ്രായമായവരുടെ എണ്ണത്തിൽ പ്രകടമാകുന്ന വർധന, പരിസ്ഥിതി സംരക്ഷണ പ്രശ്നങ്ങൾ തുടങ്ങിയവയാണ് ഇതിൽ പ്രധാനം. ധനപരമായ സ്വയംഭരണമാണ് വളരെ പ്രധാനപ്പെട്ട ഒരു വശം. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ധനകാര്യ ബന്ധങ്ങളുടെ കാര്യത്തിലെ പ്രതിസന്ധി യാണ് ഇതിന് മുഖ്യ കാരണം. 2021–22ൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 6.9 ശതമാനം മാത്രമാണ് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം. അതുകൊണ്ട് ഭാവിയിലെ മാറ്റങ്ങളും പ്രശ്നങ്ങളും നേരിടുന്നതിനായി സംസ്ഥാന ത്തിന്റെ നിക്ഷേപം ഉചിതമായ വഴികളിലേക്ക് തിരിച്ചു വിടുന്നതിന് ഉപയുക്തമായ സംവിധാന ങ്ങൾക്ക് കേരളം രൂപം നൽകേണ്ടതുണ്ട്. സാമ്പത്തികമായി കേരളം ഇപ്പോൾ ഒരു വഴിത്തിരിവിലാണ്. അതുകൊണ്ട് മാനവവിക സനത്തിന് നൽകുന്ന ഊന്നൽ നിലനിർത്തി കൊണ്ട് തന്നെ സുസ്ഥിര വികസനത്തിന്റെ വെല്ലുവിളികൾ സംസ്ഥാനം നേരിടേണ്ട തുണ്ട്. ഇത്തരത്തിൽ മാക്രോ രംഗത്തും ധനകാര്യ മേഖലയിലും ഉരുത്തിരിയുന്ന മാറ്റങ്ങൾ വിലയിരുത്തികൊണ്ട് വെല്ലു വിളികളെ നേരിടത്തക്കവണ്ണം പരിണാമം വരുത്തുന്ന തായാൽ പുരോഗതിയേയും ദീർഘകാലാടി സ്ഥാനത്തിലുള്ള തിരിച്ചു വരവിനെയും സമന്വയിപ്പിച്ച് കേരളത്തിന് മുന്നേറാൻ കഴിയും.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ (ഗിഫ്റ്റ്) അസിസ്റ്റന്റ് പ്രഫസർമാരാണ് ലേഖകർ)

## References

Annual report of Periodic Labour Force Survey (PLFS), 2022-23, Government of India.

Banerjee, A., Duflo, E., & Qian, N. (2020). On the road: Access to transportation infrastructure and economic growth in China. Journal of Development Economics, 145, 102442.

Chathukulam, J., & Tharamangalam, J. (2021). The Kerala model in the time of COVID19: Rethinking state, society and democracy. World Development, 137, 105207.

Easterly, W., & Rebelo, S. (1993). Fiscal Policy and Economic Growth. Journal of Monetary Economics. https://doi.org/10.1016/0304-3932(93)90025-b

Estache, A. (2004). Emerging Infrastructure Policy Issues in Developing Countries: A Survey of the Recent Economic Literature. https://doi.org/10.1596/1813-9450-3442

Kaur, B., Misra, S., & Suresh, A. K. (2013). Cyclicality of social sector expenditures: Evidence from Indian states. Reserve Bank of India Occasional Papers, 34(1), 1-36.

Musgrave, R. A. (1996). The role of the state in fiscal theory. International Tax and Public Finance, 3, 247-258.

RBI, Reserve. Bank. of India. (2022). State finances: A Risk Analysis. RBI Bulletine, 12, 115-132.

Sahoo, P., & Dash, R. K. (2012). Economic Growth in South Asia: Role of Infrastructure. Journal of International Trade & Economic Development. https://doi.org/10.1080/09638191003596994

Singh, Yadawendra. (2013). Population ageing and health expenditure in Kerala: An empirical analysis, Applied Demography and Public Health, volume 3, pp 61-75.

Stiglitz, J. E. (1996). Some lessons from the East Asian miracle. The world Bank research observer, 11(2), 151-177.

United Nations Sustainable Development Goals (SDGs) Index and Dashboards Report 2023

Varughese, A. R., & Bairagya, I. (2020). Group-based educational inequalities in India: Have major education policy interventions been effective? International Journal of Educational Development, 73, 102159.

Veron, Rene. (2001). The new Kerala model: Lessons for sustainable development. World Development volume 29, issue 4.

United Nations (1975) Poverty, Unemployment and Development Policy: A Case Study of Selected Issues with reference to Kerala, New Work. Accessed from https://digitallibrary.un.org/record/415172?ln=en&v=pdf

Hirschman, A. O. (1958). The strategy of economic development. Yale University Press. USA

GoI, (2011) Primary Census Abstrat of Census 2011, New Delhi

International Labor Organization. (2012). Social Security for All. Building Social Protection Floors and Comprehensive Social Security Systems.

Tara Nair (2017) Report on State of Financial Inclusion in Kerala, Citi Foundation, Mix Telegana

Rajan S. Irudaya, and Mishra U.S. 2014. Situation of Elderly in Kerala: Evidence from Kerala Ageing Survey, 2013. Report submitted to the Government of Kerala.

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 1*
*ജനുവരി – മാർച്ച് 2024*

# പണപ്പെരുപ്പം, കാലാവസ്ഥാ വ്യതിയാനം വായ്പാനയത്തിൽ ചെലുത്തുന്ന സ്വാധീനം

അശ്വതി റേച്ചൽ വർഗീസ്

**സംഗ്രഹം**

*വായ്പാനയത്തിന്റെ കാര്യത്തിൽ തുടർച്ചയായ ഏഴാം തവണയും തൽസ്ഥിതി തുടരുന്നതിനുള്ള തീരുമാനമാണ് റിസർവ് ബാങ്ക് കൈക്കൊണ്ടത്. 2024–25 സാമ്പത്തിക വർഷത്തിൽ പണപ്പെരുപ്പം 4 ശതമാനം എന്ന തോതിൽ നിലനിർത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള, കരുതലോടെയുള്ള സമീപനമായിരുന്നു ഇത്. ഇന്ത്യയുടെ സാമ്പത്തിക മേഖലയിൽ കാലാവസ്ഥാവ്യതിയാനം ഉൾപ്പടെയുള്ള നിരവധി ഘടകങ്ങൾ ആശങ്കയേറ്റുന്നതായി കാണാം. പശ്ചിമേഷ്യയിലെ സംഘർഷം ഉത്പന്ന വിപണികളെ ഏറെ പ്രതികൂലമായി ബാധിക്കുന്നുണ്ട് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ വളർച്ചയ്ക്കുള്ള അടിത്തറ ശക്തമാണെങ്കിലും, പ്രതികൂലമായ ഘടകങ്ങളുടെ ആഘാതം തീരുമാനമെടുക്കുന്ന കാര്യത്തിൽ റിസർവ് ബാങ്കിനെ കാര്യമായി സ്വാധീനിക്കുന്നുണ്ട്*

## ആമുഖം

2024–25 സാമ്പത്തിക വർഷത്തെ ധനനയ അവലോകന സമിതിയുടെ (എം പി സി) ആദ്യയോഗത്തിൽ റിപ്പോ നിരക്ക് 6.5 ശതമാനം എന്ന നിലയിൽ നിലനിർത്തുന്നതിനാണ് തീരുമാനിച്ചത്. ഒന്നിനെതിരെ അഞ്ചു പേരുടെ ഭൂരിപക്ഷത്തോടെയാണ് ഈ തീരുമാനം കൈക്കൊണ്ടത്. അതേ വോട്ടിംഗ് നിലയിൽ തന്നെ അക്കോമഡേറ്റീവ് നില പിൻവലിക്കുന്നതിനുള്ള തീരുമാനവും എം പി സി കൈക്കൊള്ളുകയുണ്ടായി. മികച്ച വളർച്ചാ സാധ്യതയുള്ള സാഹചര്യത്തിലും പണപ്പെരുപ്പം 4 ശതമാനത്തിൽ നിയന്ത്രിക്കുന്ന കാര്യത്തിൽ റിസർവ് ബാങ്ക് ഉറച്ച നിലപാട് കൈക്കൊള്ളുകയുണ്ടായി. എന്നാൽ ഭക്ഷ്യ വിഭവങ്ങളുടെ വിലയിൽ കാണുന്ന പ്രകടമായ ചാഞ്ചാട്ടം പണപ്പെരുപ്പം നിയന്ത്രിക്കുന്ന കാര്യത്തിൽ ശക്തമായ വെല്ലുവിളിയാണ് ഉയർത്തുന്നത്. ആഗോള ധനകാര്യ വിപണികളിലെ മാറ്റം, പശ്ചിമേഷ്യയിൽ നിലനിൽക്കുന്ന സങ്കീർണമായ സാഹചര്യം, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന തിരിച്ചടി തുടങ്ങിയ ഘടകങ്ങൾ ഈ വെല്ലുവിളിയെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. മധ്യകാലത്തേക്ക് വളർച്ച ശക്തമാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് പണപ്പെരുപ്പത്തെ നിയന്ത്രിച്ചു നിർത്തുന്നതിനാണ് വായ്പാ നയം ഊന്നൽ നൽകുന്നത്.

## ആഗോള സാമ്പത്തിക പശ്ചാത്തലം

ആഗോള തലത്തിൽ, തുടർച്ചയായി പ്രതിസന്ധികൾ അരങ്ങേറുമ്പോഴും, പണത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്ന നടപടികൾ കൂടുതൽ കർശനമായി തുടരുമ്പോഴും, സാമ്പത്തിക മേഖല ഒരു തിരിച്ചുവരവിന്റെ പാതയിലാണെന്ന് കാണാം. അമേരിക്കയിലും ഒപ്പം

വിവിധ വികസ്വര സമ്പദ്ഘടനകളിലും പ്രതീക്ഷിച്ചതിനേക്കാൾ മികച്ച വളർച്ച കൈവരിക്കാൻ കഴിഞ്ഞതായി നമുക്ക് കാണാം. ഫാക്ടറി മേഖലയിലെ ഉത്പാദനം മന്ദഗതിയിലാണെങ്കിലും സേവന മേഖല കൂടുതൽ കരുത്താർജിക്കുകയുണ്ടായി. രാജ്യാന്തരതലത്തിൽ പണപ്പെരുപ്പ നിരക്കിൽ കുറവ് വരുന്നുണ്ടെങ്കിലും അടിസ്ഥാന മേഖലയിലും സേവന മേഖലയിലും പണപ്പെരുപ്പത്തിലുള്ള ഇടിവ് താരതമ്യേന മന്ദഗതിയിലാണ്. തൊഴിൽ വിപണി നേരിടുന്ന പ്രതികൂല സാഹചര്യമാണ് ഇതിന് കാരണം. വികസിത രാജ്യങ്ങളിലെ കേന്ദ്ര ബാങ്കുകൾ പണപ്പെരുപ്പം നിയന്ത്രിക്കുന്നതിന് ഊന്നൽ നല്കിയയാണ് വായ്പാ നയത്തിൽ മാറ്റം വരുത്തുന്നത്.

വികസിത സമ്പദ് ഘടനകളിലെ ഇത്തരത്തിലുള്ള കാഴ്ചപ്പാട് ആഗോള ധനകാര്യ വിപണികളെ ചാഞ്ചാട്ട പാതയിലാക്കിയിട്ടുണ്ട്. അമേരിക്കയിൽ പണപ്പെരുപ്പം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ വായ്പാനയത്തിൽ തിരിച്ചുള്ള ഒരു മാറ്റം ഉണ്ടാകുന്നതിനുള്ള സാദ്ധ്യതകൾ കാണാം. 2023 നവംബർ മാസത്തിനും ഡിസംബർ മാസത്തിനുമിടയിൽ കടപ്പത്രങ്ങളിൽ നിന്നുള്ള നേട്ടം കുറയുന്നതിന് ഇത് ഇടയാക്കുകയുണ്ടായി. എന്നാൽ പിന്നീട് കേന്ദ്ര ബാങ്കുകൾ തങ്ങളുടെ നിലപാട് പുനഃപരിശോധിക്കുന്ന സാഹചര്യം ഉണ്ടായതോടെ ബോണ്ടുകളിൽ നിന്നുള്ള നേട്ടം കൂടുന്നതിന് കാരണമായി. 2023ലെ മൂന്നാം പാദത്തിൽ ഉണ്ടായ തിരുത്തലിന് ശേഷം ലോക മൂലധന വിപണികൾ നവംബർ, ഡിസംബർ മാസങ്ങളിൽ തിരിച്ചുവരവിന്റെ പാതയിലായി. ഡിസംബർ അവസാനത്തോടെ യു.എസ് ഡോളർ ആറ് മാസത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിലവാരത്തിലേക്ക് താഴ്ന്നു. അതിന് ശേഷം അമേരിക്കൻ സമ്പദ്ഘടന പ്രതീകിഷിച്ചതിനേക്കാൾ ഭേദപ്പെട്ട നിലയിലാണെന്ന റിപ്പോർട്ടുകൾ പുറത്തു വന്നതോടെ ഡോളർ നില മെച്ചപ്പെടുത്തുകയുണ്ടായി.

ആഗോളതലത്തിൽ ഡിമാന്റിൽ കുറവുണ്ടായതോടെ 2023 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ക്രൂഡ് ഓയിലിന്റെ വില കാര്യമായ തോതിൽ കുറയുകയുണ്ടായി. ഒപെക് ഇതര രാജ്യങ്ങൾ ഉത്പാദനം കൂട്ടിയത് ഇതിന് മറ്റൊരു കാരണമാണ്. എന്നാൽ പിന്നീട് മുഖ്യ രാജ്യാന്തര സമുദ്ര പാതകളിൽ ചരക്ക് നീക്കത്തിന് തടസം ഉണ്ടായതോടെ വില ഉയരാൻ തുടങ്ങി. 'ഒപെക് പ്ലസ്' രാജ്യങ്ങൾ ഉല്പാദനത്തിനേർപ്പെടുത്തിയ നിയന്ത്രണം 2024 ജൂൺ വരെ തുടരുമെന്ന് പ്രഖ്യാപിച്ചതും ഇതിന് കാരണമായി. ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലയിൽ, പ്രത്യേകിച്ച് ധാന്യങ്ങൾ, മാംസം, ഭക്ഷ്യ എണ്ണകൾ തുടങ്ങിയവയുടെ വിലയിൽ കുറവ് രേഖപ്പെടുത്തുകയുണ്ടായി. പഞ്ചസാര വിലയിൽ പക്ഷെ പ്രകടമായ മുന്നേറ്റം ദൃശ്യമായി.

**ആഭ്യന്തര സമ്പദ്ഘടനയുടെ തിരിച്ചുവരവ്**

ആഭ്യന്തര സമ്പദ്ഘടന മുന്നേറ്റ പാതയിലാണെന്ന ആത്മവിശ്വാസം റിസർവ് ബാങ്ക് പുലർത്തുന്നു. മികച്ച സാമ്പത്തിക വളർച്ച, തൊഴിൽ വിപണിയിലെ മെച്ചപ്പെട്ട സ്ഥിതി, സ്വകാര്യ ഉപഭോഗത്തിൽ ഉണ്ടായിട്ടുള്ള വർധന, സർക്കാർ മേഖലയിലെ ഉയർന്ന മൂലധന മുടക്ക് തുടങ്ങിയ പല കാരണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇത്. മാനുഫാക്റ്ററിങ്, സേവന മേഖലയിൽ പി എം ഐ സൂചിക തുടർച്ചയായി ഉയരുന്ന സ്ഥിതി കാണാം. 2023 –24 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ ജനുവരി വരെയുള്ള കാലയളവിൽ വ്യാവസായിക ഉത്പാദനം 5.9 ശതമാനമായി ഉയർന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് 5.6 ശതമാനമായിരുന്നു. വ്യവസായിൽ ഉല്പാദന സൂചിക (ഐ ഐ പി) ഇതേ കാലയളവിൽ 8.5 ശതമാനത്തിൽ നിന്ന് 10 ശതമാനമായി ഉയർന്നു.

ഫെബ്രുവരി മാസത്തിൽ ഇ–വേ ബിൽ വഴിയുള്ള വരുമാനത്തിൽ 18.9 ശതമാനം

വളർച്ച രേഖപ്പെടുത്തുകയുണ്ടായി. ഡിസംബറിൽ ഇത് 13.2 ശതമാനമായിരുന്നു. അതുപോലെ മോട്ടോർ വാഹന വില്പനയിൽ ഫെബ്രുവരി മാസത്തിൽ രേഖപ്പെടുത്തിയ വളർച്ച 24.3 ശതമാനമാണ്. ഇരുചക്ര വാഹനങ്ങൾക്കും കാറുകൾക്കുമാണ് കൂടുതൽ ആവശ്യക്കാരുണ്ടായത്. സി എം ഐ ഇ യുടെ കണക്കുകൾ പ്രകാരം 2024 ജനുവരി –ഫെബ്രുവരി ഘട്ടത്തിൽ തൊഴിലില്ലായ്മ നിരക്ക് 7.4 ശതമാനം എന്ന നിലയിലേക്ക് താഴ്ന്നു. 2023–24 വർഷത്തെ മൂന്നാം പാദത്തിൽ ഇത് 9 ശതമാനമായിരുന്നു. നഗര മേഖലയിലും ഗ്രാമീണ മേഖലയിലും ഈ മാറ്റം ദൃശ്യമായി. യഥാക്രമം 8.7 ശതമാനവും 6.8 ശതമാനവുമായിരുന്നു തൊഴിലില്ലായ്മ നിരക്ക്. 2023–24ലെ മൂന്നാം പാദത്തിൽ ഇത് യഥാക്രമം 9.3 ശതമാനവും 8.8 ശതമാനവുമായിരുന്നു. തുടർച്ചയായി നാലു മാസം തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യക്കാർ കുറവായിരുന്നത് ഗ്രാമീണ തൊഴിൽ മേഖലയിൽ സാഹചര്യങ്ങൾ മെച്ചപ്പെടുന്നതിന്റെ സൂചനയായി വിലയിരുത്താൻ കഴിയും.

ചില്ലറ വായ്പാ വിതരണത്തിൽ ഉണ്ടായ വളർച്ച, ജി എസ് ടി വരുമാനത്തിൽ ഉണ്ടായ വർധന തുടങ്ങിയ കാര്യങ്ങളും മികച്ച വളർച്ചയുടെ സൂചനകളാണ്. 2024–25 സാമ്പത്തിക വർഷത്തിൽ 7 ശതമാനം വളർച്ചയാണ് റിസർവ് ബാങ്ക് പ്രതീക്ഷിക്കുന്നത്.

ആഗോളതലത്തിലെ സ്ഥിതി പരിശോധിക്കുമ്പോൾ സമ്പദ്ഘടനകൾ പ്രതീക്ഷയെ വെല്ലുന്ന വിധത്തിലുള്ള തിരിച്ചു വരവാണ് കാഴ്ച് വച്ചത്. ഇത് ഇന്ത്യയിലെ കയറ്റുമതി മേഖലക്ക് അനുകൂലമായ ഒരു സാഹചര്യമാണ്. 2023–24 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ മൂന്ന് പാദങ്ങളിലെ കണക്കുകൾ പരിഗണിക്കുമ്പോൾ ഇന്ത്യയുടെ കറന്റ് അക്കൗണ്ടിലെ കമ്മി ഗണ്യമായ തോതിൽ കുറഞ്ഞതായി കാണാം. രാജ്യാന്തര വ്യാപാര രംഗത്തെ കമ്മി കുറഞ്ഞതാണ് ഇതിന് മുഖ്യ കാരണം. സേവന മേഖലയിൽ നിന്നുള്ള കയറ്റുമതിയിലെ വർധനയും ഒപ്പം വിദേശത്ത് നിന്നുള്ള റെമിറ്റൻസിലെ വർദ്ധനയും ഇതിന് അനുബന്ധ കാരണങ്ങളാണ്. ഈ ഘടകങ്ങൾ പരിഗണിക്കുമ്പോൾ 2023–24ൽ കറന്റ് അക്കൗണ്ടിലെ കമ്മി 0.7 ശതമാനം എന്ന നിലയിലേക്ക് താഴുമെന്നാണ് കരുതുന്നത്. വിദേശ നിക്ഷേപത്തിന്റെ ഒഴുക്കിന്റെ കാര്യത്തിലും മികച്ച നിലയാണ് കാണുന്നത്. പ്രത്യേകിച്ച് വിദേശ പോർട്ട് ഫോളിയോ നിക്ഷേപത്തിന്റെ (എഫ് പി ഐ) കാര്യത്തിൽ പ്രധാനപ്പെട്ട ബോണ്ട് സൂചികകളിൽ ഇന്ത്യ ഉൾപ്പെടുന്നു എന്നതും ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇന്ത്യൻ സമ്പദ്ഘടനയുടെ മികച്ച പ്രകടനം എഫ് പി ഐ നിക്ഷേപം വീണ്ടും ഉയർത്തുമെന്ന് പ്രതീക്ഷിക്കുന്നു.

മികച്ച മാക്രോ ഇക്കണോമിക് ഘടകങ്ങളുടെ പിന്തുണ കൂടിയുള്ളതുകൊണ്ട് ഇന്ത്യയുടെ വിദേശ വ്യാപാര മേഖല ശോഭനമായി തുടരുമെന്നാണ് പൊതുവിൽ പ്രതീക്ഷിക്കപ്പെടുന്നത്. എന്നാൽ വിദേശ രാജ്യങ്ങളിലെ സംഭവവികാസങ്ങൾ റിസർവ് ബാങ്ക് സസൂക്ഷ്മം വിലയിരുത്തുകയാണ്. പ്രത്യേകിച്ച് രാഷ്ട്രീയ കാലാവസ്ഥയിലെ സങ്കീർണ്ണമായ സാഹചര്യവും ആഗോള തലത്തിൽ ഉയരുന്ന കടബാധ്യതയും. അത് ഇന്ത്യയെ പോലുള്ള രാജ്യങ്ങളെ ബാധിക്കുന്നതിന് ഏറെ സാധ്യതകളുണ്ട്. നിലവിൽ 645 ബില്യൺ ഡോളറിന്റെ വിദേശനാണ്യ ശേഖരമാണ് ഇന്ത്യയ്ക്കുള്ളത്. വിദേശത്തു നിന്നുള്ള ഏത് പ്രതികൂല സാഹചര്യങ്ങളെയും നേരിടുന്നതിന് ഇത് പര്യാപ്തമാണെന്ന് റിസർവ് ബാങ്ക് വിലയിരുത്തുന്നു (പട്ടിക–1).

**പണപ്പെരുപ്പം ഉയരുന്നതിന്റെ അപകടങ്ങൾ**

പണപ്പെരുപ്പം നിയന്ത്രിക്കുന്നതിന് കഴിയുമെന്ന പ്രത്യാശ റിസർവ് ബാങ്ക് പുലർത്തുന്നു

| RBI's Growth Outlook (%) | | | | | |
|---|---|---|---|---|---|
| | FY25 | Q1 FY25 | Q2 FY25 | Q3 FY25 | Q4 FY25 |
| Apr-24 | 7.0 | 7.1 | 6.9 | 7.0 | 7.0 |
| Earlier (Feb-24) | 7.0 | 7.2 | 6.8 | 7.0 | 6.9 |

*Source: RBI, MPC document*

ണ്ടെങ്കിലും പൊതുവിൽ അത് കൂടുന്നതിനുള്ള സമ്മർദം ശക്തമാകുന്നതിനെ കുറിച്ചുള്ള മുന്നറിയിപ്പും അത് നൽകുന്നുണ്ട്. ഡിസംബറിൽ 5.7 ശതമാനമായിരുന്ന പണപ്പെരുപ്പം ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ 5.1 ശതമാനമായി കുറയുകയുണ്ടായി. എന്നാൽ അടിസ്ഥാന മേഖലയിലെ പണപ്പെരുപ്പം തുടർച്ചയായ മൂന്ന് മാസങ്ങളിൽ 4 ശതമാനത്തിന് താഴെ തുടരുന്നു എന്നത് ശ്രദ്ധേയമാണ്.

എന്നാൽ പണപ്പെരുപ്പ നിരക്ക് 4 ശതമാനത്തിന് താഴെയായി നിയന്ത്രിക്കുക എന്ന ലക്ഷ്യത്തിന് മുന്നിലെ ഏറ്റവും വലിയ കടമ്പ ഭക്ഷ്യ വിലയിൽ ഉണ്ടാകുന്ന പ്രകടമായ വർധന യാണ്. പക്ഷെ ഇക്കാര്യത്തിലും പോസിറ്റീ വായ ചില ചലനങ്ങൾ കാണാം. റബി സീസണിൽ കൃഷി കൂടുതൽ വ്യാപകമായതും മൺസൂൺ സാധാരണ നിലയിൽ ലഭ്യമാകും എന്ന പ്രവചനവുമാണ് അത്. പക്ഷെ റിസർവ് ബാങ്ക് ഇക്കാര്യത്തിൽ കൂടുതൽ കരുതലോ ടെയാണ് പ്രതികരിക്കുന്നത്. ഭക്ഷ്യപണ പ്പെരുപ്പം നിയന്ത്രിക്കുന്നതിനായി വിതരണ രംഗത്ത് സർക്കാർ സ്വീകരിച്ച നടപടികളും എൽ പി ജി, പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ കുറവ് വരുത്തിയതും പ്രതീക്ഷ നൽകുന്ന കാര്യങ്ങളാണ്. എന്നാൽ, രാജ്യാന്തര രംഗത്ത് നിലനിൽക്കുന്ന പ്രതി സന്ധികൾ വിതരണ മേഖലയിൽ ഉള വാക്കുന്ന സമ്മർദം അടക്കമുള്ള ഘടകങ്ങൾ അവശ്യ സാധനങ്ങളുടെ വിലയിൽ കൂടുതൽ കരുതൽ ആവശ്യമാണെന്ന സൂചനകളാണ് റിസർവ് ബാങ്ക് നൽകുന്നത്. കാലാവസ്ഥാ വ്യതിയാനവും ഉത്പന്ന വിപണികളെ മുൾമുനയിൽ നിർത്തുകയാണ്. അതുകൊണ്ട് 2024–25 സാമ്പത്തിക വർഷത്തിൽ പണപ്പെരുപ്പ നിരക്ക് 4.5 ശതമാനം എന്ന നിലയിലേക്ക് നിയന്ത്രിക്കാൻ കഴിയുമെന്ന കണക്കുകൂട്ടലിലാണ് റിസർവ് ബാങ്ക്.

ഈ വർഷം ഫെബ്രുവരിയിൽ ഭക്ഷ്യ പണപ്പെരുപ്പം 8.7 ശതമാനമായി ഉയർന്നു. ഭക്ഷ്യ വിഭവങ്ങൾ എടുക്കുമ്പോൾ, മൽസ്യം, മാംസം തുടങ്ങിയ ഉത്പന്നങ്ങളുടെ വിലയിലാണ് കൂടുതൽ ശക്തമായ സമ്മർദം അനുഭവപ്പെടുന്നത്. ഈ ഉത്പന്നങ്ങളുടെ പണപ്പെരുപ്പ നിരക്ക് ജനുവരിയിൽ 1.2 ശതമാനമായിരുന്നത് ഫെബ്രുവരിയിൽ 5.2 ശതമാനമായി ഉയർന്നു. മുട്ടയുടെ കാര്യത്തിൽ പണപ്പെരുപ്പം 5.6 ശതമാനത്തിൽ നിന്ന് 10.7 ശതമാനത്തിലേക്ക് കയറി. അനുയോജ്യ മല്ലാത്ത ബേസ് ഇഫക്ടാണ് ഇതിന് പ്രധാന കാരണം. മൽസ്യം, മാംസം എന്നിവയുടെ കാര്യത്തിൽ തുടർച്ചയായ മുന്നേറ്റം പ്രകട മായിരുന്നു. ഇതോടൊപ്പം പച്ചക്കറി കളുടെ കാര്യത്തിൽ പണപ്പെരുപ്പം ജനു വരിയിലെ 27.1 ശതമാനത്തിൽ നിന്ന് ഫെബ്രുവരിയിൽ 30.2 ശതമാനമായി ഉയർന്നു. ഭക്ഷ്യപണപ്പെരുപ്പ ബാസ്കറ്റിൽ വരുന്ന 12 ഇനങ്ങളുടെ കാര്യത്തിൽ ആറെണ്ണത്തിന്റെ കാര്യത്തിലും പണപ്പെരുപ്പം 6 ശതമാനത്തിന് മുകളിലായി രുന്നുവെന്ന് കാണാം. ധാന്യങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കാര്യത്തിൽ മാത്രമാണ് മിതമായ പണപ്പെരുപ്പം

അനുഭവപ്പെട്ടത്. എന്നാൽ ലോക ബാങ്കിന്റെ റിപ്പോർട്ട് പ്രകാരം ഫെബ്രുവരി മാസത്തിൽ ധാന്യങ്ങളുടെ വില കുറയുകയാണുണ്ടായത്. (രേഖാചിത്രം–2)

ഈ വർഷം ഫെബ്രുവരിയിൽ ഭക്ഷ്യ പണപ്പെരുപ്പം 0.1 ശതമാനം വർധന രേഖപ്പെടുത്തി. ജനുവരിയിൽ–0.7 ശതമാനം ഇടിഞ്ഞ സ്ഥാനത്താണ് ഇതെന്നോർക്കണം. പച്ചക്കറി ഉത്പന്നങ്ങളുടെ കാര്യത്തിലാണ് ഇത് കൂടുതൽ പ്രകടമായത്. ജനുവരിയിൽ –4.2 ശതമാനം രേഖപ്പെടുത്തിയ സ്ഥാനത്ത് ഫെബ്രുവരിയിൽ കണ്ടത്–0.1 ശതമാനമാണ്. പഴവർഗങ്ങളുടെ രംഗത്ത് ജനുവരിയിൽ –2.1 ശതമാനമായിരുന്ന ഡിഫ്ളേഷൻ ഫെബ്രുവരിയിൽ 0.3 ശതമാനമായി. മൽസ്യം, മാംസം, ഭക്ഷ്യ എണ്ണകൾ, നെയ്യ്, പയർ, പരിപ്പ് വർഗ്ഗങ്ങൾ എന്നിവയുടെ കാര്യത്തിലും പണപ്പെരുപ്പം തുടർച്ചയായി ഉയരുന്ന നിലയുണ്ടായി.

ഭക്ഷ്യപണപ്പെരുപ്പത്തിന്റെ കാര്യത്തിൽ അനിശ്ചിതത്വം വളരെ ശക്തമാണെന്ന് കാണാം. കാലാവസ്ഥയിൽ ഉണ്ടായ വ്യതിയാനമാണ് ഇതിന് പ്രധാന കാരണം. വർഷത്തിന്റെ ആദ്യ പകുതിയിൽ തന്നെ പച്ചക്കറി ഇനങ്ങളുടെ വിലയിൽ വർധന പ്രകടമാവുകയാണ്. അതുകൊണ്ട് ഉപഭോക്തൃ വില സൂചികയെ ആധാരമാക്കിയുള്ള പണപ്പെരുപ്പം ലക്ഷ്യമിട്ടിരിക്കുന്ന 4 ശതമാനത്തിലേക്ക് കൊണ്ടുവരികയെന്നത് ദുഷ്കരമായ കാര്യമായി മാറുകയാണ്.

**Figure -1** Inflation Trends



*Source: RBI*

**Figure -2** Food inflation trends




*Source: MOSPI*

എന്നാൽ അടിസ്ഥാന മേഖലയിലെ പണപ്പെരുപ്പം ജനുവരിയിൽ 3.6 ശതമാന മായിരുന്നത് ഫെബ്രുവരിയിൽ 3.3 ശത മാനമായി. ഈ വിഭാഗത്തിലെ എല്ലാ ഇനങ്ങളും മിതമായ നിലയിലുള്ള പണപ്പെരുപ്പമാണ് രേഖപ്പെടുത്തിയത്. ആരോഗ്യ മേഖലയിൽ 4.9 ശതമാനത്തിൽ നിന്ന് 4.5 ശതമാനമായി കുറഞ്ഞപ്പോൾ ഗാർഹിക ഉത്പന്നങ്ങൾ, സേവനങ്ങൾ എന്നിവയുടെ കാര്യത്തിൽ 3.1 ശതമാനത്തിൽ നിന്ന് പണപ്പെരുപ്പം 2.8 ശതമാനത്തിലേക്ക് കുറഞ്ഞു. വസ്ത്രങ്ങൾ, പാദരക്ഷകൾ എന്നിവയുടെ രംഗത്തും പണപ്പെരുപ്പം കുറയുകയുണ്ടായി. അതായത് അടിസ്ഥാന ഉത്പന്ന മേഖലയിൽ ജനുവരിയിൽ 0.3 ശതമാനമായിരുന്ന പണപ്പെരുപ്പം ഫെബ്രുവരിയിൽ 0.2 ശതമാനമായി കുറഞ്ഞു. ആരോഗ്യം, വ്യക്തിഗത ഉത്പന്നങ്ങൾ, വിദ്യാഭ്യാസം, വിനോദം തുടങ്ങിയ മേഖലകളിലും പണപ്പെരുപ്പം കുറയുന്നത് പ്രകടമായിരുന്നു.

2024 മാർച്ച് മാസത്തിൽ വിലനിലവാരം ഉയരുന്ന പ്രവണത കാഴ്ച വച്ചതായി കാണാം. 20 അവശ്യ സാധനങ്ങളിൽ എട്ടെണ്ണത്തിന് തുടർച്ചയായി വില ഉയർന്നത് കാണാം. എന്നാൽ സവാള, ഉരുളകിഴങ്ങ് എന്നിവയുടെ കാര്യത്തിൽ തിരുത്തൽ ദൃശ്യമാവുകയുണ്ടായി. 2024 ജൂൺ മാസം വരെ പണപ്പെരുപ്പം 5 ശതമാനത്തിന് മുകളിൽ തുടരുന്നതിനാണ് സാധ്യത. എഫ് എം സി ജി കമ്പനികൾ ഉൽപ്പന്നങ്ങളുടെ വില വർധന പ്രഖ്യാപിച്ചിട്ടുണ്ട്. അത് പണപ്പെരുപ്പത്തെ കാര്യമായി സ്വാധീനിക്കാനിടയുണ്ട്. എന്നാൽ അനുകൂലമായ ബേസ് എഫക്ട് രണ്ടാം പാദം മുതൽ പ്രകടമാകാനും സാധ്യതയുണ്ട്. പണപ്പെരുപ്പം ലക്ഷ്യമിട്ടിരിക്കുന്ന 4 ശതമാനം എന്ന ലെവലിലേക്ക് എത്തുന്നതിന് ഇത് വഴിയൊരുക്കുന്നു. അടിസ്ഥാന ഉത്പന്നങ്ങളുടെ കാര്യത്തിൽ പണപ്പെരുപ്പത്തിന്റെ തോത് തൃപ്തികരമായി തുടരുന്ന സാഹചര്യത്തിൽ ഭവന മേഖലയിൽ വില ഏറെ നിർണ്ണായകമാവുകയാണ്. പ്രത്യേകിച്ച് വീട്ടുവാടക അലവൻസ് (എച്ച് ആർ എ) ഉയരുമെന്ന് കരുതുന്ന സാഹചര്യത്തിൽ.

**കാലാവസ്ഥ ഉയർത്തുന്ന വെല്ലുവിളി**

ആഗോളതാപനം കൂടുന്ന സാഹചര്യത്തിൽ കാലാവസ്ഥാ പ്രതിസന്ധി കൂടുതൽ വഷളാകാനുള്ള സാദ്ധ്യതകൾ ശക്തമാണ്. സാമ്പത്തിക, സാമൂഹ്യ രംഗങ്ങളിൽ ഇത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് വഴി തുറക്കുന്നതാണ്. വായ്പാനയത്തെ ഇത് പല രീതിയിൽ സ്വാധീനിക്കുന്നതിനുള്ള സാധ്യതകളുണ്ട്. കാർഷിക ഉത്പാദനം, ആഗോള വിതരണ ശ്രിംഖല തുടങ്ങിയ കാര്യങ്ങളെ ഇത് സ്വാധീനിക്കുന്നതിനാൽ പണപ്പെരുപ്പത്തിൽ ഇത് നിയന്ത്രണം ചെലുത്തുന്നു. സ്വാഭാവികമായ പലിശ നിരക്കുകളിൽ ഇത് വ്യതിയാനം വരുത്തുന്നു എന്നതാണ് രണ്ടാമത്തെ കാര്യം. മൂന്നാമതായി വായ്പാനയ നടപടികളുടെ ഫലമായുള്ള കുടുംബങ്ങളുടെയും ബിസിനസ് സ്ഥാപനങ്ങളുടെയും ധനപരമായ നിലയിലും ഇത് സ്വാധീനം ചെലുത്തുന്നു. അതുകൊണ്ട് കേന്ദ്ര ബാങ്കുകൾ കാലാവസ്ഥാ മാറ്റത്തെ ഏറെ ഗൗരവത്തോടെ ഉൾക്കൊണ്ട് അതുകൂടി നയരൂപീകരണത്തിലെ മുഖ്യപരിഗണനാ വിഷയങ്ങളിൽ ഒന്നായി കാണുകയാണ് (രേഖാചിത്രം–3).

**ഭാവിയിലെ നീക്കങ്ങൾ**

ആഭ്യന്തര സാമ്പത്തിക മേഖലയിൽ ശുഭകരമായ മാറ്റമാണ് എം പി സി കാണുന്നത്. ശക്തമായ നിക്ഷേപ ഡിമാൻഡും, ബിസിനസ്, ഉപഭോഗ മേഖലകളിലെ പോസിറ്റീവായ പ്രവണതകളും ഇതിന് അടിവരയിടുന്നതാണ്. കഴിഞ്ഞ ഡിസംബർ മുതൽ പണപ്പെരുപ്പം കുറഞ്ഞു വരുന്നുണ്ടെങ്കിലും ഭക്ഷ്യ വിലകൾ ഉയർന്നു തന്നെ തുടരുന്നത് ഇക്കാര്യത്തിൽ സമ്മർദം ഏറ്റുന്നുണ്ട്. കാലാവസ്ഥ വ്യതിയാനം വിതരണ ശ്രിംഖലയിൽ വരുത്തുന്ന പ്രതികൂലമായ മാറ്റങ്ങൾ, രാജ്യങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ

**Figure-3** - Impact of physical risks of climate change




*Source: RBI Monetary Policy Report (2024)*

തുടങ്ങിയ ഘടകങ്ങൾ വ്യാപാരത്തെയും ഉത്പന്ന വിപണികളെയും കാര്യമായി സ്വാധീനിക്കുന്നതാണ്.

പണപ്പെരുപ്പം 4 ശതമാനം എന്ന തോതിൽ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് എം പി സി റിപ്പോ നിരക്ക് 6.50 ശതമാനത്തിൽ നിലനിർത്തിയിരിക്കുന്നത്. പണപ്പെരുപ്പം കുറയ്ക്കുക എന്നതായിരിക്കും ഭാവിയിലും തീരുമാനങ്ങളുടെ കാതൽ. ഇക്കാര്യത്തിൽ എം പി സി നിശ്ചയദാർഢ്യത്തോടെയാണ് തീരുമാനങ്ങൾ എടുക്കുന്നത്. അത് ശക്തമായ സാമ്പത്തിക വളർച്ചക്ക് അടിസ്ഥാനമൊരുക്കുകയും ചെയ്യുന്നു. അക്കോമഡേഷൻ നില പതുക്കെ പിൻവലിക്കുന്നതിനും വികസനത്തെ ത്വരിതപ്പെടുത്തുന്ന വിധത്തിൽ പണപ്പെരുപ്പത്തെ ക്രമീകരിക്കുന്നതിനുമാണ് എം പി സി ലക്ഷ്യം വയ്ക്കുന്നത്.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ അസിസ്റ്റന്റ് പ്രഫസറാണ് ലേഖിക).

## ബജറ്റിന് ശേഷമുള്ള സംഗ്രഹം

# ഇടക്കാല ബജറ്റും ധനസ്ഥിതിയും

അഞ്ജലികൃഷ്ണ സുധാകരൻ, ജോബിൻ ജോർജ്, റിത്വിക് എം .എസ്

2024 ഫെബ്രുവരി 1ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ 2024–25 വർഷത്തേക്കുള്ള ഇടക്കാല ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കുകയുണ്ടായി. തിരഞ്ഞെടുപ്പ് വർഷമായതിനാൽ സമ്പൂർണ്ണ ബജറ്റിന് പകരം ഇടക്കാല ബജറ്റ് എന്ന നിലയിലാണ് ഇത് അവതരിപ്പിച്ചത്. തങ്ങളുടെ ഭരണ കാലാവധി പൂർത്തിയാക്കുന്ന വർഷത്തിലാണ് സർക്കാരുകൾ പൊതുവെ ഇടക്കാല ബജറ്റ് കൊണ്ട് വരാറുള്ളത്. പുതിയ ഗവണ്മെന്റ് അധികാരമേൽക്കുന്നത് വരെ സർക്കാർ ചെലവുകളുടെയും അവശ്യ സേവനങ്ങളുടെയും കാര്യത്തിൽ തടസം കൂടാതെ പ്രവർത്തിക്കുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കുക എന്നതാണ് ഇടക്കാല ബജറ്റ് കൊണ്ട് ലക്ഷ്യമിടുന്നത്.

2024–25 സാമ്പത്തിക വർഷം 11,11,111 കോടി രൂപ മൂലധന ചെലവ് ഉൾപ്പെടെ മൊത്തം 47,65,768 രൂപയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റാണ് സർക്കാർ കണക്കാക്കിയിരിക്കുന്നത്. മൂലധന ചിലവിൽ 16.9 ശതമാനം വർദ്ധനവ് പ്രഖ്യാപിച്ചതിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉന്നതൻ നൽകുകയാണ് എന്നാണ് സർക്കാർ വാദിക്കുന്നത്. വായ്പ് ഇതര മാർഗങ്ങലിലൂടെ 30,80,275 കോടി രൂപയും സ്വരൂപിക്കാൻ ബജറ്റ് ലക്ഷ്യമിടുമ്പോൾ തന്നെ 16,8,494 രൂപയാണ് സർക്കാരിന്റെ ധനകമ്മി അത് ജി ഡി പിയുടെ 5.1 ശതമാനമാണ്.

ഗവണ്മെന്റിന്റെ പ്രധാന വരുമാന മാർഗം നികുതികളാണ്. ഇതിൽ ആദായ നികുതി, കോർപറേറ്റ് നികുതി എന്നിവ ഉൾക്കൊള്ളുന്ന പ്രത്യക്ഷ നികുതികൾ വഴി ലഭിക്കുന്നത് മൊത്തം വരുമാനത്തിന്റെ 36 ശതമാനമാണ്. പരോക്ഷ നികുതികൾ വഴിയായി 27 ശതമാനവും ലഭിക്കുന്നു. മൊത്തം ചെലവുകളുടെ 28 ശതമാനം വായ്പകൾ വഴിയും കണ്ടെത്തുന്നു. ഇതിൽ വിപണിയിൽ നിന്നുള്ള കടമെടുപ്പ് പ്രധാനമാണ്. മൊത്തം വായ്പാ വരവിന്റെ 70 ശതമാനത്തോളം വരുമിത്. ചെറുകിട സമ്പാദ്യ പദ്ധതികളിൽ നിന്നുള്ള വരുമാനമാകട്ടെ 466,201 കോടി രൂപയാണ്. 28 ശതമാനം. ഇത്തരത്തിലുള്ള ചെറുകിട സമ്പാദ്യ പദ്ധതികൾ ഇന്ത്യൻ കുടുംബങ്ങളുടെ വളരെ പ്രധാനപ്പെട്ട സമ്പാദ്യ രീതിയാണ്.

എഫ്ആർബിഎം നിയമങ്ങൾ പ്രകാരവും ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ചുമുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാരിന് കഴിയാതെ പോകുന്നത് ധനകാര്യ രംഗത്ത് കടുത്ത ആശങ്ക ഉയർത്തുന്ന കാര്യമാണ്. കേന്ദ്രത്തിന്റേതായാലും സംസ്ഥാനങ്ങളുടെതായാലും കടമെടുക്കുന്നതിനുള്ള പരിധി ജി ഡി പിയുടെ 3 ശതമാനം എന്ന നിലയിൽ നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2024–25ലെ ബജറ്റ് അനുമാനം അനുസരിച്ച് കേന്ദ്രത്തിന്റെ കാര്യത്തിൽ ഇത് 5.1 ശതമാനമായി ഉയർന്നു. എന്നാൽ സംസ്ഥാനങ്ങൾ നിശ്ചിത പരിധി പാലിക്കണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുകയും ചെയ്യുന്നു. ധനകാര്യ ഫെഡറൽ ഘടനയുടെ കാര്യത്തിൽ നിരവധി ചോദ്യങ്ങളാണ് ഇത്തരത്തിലുള്ള വിവേചനം ഉയർത്തുന്നത് .

പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കലാണ് മറ്റൊരു പ്രധാന ചർച്ചാ വിഷയം. 2023–24

സാമ്പത്തിക വർഷത്തിൽ ഇക്കാര്യത്തിൽ ലക്ഷ്യമിട്ടിരുന്നതിന്റെ 49 ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞു. ബജറ്റിൽ കണക്കാക്കിയിരുന്ന 61,000 കോടി രൂപയിൽ താഴെയാണ് ഇത്. തുടർച്ചയായ നാലാം വർഷവും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വില്പന വഴിയുള്ള ധനസമാഹരണം കുറയുകയാണെങ്കിലും ഇതിൽ നിന്നുള്ള വരുമാനത്തിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാർ വലിയ ഊന്നലാണ് നൽകിയിരിക്കുന്നത്.

കോവിഡ് കാലത്ത് ധനക്കമ്മി കുതിച്ചുയർന്നുവെങ്കിലും ഇപ്പോൾ അത് കുറയുന്ന പ്രവണത കാണിക്കുന്നുണ്ട്. 2020–21ൽ ധനക്കമ്മി ജി ഡി പിയുടെ 9.2 ശതമാനമായിരുന്നു. റവന്യൂ കമ്മി, യഥാർത്ഥ റവന്യൂ കമ്മി, പ്രാഥമിക കമ്മി എന്നിവ 2024–25ൽ യഥാക്രമം 2,0.8, 1.5 ശതമാനം എന്ന നിലയിലാണ്. കോവിഡിന് മുൻപ് തന്നെ ഉയർന്ന തട്ടിൽ നിലകൊള്ളുന്ന പ്രാഥമിക കമ്മി വലിയ ആശങ്കയാണുളവാക്കുന്നത്. കാരണം, പലിശ അടവുമായി ബന്ധപ്പെട്ടാണ് ഇത് വരുന്നത് എന്നതാണ്.

ധനപരമായ ദൃഢത കൈവരിക്കുന്നതിന് റവന്യൂ വരുമാനം ഉയർത്തുക എന്നത് പരമ പ്രധാനമാണ്. ഇന്ത്യയെ പോലുള്ള ഒരു വികസ്വര രാജ്യത്ത് ചെലവുകൾ വെട്ടികുറച്ചുകൊണ്ട് ധനസ്ഥിതി മെച്ചപ്പെടുത്തുക എന്നത് ആശാസ്യമായ ഒരു രീതിയല്ല. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി നികുതി വരുമാന രംഗത്ത് പരിമിതമായ വർധന മാത്രമേ രേഖപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളു. കഴിഞ്ഞ ഒരു ദശകക്കാലമായി ജി ഡി പിയുടെ 10 മുതൽ 12 ശതമാനം വരെ എന്ന നിലയിൽ ചലിക്കുന്ന നികുതി വരുമാനം നടപ്പ് സാമ്പത്തിക വർഷത്തിൽ 11.7 ശതമാനമാക്കാനാണ് ബജറ്റ് ലക്ഷ്യമിടുന്നത്.

36,54,657 കോടി രൂപയാണ് റവന്യൂ ചെലവായി കണക്കാക്കിയിരിക്കുന്നത്. റവന്യൂ കമ്മി ജി ഡി പിയുടെ 2 ശതമാനമായാണ് കണക്കാക്കിയിരിക്കുന്നത്. സംസ്ഥാന സർക്കാരുകൾക്ക് മൂലധനച്ചെലവുകൾക്കായുള്ള ഗ്രാന്റുകളും കേന്ദ്ര സർക്കാരിനെ മൂലധനച്ചെലവുകളും ഉൾപ്പടെ മൊത്തം മൂലധ ചെലവ് 14,96,693 കോടി രൂപയാണ്. സർക്കാരിന്റെ മൊത്തം ചെലവുകളുടെ 31 ശതമാനം വരുമിത്. ഓഹരി വില്പന വഴിയുള്ള വരുമാനം ഇതിൽ ഒരു മുഖ്യ പങ്ക് വഹിക്കുമ്പോൾ ചില വിദഗ്ദർ നെഗറ്റീവ് മൂലധന ചെലവയാണ് ഇതിനെ കാണുന്നത്.

2024–25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണപ്രദേശങ്ങൾക്കുമായി 22,74,541 കോടി രൂപയാണ് കേന്ദ്ര സർക്കാർ കൈമാറുക. ഇതിൽ കേന്ദ്ര നികുതികളുടെ ഡിവിസിബിൾ പൂളിൽ നിന്നുള്ള വിഹിതമായി 12,19,783 കോടി രൂപയും ഗ്രാന്റായി നൽകുന്ന 890,858 കോടിയും മൂലധച്ചെലവുകൾക്കായുള്ള പ്രത്യേക വായ്പയായ 130,000 കോടി രൂപയും ഉൾപ്പെടുന്നു. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യത്തിലും നിബന്ധനകളോട് കൂടിയ ധനസഹായത്തിന്റെ കാര്യത്തിലും നിബന്ധനകൾ കൂടാതെയുള്ള സഹായങ്ങളുടെ കാര്യത്തിലും 52 ശതമാനത്തിന്റെ വലിയ ഇടിവ് രേഖപ്പെടുത്തുന്നു. ഇതിനു പുറമെ ഭക്ഷ്യ സാധനങ്ങൾ, വളങ്ങൾ, പാചകവാതകം തുടങ്ങിയവയുടെ സബ്സിഡിയിൽ 7 ശതമാനം കുറവാണ് കാണിക്കുന്നത്.

ചെലവുകൾക്കായുള്ള വകയിരുത്തൽ പരിഗണിക്കുമ്പോൾ 2024–25ലെ ഇടക്കാല ബജറ്റിൽ ഏറ്റവും കൂടുതൽ തുകയായ 86,000 കോടി രൂപ നീക്കിവച്ചരിക്കുന്നത് തൊഴിലുറപ്പ് പദ്ധതിക്കാണ് (എം ജി എൻ ആർ ഇ ജി എസ്). 202324ലെ പുതുക്കിയ ബജറ്റിലെ അതേ തുകയാണിത്. പ്രധാനമന്ത്രി ആവാസ് യോജന എന്ന പദ്ധതിക്ക് 80,671 കോടി രൂപ നീക്കി വച്ചിരിക്കുന്നു. 2023–24ലെ പുതുക്കിയ ബജറ്റിനേക്കാൾ 49.1 ശതമാനം അധികം എന്നാൽ 2022–23ലെ യഥാർത്ഥ കണക്കുകളും 2023–24ലെ പുതുക്കിയ കണക്കുകളും തമ്മിൽ പ്രകടമായ അന്തരം കാണാൻ കഴിയും. 2023–24ൽ വിവിധ പദ്ധതികൾക്കായുള്ള ചെലവുകൾ ബജറ്റ് അനുമാനത്തേക്കാൾ 32 ശതമാനം താഴെയാണ്. ഗ്രാമീണ മേഖലയ്ക്കായുള്ള വിഹിതത്തിൽ കുറവ്

ഉണ്ടായതാണ് ഇതിന് കാരണം. നടപ്പ് വർഷത്തേക്കുള്ള വിഹിതമാകട്ടെ 2023–24 സാമ്പത്തിക വർഷത്തേതിന് തുല്യമാണ്

നേരത്തെ സൂചിപ്പിച്ചതു പോലെ ഇത് ഒരു ഇടക്കാല ബജറ്റാണ്. 2024ലെ പൊതു തിരഞ്ഞെടുപ്പിന് ശേഷമായിരിക്കും ഇനിയുള്ള സാമ്പത്തിക നയങ്ങൾ നിർണ്ണയിക്കുക. വായ്പകൾ, കമ്മി തുടങ്ങിയ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതി തീർച്ചയായും പുനരവലോകനത്തിന് വിധേയമാകും. കേന്ദ്ര സർക്കാരിന്റെ ബാധ്യത, ജി ഡി പിയുടെ 57 ശതമാനം എന്ന തോതിലേക്ക് ഉയർന്നിട്ടുണ്ട്. ചെലവുകൾ കുറച്ചുകൊണ്ട് ധനപരമായ അച്ചടക്കം പാലിക്കുക എന്നത് പ്രായേണ അസാധ്യമായ ഒരു കാര്യമാണ്. സംസ്ഥാനങ്ങളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ കണക്കിലെടുക്കുമ്പോൾ നിബന്ധനകൾക്ക തീതമായ സഹായങ്ങൾ ആവശ്യമായി വരികയാണ് പതിനാറാം ധനകാര്യ കമ്മീഷൻ രൂപീകരിക്കുന്ന കാര്യം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. തിരഞ്ഞെടുപ്പിന് ശേഷം വരുന്ന സമ്പൂർണ ബജറ്റിനായി നമുക്ക് കാത്തിരിക്കാം.

■

(അഞ്ജലികൃഷ്ണ സുധാകരൻ, ജോബിൻ ജോർജ്, റിത്വിക് എം .എസ് എന്നിവർ ഗിഫ്റ്റിലെ ഗവേഷണ വിദ്യാർത്ഥികളാണ്).

# കേന്ദ്ര ബജറ്റിലെ പ്രധാന പ്രഖ്യാപനങ്ങൾ

ഗോപിക ജി, അനുരാജ് പി കെ

2024ലെ ഇടക്കാല ബജറ്റിൽ കേന്ദ്ര മന്ത്രി നിർമ്മല സീതാരാമൻ പല പുതിയ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലെ പദ്ധതികളിൽ ചില മാറ്റങ്ങളും ബജറ്റ് നിർദേശിച്ചിട്ടുണ്ട്. സർക്കാർ നിർദേശിക്കുന്ന പദ്ധതികളുടെയും നിലവിലെ പദ്ധതികളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളുടെയും ചുരുക്കമാണ് ചുവടെ ചേർക്കുന്നത്.

2047 ആകുമ്പോൾ ഒരു വികസിത രാഷ്ട്രമായി മാറുന്നതിനാണ് രാജ്യം ലക്ഷ്യമിടുന്നത്. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ നേടേണ്ട ലക്ഷ്യങ്ങളും ബജറ്റിൽ മുന്നോട്ട് വയ്ക്കുന്നുണ്ട്. പരിസ്ഥിതി സൗഹൃദമായ വികസിത ഭാരതം, ആധുനികമായ അടിസ്ഥാന സൗകര്യങ്ങൾ, എല്ലാവർക്കും അവസരം എന്നതാണ് ഈ വർഷത്തെ വീക്ഷണം. പാവപ്പെട്ടവർ സ്ത്രീകൾ, യുവാക്കൾ, കർഷകർ എന്നിവരാണ് ഈ ലക്ഷ്യത്തിലേക്കുള്ള നാല് പ്രധാന തൂണുകൾ. ജനങ്ങളെ കേന്ദ്രീകരിച്ചു കൊണ്ടുള്ള, എല്ലാവരെയും ഉൾക്കൊള്ളുന്ന സാമ്പത്തിക വികസന അജണ്ടയുടെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾ ധനമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി.

* ഭൗതികവും ഡിജിറ്റലും സാമൂഹ്യവുമായ എല്ലാത്തരത്തിലുള്ള അടിസ്ഥാന സൗകര്യ മേഖലയുടെയും വികസനം.
* പൊതുവായ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ സാമ്പത്തികമായ ഉൾപെടുത്തലിനും മറ്റും സഹായകമാണ്.
* ജി എസ് ടി വഴിയായി നികുതി അടിത്തറ സർക്കാർ വിപുലമാക്കും.
* ശക്തമായ സാമ്പത്തിക മേഖല സമ്പാദ്യം, വായ്പ, നിക്ഷേപം എന്നിവ ക്രമപ്പെടുത്തുന്നു.
* ആഗോള മൂലധന സമാഹരണത്തിനും സാമ്പത്തിക സേവനങ്ങൾക്കുമായി ജി ഐ എഫ് ടി ഐ എഫ് എസ് സി, ഐ എഫ് എസ് സി എ തുടങ്ങിയ സംവിധാനങ്ങൾ ആരംഭിക്കും.
* പണപ്പെരുപ്പം തടയുന്നതിന് ക്രിയാത്മക മാർഗ്ഗങ്ങൾ അവലംബിക്കും.

അമൃതകാലത്തിനായി ഭാരതത്തിന്റെ ധന മന്ത്രി ബജറ്റിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

**1. സുസ്ഥിര വികസനം**

സുസ്ഥിര വികസനത്തിന് വലിയ പ്രാമുഖ്യമാണ് ധനമന്ത്രി നൽകിയിട്ടുള്ളത്. 2070 ആകുമ്പോഴേക്ക് 'നെറ്റ് സീറോ എമിഷൻ' എന്ന ലക്ഷ്യം നേടുന്നതിനെ കുറിച്ചും പറയുന്നുണ്ട്. ഇതിനായി ഒരു ഗിഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉല്പാദിപ്പിക്കുന്നതിനായുള്ള പദ്ധതിയുടെ 'വയബിലിറ്റി ഗാപ് ഫണ്ടിങ്' പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന് പുറമെ, 2030 ആകുമ്പോഴേക്ക് 100 ദശലക്ഷം ടൺ കൽക്കരി ഗ്യാസിഫിക്കേഷൻ, ലിക്വിഫിക്കേഷൻ എന്നിവയ്ക്കായുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ആഭ്യന്തര ഉപയോഗത്തിനായുള്ള സി എൻ ജി, പി എൻ ജി, കംപ്രസ്സ്ഡ് ബയോഗ്യാസ് എന്നിവയുടെ ഘട്ടം ഘട്ടമായുള്ള ബ്ലെൻഡിങ്ങും ഇതിന്റെ ഭാഗമായുണ്ട്. ബയോ മാലിന്യങ്ങളുടെ അഗ്രിഗേഷൻ ഉപകരണങ്ങൾ

ക്കായുള്ള സാമ്പത്തിക സഹായങ്ങൾ ഉണ്ടാകും. പുരപ്പുറ സൗരോർജ പദ്ധതി വഴിയായി ഒരു കോടി കടുംബങ്ങൾക്ക് മാസം തോറും 300 യുണിറ്റ് വൈദ്യുതി ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു

പൊതുഗതാഗത സൗകര്യങ്ങൾക്കായി ഇ – ബസ് ഏർപെടുത്തുന്നതിനും ഇ-വാഹന സംവിധാനം ശക്തമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. ഒപ്പം ബയോമാനുഫാക്റ്ററിങ്, ബയോ ഫൗണ്ടറി തുടങ്ങിയ പുതിയ പദ്ധതികളും പ്രഖ്യാപിക്കുകയുണ്ടായി. ഊർജ മേഖലയിൽ കാര്യക്ഷമത ഉയർത്തുന്നതിനായി എസ് എൻ എൽ പി പദ്ധതിക്ക് കീഴിൽ 1.3 കോടി എൽ ഇ ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കും. തീരമേഖലയിലെ സുസ്ഥിര അക്വകൾച്ചർ വികസനത്തിനും മാരികൾച്ചർ രീതികൾക്കുമായി ബ്ലൂ ഇക്കണോമി 2.0 പദ്ധതി ആരംഭിക്കും. ഇത്തരത്തിലുള്ള പദ്ധതികൾ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് സുസ്ഥിര വികസനം, കാർബൺ ബഹിർഗമനം കുറയ്ക്കൽ, പരിസ്ഥിതി സൗഹൃദമായ ബദൽ പദ്ധതികൾ തുടങ്ങിയ മേഖലകളാണ്.

### 2. അടിസ്ഥാന സൗകര്യ വികസനവും മുതൽ മുടക്കും

പി എം ഗതിശക്തി പദ്ധതിയിലൂടെ മൂന്ന് റെയിൽവേ ഇടനഴികൾ ആരംഭിക്കുകയെന്നത് അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വളരെ പ്രധാനപ്പെട്ട ചുവടുവെപ്പാണ്. ഊർജം, ധാതുലവണങ്ങൾ, സിമന്റ് എന്നിവയ്ക്കായുള്ള ഇടനാഴി, തുറമുഖ കണക്റ്റിവിറ്റി ഇടനാഴി, ഒപ്പം ഉയർന്ന ഗതാഗത സാന്ദ്രത കോറിഡോർ തുടങ്ങിയവയാണ് ഇതിന്റെ ഭാഗമായുള്ള വികസന അജണ്ട ലോജിസ്റ്റിക് മേഖലയിലെ കാര്യശേഷി ഉയർത്തുക, ചരക്ക് നീക്കത്തിനുള്ള ചെല വുകൾ കുറയ്ക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക ഊന്നൽ ബജറ്റിലൂടെ നൽകുന്നു. 'ഉടാൻ' പദ്ധതിയുടെ ഭാഗമായി പുതിയ വിമാനത്താ വളങ്ങൾ നിർമ്മിക്കുക, നിലവിലുള്ള വിമാനത്താ വളങ്ങൾ വികസിപ്പിക്കുക എന്നതും ഇതിന്റെ ഭാഗമാണ്. മെട്രോ റെയിൽ, നമോ ഭാരത് പദ്ധതികളിലൂടെ നഗര വികസനത്തിനും ഊന്നൽ നൽകുവാൻ വിവിധ പദ്ധതികളും ആവിഷ്കരിക്കുന്നു.

### 3. സമ്പൂർണ്ണ വികസനം

അമൃത്കാൽ പദ്ധതിക്ക് കീഴിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനമാണ് ധനമന്ത്രി മുന്നോട്ട് വയ്ക്കുന്നത്. സംസ്ഥാനങ്ങളുടെ അതിവേഗ വികസനം സാധ്യമാക്കുന്നതിന് സഹായകമായ ജില്ലാതല പ്രത്യേക പദ്ധതിയും ഇതിന്റെ ഭാഗമായി മുന്നോട്ട് വയ്ക്കുന്നു. കൂടുതൽ തൊഴില വസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ മുഖ്യ ദൗത്യം.

### ആരോഗ്യം

ഒൻപത് വയസിനും 14 വയസിനുമിടയിലുള്ള പെൺകുട്ടികൾക്ക് 'സെർവിക്കൽ കാൻസർ' വരുന്നത് തടയുന്നതിനായി വാക്സിനേഷൻ നട ത്തുവാൻ സർക്കാർ പ്രോത്സാഹനം നൽ കുന്നുണ്ട്. കുട്ടികൾക്ക് പോഷകാഹാരം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ 'സാക്ഷം അംഗൻവാടി' എന്ന പദ്ധതിയും പോഷൻ 2.0 എന്ന പരിപാടിയും നടപ്പാക്കുന്നു. ഗർഭിണി കൾക്കും ശിശുക്കൾക്കും വേണ്ടിയുള്ള വ്യത്യസ്തമായ നിരവധി പദ്ധതികളെ ഒരു കുടക്കീഴിലാക്കി കൂടുതൽ കാര്യക്ഷമമാക്കി അവതരിപ്പിക്കും. 'മിഷൻ ഇന്ദ്രധനുഷ്' എന്ന പദ്ധതിക്ക് കീഴിൽ വാക്സിനേഷൻ വിതരണം ശക്തമാക്കുന്നതിനായി 'യു വിൻ പ്ലാറ്റഫോമിന്' രൂപം നൽകിയിട്ടുണ്ട്. ആയുഷ്മാൻ പദ്ധതിയിൽ ആശാ വർക്കർമാർ, അംഗൻവാടി ജീവനക്കാർ, സഹായികൾ തുടങ്ങിയ വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തുന്നതാണ്. കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനായി ഒരു വിദഗ്ധ സമിതിക്ക് രൂപം നൽകും. ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ഭവനനിർമ്മാണം : അടുത്ത അഞ്ചു വർഷം കൊണ്ട് രണ്ടു കോടി വീടുകൾ 'പ്രധാന മന്ത്രി ആവാസ് യോജന' പദ്ധതിയിൽ കീഴിൽ പൂർത്തിയാക്കുകയാണ് ലക്ഷ്യം. മധ്യവർഗ്ഗ വിഭാഗങ്ങൾക്കായി ഒരു പ്രത്യേക ഭവന നിർമ്മാണ പദ്ധതിക്ക് തുടക്കം കുറിക്കും. ഭവന നിർമ്മാണ മേഖലക്കായുള്ള ബജറ്റ് വിഹിതം ഉയർത്തിയിട്ടുണ്ട്. 2023–24ലെ 79,590 കോടി രൂപയിൽ നിന്നും 2024–25ൽ 80,671 കോടി രൂപയായാണ് വിഹിതം ഉയർത്തിയിരിക്കുന്നത്.

വിനോദസഞ്ചാര മേഖല : ഓരോ സംസ്ഥാനങ്ങളെയും പ്രതീകവൽക്കരിക്കാൻ കഴിയുന്ന അവിടങ്ങളിലെ പ്രത്യേക വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് സംസ്ഥാനങ്ങൾക്ക് പ്രോത്സാഹനം നൽകും. ഇത് പ്രാദേശിക സമ്പദ്ഘടനയുടെ ഉണർവിനും സംരംഭകത്വ വികസനത്തിനും സഹായകമാകും. ഇതിനായി സംസ്ഥാനങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ പലിശരഹിത വായ്പ നൽകും. അടിസ്ഥാനസൗകര്യ വികസനവും സുസ്ഥിര വികസനവുമാണ് ഇതിന്റെ പ്രധാന ലക്ഷ്യം. തുറമുഖങ്ങളുടെ കണക്ടിവിറ്റി ഉയർത്തുന്നതിനായി പ്രത്യേക പദ്ധതികൾക്ക് ഊന്നൽ നൽകും. ലക്ഷദ്വീപ് പോലുള്ള ദ്വീപസമൂഹങ്ങളിൽ അടിസ്ഥാന സൗകര്യ വികസനവും ഇതര സൗകര്യങ്ങളുടെ വികസനവും ഉറപ്പാക്കും.

**4. കൃഷിയും ഭക്ഷ്യസംസ്കരണവും**

വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന് സർക്കാർ, പൊതു, സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കും. എല്ലാത്തരം കാർഷിക മേഖലകളിലും നാനോ – ഡി എ പി സംവിധാനം നടപ്പാക്കും. എണ്ണക്കുരുക്കളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്ന തിനായി 'അമൃതഭാരത് ഓയിൽ സീഡ് അഭിയാൻ' എന്ന പദ്ധതിക്ക് രൂപം നൽകുന്നതാണ്. ക്ഷീര മേഖലയുടെ വികസനത്തിനായി പ്രത്യേക പദ്ധതിയും നടപ്പാക്കുന്നതാണ്. അക്വകൾച്ചർ മേഖലയിൽ ഉത്പാദനക്ഷമത ഉയർത്തുക എന്ന ലക്ഷ്യത്തോടെ 'പ്രധാനമന്ത്രി മൽസ്യ സമ്പാദ യോജന' എന്ന പദ്ധതിയും നടപ്പാക്കുന്നതാണ്. ഈ മേഖലയിൽ നിന്നുള്ള കയറ്റുമതി ഒരു ലക്ഷം കോടി രൂപയാക്കി ഉയർത്തുന്നതിനും 55 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഇതിനു പുറമെ അഞ്ചു സമഗ്ര അക്വപാർക്കുകൾക്കും രൂപം നൽകും. നീല വിപ്ലവം എന്ന പ്രത്യേക പദ്ധതിക്കായുള്ള വകയിരുത്തൽ 2025 കോടി രൂപയിൽ നിന്നും 2352 കോടിയായി ഉയർത്തിയിട്ടുണ്ട്. മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് പദ്ധതിക്കായി 2024–25 സാമ്പത്തിക വർഷത്തിൽ 241 കോടി രൂപ അധികമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

■

(ഗോപിക ജി, അനുരാജ് പി കെ എന്നിവർ ഗിഫ്റ്റിലെ ഗവേഷണ വിദ്യാർത്ഥികളാണ്).

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 1*
*ജനുവരി – മാർച്ച് 2024*

# കേരള ബജറ്റ് 2024–25

സൂര്യ കെ, ഗ്രീഷ്മ കെ എസ്

2024–25 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് ധനകാര്യ മന്ത്രി ശ്രീ കെ. എൻ ബാലഗോപാൽ ഫെബ്രുവരി അഞ്ചിന് നിയമസഭയിൽ അവതരിപ്പിച്ചു. സാമൂഹ്യ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സുസ്ഥിര വികസനം തുടങ്ങിയ കാര്യങ്ങളിലുള്ള സംസ്ഥാന സർക്കാരിന്റെ നിശ്ചയദാർഢ്യം വ്യക്തമാക്കുന്ന ഒന്നാണ് ബജറ്റ്. സാമൂഹ്യ വികസനത്തിനും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിനും ഊന്നൽ നൽകുന്ന തരത്തിലാണ് സംസ്ഥാനത്തിന്റെ ധനകാര്യ നിർവഹണം എന്ന് കാണാം. എന്നാൽ ഉയർന്ന കടബാധ്യത, വരുമാന നിലയിലെ ചാഞ്ചാട്ടം തുടങ്ങിയ നിർണ്ണായക ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനമേഖലക്ക് മുന്നിൽ ഉയർത്തുന്നത് വലിയ വെല്ലുവിളിയാണ്. സാമൂഹ്യമായ ആവശ്യങ്ങൾ നിറവേറ്റുക എന്നതിന് പുറമെ ധനപരമായ അച്ചടക്കം പാലിക്കുക എന്നതും കേരളത്തിന്റെ കാര്യത്തിൽ ഏറെ നിർണ്ണായകമാണ്. ഇത്തരത്തിലുള്ള കാര്യങ്ങളിലെ സർക്കാരിന്റെ ഉറച്ച നിലപാടുകൾ വ്യക്തമാക്കുന്ന ഒന്നാണ് സംസ്ഥാനത്തിന്റെ 2024–25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ്.

വരുമാനം, ചെലവുകൾ എന്നിവയുടെ വിശകലനം, കേരളത്തിന്റെ ധനകാര്യ പാത വ്യക്തമാക്കുന്നതാണ്. 2022–23 സാമ്പത്തിക വർഷത്തിൽ മൊത്തം നികുതി വരുമാനത്തിൽ 2.74 ശതമാനം ഇടിവ് രേഖപ്പെടുത്തിയെങ്കിൽ, തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ കണ്ടത് 10.92 ശതമാനം വളർച്ചയാണ്. 2021–22ൽ 58,340 കോടി രൂപയായിരുന്ന തനത് നികുതി വരുമാനം 2023–24ലെ പുതുക്കിയ കണക്കുകൾ പ്രകാരം 77,038 കോടി രൂപയായി ഉയർന്നു. ജി എസ് ടി, വില്പന നികുതിയും വാറ്റും, വാഹന നികുതി, മുദ്രവില, രജിസ്ട്രേഷൻ തുടങ്ങിയ വിഭാഗങ്ങളിലാണ് വരുമാനം കാര്യമായി ഉയർന്നതെന്ന് കാണാം.

എന്നാൽ കേന്ദ്രത്തിൽ നിന്നും കിട്ടേണ്ട വിഹിതം കുറയുന്ന പ്രവണതയാണ് ഈ ബജറ്റിൽ നിന്നും പ്രകടമാകുന്നത്. ഗ്രാന്റ് ഇൻ എയ്ഡിന്റെ കാര്യമെടുക്കുമ്പോൾ 61.15 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2021–22 സാമ്പത്തിക വർഷത്തിൽ 26,000 കോടി രൂപയായിരുന്ന പദ്ധതിയേതര സഹായം 2023–24ലെ പുതുക്കിയ കണക്കുകൾ അനുസരിച്ച് 6773 കോടി രൂപ മാത്രമാണ്. ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇടിവ് 47 ശതമാനമാണ്. എന്നാൽ മൊത്തത്തിൽ പൊതുകടം വർധിച്ചുവെങ്കിലും 2023–24ലെ കടമെടുപ്പ് 2021–22നെ അപേക്ഷിച്ച് കുറഞ്ഞതായി കാണാം.

ചെലവുകളുടെ കാര്യത്തിലേക്ക് വരുമ്പോൾ പദ്ധതിയേതര ചെലവുകൾ കാര്യമായി ഉയർന്നതായി കാണാം. 2021–22ലെ വായ്പ വിതരണം 35.20 കോടിയായിരുന്നത് 2023–24ൽ 662 കോടിയായി വർധിച്ചു. എന്നാൽ പദ്ധതി ചെലവുകളിലേക്ക് വരുമ്പോൾ വായ്പ മേഖലയിൽ ഇടിവാണ് രേഖപെടുത്തിയിരിക്കുന്നത്. വിദ്യാഭ്യാസം, കലയും സംസ്കാരവും തുടങ്ങിയ രംഗങ്ങളിലെ വികസന ചെലവുകൾ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ

കുറയുന്നതായി കാണാം. 2021–22ൽ 24 കോടി രൂപയായിരുന്ന ഇത് 2023–24ൽ 21 കോടി രൂപയായി താഴ്ന്നു.

2022–23 സാമ്പത്തിക വർഷത്തിലൊഴികെ കേരളത്തിന്റെ 2003ലെ ധനക്കമ്മി ധനഉത്തര വാദിത്വ ബജറ്റ് മാനേജ്മെന്റ് നിയമം (എഫ് ആർ ബി എം) നിഷ്കർഷിച്ചിരിക്കുന്ന പരിധിയായ 3 ശതമാനം മറികടക്കു കയുണ്ടായി. 2021–22 സാമ്പത്തിക വർഷവു മായി താരതമ്യം ചെയ്യുമ്പോൾ 2023–24ൽ റവന്യു കമ്മിയിലും പ്രാഥമിക കമ്മിയിലും നേരിയ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളം അതിവേഗം മാറുകയാണ്. അത്തരം മാറ്റത്തിന് കൂടുതൽ ഗതിവേഗം പകരുന്നതാണ് ബജറ്റ്. പുതിയ പ്രോജക്ട് മോഡലുകൾ സ്വീകരിച്ചുകൊണ്ട് നിലവിലെ സാമ്പത്തിക ഘടന ശക്തമാക്കുക എന്നതാണ് അതിന്റെ ലക്ഷ്യം. വരുമാന വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് അതിന്റെ ഹ്രസ്വ കാല ലക്ഷ്യങ്ങൾ. സുപ്രധാന മേഖലകളിലെ നയപരമായ ശുപാർശകളാണ് താഴെ കാണുന്നത്.

**ആരോഗ്യം :**

ഇന്ത്യയിലെ ഏറ്റവും മികച്ച ആരോഗ്യ മേഖലകളിലൊന്ന് കേരളത്തിലേതാണ്. ഉയർന്ന ജീവിത ദൈർഘ്യം, കുറഞ്ഞ ശിശുമരണ നിരക്ക് തുടങ്ങിയ ആരോഗ്യ രംഗത്തെ എല്ലാത്തരം സൂചികകളിലും കേരളത്തിന് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. ഉയർന്ന സാക്ഷരത ഇതിന് സംസ്ഥാനനത്തിന് സഹായകമായിട്ടുണ്ട്.

കേരളത്തെ മെഡിക്കൽ സേവനങ്ങളുടെ രംഗത്തെ ഒരു ഹബ്ബാക്കി മാറ്റുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ മെഡിക്കൽ കോളേജുകൾ അടക്കമുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ ഇന്ത്യക്കകത്തും പുറത്തുമുള്ള രോഗികളെ എത്തിക്കുക എന്നതാണ് ഇതിന്റെ അടിസ്ഥാനം.

കനിവ് പദ്ധതിയിൽ ഉൾപ്പെടുത്തി 315 ആധുനിക ആംബുലൻസുകൾ വാങ്ങുന്ന തിനായി 80 കോടി രൂപയാണ് വകയിരുത്തി യിരിക്കുന്നത്.

**ആർദ്രം പദ്ധതിക്കായി 24.88 കോടി രൂപ നീക്കി വച്ചിരിക്കുന്നു.**

ആയുഷ്മാൻ ഭാരത് പദ്ധതിയിലുൾപ്പെടുത്തി പ്രത്യേക സ്കൂൾ ആരോഗ്യ പദ്ധതിക്ക് രൂപം നൽകി. ഇതിലേക്ക് സംഭാവനകൾ നൽകുന്ന തിനായി പ്രത്യേക അക്കൗണ്ട് തുറന്നിട്ടുണ്ട്.

**വ്യവസായം:**

മറ്റു പല സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ വ്യവസായ മേഖല അത്രമേൽ പ്രാധാന്യമേറിയ ഒന്നല്ല. സംസ്ഥാന ഗവൺമെന്റ് വ്യവസായ വളർച്ച പ്രോത്സാഹിപ്പി ക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും സംരംഭകരെ സഹായി ക്കുന്നതിനുമായി ഒട്ടേറെ ശ്രമങ്ങൾ നടത്തി വരുന്നു.

വ്യത്യസ്തങ്ങളായ വിവിധ പദ്ധതികൾക്ക് പുറമെ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്, റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് തുടങ്ങിയവ അടക്കമുള്ള നൂതനമായ ചില പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.

ഇന്ത്യൻ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ, സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോമാസ്, ന്യൂട്രസ്യൂട്ടിക്കൽസ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വ്യവസായം, ധാതുക്കൾ എന്നീ മേഖല കൾക്കായി 1729.13 കോടി രൂപയാണ് മാറ്റി വച്ചിരിക്കുന്നത്. 773.09 കോടി രൂപ ഇടത്തരം, വൻകിട വ്യവസായങ്ങൾക്കായി വകയിരു ത്തിയിട്ടുണ്ട്. കശുവണ്ടി പുനരുദ്ധാരണ പദ്ധതിക്കായി 30 കോടി രൂപ പ്രത്യേകം കണക്കാക്കിയിരിക്കുന്നു.

**അടിസ്ഥാന സൗകര്യ മേഖല**

സാമ്പത്തിക വികസനം ത്വരിതപ്പെടുത്തു ന്നതിൽ അടിസ്ഥാന സൗകര്യ വികസനം

വഹിക്കുന്നത് നിർണ്ണായകമായ പങ്കാണ്. കേരളത്തിന്റെ വളർച്ചയുടെയും വികസനത്തിന്റെയും സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യ മേഖലയിൽ തുടർച്ചയായ വികസനവും നൂതന ആശയങ്ങളും ആവശ്യമാണ്. അന്താരാഷ്ട്ര വിമാനത്താവളങ്ങൾ അടക്കമുള്ള കാര്യങ്ങൾ സംസ്ഥാനത്തിന് വലിയ സാദ്ധ്യതകൾ തുറന്നു തരുമ്പോൾ അവയെ പരമാവധി പ്രയോജനപ്പെടുത്തുന്നതിലാണ് കാര്യം.

വിഴിഞ്ഞം തുറമുഖത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേക വികസന മേഖലകൾ (എസ് ഡി ഇസഡ്) ബജറ്റിൽ നിർദേശിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ മെട്രോ പദ്ധതിയെ സംബന്ധിച്ചും ഉറപ്പ് നൽകിയിട്ടുണ്ട്.

* കുട്ടനാട് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ട് നബാർഡ് – റൈഡ് പദ്ധതിക്കായി 100 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്.
* 11 വ്യവസായ പാർക്കുകളുടെ നവീകരണത്തിനായി 30.60 കോടി രൂപയും മാറ്റി വച്ചിരിക്കുന്നു.
* സർക്കാർ ഓഫീസുകളിലെ പഴയ കാറുകൾ, ഫർണിച്ചർ തുടങ്ങിയവ ഒഴിവാക്കുന്നതിനായി സ്ക്രാപ്പിങ് നയത്തിന് രൂപം നൽകിയിട്ടുണ്ട്.

**വിദ്യാഭ്യാസം**

കേരളത്തിലെ വിദ്യാഭ്യാസ മേഖല ഇന്ത്യക്ക് തന്നെ മാതൃകയായി മുന്നിൽ നില്കുന്ന ഒന്നാണ്. ഉയർന്ന സാക്ഷരത, വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ, മികച്ച അടിസ്ഥാന സൗകര്യങ്ങൾ മുതലായ കാര്യങ്ങൾ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ മുഖമുദ്രയാണ്.

ഡിജിറ്റൽ സർവകലാശാലയുടെ വികസനത്തിനായി 250 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓക്സ്ഫോർഡ് സർവകലാശാലയുമായി സഹകരിച്ചുകൊണ്ട് മൂന്ന് റീജിയണൽ സെന്ററുകൾ തുറക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കോഴിക്കോട് സർവകലാശാലയിൽ 'ശിഖ' എന്ന പേരിൽ ഒരു മ്യൂസിയത്തിന് തുടക്കം കുറിക്കും.

കേരള എന്റർപ്രൈസസ് റിസോർസ് പ്ലാനിംഗ് സൊല്യൂഷൻസ് (കെ–റീപ്പ്) എന്ന സ്ഥാപനത്തിനായി 3.40 കോടി രൂപ നീക്കി വച്ചിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സെന്റർ ഓഫ് എക്സലൻസ് ആരംഭിക്കും. സർക്കാർ എൻജിനീയറിങ് കോളേജുകളിൽ പ്രത്യേക ഗവേഷണ കേന്ദ്രങ്ങൾ തുറക്കും.

* പ്രഫഷണൽ കോഴ്സുകളിലേക്ക് പുറമെ നിന്നും വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായി നിയമ പരിഷ്കരണം നടത്തും.

**വിനോദ സഞ്ചാര മേഖല**

അനന്തമായ സാദ്ധ്യതകൾ തുറക്കുന്ന ഒന്നാണ് കേരളത്തിന്റെ ടൂറിസം മേഖല. സംസ്ഥാനത്തിന്റെ പ്രകൃതി രമണീയത, സാംസ്കാരിക പൈതൃകം തുടങ്ങിയ നിരവധി ഘടകങ്ങൾ വിദേശത്ത് നിന്നും സ്വദേശത്ത് നിന്നും നിരവധി സഞ്ചാരികളെ ആകർഷിക്കുന്നു.

* ടൈം മാഗസിൻ ലോകത്ത് കണ്ടിരിക്കേണ്ട 50 പ്രമുഖ കേന്ദ്രങ്ങളിലൊന്നായി കേരളത്തെ തിരഞ്ഞെടുത്തിരിക്കുന്നു എന്നത് ഏറെ ശ്രദ്ധേയമായ ഒന്നാണ്. വിനോദ സഞ്ചാര മേഖലയുടെ വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തിന് ഊന്നൽ നല്കി യിരിക്കുന്നു.
* ഇടുക്കി ഡാമിൽ ഒരു ലേസർ അധിഷ്ഠിത ലൈറ്റ് ആൻഡ് സൗണ്ട് ഷോ പരിപാടിക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
* 5000 കോടി രൂപ മുതൽമുടക്കിൽ 20 ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതാണ്. ഇതിനായി വർക്കല, കൊല്ലം, മൺറോതുരുത്ത്, ആലപ്പുഴ, മൂന്നാർ, ഫോർട്ട് കൊച്ചി , പൊന്നാനി, ബേപ്പൂർ, കോഴിക്കോട്, ബേക്കൽ എന്നീ കേന്ദ്രങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്.

**കാർഷിക മേഖല**

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ കാർഷിക മേഖല വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. ജനസംഖ്യയുടെ നല്ലൊരു ഭാഗത്തിന് ജീവസന്ധാരണത്തിനുള്ള മാർഗ്ഗ മാണ് ഇത്. കാർഷിക രംഗത്ത് 236,344 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

2024–25ലെ ബജറ്റിൽ കാർഷിക മേഖലക്കായി 1698.30 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്. നെല്ലുല്പാദനം, നാളികേര കൃഷി വികസനം, വിള സംരക്ഷണം, കാർഷിക യന്ത്രവത്കരണം, കാർഷിക അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ വിവിധ ഉപമേഖലകൾക്കായി മതിയായ തുക നീക്കി വച്ചിട്ടുണ്ട്.

* കാർഷിക മേഖലയിലെ സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സഹകരണ മേഖല വഴി നടപ്പാക്കുന്ന 'കോഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഇൻ ടെക് നോളജി ഡ്രി വൺ അഗ്രികൾച്ചർ' (സി ഐ ടി എ) എന്ന പദ്ധതിക്കായി 30 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

* കാർഷിക രംഗത്തെ വിവിധ മേഖലകളിൽ ഇടപെടൽ നടത്തുന്നതിനായി സഹകരണ സ്ഥാപനങ്ങൾക്കായി 7.25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**ഗ്രാമീണ വികസനം**

* ഗ്രാമീണ മേഖലയുടെ വികസനത്തിനായി 1768.32 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. അതുപോലെ 'പ്രധാനമന്ത്രി ഗ്രാമ സഡക് യോജന', കുടുംബശ്രീ തുടങ്ങിയ പദ്ധതി കൾക്കും ഫണ്ട് കണ്ടെത്തിയിട്ടുണ്ട്.

* 0.50 കോടി മാനവ ദിനങ്ങൾ സൃഷ്ടിക്കു ന്നതിനായി 3496.50 കോടി രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇത്തരം പദ്ധതി കളുടെ പ്രയോജകരിൽ മൂന്നിലൊന്ന് സ്ത്രീകളായിരിക്കണ മെന്നാണ് വ്യവസ്ഥ. എന്നാൽ കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഇത് 90 ശതമാനത്തിന് മുകളിലാണ്.

**ഭവനനിർമ്മാണം**

57.62 കോടി രൂപയാണ് ഈ മേഖലക്കായി നീക്കി വച്ചിരിക്കുന്നത്. 'വാർധക്യ സൗഹൃദ ഭവനം' എന്ന പേരിൽ മുതിർന്ന പൗരന്മാർ ക്കായി പ്രത്യേക പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി 2 കോടി രൂപ കേരള സ്റ്റേറ്റ് ഭവന നിർമ്മാണ ബോർഡിന് മാറ്റി വച്ചിട്ടുണ്ട്.

**സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അധിക മായി 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.**

ബജറ്റ് പ്രസംഗത്തിൽ അവതരിപ്പിച്ചിരിക്കുന്ന പ്രധാന പ്രഖ്യാപനങ്ങളാണ് ഇവിടെ ചേർത്തി രിക്കുന്നത്. സംസ്ഥാന സർവതലസ്പർശിയായ വികസനം ലക്ഷ്യമാക്കിയുള്ളതാണ് ഈ പ്രഖ്യാപനങ്ങൾ. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ പ്രകടമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര വിഹിത ങ്ങളിൽ വന്ന കുറവും വായ്പാ പരിധിയുടെ നിർണ്ണയവും ധനകമ്മിയും സംസ്ഥാനത്തിന്റെ ധനകാര്യ രംഗത്തെ പ്രധാന പരിമിതികളാണ്. 2024–25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ്, സാമൂഹ്യ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, സുസ്ഥിര വികസനം തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിനാണ് പ്രാമുഖ്യം നൽകിയിരി ക്കുന്നത്. സാമ്പത്തികമായ പ്രശ്ങ്ങളു ണ്ടെങ്കിലും കേരളത്തിന്റെ സമഗ്ര വളർച്ചയാണ് ബജറ്റ് ലക്ഷ്യമിടുന്നത്. അതായത് ദീർഘകാല വികസനത്തിന്റെ അടിത്തറ പാകുമ്പോഴും എല്ലവരുടെയും ക്ഷേമം ലക്ഷ്യമിടുന്ന ഈ ബജറ്റ് ജീവിത നിലവാരം ഉയർത്തുന്നതിന് വ്യക്തമായ മുൻതൂക്കം നൽകുന്ന ഒന്നാണ്.

■

(സൂര്യ കെ, ഗ്രീഷ്മ കെ എസ് എന്നിവർ ഗിഫ്റ്റിലെ ഗവേഷണ വിദ്യാർത്ഥികളാണ്).

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 1*
*ജനുവരി – മാർച്ച് 2024*

# 2023–24 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട്

അമലു സെബി, ആനന്ദ് ബാബു എ

2024 ഫെബ്രുവരി എട്ടിന് ഇന്ത്യൻ സമ്പദ്ഘടനയുടെ സ്ഥിതി വ്യക്തമാക്കുന്ന ഒരു ധവളപത്രം കേന്ദ്ര സർക്കാർ അവതരിപ്പിക്കുകയുണ്ടായി. യുപിഎ യുടെ 10 വർഷത്തെ ഭരണത്തെയും എൻ ഡി എയുടെ 10 വർഷത്തെ ഭരണത്തെയും താരതമ്യം ചെയുക എന്നതായിരുന്നു ഇതിന്റെ പ്രധാന ഉദ്ദേശ്യം. ഇന്ത്യൻ സമ്പദ്ഘടനയെ കുറിച്ചുള്ള ധവളപത്രം എന്ന പേരിൽ പുറത്തിറക്കിയ 59 പേജുള്ള ഈ രേഖ 2014നു മുൻപ് ഇന്ത്യ നേരിട്ട പ്രതി സന്ധികളെയും 2014ൽ അധികാരത്തിലേറിയ എൻ ഡി എ സർക്കാർ അത് നേരിടുന്നതിന് സ്വീകരിച്ച നയപരമായ നടപടികളെ കുറിച്ചുമാണ് പ്രധാനമായും പ്രതിപാദിക്കുന്നത്. തിരഞ്ഞെടുപ്പ് വർഷമായതിനാൽ 2024ൽ സമ്പൂർണ്ണ സാമ്പത്തിക സർവെ അവതരിപ്പിച്ചിരുന്നില്ല. അതിന് പകരമായാണ് 2023–24 വർഷത്തേക്കുള്ള ധവളപത്രം പാർലമെന്റിന്റെ മേശപ്പുറത്ത് വച്ചത്.

മൂന്ന് ഭാഗങ്ങളായാണ് ഈ രേഖ അവതരിപ്പിച്ചിരിക്കുന്നത്. ഇതിൽ ഒന്നാം ഭാഗത്ത് 2004 –08 കാലയളവിൽ യു പി എ സർക്കാർ വളർച്ചാ നിരക്ക് ത്വരിതപ്പെടുത്തുന്നതിനും നിക്ഷേപ സാധ്യത ഉയർത്തുന്നതിനും വേണ്ടി നടത്തിയ ശ്രമങ്ങളെ കുറിച്ച് പരിശോധിക്കുന്നു. 2014 വരെയുള്ള ഇന്ത്യയുടെ വികസന അനുഭവങ്ങളാണ് ഇവിടെ പ്രധാനമായും പരിശോധിക്കുന്നത്. സ്വകാര്യ – പൊതു നിക്ഷേപത്തിന്റെ പിൻബലത്തിലാണ് വിപണി അധിഷ്ഠിത സമ്പദ്‌വ്യവസ്ഥ മുന്നോട്ട് പോകുന്നത്. തൊണ്ണൂറുകളുടെ അന്ത്യത്തോടെയും പുതിയ സഹസ്രാബ്ദത്തിന്റെ തുടക്കത്തോടെയും വളർച്ചയുടെയും, തൊഴിലിന്റെയും നിയാമക ശക്തിയായി സ്വകാര്യ മേഖലയും സാങ്കേതിക വിദ്യയും മാറുന്ന സ്ഥിതിയുണ്ടായി.

എന്നാൽ ഉദ്പാദന മേഖലയുടെ പരിമിതി ഉൾപ്പടെയുള്ള നിരവധിയായ ഘടനാപരമായ പോരായ്മകൾ ഇന്ത്യൻ സമ്പദ്ഘടനയിൽ സുവ്യക്തമാണ്. ഇതോടൊപ്പം 2014ന് മുൻപ് കുറഞ്ഞ ഉല്പാദനമുള്ള കാർഷിക രംഗവും വിപുലമായ അസംഘടിത മേഖലയും 2002 മുതൽ 2007 വരെ കണ്ടിരുന്ന വലിയ മുന്നേറ്റത്തെ പിന്നോട്ടടിപ്പിച്ചതായി കാണാം. ഉല്പാദനക്ഷമമല്ലാത്ത മേഖലകളിൽ വലിയ തോതിൽ ഫണ്ട് ചെലവഴിക്കപ്പെട്ടതായി കാണുന്നത് ആശങ്കയാണ്. വളർച്ചയുടെ പരിമിതികളെ കുറിച്ചും അത് മറികടക്കുന്നതിനുമുള്ള മുൻ കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്ന നിലയിലുമാണ് ധവളപത്രത്തെ കാണേണ്ടത്. അഞ്ചു പ്രധാന കാര്യങ്ങളാണ് ഇവിടെ ധവളപത്രം മുന്നോട്ട് വയ്ക്കുന്നത്.

* ഇരട്ട അക്കത്തിലേക്ക് ഉയർന്ന പണപ്പെരുപ്പം
* പൊതുമേഖലാ ബാങ്കുകളുടെ മൊത്തം കിട്ടാക്കടം കുതിച്ചുയർന്നു
* വിദേശ വായ്പകളിന്മേലുള്ള അമിത ആശ്രിതത്വം
* വിദേശനാണ്യ ശേഖരത്തിൽ ഉണ്ടായ ഇടിവ്
* പൊതുധനകാര്യ മേഖലയുടെ മോശം മാനേജ്മെന്റ്

യു പി എ ഭരണകാലത്തെ വിവിധ അഴിമതിക്കേസുകളുടെ തൽസ്ഥിതിയെ കുറിച്ചുള്ള

വിശദീകരണമാണ് രണ്ടാം ഭാഗത്ത്. 2 ജി സ്പെക്ട്രം അഴിമതി, കോമൺവെൽത്ത് ഗെയിംസ് അഴിമതി, കൽക്കരി ഖനി അനുവദിക്കുന്നതിലെ അഴിമതി തുടങ്ങിയ പ്രമാദമായ ചില കേസുകളുടെ വിവരങ്ങളാണ് ഈ ഭാഗത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2014–24 ഘട്ടത്തിൽ എൻ ഡി എ സർക്കാർ കൈക്കൊണ്ട ഘടനാപരമായ മാറ്റങ്ങളെ കുറിച്ചാണ് മൂന്നാം ഭാഗത്ത് വ്യക്തമാക്കുന്നത്. വളർച്ചയുടെ പരിണാമ ഘട്ടം എന്ന നിലയ്ക്കാണ് ഈ ദശകത്തെ വിശേഷിപ്പിച്ചരിക്കുന്നത്. ജി ഡി പിയുടെ കാര്യത്തിലെ കുതിപ്പിനെയാണ് ഈ മാറ്റത്തിനുള്ള സൂചികയായി ചൂണ്ടികാണിച്ചിരിക്കുന്നത്. 2014ൽ പത്താമത്തെ ഏറ്റവും വലിയ സമ്പദ്ഘടനയായിരുന്ന ഇന്ത്യ 2023ൽ അഞ്ചാമത്തെ സമ്പദ്ഘടന എന്ന നിലയിലേക്ക് വളർന്നു. 2027 ആകുമ്പോഴേക്ക്, ഐ എം എഫിന്റെ നിഗമനം അനുസരിച്ച് ഇന്ത്യ ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി മാറും.

2023–24ൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 7.3 ശതമാനം എന്ന തോതിൽ വളർന്നു. തൊട്ടു തലേ വർഷങ്ങളിൽ ഇത് യഥാക്രമം 9.1 ശതമാനവും 7.2 ശതമാനവുമായിരുന്നു. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ 5.8 ശതമാനം ഇടിവിലേക്ക് നീങ്ങിയ സമ്പദ്ഘടനയാണ് ഇത്തരത്തിൽ തിരിച്ചുവരവ് നടത്തിയത്. ധനകാര്യ മേഖലയിലടക്കം ഗവണ്മെന്റ് കൈക്കൊണ്ട ശക്തമായ അഴിച്ചു പണിയാണ് നിർമ്മാണ മേഖലക്കടക്കം പുതിയ ഊർജം പകർന്നത്. ബാങ്കുകളുടെ മൂലധന ശാക്തീകരണം, പൊതുമേഖല സ്ഥാപനങ്ങളുടെ സംയോജനം, ഇൻസോൾവൻസി ബാങ്കറപ്റ്റസി കോഡ് (ഐ ബി സി) തുടങ്ങിയ നിർണ്ണായക നീക്കങ്ങൾ കോർപറേറ്റ് രംഗത്തെ ബാധ്യതയുടെ സമ്മർദത്തിൽ നിന്ന് മോചിതമാക്കി.

2017ൽ സർക്കാർ ചരക്ക് സേവന നികുതി രീതി നടപ്പാക്കുകയുണ്ടായി. രാജ്യത്തിൻറെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ നികുതി പരിഷ്കരണ നടപടിയായായിരുന്നു അത്. രാജ്യത്ത് നിലനിന്നിരുന്ന ബഹുവിധ നികുതികൾ ഒഴിവാക്കികൊണ്ട് എല്ലാ സംസ്ഥാനങ്ങളെയും ഒറ്റ വിപണി എന്ന നിലയിലേക്ക് പരിവർത്തനം ചെയ്യുന്നതിന് ഈ നീക്കം വഴി കഴിഞ്ഞു. ഇത് ഇന്ത്യൻ സമ്പദ്ഘടനയുടെ ചട്ടക്കൂട് അഴിച്ചു പണിയുന്ന കാര്യത്തിൽ നിർണ്ണായകമായ ഒന്നാണ്. വരുമാനത്തിലെ വളർച്ച ഇത് വ്യക്തമാക്കുന്നുണ്ട്. 2017–18 സാമ്പത്തിക വർഷത്തിൽ ജി എസ് ടി വഴിയായുള്ള പ്രതിമാസ ശരാശരി വരുമാനം 90,000 കോടി രൂപയായിരുന്നത് 2023–24ൽ 1.7 ലക്ഷം കോടി രൂപയായി ഉയർന്നു. ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നികുതി സമ്പ്രദായത്തിലേക്കുള്ള വളരെ പ്രധാനപ്പെട്ട ഒരു മാറ്റം കൂടിയായിരുന്നു ഇത്. എന്നാൽ തുടക്കം മുതൽ തന്നെ നിരവധിയായ പ്രശ്നങ്ങളും ഇതോടൊപ്പം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് പുതിയ നികുതി സമ്പ്രദായത്തിന്റെ സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് ഇനിയും ഒട്ടേറെ മുന്നോട്ട് പോകേണ്ടതുണ്ട്

കോവിഡിന് ശേഷമുള്ള ഇന്ത്യൻ സമ്പദ്ഘടനയുടെ തിരിച്ചുവരവിൽ ഉപഭോക്തൃ ചെലവുകളിൽ ഉണ്ടായ മുന്നേറ്റം നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യവും യുദ്ധഭീതിയുമെല്ലാം ഒഴിവാക്കി സമ്പദ്ഘടന തിരിച്ചുവരവിന്റെ പാതയിലേക്ക് നീങ്ങിയതിന്റെ പ്രധാന കാരണം ഇതാണ് . ആഭ്യന്തര ഡിമാന്റിൽ ഉണ്ടായ ഉണർവ് ഇന്ത്യയെ അതിവേഗം വളരുന്ന ഒരു സമ്പദ്ഘടനയാക്കി മാറ്റിയിട്ടുണ്ട്. വാർഷിക പണപ്പെരുപ്പം 2004–10 ഘട്ടത്തിൽ 8.2 ശതമാനമായിരുന്നത് ഇപ്പോൾ ശരാശരി 5 ശതമാനമായി കുറഞ്ഞിരിക്കുന്നത് ഏറെ ശുഭസൂചകമായ ഒന്നാണ്. 2021–22 സാമ്പത്തിക വർഷമാണ് പണപ്പെരുപ്പം കാര്യമായി തുടക്കം കുറിച്ചതെന്ന് കാണാം. ആഗോള തലത്തിൽ ഉണ്ടായ സംഘർഷങ്ങളും അതിനെ തുടർന്ന് ക്രൂഡ് ഓയിൽ ഉൾപ്പടെയുള്ള ഉത്പന്നങ്ങളുടെ വിലയിൽ സംഭവിച്ച പ്രകടമായ വർദ്ധനവുമാണ് ഇതിന് പിന്നിൽ. റിസർവ് ബാങ്കിന്റെ സമയബന്ധിതമായ ഇടപെടൽ വിലനിലവാരം പിടിച്ചു നിർത്തുന്നതിനും അതുവഴി താരതമ്യേന സ്ഥിരമായ പലിശ നിരക്ക് തുടരാൻ

കഴിഞ്ഞുവെന്നതും നേട്ടമായി മാറിയിട്ടുണ്ട്.

കഴിഞ്ഞ ഒരു ദശകത്തിനിടയിൽ ആഭ്യന്തര മാനുഫാക്റ്ററിങ് മേഖലയിൽ വലിയ ചലനങ്ങൾ ഉണ്ടായിട്ടുണ്ട്. 2014–24 ഘട്ടത്തിൽ പ്രഖ്യാപിക്കപ്പെട്ട മേക് ഇൻ ഇന്ത്യ, ഉല്പാദന ബന്ധിതമായ നീക്കങ്ങൾ (പി എൽ ഐ), സ്റ്റാർട്ട് അപ് ഇന്ത്യ തുടങ്ങിയ പദ്ധതികളാണ് ഇതിന് സഹായ കമായത്. പ്രത്യേകിച്ച് എടുത്തു പറഞ്ഞാൽ ചെറുകിട, ഇടത്തരം, സൂക്ഷ്മ (എം എസ് എം ഇ) സംരംഭങ്ങളെ പിന്തുണക്കുന്ന നടപടികൾ സംഭരംഭകർക്കും നവാശയങ്ങൾക്കും വലിയ പ്രോത്സാഹനമായി മാറി. എം എസ് എം ഇ മേഖലക്ക് നൽകിയ നികുതിയിളവുകൾ, പി എം വികാസ് യോജന തുടങ്ങിയ പദ്ധതികൾ വഴിയായി 48.8 ലക്ഷം പുതിയ സംരംഭങ്ങൾക്ക് മുന്നോട്ട് വരുന്നതിന് സഹായകമായി.

ഇതിനെല്ലാം പുറമെ ബാങ്കിങ് രംഗം വലിയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. ഇത് അവയുടെ ആസ്തികളുടെ ഗുണനിലവാരം ഉയർത്തുന്നതിന് സഹായകമായി. ഐ ബി സി പോലുള്ള നിയമങ്ങൾ നടപ്പാക്കിയതും ബാങ്കു കളുടെ മൂലധന അടിത്തറ ശക്ത മാക്കിയതും അടക്കമുള്ള നീക്കങ്ങൾ കാർഷിക, വ്യാവ സായിക മേഖലകളിലേക്കടക്കമുള്ള വായ്പയുടെ ഒഴുക്ക് ത്വരിതപ്പെടുത്തുകയുണ്ടായി. വായ്പാ വിതരണത്തിന്റെ ഫലമായി ഉണ്ടായ നിക്ഷേപ ബന്ധിതമായ വളർച്ചയുടെ നേട്ടങ്ങൾ ധവള പത്രത്തിൽ പ്രത്യേകം എടുത്തു പറയുന്നുണ്ട്.

സാമ്പത്തിക വളർച്ചക്ക് ആവശ്യമായ ശക്തമായ ഒരു അടിത്തറ സൃഷ്ടിക്കുവാൻ രാജ്യത്തിന് കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, മികച്ച ലോജിസ്റ്റിക് ശ്രിംഖല എന്നിവയ്ക്കാണ് സർക്കാർ മുൻതൂക്കം നൽകിയിരിക്കുന്നത്. ഭാരത് മാല , സാഗർമാല തുടങ്ങിയ പദ്ധതികൾ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് സഹായക മാണെന്നതിന് പുറമെ ആഗോള വാണിജ്യ മേഖലയിൽ ഇന്ത്യയുടെ സ്വാധീനം ഉറപ്പിക്കുന്നതു മാണ്. സാമൂഹ്യക്ഷേമ മേഖലയിലും എല്ലാ വരെയും ഉൾക്കൊള്ളുന്ന വളർച്ചയുടെ കാര്യത്തിലും ആയുഷ്മാൻ ഭാരത്, ജൻധൻ യോജന പോലുള്ള പദ്ധതികൾ വളരെ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഡിജിറ്റൽ മേഖലക്കും സർക്കാർ വലിയ മുൻതൂക്കമാണ് നൽകി വരുന്നത്. സർക്കാർ സഹായങ്ങൾ നേരിട്ട് ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സഹായകമായ ആധാർ ഉൾപ്പടെയുള്ള കാര്യങ്ങൾ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധത വെളിവാക്കു ന്നതാണ്. ഇതോടൊപ്പം മാക്രോ ഇക്കോണോമിക് രംഗത്തെ സുസ്ഥിരത, മേഖല തിരിച്ചുള്ള പരിഷ്കരണ നടപടികൾ തുടങ്ങിയ കാര്യങ്ങൾ നടപ്പ് സാമ്പത്തിക വർഷത്തിൽ ഇന്ത്യക്ക് വലിയ പ്രതീക്ഷകൾ നൽകുന്ന കാര്യങ്ങളാണ്. എന്നാൽ വാണിജ്യ രംഗത്തെ മാറ്റങ്ങൾ, കാലാവസ്ഥാ വ്യതിയാനം, നിർമിത ബുദ്ധി ഉയർത്തുന്ന പ്രശ്നങ്ങൾ തുടങ്ങിയ ഘടകങ്ങൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ മുന്നിലെ വരുന്ന പ്രധാന വെല്ലുവിളികളാണ്. അവയെ കാര്യക്ഷമമായി നേരിടുക എന്നത് സമ്പദ്‌രംഗത്തിന്റെ വളർച്ചയിൽ നിർണ്ണായകമാണ്.

■

(അമലു സെബി, ആനന്ദ് ബാബു എ എന്നിവർ ഗിഫ്റ്റിലെ ഗവേഷണ വിദ്യാർത്ഥികളാണ്).

## GST updates

Vidya V Devan

# The last quarter of 2023-24 witnesses more stabilised GST collection

During the last quarter of the financial year 2023-24, GST collection performance showed stabilised progress, in which collections of January and March crossed Rs. 1.70 lakh crores. The Average monthly Gross GST collections doubled to 1.66 lakh crores in FY 23-24. States SGST Revenue, including compensation, has soared to a buoyancy of 1.22 post-GST period (2017-23) compared to 0.72 previously (2012-16). Consumers are also enjoying the benefits of reduction in logistics costs and price of most goods and services (Figure 1).

### I. GST collections during January, February and March

Rs.1,72,129 crore was the gross GST income collected in January 2024, representing a 10.4% Year-over-Year (Y-oY) increase over the revenue of Rs.155,922 crore collected in January 2024. With this GST Collections crosses Rs.1.70 lakh crore for the third time in FY 2023-24.

Gross Goods and Services Tax (GST) revenue collection of February 2024 is Rs.1,68,337 crore, representing a significant

**Figure 1:**




***Source:*** *https://gstcouncil.gov.in/sites/default/files/Newsletter-dynemic/newsletter%20 january%202024.pdf*

increase of 12.5% when compared to the same month in 2023. This growth was driven by a 13.9% rise in GST from domestic transactions and 8.5% increase in GST from import of goods. GST revenue net of refunds for February 2024 is Rs.1.51 lakh crore which is a growth of 13.6% over that for the same period last year.

With an 11.5% annual rise, the Gross Good and Services Tax (GST) income for March 2024 reached Rs.1.78 lakh crore, the second-highest collection ever. This surge was caused by a notable increase in GST revenue from domestic transactions, which increased to 17.6%. In comparison to the same period last year, GST revenue net of refunds for March 2024 is Rs.1.65 lakh crore, an increase of 18.4% (Table -1), and (Figure -2).

**Table :1**

| MONTHS | CGST | SGST | IGST | CESS |
|---|---|---|---|---|
| JANUARY | 32685 | 40895 | 48956 | 11173 |
| FEBRUARY | 31785 | 39615 | 45505 | 11854 |
| MARCH | 34532 | 43746 | 47625 | 11259 |

**Note:** *Rs in lakh crore*
**Source:** *Compiled from various PIB press releases and Goods and Services Tax Network*

**Figure -2**



**Table - 2** GST collection and IGST Settement of Kerala during January and February.

| Months | SGST | IGST Settlement | Total |
|---|---|---|---|
| January | 1285 | 1407 | 2692 |
| February | 1231 | 1389 | 2620 |

*Source: Compiled from GSTN Portal*

**Figure -3**




**II. Amendments made in Central Goods and Services Tax Act, 2017 by Chapter IV of the Finance Bill, 2024, introduced in Lok Sabha on 1st February, 2024**

**11. Amendment of section 2.**

In the Central Goods and Services Tax Act, 2017 (hereinafter referred to as the Central Goods and Services Tax Act), in section 2, for clause (61), the following clause shall be substituted, namely:- '(61) "Input Service Distributor" means an office of the supplier of goods or services or both which receives tax invoices towards the receipt of input services, including invoices in respect of services liable to tax under sub-section (3) or sub-section (4) of section 9, for or on behalf of distinct persons referred to in section 25, and liable to distribute the input tax credit in respect of such invoices in the manner provided in section 20;'.

**12. Substitution of section 20.**

For section 20 of the Central Goods and Services Tax Act, the following section shall

be substituted, namely: - "20. (1) Any office of the supplier of goods or services or both which receives tax invoices towards the receipt of input services, including invoices in respect of services liable to tax under sub-section (3) or sub-section (4) of section 9, for or on behalf of distinct persons referred to in section 25, shall be required to be registered as Input Service Distributor under clause (viii) of section 24 and shall distribute the input tax credit in respect of such invoices. (2) The Input Service Distributor shall distribute the credit of central tax or integrated tax charged on invoices received by him, including the credit of central or integrated tax in respect of services subject to levy of tax under sub-section (3) or sub-section (4) of section 9 paid by a distinct person registered in the same State as the said Input Service Distributor, in such manner, within such time and subject to such restrictions and conditions as may be prescribed. (3) The credit of central tax shall be distributed as central tax or integrated tax and integrated tax as integrated tax or central tax, by way of issue of a document containing the amount of input tax credit, in such manner as may be prescribed.".

**13. Insertion of new section 122A.**

After section 122 of the Central Goods and Services Tax Act, the following section shall be inserted, namely: - Penalty for failure to register certain machines used in manufacture of goods as per special procedure.

Section 122A - (1) Notwithstanding anything contained in this Act, where any person, who is engaged in the manufacture of goods in respect of which any special procedure relating to registration of machines has been notified under section 148, acts in contravention of the said special procedure, he shall, in addition to any penalty that is paid or is payable by him under Chapter XV or any other provisions of this Chapter, be liable to pay a penalty equal to an amount of one lakh rupees for every machine not so registered.

(2) In addition to the penalty under sub-section (1), every machine not so registered shall be liable for seizure and confiscation: Provided that such machine shall not be confiscated where- (a) the penalty so imposed is paid, and

(b) the registration of such machine is made in accordance with the special procedure within three days of the receipt of communication of the order of penalty.

According to the newly inserted section, an additional penalty of Rs. 1 lakh per unregistered machine shall be imposed. The other penalties specified under Chapter XV under the CGST Act would continue to apply. Also, there would be a provision for confiscation of unregistered machines.

**III. Other important updates**

- Union Finance Minister Smt. Nirmala Sitharaman inaugurated the first-ever National Conference of Enforcement Chiefs of the State and the Central GST Formations in New Delhi on 5th March 2024. In the context of enforcement activities carried out by various indirect tax agencies, the conference offered an additional step toward easing

understanding and streamlining the operations of the tax authorities. To plug the loopholes and improve taxpayer services, the union minister urges all GST organizations to use technology. The union minister also emphasized the importance of routinely hosting meetings of this kind between the central and state enforcement chiefs, using this forum to talk about challenges, share best practices, and move forward as a group toward a more resilient and cohesive tax system.

- GSTN successfully integrated of E-Waybill services with four new IRP portals via NIC, enabling taxpayers to generate E-Waybills alongside E-Invoicing on these four IRPs. This new facility complements the existing services available on the NIC-IRP portal, making E-Waybill services, along with E-Invoicing, available across all six IRPs. six IRP portals are

  https://einvoice1.gst.gov.in
  https://einvoice4.gst.gov.in
  https://einvoice2.gst.gov.in
  https://einvoice5.gst.gov.in
  https://einvoice3.gst.gov.in
  https://einvoice6.gst.gov.in

- The GST department commences a new facility in 10 states/UTs to make a GST payment via UPI. It was implemented on 18th January 2024 in Assam, Delhi, Goa, Gujarat, Haryana, Himachal Pradesh, Kerala, Madhya Pradesh, Maharashtra and Odisha.
- From 1st March 2024 onwards, companies with annual revenue more than Rs 5 crore must provide e-invoice information for every B2B transaction. E-way bills are necessary for the interstate transportation of products valued more than ` 50,000 under the GST regime.

**Notifications & Circulars issued during January, February and March 2024**

**Central Tax**

**Extension of the due date for filing of return in FORM GSTR-3B for the month of November 2023 for the persons registered in certain districts of Tamil Nadu.**

In exercise of the powers conferred by sub-section (6) of section 39 of the Central Goods and Services Tax Act, 2017 (12 of 2017), the Commissioner, on the recommendations of the Council, hereby extends the due date for furnishing the return in FORM GSTR-3B for the month of November, 2023 till the tenth day of January, 2024, for the registered persons whose principal place of business is in the districts of Tirunelveli, Tenkasi, Kanyakumari, Thoothukudi and Virudhunagar in the state of Tamil Nadu and are required to furnish return under sub- section (1) of section 39 read with clause (i) of sub-rule (1) of rule 61 of the Central Goods and Services Tax Rules, 2017.

*Source: Notification No. 01/2024-Central Tax dated 5.01.204*

**Extension of the due date for filing FORM GSTR-9 and FORM GSTR-9C** for the Financial Year 2022-23 for the persons registered in certain districts of Tamil Nadu.

The Central Goods and Services Tax Rules, 2017, was amended and (1B) was inserted in rule 80, after sub-rule (1A) and (3B) was inserted after sub rule (3A). By this the date of filing

annual return and self-certified reconciliation statement shall be furnished on or before the tenth day of January, 2024 for the registered persons whose principal place of business is in the districts of Chennai, Tiruvallur, Chengalpattu, Kancheepuram, Tirunelveli, Tenkasi, Kanyakumari, Thoothukudi and Virudhunagar in the state of Tamil Nadu."

*Source: Notification No. 02/2024-Central Tax dated 5.01.204*

**Rescission of Notification No. 30/2023-CT dated 31st July 2023**

In exercise of the powers conferred by section 148 of the Central Goods and Services Tax Act, 2017 (12 of 2017) the Central Government, on the recommendations of the Council,

hereby rescinds the notification of the Government of India in the Ministry of Finance, Department of Revenue, number 30/2023-CT, dated the 31st July, 2023 published vide number S.O. 3424(E), dated the 31st July, 2023, except as respects things done or omitted to be done before such rescission.

*Source: Notification No. 03/2024-Central Tax dated 5.01.204*

**Special procedures are notified which are to be followed by a registered person engaged in the manufacturing of certain goods.**

*Source: Notification No. 04/2024-Central Tax dated 5.01.204*

**Amendments were made in notification No. 02/2017-CT dated 19th June 2017.**

In the said notification, in Table II, in serial number 83, in column (3), in clause (ii), after the figure and letter "411060,", the figure and letter "411069," shall be inserted, which is related to the jurisdiction of the GST officials.

*Source : Notification No. 05/2024-Central Tax dated 30.1.2024*

**GSTN is entitled to share the data to the "Public Tech Platform for Frictionless Credit" system.**

The Central Government, on the recommendations of the Council, notifies "Public Tech Platform for Frictionless Credit" as the system with which information may be shared by the common portal based on consent under sub- section (2) of Section 158A of the Central Goods and Services Tax Act, 2017 (12 of 2017).

*Source: Notification No. 06/2024-Central Tax dated 22.2.2024*

**Central Tax (Rate)**

An amendment was made to Notification No 01/2017- Central Tax (Rate) dated 28.06.2017 by Notification No. 01/2024-Central Tax (Rate) dated 3.01.2024.

**Integrated Tax (Rate)**

Notification No. 01/2024-Integrated Tax (Rate) dated 03.01.2024 was issued to amend Notification No 01/2017-Integrated Tax (Rate) dated 28.06.2017.

Corrigendum dated 05.01.2024, issued to notification no 01/2024-Integrated Tax (Rate) dated 03.1.2024

**Union Territory Tax (Rate)**

Notification No. 01/2024-Union Territory Tax (Rate) dated 03.01.2024 was issued to amend Notification No 01/2017- Union Territory Tax (Rate) dated 28.06.2017.

Corrigendum dated 05.01.2024 issued to rectify the notification no 01/2024-Integrated Tax (Rate) dated 03.1.2024

**Instructions/ Guidelines**

Instruction No. 01/2023-24-[GST-INV] dated 30. 3.2024 - Detailed Guidelines were issued for CGST field formations in maintaining ease of doing business while engaging in investigation with regular taxpayers.

**Sources:**

https://www.cbic.gov.in/entities/gst

https://www.taxmanagementindia.com/

https://www.gst.gov.in/

https://pib.gov.in/indexd.aspx

https://blog.saginfotech.com/gst-latest-updates

https://gstcouncil.gov.in/sites/default/files/Newsletter-dynemic/newsletter%20january%202024.pdf

■

(Dr. Vidya V Devan is Assistant Professor, Gulati Institute of Finance and Taxation, Thiruvananthapuram)

# RBI's study of state finances 2023-24: Key takeaways

**Executive Summary**

- Fiscal discipline at the sub-national level: States contained Gross Fiscal Deficit (GFC) at 2.8% of Gross Domestic Product (GDP) in FY22 due to improved revenue deficit.
- Expenditure dynamics: Revenue expenditure growth of the states slowed to 8.9%, leading to higher capital outlay at 52.6%. States' committed expenditure accounts for 4.5% of GDP. Expenditure quality of the states improved with REVCO at 5% (ratio of revenue to capital outlay).
- Vertical Fiscal Imbalance: GST has increased tax buoyancy for the states and not increased vertical imbalance
- The current VFI stands at 0.48, similar to the pre-pandemic level
- The average budgeted buoyancy for all states is 0.74, while the realised buoyancy is lower at 0.55. This shortfall in revenue would necessitate unexpected deficit financing
- Fall in outstanding liabilities: States' outstanding liabilities have fallen from 31% in FY21 to 27.6% of GDP for FY24. States' reliance on market borrowings reduced to 76% in the budgeted GFD for FY24.
- Expenditure quality: The projected ratio of revenue expenditure to capital outlay (RECO) for the States is expected to decrease to 5.0 in FY24 from 6.0 in FY23
- The realised tax revenue is less than the maximum (tax capacity). The tax effort of States ranges between 0.71 to 0.99 during the estimation period, with an average tax effort of 0.81

**On Key fiscal indicators**

**GFD:** The ratio of States' consolidated GFD to GDP decreased from 4.1 percent in 2020-21 to *2.8 percent in 2021-22.* This decline was primarily due to reduced spending on revenue expenditure and an uptick in revenue collection. This has led to an improvement in revenue deficit. 19 States and Union Territories have projected a GFD-GSDP ratio that surpasses the FRL limit of 3 percent.

**Revenue Receipts:** The revenue receipts of the States experienced a notable rise of Rs. 36.04 lakh crore (13.2% of GDP) in

FY23 Provisional Accounts (PA). This increase in revenue collections was propelled by a surge in tax revenue, encompassing both own taxes and tax devolution, alongside an elevation in non-tax revenue. As per the RE states' own revenue constitutes Rs. 20.86 lakh crore of which Rs. 18.02 lakh crore comes from own tax revenue and Rs. 2.84 lakh crore from own non-tax revenue. This surge compensated for the decline in grants received from the Centre. As per the PA the grants - in aid slowed down to Rs. 6.57 lakh crore, which is 2.4 percent of GDP.

**Own Tax Revenue:** Among the own tax revenues, contributions to the revenue increase were observed from *stamp duty and registration fees, sales tax, and State Goods and Services Tax (SGST). However, there was a decrease in revenue derived from excise duties, as well as taxes and duties associated with electricity. SGST, sales tax, and States' excise duties constitute around 79 percent* of the States' own tax revenue collection (Table - 1).

**Vertical Fiscal Imbalance:** the fiscal gap arising from the disparity between the revenue generation capacities and expenditure responsibilities. Following are the major observations on VFI:

- There was no major increase in VFI after the implementation of GST in 2017-18
- The VFI moved in a narrow range of 0.48-0.51 during 2017-18 to 2019-20
- The current VFI stands at 0.48, similar to the pre-pandemic level
- *Kerala's VFI is 0.40, better than many north and north eastern states*

**State-specific measures to augment revenue:**

- Kerala and Karnataka are aiming to reduce disparities between *property guidance values and market values*

**Table - 1** Change in own tax revenue in FY22



*to increase tax collection from registration and stamp duties*

- Himachal Pradesh's Sadbhavna Yojana addresses *pending cases under different tax Acts*
- Maharashtra and Rajasthan are contemplating continuation of amnesty programs to resolve pending cases, which in turn is expected to *unlock tax arrears receivables*
- Kerala's Social Security cess on Indian Made Foreign Liquor (IMFL) and fuel sales
- Goa's Green cess on non-Goan vehicles, and Himachal Pradesh's water and milk cess.
- Kerala is revising mineral royalties

**States' Own tax revenue buoyancy**

- The actual buoyancy observed was lower, indicating that the revenue collected was less than what was initially estimated.
- The average budgeted buoyancy for all states is 0.74, while the realised buoyancy is lower at 0.55. This shortfall in revenue would necessitate unexpected deficit financing.

**Expenditure scenario**

- **Revenue expenditure:** States' revenue expenditure (as a percent of GDP) declined in 2021-22 at 14.2 percent from the pandemic peak of 2020-21 at 14.9 percent, reflecting fiscal consolidation efforts. As per the PA it stands at 13.5 percent in FY23.
- Allocations for various sectors under development expenditure, including education, sports, art and culture, relief for natural calamities, urban development, agriculture and related activities, and rural development, were decreased.
